# ജനകീയാസൂത്രണം



# സമഗ്ര വികസന രേഖ '96

## ആലപ്പാട് ഗ്രാമപഞ്ചായത്ത്

# പഞ്ചായത്ത് പൊതുവിവരണം

ജില്ല:കൊല്ലം

താലൂക്ക്:കരുനാഗപ്പള്ളി

ബ്ളോക്ക്: കരുനാഗപ്പള്ളി

ഡിവിഷൻ: A,B രണ്ടു ഡിവിഷൻ

പഞ്ചായത്ത്: ആലപ്പാട്

അസംബ്ളി മണ്ഡലം: കരുനാഗപ്പള്ളി

പഞ്ചായത്തിന്റെ വിസ്തിർണ്ണം: 7.38 ച.കി.മി

ആകെ വാർഡുകൾ: 11

ജനസംഖ്യ. 24576

ജനസാന്ദ്രത: 3330.08 ച കി മീ

വ്യാപ്തി: ഉത്തര അക്ഷാംശം 9°1 N to 9°8 N

പൂർവ്വരേഖാംശം: 76° 30 E to 76° 31 E

മേഖല: തീരപ്രദേശം

അതിരുകൾ: വടക്ക്_കായംകുളംകായൽ

തെക്ക്_പൻമന പഞ്ചായത്ത്

പടിഞ്ഞാറ്_അറേബ്യൻകടൽ

തെക്ക്കിഴക്ക്_കരുനാഗപ്പള്ളി

വടക്ക്കിഴക്ക്_ദേവികുളങ്ങര.കുലശേഖരപുരം ക്ളാപ്പന പഞ്ചായത്തുകൾ

പ്രസിഡന്റ്: സോളമൻ നെറ്റോ

വൈസ് പ്രസിഡണ്ട്:ഷൈലജ

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ:ഗണേശൻ

കരുനാഗപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് പ്രതിനിധികൾ:

സുധനി വിഷ്ണുദാസ്, കെ.ഗുരുദേവ്സിംഗ്

ജില്ലാ പഞ്ചായത്ത് പ്രതിനിധി:

തൊടിയൂർ രാമചന്ദ്രൻ.

എം. എൽ. എ.. ഇ. ചന്ദ്രശേഖരൻനായർ

എം. പി.. എം. കെ പ്രേമചന്ദ്രൻ

ജനകീയാസൂത്രണം

# സമഗ്രവികസന രേഖ 1996

ആലപ്പാട് ഗ്രാമപഞ്ചായത്ത്

*ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൺസ്*
*ജി. രാജദാസ് (കൺവീനർ)*
*എസ്. ജയൻ*
*ഗണേശൻ*
*വിഷ്ണുദാസ്*
*ധർമ്മാനന്ദൻ*
*രമേശൻ*
*സന്തോഷ്*
*വത്സലൻ*

*എഡിറ്റോറിയൽ ബോർഡ്*
*സോളമൻ നെറ്റോ, എം. എസ്സ് രുദ്രൻ*
*എസ്സ്.ജയൻ, ജി. രാജദാസ്*

*റിപ്പോർട്ടു തയ്യാറാക്കിയവർ*
*കൃഷിയും ജലസേചനവും – ശ്രീ.ഇബ്രാഹിംകുട്ടി, കൃഷി ആഫീസർ*
*മത്സ്യബന്ധനം – ശ്രീ.ജ്യോതിഷ്കുമാർ (പ്രോജക്റ്റ് ആഫീസർ)*
*മൃഗസംരക്ഷണം – ഡോ.രാജു (വെറ്റി.സർജൻ)*
*വ്യവസായം – വി.എൻ.റോയ്*
*ഗതാഗതം, ഊർജം,മാർക്കറ്റ് – റ്റി.കെ.രാജൻ, സുബ്രഹ്മണ്യൻ*
*ഭവനനിർമ്മാണം,സാമൂഹ്യക്ഷേമം – എസ്.ജയൻ (വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ)*
*പട്ടികജാതി ക്ഷേമം – സുശീലൻ*
*കുടിവെള്ളവും പൊതുജനാരോഗ്യവും – എം. എസ്. രുദ്രൻ*
*സംസ്ക്കാരം – കെ.സത്യരാജൻ*
*വിദ്യാഭ്യാസം – വിഷ്ണുദാസ്, സതീഷ്ചന്ദ്രൻ*
*വനിത – കെ.സത്യവതി ദേവദാസ്*
*സഹകരണം – കെ.ബലേന്ദ്രൻ*
*വിഭവസമാഹരണം – ബി.സുനിൽ*
*ടൂറിസം- ഗോപകുമാർ*
*പരിസ്ഥിതി- ശ്രീകുമാർ*



*ഓരോരുത്തരും അവരവരുടെ നെറ്റിവിയർക്കെ പണി യെടുത്തു ജീവിച്ചെങ്കിൽ ഭൂമി സ്വർഗമാകുമായിരുന്നു.*

*ഗാന്ധിജി*

# പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



എം.സോളമൻ നെറ്റോ (പ്രസിഡണ്ട്)



എം. എസ്. രമേശൻ
(മെംബർ)



കെ. കെ. സുകുമാരി
(മെംബർ)



എസ്. മോഹനൻ
(മെംബർ)



പി. മല്ലിക
(മെംബർ)



എസ്.ഗണേശൻ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)



ജി.ഷൈലജ
(വൈസ് പ്രസിഡണ്ട്)



കെ.ശിവരാജൻ
(സെക്രട്ടറി)



കെ. എസ്. ദാസ്
(മെംബർ)



പി. ഇന്ദ്രാണി
(മെംബർ)



ആർ.വിജയമ്മ
(മെംബർ)



എം.വത്സലൻ
(മെംബർ)


ആലപ്പാട് പഞ്ചായത്ത്
കായംകുളം കായൽ
500 m
അഴീക്കൽ
ആയിരംതെങ്ങ്
കുലശേഖരപുരം പഞ്ചായത്ത്
വള്ളിക്കാവ്
PS
ലക്ഷദ്വീപ് സമുദ്രം
കരുനാഗപ്പള്ളി പഞ്ചായത്ത്
പണിക്കർകടവ്
പന്മന പഞ്ചായത്ത്
കരുനാഗപ്പള്ളി ബ്ലോക്ക്
TDR
ആലപ്പാട്

# ഉള്ളടക്കം

ആമുഖം
പഞ്ചായത്ത്: പൊതുവിവരണം
സാമൂഹിക-സാംസ്ക്കാരിക ചരിത്രം
ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി
സാമൂഹിക-സാമ്പത്തിക മേഖലകൾ
1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണം
3. മത്സ്യബന്ധനം
4. വ്യവസായം
5. വിദ്യാഭ്യാസം
6. കുടിവെള്ളം
7. പൊതുജനാരോഗ്യം
8. ഗതാഗതം
9. ഊർജ്ജം
10. മാർക്കറ്റ്
11. ഭവനനിർമ്മാണം
12. സാമൂഹ്യക്ഷേമം
13. സംസ്ക്കാരം
14. വനിത
15. സഹകരണം
16. പട്ടികജാതി ക്ഷേമം
17. വിഭവസമാഹരണം
18. ടൂറിസം
19. പരിസ്ഥിതി
ഉപസംഹാരം

# ആമുഖം

ഇൻഡ്യയുടെ ആസൂത്രണ ചരിത്രത്തിൽ വമ്പിച്ച ഒരു ജനാവേശം സൃഷ്ടിച്ചുകൊണ്ട് നാല്പത്തിയഞ്ചുവർഷം നിലനിന്നിരുന്ന സമ്പ്രദായത്തിൽ ആവശ്യമായ പൊളിച്ചെഴുത്തുനടത്തി,സാമൂഹിക,സാമ്പത്തിക മേഖലകളിലാകെ, ഒരു പുത്തനുണർവുസൃഷ്ടിച്ചുകൊണ്ട് ജനങ്ങളുടെ ക്ഷേമവും വികസനവും ഉല്പാദനത്തിലധിഷ്ഠിതമായ ഒരു പുതിയ സാമ്പത്തിക ക്രമം ഉയർത്തിക്കൊണ്ടുവരികയെന്നതാണ്, ഒമ്പതാം പദ്ധതിജനങ്ങളുടെ പദ്ധതിയായി പ്രഖ്യാപിച്ചുകൊണ്ട് കേരള സർക്കാരും സംസ്ഥാന പ്ളാനിംഗ്ബോർഡും ചെയ്യുന്നത്. ഒരു യുഗപിറവിയായി ഇൻഡ്യൻ ജനത അതിനെ കണ്ടു.

ഗ്രാമങ്ങളെ സജീവമാക്കിയാൽ മാത്രമേ, ഇൻഡ്യയെ സജ്ജമാക്കാൻ കഴിയൂ എന്ന് ഗാന്ധിജിയുടെ വാക്യം ഇവിടെ സ്മരിക്കേണ്ടിയിരിക്കുന്നു. ഗ്രാമസ്വരാജും ഗ്രാമപദ്ധതികളും ഗാന്ധിജിയുടെ സ്വപ്നം ആയിരുന്നു പക്ഷേ അത് യാഥാർത്ഥ്യത്തിലെത്തിക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല. അതിന്റെ ഒരു ചുവടുവെയ്പായി ഈ പദ്ധതിയെ കാണണം. നമ്മുടെ വിഭവങ്ങൾ നാം തന്നെ കണ്ടെത്തുകയും നമുക്കായി അതു ഉപയോഗപ്പെടുത്തുകയും വേണം.

ഒമ്പതാം പദ്ധതിയുടെ അടിസ്ഥാനഘടകമായ വികേന്ദ്രീകൃത ആസൂത്രണത്തിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി, ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തി കൊണ്ടുവരാനുള്ള ഈ പദ്ധതിയുടെ ലക്ഷ്യത്തിൽ, നിർണ്ണായകമായ പങ്കുവഹിക്കാൻ ഈ പഞ്ചായത്ത് ഒരുങ്ങുകയാണ്.

ജില്ലാതലത്തിൽ പരിശീലകരെ പങ്കെടുപ്പിച്ച്, പഞ്ചായത്തു തലത്തിൽ ശിൽപശാലകൾ സംഘടിപ്പിച്ച് നിരവധി പ്രാദേശിക പരിശീലകർക്കു പരിശീലനം കൊടുക്കുവാനും കഴിഞ്ഞിട്ടുണ്ട്.

ജനകീയ ആസൂത്രണത്തിന്റെ അടിസ്ഥാന ശിലയായ ഗ്രാമസഭകളെ ജനപങ്കാളിത്വം ഉറപ്പുവരുത്തി കൊണ്ടു പഞ്ചായത്തിലെ പതിനൊന്നുവാർഡുകളിലും വിളിച്ചു ചേർത്തു. ന്യായമായ ആവശ്യങ്ങളും ഫലപ്രദമായ നിർദ്ദേശങ്ങളും ഓരോ ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്നു. ജനപ്രതിനിധികളും പഞ്ചായത്തു തല ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തകരും, വീടുകളിൽ കയറി ഇറങ്ങി ശേഖരിച്ച പ്രാഥമിക സ്ഥിതി വിവര കണക്കുകളും, ചില സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ ദ്വിതിയ സ്ഥിതിവിവര കണക്കുകളും, പഠന പര്യടനവും, കാരണവൻമാരുടേയും ഉദ്യോഗസ്ഥരുടേയും യോഗങ്ങളും, പഞ്ചായത്തിലെ വിഭവ ഭൂപടവും നമ്മുടെ വിഭവങ്ങളെ തിരിച്ചറിയാൻ വളരെയേറെ സഹായിച്ചു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ വ്യത്യസ്ഥമേഖലകളിൽ നിൽക്കുന്ന എല്ലാജനവിഭാഗത്തെയും ഏകോപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മിക്ക രാഷ്ട്രീയ പാർടികൾക്കും സന്നദ്ധ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കും ശക്തമായ സ്വാധീനമുള്ള പഞ്ചായത്താണ്. ആലപ്പാട് ഇന്നുവരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ഇവരുടെ അളവറ്റ സഹായങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് വരും പ്രവർത്തനങ്ങൾക്കു വളരെ ആവേശം നൽകുന്നവതന്നെയാണ്.

നമ്മുടെ ഒത്തൊരുമയോടുള്ള സേവനവും പ്രവർത്തനങ്ങളും കൊണ്ടു വരും നാളുകളിൽ സമ്പൽസമൃദ്ധവും സ്നേഹസമ്പന്നവുമായൊരു നാടിനെ വരും തലമുറയ്ക്കായി സമ്മാനിക്കുവാൻ നമുക്കു കഴിയും.അതിനായിനമുക്കൊത്തു ചേരാം



# സാമൂഹിക-സാംസ്ക്കാരിക ചരിത്രം

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിന്റെ തീര പ്രദേശത്ത് 17 ഓളം കിലോമീറ്റർ നീളത്തിൽ തെക്കു വടക്കായി സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് ആലപ്പാട്. അറബിക്കടലിനും കായംകുളം കായലിനും മദ്ധ്യേ നീണ്ടു കിടക്കുന്ന പ്രകൃതി രമണീയമായ ഈ പ്രദേശത്തെ ലോക പ്രശസ്തമാക്കുന്ന പല കാര്യങ്ങളിൽ പ്രധാനമായത് ഇവിടുത്തെ കരിമണൽ നിക്ഷേപവും അമൃതാനന്ദമയിയുടെ ആസ്ഥാനവുമാണ്.

1953 ൽ കുലശേഖരപുരം ദേവികുളങ്ങര കരുനാഗപ്പള്ളിവില്ലേജ്കളിലായി വ്യാപിച്ചു കിടന്നിരുന്ന പ്രദേശങ്ങൾ ചേർത്ത് ആലപ്പാട് പഞ്ചായത്ത് രൂപീകൃതമായി.

A.D ഒന്നാം നൂറ്റാണ്ടോടുകൂടി കടലിന്റെ അപൂർവ്വ പ്രതിഭാസമായ ചാകരയിൽ നിന്നാണ് ഈ ഭൂപ്രദേശം രൂപം കൊണ്ടത് എന്ന് അനുമാനിക്കപ്പെടുന്നു.

താമിഴ്നാട്ടിലെ കാവേരി പൂം പട്ടണത്തിൽ നിന്നും ആറുകളുടെ തീരം വഴി സഹ്യന്റെ കിഴക്കുഭാഗത്ത് എത്തി, ആരുവാമൊഴി, കുമിളി, വാളയാർ, വൈത്തിരി തുടങ്ങിയ പാതകൾ വഴി ഇന്നു കേരളമെന്നറിയപ്പെടുന്ന പ്രദേശത്തെ കായലോരങ്ങളിലും കടലോരങ്ങളിലും ആറ്റിറമ്പുകളിലും തങ്ങിയ ജനതയിൽ ഒരു വിഭാഗമാണ്, ഇന്നത്തെ ആലപ്പാട്ടു പഞ്ചായത്തെ പ്രദേശത്ത് അധിവസിക്കുന്നത് എന്നനുമാനിക്കുന്നു..

ഈ ജനവിഭാഗത്തോടൊപ്പം എപ്പോഴോ എത്തിചേർന്ന ശൈവപിള്ളമാരും, ഈഴവരും, പുലയരും കൃസ്തീയ വിഭാഗക്കാരുമാണ്, ഇവിടത്തെ ജനത. എന്നാൽ ശൈവപിള്ളമാർ പിൽക്കാലങ്ങളിൽ ഇവിടം വിട്ടു പോവുകയും ചെയ്തു.

കാവേരി പൂംപട്ടണ( പൂംപുഹാർ) പ്രദേശത്തു നിന്നും യുദ്ധത്തെ തുടർന്നു പലായനം ചെയ്ത ഒരു രാജ്യവംശത്തിന്റെ പരമ്പരയിൽ പെട്ടവർ തോണിയിലും, പായ്കപ്പലുകളുമായി കന്യാകുമാരി മുനമ്പു ചുറ്റി അറേബ്യൻ കടലിന്റെ തീര പ്രദേശങ്ങളിൽ പലയിടത്തായി വാസമുറപ്പിച്ചുവെന്നു് മറ്റൊരു വിശ്വാസമുണ്ട്. ഈ വിഭാഗമാണ് ഇന്നത്തെ ആലപ്പാട് പഞ്ചായത്തിലെ മുൻതലമുറക്കാർ എന്നു കരുതപ്പെടുന്നു. ഈ വസ്തുതയ്ക്ക് ഉപോൽബലകമായി പല തെളിവുകളും ചൂണ്ടികാണിക്കപ്പെടുന്നു. ഉദാഹരണത്തിന് അന്ന് പൂംപുഹാറിൽ നിലവിലുണ്ടായിരുന്ന പല ആചാര രീതികളും ഈ വിഭാഗവും അതേപോലെ അനുവർത്തിച്ചു വന്നിരുന്നു. സംസാരഭാഷയിൽ തമിഴ് സ്വാധീനം വളരെയധികം ഉണ്ടായിരുന്നുവെന്നു മാത്രമല്ല, വ്യക്തികൾക്കും സ്ഥലങ്ങൾക്കും നാമകരണം ചെയ്യുന്നതിൽ പോലും ഈ തമിഴ് സ്വാധീനം വളരെ പ്രകടമായിരുന്നു. ഇവിടെ എത്തപ്പെട്ട ഈ വിഭാഗക്കാർ ദാരിദ്ര്യവും രോഗങ്ങളും കൊണ്ടു വലഞ്ഞപ്പോൾ വിശപ്പടക്കാനായി കടൽ തീരത്തു ധാരാളമായി കണ്ടുവരുന്ന അടുമ്പിയെന്ന സസ്യത്തിന്റെ നീണ്ടവള്ളികൾ ഉപയോഗിച്ച് തീരത്തുള്ള മീൻ പിടിച്ചിരുന്നുവെന്നും അനുമാനിക്കപ്പെടുന്നു. കാലക്രമേണ ഈ മത്സ്യ ബന്ധന രീതി സാങ്കേതികമായി മെച്ചപ്പെടുത്തുകയും ഇന്നത്തെ നിലയിൽ എത്തിച്ചേരുകയും ചെയ്തുവെന്നു കരുതാം.

മത്സ്യബന്ധനം വിപുലപ്പെട്ടതോടെ വ്യാപാരവും വാണിജ്യവും മെച്ചപ്പെടുകയും വിദേശ്ര രാഷ്ട്രങ്ങളിലേക്ക് പത്തേമാരിയിലും ഉരുക്കളിലും ചെമ്മീൻ തുടങ്ങിയ മത്സ്യവിഭാഗങ്ങളും കയറും മറ്റു സാധനങ്ങളും കയറ്റി അയക്കുവാൻ തുടങ്ങുകയും ചെയ്തു. യന്ത്രവത്കൃത മത്സ്യബന്ധന രീതി ഏറ്റവും പരിഷ്കൃതമായതോടെ തൊഴിൽ മേഖലയിൽ ഗുണകരവും ദോഷകരവുമായ ഒട്ടനവധി മാറ്റങ്ങൾക്ക് തൊഴിലാളികൾ വിധേയരായി. നാടൻ വള്ളങ്ങളിൽ പോലും യന്ത്രങ്ങൾ ഘടിപ്പിച്ചതോടെ അതിവേഗത്തിൽ വളരെ ദൂരം പോയി മത്സ്യബന്ധനം നടത്താനും, വിപണികളിലെത്തിക്കുവാനും കഴിയുമെന്ന നേട്ടമുള്ളപ്പോൾത്തന്ന ഭാരിച്ച ഇന്ധന ചെലവും മൂലധനവും കൊണ്ട് പരമ്പരാഗത തൊഴിലാളികൾ കടക്കാരും കൂടുതൽ ദരിദ്രരുമായി തീരുന്ന അവസ്ഥയാണ് കണ്ടുവരുന്നത്. ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളികളെ ഇടത്തട്ടുകാരും വ്യവസായികളും ചൂഷണം ചെയ്യുന്ന സാഹചര്യം ഇന്നും നിലവിലുണ്ട്.

മത്സ്യബന്ധന രംഗത്തെപ്പോലെതന്നെ ഒട്ടും അപ്രധാനമല്ലാത്ത ഒരു മേഖലയായിരുന്നു കയർ വ്യവസായം. ഈ പഞ്ചായത്തിൽ ആലപ്പാടൻ കയർ ലോക വിപണിയിൽ തന്നെ ഏറ്റവും മുൻപന്തിയിലായിരുന്നു. പ്രസിദ്ധമായ ഈ കയർ മൂലം ആലപ്പാടു പഞ്ചായത്തിലെ ലോഹമണൽ ശ്രദ്ധിക്കപ്പെട്ടതോടെ പല വിദേശകമ്പനികളും ലോഹമണലിൻെറ ഉറവിടം അന്വേഷിച്ച് ഈ പഞ്ചായത്തിലെത്തി.

1911 ൽ ഒരു ജർമ്മൻ കമ്പനിയാണ് ലോഹമണൽഖനനം ഇവിടെ ആരംഭിച്ചത്. 1932 മുതൽ F X പെരേര സൺസ് എന്ന സ്ഥാപനവും 1959 വരെ ഹോപ് കിൻസ്& വില്യംസ് എന്ന എന്നീവിദേശകമ്പനികളും ഖനനം നടത്തി വന്നിരുന്നു. ആലപ്പാട് അറത്തിൽ T.N.P കമ്പനിയുടെ കരിമണൽ സെപ്പറേഷൻ പ്ളാന്റ് ഉണ്ടായിരുന്നു. ധാതുമണൽ ഖനനം ദേശ്സാൽക്കരിക്കപ്പെട്ടപ്പോൾ IRE-യും KMML ലും ഖനനം ഏറ്റെടുത്തു. വിദേശമാർക്കറ്റുകളിൽ ഏറെ പ്രിയമുള്ള ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കൺ, മോണോസൈറ്റ്, തുടങ്ങിയ ധാതുക്കളാണ് ഈ മണലിൽ നിന്നു് ലഭിക്കുന്നത്. കോടിക്കണക്കിനു രൂപയുടെ വിദേശവരുമാനം ഇതുവഴി IRE-യും KMML-ലും ലഭ്യമാവുമ്പോൾ നിരന്തരമായ ഖനനം നിമിത്തം ഭൂമിയും പാർപ്പിടവും പോലും നഷ്ടമാകുന്ന ഇവിടുത്തെ ജനതയ്ക്ക് പുനരധിവാസത്തിനു പോലുള്ള സഹായം ലഭിക്കുന്നില്ല എന്നുള്ള ന്യായമായ പരാതി നില നിൽക്കുകയാണ്.പ്രദേശത്തു ക്ഷേമവികസന പ്രവർത്തനങ്ങൾക്കു വേണ്ടി Mining Area Welfare Board സ്ഥാപിച്ചുവെങ്കിലും അതിന് Statutory Power ഇല്ല. പഞ്ചായത്തിന്റെ തെക്കെ അറ്റമായ വെള്ളനാതുരുത്തു കേന്ദ്രീകരിച്ചാണ് ഇപ്പോൾ ഖനനം നടത്തുന്നത്.

പഞ്ചായത്ത് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം കടലാക്രമണവും, കടൽകയറ്റവുമാണ്. കടൽ കയറ്റത്തിനുള്ള പ്രധാന കാരണം IRE യുടെ തത്വദീക്ഷയില്ലാത്ത മണൽ ഖനനമാണ്. കഴിഞ്ഞ 50 വർത്തിനുള്ളിൽ 1 kM റോളം കരകടലെടുത്തു പോയിട്ടുണ്ട്. ഇന്ന് പഞ്ചായത്തിൽ കാണുന്ന മിക്കക്ഷേത്രങ്ങളും അഴീക്കൽ പള്ളിയും 2 ലേറെ തവണ കടൽ കയറി കരനഷ്ടപ്പെട്ടതുമാലം മാറ്റി സ്ഥാപിച്ചവയാണ്.

1957-58 ൽ ആണ് പഞ്ചായത്തിൽ ആദ്യമായി സീവാൾ'' നിർമ്മാണ പ്രക്രിയ തുടങ്ങിയത്. പക്ഷേ ശാസ്ത്രീയമെന്ന തരത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന കടലാക്രമണ നിരോധന പ്രവർത്തനം അശാസ്ത്രീയമാണ്. അനുഭവങ്ങൾ അതാണ് തെളിയിക്കുന്നതും.

തീരദേശസംരക്ഷണ നിയമമാകട്ടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭീഷണിയായി നിൽക്കുകയാണ്.

ഓണാട്ടുകര പ്രദേശത്ത് ഏറ്റവും കൂടുതൽ വിളവുതന്ന പനകടപാടവും മൂക്കും പുഴ പാടവും ആലപ്പാട്ടു-കുഴിത്തുറ പ്രദേശത്തെ പാടവും പൂർണ്ണമായും നശിച്ചു പോയി.

ഒടിച്ചു കുത്തിയാൽ 25 മേനി വിളയുന്ന ഈ പാടങ്ങൾ പൂർണ്ണമായും നശിക്കാനുണ്ടായിരുന്ന കാരണം കടൽ കയറ്റമാണ്.

ഭൂരിപക്ഷ ജനത കരകളുടെ അടിസ്ഥാനത്തിൽ കരയോഗങ്ങളുണ്ടാക്കുകയും സാമൂഹിക സാംസ്ക്കാരിക ജീവിത രംഗങ്ങളിൽ പണ്ടുകാലം മുതൽ ഇന്നു വരെ നിർണ്ണായകമായി പ്രവർത്തനം നടത്തി കൊണ്ടിരിക്കുകയും ചെയ്യുന്നു. ഗ്രന്ഥശാല പ്രവർത്തനങ്ങൾക്കു എന്നും വളരെയേറെ സഹായങ്ങളാണ് കരയോഗം ചെയ്തു പോന്നിരുന്നത്.

ഭക്തിയിലും ആരാധനയിലും ഇത്രയേറെ അടിയുറച്ചു നിന്ന ഒരു ജനത വേറെ ഉണ്ട് എന്നു പറയാൻ കഴിയില്ല.

തീണ്ടലും തൊടീലും കൊടികുത്തി വാണിരുന്ന കാലഘട്ടിത്തിൽ പോലും ഈ പ്രദേശത്തെ ജനവിഭാഗങ്ങളുടെ മതപരവും ആരാധനപരവുമായ സ്വാതന്ത്ര്യത്തെ ആർക്കും ചോദ്യം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ഹിന്ദുമതത്തിന്റെ പുറം തളത്തിൽ മാത്രം കിടക്കാൻ വിധിക്കപ്പെട്ട ഈ ജനവിഭാഗമാണ് ചെങ്ങന്നൂർ മഹാക്ഷേത്രത്തിന്റെ മഹാശിവരാത്രി കഴിഞ്ഞ 1791 വർഷമായി നടത്തുന്നതും പരിശം വയ്ക്കുന്നതും.

52 കരകൾ ചേർന്ന് നടത്തുന്ന ഓച്ചിറ ഉത്സവത്തിൽ ഒമ്പതാം ഉത്സവം നടത്തുവാനുള്ള അവകാശവും ഈ പഞ്ചായത്തിലുള്ളവർക്കാണ്. ( ആലപ്പാട്ടു മുതൽ അഴീക്കൽ വരെ).

ലോക പ്രശസ്തിയാർജിച്ച മാതാ അമൃതാനന്ദമയി ജനിച്ചത് ഈ പഞ്ചായത്തിലാണ്. കൂടാതെ അമൃതാനന്ദമയി ആശ്രമവും ഇവിടെ സ്ഥിതി ചെയ്യുന്നു. സാമൂഹികമായോ, സാമുദായികമോ ആയ ഏറെ അനാചാരങ്ങൾ ഇവിടെ നിലനിന്നിരുന്നതായി കാണുന്നില്ല. സാംസ്ക്കാരിക കലാരംഗങ്ങളിൽ ഉന്നതമായ വ്യക്തി മുദ്ര പതിപ്പിച്ച ഉന്നതരായ വ്യക്തികൾ ഈ പഞ്ചായത്തിൽ ജീവിച്ചിരുന്നു.

പണ്ഡിറ്റ് കുഞ്ഞുപിള്ള പണിക്കർ, Dr. വേലുക്കുട്ടി അരയൻ, അഴീക്കൽ കൃഷ്ണൻ കുട്ടി തുടങ്ങിയ സംസ്കൃത-കലാ ആചാര്യന്മാരും തെക്കയ്യത്തു രാമൻ കുഞ്ഞാശാൻ എന്ന കഥകളി ആചാര്യനും ചാലിതെക്കതിൽ ദാമോദരൻ ആശാൻ എന്ന തായമ്പക വിദഗ്ധനും P.അരുമനായക പണിക്കർ എന്ന ഭാഷാ പണ്ഡിതനുമൊക്കെ. Dr. വേലുക്കുട്ടി അരയന്റെ ചരിത്രം ഈ പഞ്ചായത്തിന്റേയും സമുദായത്തിന്റേയും കൂടി ചരിത്രമാണ്. ശ്രീ നാരായണ ഗുരുവിന്റെ ജീവചരിത്രം രചിച്ച പണ്ഡിതനാണ് ശ്രീ കെ.കെ.പണിക്കർ എന്ന കുഞ്ഞുപിള്ള പണിക്കർ.

അസുര വാദ്യമായ ചെണ്ടവായന റേഡിയോവിലൂടെ കേരളത്തിൽ ആദ്യമായി അവതരിപ്പിച്ചത് ദാമോദരനാശാനാണ്.

വിദ്യാഭ്യാസ രംഗത്ത് ഏറേ മുന്നിൽ പോയ ഒരു പഞ്ചായത്താണിത്. സമ്പൂർണ്ണ സാക്ഷരമായി കേരളം പ്രഖ്യാപിക്കപ്പെടുന്നതിനു മുമ്പുതന്നെ ഇവിടുത്തെ സാക്ഷരത 89% ആയിരുന്നു.

കരുനാഗപ്പള്ളി, മാവേലിക്കര കാർത്തികപ്പള്ളി താലൂക്കുകളിൽ ഏതാണ്ട് ആദ്യത്തെ മലയാളം സ്കൂൾ അഴീക്കൽ ആയിരുന്നു.

ചെറിയഴീക്കലെ L.M.S മിഷ്യൻ ഹോസ്പിറ്റലാണ് ആതുര ശ്രുശ്രൂഷ രംഗത്തു കടന്നു വന്ന ആദ്യത്തെ സ്ഥാപനം. ഇന്നു മയിലാടുംകുന്ന് എന്നു വിളിക്കുന്ന പ്രദേശത്താണ് ഹോസ്പിറ്റൽ പ്രവർത്തിപ്പിച്ചിരുന്നത്.

ശ്രായിക്കാട് 1954 ൽ ഒരു ആയുർവേദ ഡിസ്പൻസറിയും, 1968 ആലപ്പാടു Govt അലോപ്പതി ഡിസ്പൻസറി

യും പ്രവർത്തനം ആരംഭിച്ചു.

കൊല്ലം ജില്ലയിലെ RWSS പ്രകാരം ആദ്യമായി ജല വിതരണ ശൃംഖല നടപ്പിലാക്കിയത് ശ്രായിക്കാട്ടായിരുന്നു. (1967-68)

പഞ്ചായത്തിൽ ചെറിയഴീക്കലാണ് ആദ്യമായി വൈദ്യുതി എത്തുന്നത്. 1954 ൽ.

ഒരു ഉപദ്വീപായി കിടക്കുന്ന ഈ പഞ്ചായത്തിന് മറ്റു കരയുമായി ബന്ധിപ്പിച്ച് പാലം വരുന്നത് 1977 ൽ ആണ് (പണിക്കർ കടവ് പാലം) 1967 വരെ പഞ്ചായത്തിൽ ഒരു പൊതു വഴിയുണ്ടായുരുന്നു. പണ്ടാരത്തുരുത്ത് ചെറിയഴീക്കൽ റോഡാണ് പഞ്ചായത്തിലെ ആദ്യത്തെ പൊതു വഴിയും റോഡും! 1967 നു ശേഷം പണ്ടാരത്തുരുത്തിൽ നിന്നും വെള്ളനാതുരുത്തിലേക്കും,ചെറിയഴീക്കൽ നിന്ന് ആലപ്പാട്ടേക്കും പിന്നെ പറയകടവിലേക്കും റോഡുണ്ടായി. 1981-82 ലാണ് പഞ്ചായത്തിന്റെ വടക്കെ അറ്റമായ പൊഴി വരെ റോഡ് എത്തിയത്.

കടലിനും കായലിനും മദ്ധ്യേയുള്ള പഞ്ചായത്തിന്റെ പ്രകൃതി വളരെയധികം ആൾക്കാരെ ആകർഷിച്ചിരുന്നു. നിരവധി സാഹിത്യകാരന്മാരും സാമൂഹിക നായകന്മാരും സാഹിത്യ സംവാദത്തിനും നർമ്മ സല്ലാപത്തിനും പഞ്ചായത്തിന്റെ കടലോരത്തിൽ സന്ദർശകരായിരുന്നു. കുമാരനാശാൻ, ശൂരനാട്കുഞ്ഞൻപിള്ള , C.S. സുബ്രഹ്മണ്യൻ പോറ്റി, തോപ്പിൽ ഭാസി, കാമ്പിശ്ശേരി കരുണാകരൻ, ഒ. എൻ. വി. തുടങ്ങിയ എത്രയോ സാഹിത്യകാരൻമാർ. സി. കേശവൻ, ശ്രീകണ്ഠൻ നായർ, ബേബി ജോൺ, കെ.ബാലകൃഷ്ണൻ, പട്ടം താണുപിള്ള, Dr. പൽപു, തുടങ്ങി അവനധി രാഷ്ട്രീയ സാമൂഹിക നേതാക്കൾ ഇവിടെ രാഷ്ട്രീയ ചർച്ചകൾക്കും ഒളിവുവാസത്തിനും എത്തിയിരുന്നു.

1978 ൽ ചെറിയഴീക്കലേക്കാണ് പഞ്ചായത്തിൽ ആദ്യമായി ബസ് സർവ്വീസ് ആരംഭിക്കുന്നത്. 1988 ൽ അഴീക്കൽ പൊഴിവരെ ആരംഭിച്ച KSRTC ബസ് സർവ്വീസ് നിലച്ചുപോയി.

ഏറ്റവും കൂടുതൽ ഗതാഗത സൗകര്യമുണ്ടായിരുന്ന പഞ്ചായത്ത് ഇന്ന് ഗതാഗതത്തിന് വളരെയേറെ ബുദ്ധിമുട്ടുകയാണ്. കൊല്ലം ആലപ്പുഴ ബോട്ടു സർവീസ് വളരെ കുടുതലുണ്ടായിരുന്നുവെങ്കിൽ അവശേഷിച്ച ഒരു ബോട്ടു സർവീസ് 1992 ൽ നിർത്തിയതോടെ കടുത്ത യാതനകളാണ് ഗതാഗത പ്രശ്നങ്ങളിൽ അഭിമുഖീകരിക്കുന്നത്.

ഈ പഞ്ചായത്തിൽ PWD ക്ക് ഒരു റോഡ് പോലും നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു പക്ഷേ PWD റോഡ് നിർമ്മിക്കാത്ത ഒരു പഞ്ചായത്തുണ്ടെങ്കിൽ അത് ആലപ്പാട് പഞ്ചായത്താവാം! സൗകര്യമായി ഉണ്ടായിരുന്ന ജലഗതാഗതം ഉണ്ടായിരുന്നിടത്ത് അതു നശിച്ചു പോവുകയും പകരം കര ഗതാഗതം വികസിക്കാത്തതുമാവാം ഗതാഗതം ഒരു കീറാമുട്ടിയായി നിൽക്കുന്നത്. ദേശക്കാർ ശബരിമലയിലും മറ്റും പോയിക്കൊണ്ടിരുന്നത് വള്ളത്തിലായിരുന്നു.

ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു 1954 ൽ ഈ പ്രദേശത്ത് സന്ദർശിച്ചിരുന്നു.

വിപ്ളവ പ്രസ്ഥാനങ്ങളിലെ പല നേതാക്കൻമാർക്കും ഒളി താവളമായി ഈ പഞ്ചായത്ത് വർത്തിച്ചിട്ടുണ്ട്.

Dr. വേലുകുട്ടി അരയന്റെ പത്രാധിപത്യത്തിൽ തുടങ്ങിയ 'അരയൻ'പത്രം സംസ്ഥാനത്തൊട്ടാകെ തന്നെ ജനങ്ങളിൽ ദേശീയ ബോധവും സ്വാതന്ത്ര്യസമരാവേശവും വളർത്താൻ സഹായിച്ചിട്ടുണ്ട്. ഇന്നത്തെപോലെ വനിതാമാസികകൾ ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ ഇവിടെ നിന്നും അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ സ്ത്രീമാസിക പ്രസിദ്ധീകരിച്ചിരുന്നു. (കേരളത്തിലെ ആദ്യത്തെ വനിതാ മാസിക) കരുനാഗപ്പള്ളി താലൂക്കിലെ ആദ്യത്തെ പ്രസ്സ് വേലുകുട്ടി അരയൻ സ്ഥാപിച്ച PT പ്രസ്സാണ്. ഇന്നും ആ പ്രസ്സ് പ്രവർത്തിക്കുന്നു. ഇന്നത്തെ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ചേർന്ന അന്നത്തെ കൊല്ലം ജില്ലയിലെ പത്താമത്തെ പ്രസ്സായിരുന്നു. PT. പ്രസ്സ്.

## പഞ്ചായത്ത് ഭരണ ചരിത്രം.

പൻമന, വെള്ളനാതുരുത്ത് പണ്ടാരതുരുത്ത്, ചെറിയഴീക്കൽ, ആലപ്പാട്, കുഴിത്തുറ, പറയകടവ് ശ്രായിക്കാട് അഴീക്കൽ എന്നീ തുറകൾ ഏകോപിപ്പിച്ചു 1946 ൽ പൻമന- അഴീക്കൽ വില്ലേജ് അപ്ലിഫ്റ്റ് കമ്മിറ്റി നിലവിൽ വന്നു. അതിന്റെ ആദ്യ പ്രസിഡന്റു കടവത്തു ഗോപിനാഥനും രണ്ടാമത്തെ പ്രസിഡന്റ് കുറ്റുംമൂട്ടിൽ ജനാർദ്ദനനുമായിരുന്നു.

1951 ലെ തിരുവിതാംകൂർ കൊച്ചി പഞ്ചായത്തു നിയമപ്രകാരം 1953 നടന്ന തെരഞ്ഞെടുപ്പിൽ E. ഭാസ്ക്കരൻ പ്രസിഡന്റായി ആദ്യ പഞ്ചായത്തു കമ്മിറ്റി നിലവിൽവന്നു. K.A ദാമോദരൻ ( ആലപ്പാട്) ഇളയകൊച്ചു മുതലാളി ( അഴീക്കൽ) ചക്രപാണിചാലുപറമ്പിൽ (വെള്ള-പണ്ടാര) N.V പുതുമണ്ണേൽ (ശ്രായിക്കാട്) ജോർജ്ജ് ഗോൺസിസോ ( അഴീക്കൽ) രാഘവൻ പുതുശ്ശേരിൽ (ചെറിയഴീക്കൽ) കൊച്ചയ്യത്തു കൊച്ചുപപ്പു (കുഴിത്തുറ-പറയകടവ്) എന്നിവരായിരുന്നു ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട മറ്റ് അംഗങ്ങൾ.

കറുകയിൽ കറുത്ത കൊച്ചു പണിക്കരാണ് പഞ്ചായത്ത് കെട്ടിടത്തിനാവശ്യമായ സ്ഥലം സംഭാവന ചെയ്തത്.

1964 P. ദയാനന്ദൻ (വെള്ള) ചെല്ലപ്പൻ (ചെറി-പണ്ടാരത്തുരുത്ത്) K.K കൃഷ്ണൻ വൈദ്യൻ (ചെറി) പി.ലീലാകൃഷ്ണൻ (ആല) കുട്ടൻ പണിക്കൽ (കുഴി-പറയ) M.S രുദ്രൻ (ശ്രായിക്കാട്) അഴീക്കൽ കൃഷ്ണൻ കുട്ടി ( അഴീക്കൽ) ശങ്കു ( അഴീക്കൽ) സുധർമ്മ (ചെറി) എന്നിവർ അംഗങ്ങളായി രണ്ടാമത്തെ പഞ്ചായത്തു കമ്മിറ്റി നിലവിൽ വന്നു. ആലപ്പാട് ലീലാകൃഷ്ണൻ രാജി വച്ച ഒഴിവിൽ ഗോപാലൻ അംഗമായി. ഈ കാലയളവിൽ 1964 ജനുവരി മുതൽ 1966 ജൂലൈ വരെ എ. ശങ്കുവായിരുന്നു പ്രസിഡന്റ്. തുടർന്ന് ചെല്ലപ്പൻ മുതലാളി പ്രസിഡന്റായി. 1975 ജനുവരിയിൽ ചെല്ലപ്പൻ മുതലാളി മരണപ്പെട്ടു. തുടർന്ന് എ.ശങ്കു വീണ്ടും പ്രസിഡന്റായി.

ശേഷം52ാംപേജിൽ



# ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

ഭൂപ്രകൃതി- ഭൂപ്രകൃതി അനുസരിച്ചുള്ള വിഭജനത്തിൽ കേരളത്തെ മലനാട്, ഇടനാട് തീരദേശം എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. ഇതിൽ തീര പ്രദേശത്തിലുൾപ്പെടുന്നതാണ് ആലപ്പാട് പഞ്ചായത്ത്. പ്രസ്തുത പഞ്ചായത്തിന് സമുദ്രനിരപ്പിൽ നിന്ന് (msl) ഏകദേശം 7 മീറ്റർ ഉയര മാത്രമേയുള്ളു. ഈ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം. 7.38 ചതു കി.മീ ആണ്.

കൊല്ലംജില്ലയുടെ ഏറ്റവും വടക്കു പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്ത് ആലപ്പുഴജില്ലയുടെ തെക്കെ അതിർത്തിയിലാണ്. ഇതിന്റെ വടക്കു വശം കായംകുളം പൊഴി, വടക്കുകിഴക്കായി ക്ളാപ്പന, കുലശേഖരപുരം പഞ്ചായത്ത്, എന്നിവയും തെക്കു കിഴക്കായി കരുനാഗപ്പള്ളി പഞ്ചായത്തും, തെക്കു ഭാഗത്തായി പൻമന പഞ്ചായത്തും ചുറ്റപ്പെട്ടിരിക്കുന്നു. ഈ പ്രദേശത്തിന്റെ വ്യാപ്തി ഉത്തര അക്ഷാംശം 9 നും 9 8 നുമിടയിലും പൂർവ്വ 76 31 76 31 നുമിടയിലും കാണപ്പെടുന്നു. ഈ പഞ്ചായത്തിൽ 11 വാർഡുകൾ ഉണ്ട്. ഇതിൽ 4 എണ്ണം വനിതാവാർഡുകളായി സംവരണം ചെയ്തിരിക്കുന്നു. ഈ പ്രദേശം ആലപ്പാട് വില്ലേജിൽ ഉൾപ്പെട്ടിരിക്കുന്നു.

## ഭൂഘടന

സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 7 മീറ്ററിനുള്ളിൽ മാത്രം ഉയർച്ചയുള്ള പ്രദേശമാണിവിടെ. ഇവയെപൊതുവായി തീരസമതലം (coastal plain) ആയിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. നിമ്നോന്നത സ്ഥിതിയനുസരിച്ച് ഈ പ്രദേശത്തിന് ഉയർന്ന ഭാഗങ്ങൾ കുറവാണ്. ഇവിടെ മിശ്രിത കൃഷിയാണ് കാണപ്പെടുന്നതെങ്കിലും തെങ്ങുകൃഷിയാണ് പ്രധാനം.

കേരളത്തെ 13 കാർഷിക മേഖലയായി തിരിച്ചിട്ടുള്ളതിൽ ആലപ്പാട് പഞ്ചായത്ത്, ഓണാറ്റുകര വിഭാഗത്തിൽപ്പെടുന്നു. (Land resumes of Kerala) അവസാദങ്ങൾ അടിഞ്ഞുണ്ടായ (warkalen belts) എന്നയിനം ഉപരിതല മണ്ണ് ഈ പഞ്ചായത്തിലുടനീളം കാണപ്പെടുന്നു. ഇത്തരം മണ്ണിനങ്ങളെ പ്രാദേശികമായി ഓണാറ്റുകര എന്നു തന്നെയാണ് വിശേഷിപ്പിക്കുന്നതും. ഫലഭൂയിഷ്ഠമായ ഇത്തരം എക്കൽ മണ്ണുകൾ തെങ്ങു കൃഷിക്ക് വളരെ അനുയോജ്യമാണ്. കൂടാതെ ലോഹ മണൽ കാണപ്പെടുന്ന പ്രദേശങ്ങളും ഇവിടെയുണ്ട്.

കേരളത്തിന്റെ കടലോര പഞ്ചായത്തുകളിൽ വച്ച് ഏറ്റവും കൂടുതൽ ജനശ്രദ്ധയാകർഷിച്ചിട്ടുള്ളതും പഠനവിധേയമായിട്ടുള്ളതുമായ ഒരു പഞ്ചായത്താണ് ആലപ്പാട്. ക്ഷേത്രങ്ങളാൽ സമൃദ്ധമായ ഈ ഭൂമി എല്ലായ്പ്പോഴും വിശ്വാസങ്ങളുടെയേയും പ്രതീക്ഷകളുടേയും ഇരിപ്പിടമാണ്. സമുദ്രത്തിന്റെ കാരുണ്യം ആർജ്ജിക്കുന്ന ഇവിടുത്തെ ജനങ്ങൾ പൂർണ്ണമായും ഈശ്വരവിശ്വാസികളാണ്. സമുദ്രത്തിന്റെയും, കായലിന്റെയും കിടപ്പു മൂലം ഈ തീരം ഒരു ദ്വീപായി കാണപ്പെടുന്നു.

പ്രസ്തുത പഞ്ചായത്തിൽ പടിഞ്ഞാറുവശം ലക്ഷദ്വീപ് സമുദ്രവും ( അറേബ്യൻ കടൽ) മറ്റു ഭാഗങ്ങൾ കായംകുളം കായലിനാൽ ചുറ്റപ്പെട്ടു കിടക്കുന്ന റ്റി. എസ് കനാൽ ഭൂവിഭാഗമാണ്.സമുദ്രവും കായലും തൊട്ടുതലോടുന്ന ഇപ്രദേശം സഭാ കാലത്തും കടലാക്രമണ ഭീഷണിയെ നേരിടുന്ന ദുഃഖസത്യം മറയ്ക്കാവുന്നതല്ല. ഈ പ്രദേശത്തിന്റെ ഭൂപടം നോക്കുന്ന ഒരാൾക്ക് നീണ്ട് ഇടുങ്ങിയ ഒരു വാൽകഷണം പോലെ മാത്രമേ ഈ പ്രദേശത്തെ ദർശിക്കാൻ കഴിയൂ. ഇതിന്റെ മൊത്തത്തിലുള്ള നീളം ഏകദേശം 17 കി.മി മാത്രമാണ് ഇതിന്റെ ശരാശരി വീതി വെറും 1/2 കി.മീ ഉം ആണ്. താരത്മേന്യ വീതി കൂടിയ പ്രദേശം അഴീക്കൽ പ്രദേശവും വീതി കുറഞ്ഞത് പണിക്കർകടവു ആലപ്പാട്, ശ്രായിക്കാട് എന്നിവയുമാണ്. മറ്റു പഞ്ചായത്തുകളിൽ നിന്ന് ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ടുകിടക്കുന്ന ഇവിടുത്ത ജനങ്ങൾ ആദർശധീരരും ഐക്യമനോഭാവമുള്ളവരുമാണ്.

## ജനപ്രകൃതി

1991 ലെ സെൻസസ് കണക്കുകൾ പ്രകാരം ആലപ്പാടു ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 24576 ആയിരുന്നു. ഇതിൽ 12526 പുരുഷൻമാരും 12050 സ്ത്രീകളുമാണ്. ആകെവീടുകൾ 4456 ആണ്. അതായത് ശരാശരി വീടൊന്നിന് 5.51 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ച.കി.മീറ്റർ ന് 3330.80 ആണ് ആകെ ജനങ്ങളിൽ 19562 പേർ സാക്ഷരരാണ്. ഇതിൽ 10145 പേർ പുരുഷൻമാരും 9417 പേർ സ്ത്രീകളുമാകുന്നു.

വാർഡുതലത്തിലെ ജനസംഖ്യാവിവരങ്ങൾ പട്ടികയിൽ പ്പെടുത്തിയിരിക്കുന്നു

# ആലപ്പാട് പഞ്ചായത്ത് ഭൂപ്രകൃതി



വാർഡുതല ജനസംഖ്യാവിവരപട്ടിക

| | ആകെ ജനസംഖ്യ | | | | സാക്ഷരത | |
|---|---|---|---|---|---|---|
| Ward | വീട് | T.Pop | Male | Female | Male | Female |
| 1 | 407 | 2533 | 1294 | 1239 | 1062 | 968 |
| 2 | 395 | 2251 | 1126 | 1125 | 926 | 866 |
| 3 | 367 | 1923 | 985 | 930 | 764 | 719 |
| 4 | 399 | 2252 | 1147 | 1105 | 948 | 850 |
| 5 | 463 | 2834 | 1516 | 1318 | 1270 | 934 |
| 6 | 466 | 2509 | 1308 | 1201 | 884 | 968 |
| 7 | 504 | 2646 | 1323 | 1323 | 1047 | 1030 |
| 8 | 444 | 2419 | 1224 | 1195 | 1025 | 979 |
| 9 | 475 | 2729 | 1334 | 1395 | 1106 | 1110 |
| 10 | 456 | 2480 | 1269 | 1211 | 1010 | 985 |
| | 4456 | 24576 | 12526 | 12050 | 10145 | 9417 |

*അവലംബം: 1991 ലെ സെൻസസ്*

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്ന മത്സ്യബന്ധ രംഗം ഇന്ന് പ്രതിസന്ധിയിലാണ്. മറ്റൊരു പരമ്പരാഗത തൊഴിൽ മേഖലയായ കയർ രംഗത്തു തൊഴിലവസരം കുറഞ്ഞു വരികയാണ്. അഭ്യസ്തവിദ്യരിൽ രൂക്ഷമായ തൊഴിലില്ലായ്മ അനുഭവിക്കുന്നത് സ്ത്രീകളാണ്.

## ജലപ്രകൃതി

ജലലഭ്യതയെ അടിസ്ഥാനമാക്കി ആലപ്പാട് പഞ്ചായത്തിലെ ജലപ്രകൃതിയെ പ്രധാനമായി ആറു വിഭാഗങ്ങളിലായി തരം തിരിക്കാം. പ്രധാനസ്രോതസ്സായ ലക്ഷദ്വീപ്കടൽ ( അറേബ്യൻകടൽ) ഏകദേശം 17 കീ.മീറ്റ റോളം ദൈർഘ്യത്തിലുള്ള കടലോരം പഞ്ചായത്തിന് സമ്മാനിച്ചിരിക്കുന്നു. മത്സ്യബന്ധനത്തിന് സഹായമാകുന്ന ഈ കടരോരം ഉൾഭാഗജലാശയങ്ങളേയും കരഭാഗങ്ങളേയും ഉപ്പുവെള്ളത്തിന്റെ തള്ളിക്കയറ്റം കൊണ്ട് സ്വാധീനിക്കുന്നത് വളരെ വലുതാണ്. ഈ തീരത്തിന്റെ സ്വഭാവത്തിനും വിസ്തൃതിക്കുറവിനുമൊക്ക പിന്നിൽ ഈ സമുദ്രപ്രദേശം സ്വാധീനിക്കുന്നുണ്ട്. കുളങ്ങൾ, തോടുകൾ, കുഴൽ കിണറുകൾ, ജലസംഭരണികൾ, (ശ്രായിക്കാട്, പണ്ടാരത്തുരുത്ത്, ആലപ്പാട്, അഴീക്കൽ) ഉൾഭാഗ ജലാശയങ്ങളിൽപ്പെടുന്ന കായൽ പ്രദേശം എന്നിവയാണ് മറ്റ് ജലപ്രകൃതികൾ. ( table4.4)

## റ്റി. എസ് കനാൽ

ഏകദേശം 502 കീ.മീറ്ററിൽ അധികം വ്യാപിച്ചുകിടക്കുന്ന ഉൾഭാഗജലാശയമാണിത്. ഇത് പഞ്ചായത്തിന്റെ വടക്കുഭാഗം മുതൽ തെക്കു കിഴക്കു ഭാഗം വരെ വ്യാപിച്ച് കിടക്കുന്ന വലിയ ജലസമ്പത്താണ്. കായംകുളം കായൽ ഈ പ്രദേശത്തെ മറ്റു സമീപ പഞ്ചായത്തുകളിൽ നിന്നും വേർതിരിക്കുന്നതോടൊപ്പം ഗതാഗത സൗകര്യവും സൃഷ്ടിച്ചിരിക്കുന്നു. കടത്തുകൾ ഏറെ ഉള്ള പല തുരുത്തുകൾക്കു സ്ഥലനാമങ്ങൾവരെ വെള്ളവുമായി ബന്ധപ്പെട്ട് കാണപ്പെടുന്നു. ഉദാഹരണമായി പണിക്കർകടവ്, തുറയിൽകടവ്, കാട്ടിൽകടവ്, ആലും കടവ്, കല്ലുംമൂട്ടിൽ കടവ് എന്നിവ.

## കുളങ്ങൾ

പട്ടിക 4.1 ൽ പ്രധാനപ്പെട്ട കുളങ്ങളും അവ ഉൾപ്പെടുന്ന വാർഡുകളും അവയുടെ വിസ്തീർണ്ണവും കാണാം. ആകെ കാണപ്പെടുന്ന പന്ത്രണ്ടു പ്രധാനകുളങ്ങളിൽ ഏറ്റവും വലിയതായി പൂക്കോട് ദേവീക്ഷേത്രക്കുളം (0.0084) ചതു. കീ.മീ കാണപ്പെടുന്നു. ഈ കുളങ്ങളിൽ മിക്കവയും ഇന്ന് ഉപ്പുരസമുള്ള കുളങ്ങളായി കാണപ്പെടുന്നു. പ്രത്യേകിച്ച് 5-ാം വർഡിലെ അമൃതാനന്ദമയീ ആശ്രമത്തിന്റെ അടുത്തുള്ള കുളം ഉപ്പു കുളമായി നിലനിൽക്കുന്നു. ഇതിനു കാരണം വൻതോതിൽ നടക്കുന്ന ഉപ്പു വെള്ളത്തിന്റെ തളളിക്കയറ്റമാണ്. വളരെ വർഷങ്ങൾക്കു മുമ്പ് ശുദ്ധജലാശയങ്ങളായി കാണപ്പെട്ടിരുന്ന ഈ കുളങ്ങൾ താമരപ്പൂവിനാൽ സമൃദ്ധമായിരുന്നുവെന്ന് പഴമക്കാർ പറയുമ്പോൾ പാരിസ്ഥിതികമായി എത്രമാത്രം മാറ്റം ഈ പ്രദേശത്തിനുണ്ടായെന്ന് ഊഹിക്കാവുന്നേയുള്ളൂ.

## തോടുകൾ

ഈ പഞ്ചായത്തിലെ തോടുകളിൽ കൂടുതലും കൈത്തോടുകളായി കാണപ്പെടുന്നു. ഒഴുക്കിന്റെ ദിശയനുസരിച്ച് രണ്ടായി തരംതിരിക്കണം 1 തെക്ക് വടക്ക് 2 കിഴക്കുപടിഞ്ഞാറ്. ഇവ കായംകുളം കായലിൽ നിന്ന് ഉദ്ഭവിക്കുന്നവയോ, വന്ന് ചേരുന്നവയോ ആണ്. അവയെല്ലാം ഒഴുക്കിന്റെ ദിശയിൽ വ്യത്യാസവും കാണപ്പെടുന്നുണ്ട്. ആകെയുള്ള 15 തോടുകളിൽ 5 എണ്ണം തെക്കു വടക്കു ദിശയിൽ ഒഴുകുന്നവയാണ്. അതായത് കായംകുളം കായലിൽ ചേരുന്നവ. (പട്ടിക 4.2) അവ മൂക്കുംപുഴ ക്ഷേത്ര പരിസരത്തോട്, ആലപ്പാട്തോട്, കക്കത്തുരുത്ത് തോട്, ചെറിയഴീക്കൽതോട്, ലക്ഷമിതുരുത്ത് തോട് എന്നിവയാണ്. അടുത്ത പത്ത് തോടുകൾ കിഴക്ക് പടിഞ്ഞാറ് ദിശയിൽ ഒഴുകുന്നവയാണ്. അവ ലക്ഷദ്വീപ് സമുദ്രതീരത്തിലേക്ക് ഒഴുകുന്നു. ചന്തത്തോട്, ഐ. ആർ. ഇ തോട്, കുന്നത്തു തോട്, ചള്ളിയിൽ തോട്, അമൃതപുരിതോട്, പൊന്നാഭഗവതി ക്ഷേത്രത്തോട് എന്നിവയാണ്.

കുളങ്ങൾ (പട്ടിക 4.1)

| ക്രമനമ്പർ | വാർഡുനമ്പർ | പ്രാദേശികനാമം | വിസ്തീർണ്ണം.ച.കി.മീ.ൽ |
|---|---|---|---|
| 1 | 2 | വലിയതുരുത്തിൽ | 0.0084 |
| 2 | 2 | പൂക്കോട് ദേവീക്ഷേത്രക്കുളം | 0.0085 |
| 3 | 5 | ഉപ്പുകുള അമൃതമഠം | 0.0024 |
| 4 | 6 | പട്ടശ്ശേരിൽ | 0.0028 |
| 5 | 6 | കുഴിത്തുറ | 0.0012 |
| 6 | 8 | തറയിൽകുളം | 0.0024 |
| 7 | 9 | ചെറിയഴീക്കപഞ്ചായത്ത് | 0.0008 |
| 8 | 9 | ചെറിയഴീക്കൽ (വ്യക്തിഗതം) | 0.0004 |
| 9 | 10 | മൂക്കുംപുഴ ക്ഷേത്രക്കുളം | 0.0076 |
| 10 | 11 | ശ്രീസുബ്രഹ്മണ്യസ്വാമിക്ഷേത്രക്കുളം | 0.0056 |
| 11 | 11 | വെള്ളനാതുരുത്ത് കുളം | 0.0048 |
| 12 | 4 | ശ്രായിക്കാട് ക്ഷേത്രകുളം | 0.0040 |

(a- തെക്കുവടക്കോട്ടു ദിശ അവലംബം- വിഭവ ഭൂപടം

| ക്രമനമ്പർ | പ്രാദേശികനാമം | ഉൾപ്പെടുന്ന വാർഡുകൾ |
|---|---|---|
| 1 | മൂക്കുംപുഴ ക്ഷേത്രപരിസരത്തോട് | 10 |
| 2 | ആലപ്പാട് തോട് | 7 |
| 3 | കാക്കത്തുരുത്ത് തോട് | 7 |
| 4 | ചെറിയഴീക്കൽ തോട് | 8,9 |
| 5 | ലക്ഷ്മിതുരുത്ത് തോട് | 9 |
| b | കിഴക്കുപടിഞ്ഞാറു ദിശ | |
| 1 | ചന്തത്തോട് | 2 |
| 2 | ഐ. ആർ. ഇ തോട് | 11 |
| 3 | കുന്നത്തു തോട് | 11 |
| 4 | ചള്ളിയിൽ തോട് | 11 |
| 5 | അമൃതപുരിത്തോട് | 5 |
| 6 | പൊന്നാഭഗവതി ക്ഷേത്രത്തോട് | 5 |
| 7 | സാധുപുരം ഇടവരമ്പിൽ | 5 |
| 8. | കുഴിത്തുറ തെക്കെവശം തോട് | 6 |
| 9 | പണ്ടാരത്തുരുത്തിൽ കടത്ത് | 10 |
| 10 | പടന്നേൽ തോട് | 10 |

## ചതുപ്പുകൾ (പട്ടിക 4.3)

ഈ പഞ്ചായത്തിലുടനീളം കാണപ്പെടുന്ന ഒരു സവിശേഷതയാണിത്. മുൻ കാലങ്ങളിൽ നന്നായി കൃഷി ചെയ്തിരുന്ന പാടങ്ങളലധികവും ഇന്ന് ചതുപ്പ് ആയിമാറിയിരിക്കുന്നു. ഇത്തരം നെൽപ്പാടങ്ങളിൽ കായലിൽനിന്നും കടലിൽ നിന്നും കയറുന്ന ഓരു ജലം നീരൊഴുക്കിന്റെ തടസ്സം മൂലം കെട്ടിക്കിടന്ന് ഈ പ്രദേശങ്ങൾ ചതുപ്പായിമാറിയിരിക്കുന്നു. വയലുകൾ അനവധിയായി നികത്തപ്പെട്ടതും ഈ പുതിയ റോഡുകളുടെ ആഗമനവും ഇത്തരം നീരൊഴുക്കിനെ തടസ്സപ്പെടുത്തിയിട്ടുണ്ട്. ഏകദേശം 11 മുഖ്യ മേഖലകളാണിന്ന് ചതുപ്പായി വിവക്ഷിക്കപ്പെടുന്നത്. അവ പട്ടിക 4.3ൽ വ്യക്തമാക്കിയിരിക്കുന്നു. 1,2,3 എന്നീ വാർഡുകൾ ഉൾപ്പെട്ട അഴീക്കൽ പ്രദേശത്തുള്ള ആയിരംതെങ്ങ് ഒരു പ്രധാന ചതുപ്പ് നിലമാണ്. ഇവിടെ പ്രശസ്തമായ ആയിരം തെങ്ങ് ഫിഷ്ഫാം സ്ഥിതിചെയ്യുന്നു. പത്തും പതിനൊന്നും വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന മൂക്കുംപുഴ പാടം ഏകദേശം 40 ഏക്കറോളം വ്യാപിച്ച് കിടക്കുന്നു. ഇത് കായംകുളം കായലിനും ലക്ഷദ്വീപ് സമുദ്രത്തിനും ഇടയിലായി കാണപ്പെടുന്ന ഏറ്റവും വലിയ ഉപ്പുകണ്ടമാണ്. ഈ പ്രദേശത്തെ മണ്ണിൽ നിന്ന് ഓര് കുറച്ചാൽ ഇവിടെ ഫലപ്രദമായി തെങ്ങ് കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. അഞ്ചാം വാർഡിലെ പറയകടവ് പ്രദേശം മലീമസമായ ചതുപ്പ് പ്രദേശമാണ്. ഇവിടത്തെ ദുർഗന്ധം പരിഃസ്ഥിതിക്കും മനുഷ്യർ ആരോഗ്യത്തിനും ഒരുപോലെ ഹാനികരമാണ്.

## കായംകുളം പൊഴി

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ പഞ്ചായത്തിൽ നിന്നും ആലപ്പാടിനെ വേർതിരിക്കുന്ന കടലിന്റെയും കായലിന്റേയും സംഗമം. ഇതൊരു പ്രധാന മത്സ്യബന്ധന കേന്ദ്രമാണ്. സമീപപഞ്ചായത്തുകളായ ദേവികുളങ്ങര, ക്ളാപ്പന, ഓച്ചിറ തുടങ്ങിയ പഞ്ചായത്തിലെ ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ നിത്യേന ഇവിടെ മത്സ്യബന്ധനം നടത്തുന്നു.

ചതുപ്പുകൾ (പട്ടിക 4.3)
അവലംബം. വിഭവഭൂപടം)

| ക്രമനമ്പർ | പേര് | ഉൾപ്പെടുന്ന വാർഡ് |
|---|---|---|
| 1 | ആയിരംതെങ്ങ് ഫിഷ്ഫാം | 1 |
| 2 | അഴീക്കൽ | 1,2,3 |
| 3 | പറയകടവ് കിഴക്ക് | 5 |
| 4 | കുഴിത്തുറ പ്രദേശം | 6 |
| 5 | സതീശൻ പുത്തൻപുരയിൽ ഫിഷ്ഫാം | 6 |
| 6 | കാക്കതുരുത്ത് | 7 |
| 7 | ചെറിയഴീക്കൽ | 8 |
| 8 | ആലുംകടവിനു പടിഞ്ഞാറ് | 8 |
| 9 | പണ്ടാരതുരുത്ത് | 10 |
| 10 | മൂക്കുംപുഴ പാടം | 10 |
| 11 | വെള്ളനാത്തുരുത്ത് | 11 |

കിണറുകൾ ,വാർഡുകൾ



## കിണറുകൾ

പഞ്ചായത്തിൽ ആകെ കിണറുകൾ കാണപ്പെടുന്നെങ്കിലും ഉപയോഗയോഗ്യമായ കിണറുകൾ 83 എണ്ണം മാത്രമാണ്. (പട്ടിക 4.5) ഒട്ടുമിക്കകിണറുകളും ഓരു വെള്ളം കാരണം ഉപയോഗ ശൂന്യമായി കാണപ്പെടുന്നു. കുടിവെള്ളത്തിന് ഉപയോഗിക്കുന്ന കിണറുകളിലും താരതമേന്യ ഉപ്പുരസം നേരിയ തോതിൽ കാണപ്പെടുന്നുണ്ട്. കുഴൽ കിണറുകൾ, ടാപ്പ് എന്നിവ ഉപയോഗിച്ചാണ് ഇവിടുത്തെ ജനങ്ങൾ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നത്. ഒന്നാംവാർഡായ അഴീക്കൽ പ്രദേശത്ത് ഒരു കിണർ പോലും കാണപ്പെടുന്നില്ല. ഇതിന് കാരണം ഉപ്പുവെള്ളം ലഭിക്കുമെന്നതിനാൽ ആരും തന്നെ കിണർ കുഴിക്കാൻ തയ്യാറാകാത്തതാണ്. വേലിയേറ്റം വേലിയിറക്കം എന്നിവകാരണം ഈ പ്രദേശത്തിൽ ജലനിരപ്പിന് സദാകാലത്തും ഏറ്റകുറച്ചിലുകൾ അനുഭവപ്പെടാറുണ്ട്. ഉപ്പിന്റെ ഏറ്റക്കുറച്ചിലുകളും ഇത് മൂലമുണ്ടാകുന്നു.

| വാർഡ് | ആകെ കിണറുകൾ | ഗുണമേന്മ |
|---|---|---|
| 1 | | |
| 2 | 3 | ഉപയോഗശൂന്യം |
| 3 | 2 | ഉപ്പുവെള്ളം |
| 4 | 2 | നല്ലത് |
| 5 | | |
| 6 | | |
| 7 | 8 | നല്ലത് |
| 8 | 33 | നല്ലത് |
| 9 | 38 | നല്ലത് |
| 10 | | |
| 11 | 22 | ഉപയോഗശൂന്യം |

## 4.3 കാലാവസ്ഥ

കാലാവസ്ഥ എന്ന വാക്ക് കൊണ്ട് വിവക്ഷിക്കപ്പെടുന്നത് ഒരു പ്രദേശത്തെ സംബന്ധിക്കുന്നതും ഒരു പ്രത്യേക കാലയളവുവരെ അവിടെ അനുഭവപ്പെടുന്നതുമായ ദിനാന്തരീക്ഷ സ്ഥിതിയുടെ ശരാശരിയാണ്. ഒരു ദിവസം ഒരു സ്ഥലത്ത് അനുഭവപ്പെടുന്ന താപനില ഏറ്റക്കുറച്ചിലുകൾ, മഴ, മഞ്ഞ്, കാറ്റ് എന്നിവയുടെ വ്യതിയാനങ്ങൾ, അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത ( relative humidity) എന്നിവ ആ സ്ഥലത്തിന്റെ ദിനാന്തരീക്ഷ സ്ഥിതിയെക്കുറിക്കുന്നു.

ഇങ്ങനെ ഒരു പ്രദേശത്തെ കാലാവസ്ഥ അവിടത്തെ ജനീവിതം, സസ്യജാലങ്ങൾ, മൃഗസമ്പത്ത്, എന്നിവയുടെ ആരോഗ്യ പ്രശ്നങ്ങളെ ബാധിക്കുന്നു. കാലാവസ്ഥയ്ക്കനുസരിച്ചാണ് മനുഷ്യന്റെ വസ്ത്രധാരണം പോലും മാറുന്നത് ആയതിനാൽ ജീവികളുടെ നില നിൽപിനും പരിതസ്ഥിതികളുടെ നിലപാടിനും കാലാവസ്ഥ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

ആലപ്പാട് പഞ്ചായത്തിന്റെ കാലാവസ്ഥയെ ബാധിക്കുന്ന അവിഭാജ്യഘടകം തന്നെയാണ് ലക്ഷദ്വീപ്സമുദ്രം, കരക്കാറ്റും കടൽക്കാറ്റും ഇവിടത്തെ താപനിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കുന്നു. പട്ടിക 4.6 ൽ ഈ പഞ്ചായത്തിൽ ഉയർന്ന താപനിലയും (Maximum temperature) താഴ്ന്ന താപനിലയും (minimum temperature) കാണാം. ഒക്ടോബർ, നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി മാർച്ച്, ഏപ്രിൽ, മേയ് എന്നീ മാസങ്ങൾ പൊതുവെ ഉയർന്ന താപനിലയുള്ളതായികാണപ്പെടുന്നുവെങ്കിലും മാർച്ച്, ഏപ്രിൽ മാസങ്ങളാണ് താരതമ്യേന ഉയർന്ന താപനിലയുള്ളവ.

ആലപ്പാട് പഞ്ചായത്തിന് മഴലഭിക്കുന്നത് പ്രധാനമാ

പട്ടിക 4.6

ഉയർന്ന താപനില (1990-1995) അവലംബം CPCRI

| | Janu | Feb | Mar | Apri | May | Jun | Jul | Aug | Sep | Oct | Nov | Dec |
|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | 32.8 | 34.3 | 34.7 | 39.3 | 31.4 | 31.3 | 30.1 | 30.8 | 31.4 | 41.4 | 32.4 | 33.3 |
| 1991 | 33.4 | 34.3 | 34.9 | 32.5 | 34.4 | 29.6 | 30.5 | 30.1 | 32.3 | 31.2 | 32.4 | 33.0 |
| 1992 | 33.2 | 32.9 | 34.1 | 32.5 | 32.1 | 30.6 | 29.4 | 30.0 | 30.5 | 30.9 | 31.3 | 32.9 |
| 1993 | 32.6 | 32.9 | 34.1 | 34.0 | 32.5 | 30.4 | 29.6 | 30.1 | 30.9 | 30.9 | 31.0 | 31.6 |
| 1994 | 33.0 | 31.9 | 33.7 | 33.4 | 32.0 | 30.6 | 29.9 | 30.4 | 31.3 | 30.9 | 32.4 | 33.7 |
| 1995 | 33.6 | 33.9 | 34.1 | 33.9 | 32.7 | 31.1 | 30.3 | 30.2 | 31,1 | 31.6 | 31.5 | 33.6 |

കുറഞ്ഞ താപനില (1990-1995) അവലംബനം CPCRI

(ഡിഗ്രിസെൽഷിയസ്) (0 c)

| | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ | ജൂലൈ | ആഗസ്റ്റ | സെപ്തം | ഒക്ടോബർ | നവം. | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | 13.4 | 15.3 | 17.6 | 18.9 | 17.7 | 17.2 | 16.1 | 16.3 | 16.4 | 16.2 | 15.6 | 13.8 |
| 1991 | 16.5 | 20.7 | 24.0 | 24.1 2 | 4.4 | 23.0 | 21.8 | 22.2 | 22.3 | 21.8 | 20.4 | 18.6 |
| 1992 | 16.6 | 19.8 | 20.1 | 21.6 | 21.4 | 20.9 | 19.3 | 23.2 | 19.6 | 19.4 | 18.9 | 16.0 |
| 1993 | 14.1 | 16.5 | 18.4 | 1937 | 19.3 | 18.6 | 16.1 | 18.0 | 22.0 | 22.9 | 22.9 | 20.2 |
| 1994 | 20.4 | 22.6 | 23.1 | 24.0 | 23.8 | 23.4 | 22.7 | 23.4 | 23.1 | 22.9 | 20.2 | 19.3 |

യും തെക്കു പടിഞ്ഞാറൻ മൺസൂൺ കാറ്റുകൾ മൂലവും വടക്ക് കിഴക്കൻ തുലാവർഷം മൺസൂൺ കാറ്റുകൾ മൂലവുമാണ്. ഇതിൽ ആദ്യത്തേത് മേയ് മാസത്തിൽ മധ്യഭാഗം മുതൽ സെപ്തംബർ മാസാവസാനംവരേയും രണ്ടാമത്തേത് ഒക്ടോബർ മാസം മുതൽ ആരംഭിക്കുകയും ചെയ്യുന്നു. മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ് സാധാരണ വരണ്ട കാലാവസ്ഥ അനുഭവപ്പെടുന്നത്. ( പട്ടിക 4.7)

4.4 ഭൂവിനിയോഗം അവലംബം 4-8

മണ്ണിന്റെ ഗുണമേൻമയും, കാലവസ്ഥയുടെ സ്വാധീനവുമാണ് ഒരു പ്രദേശത്തിന്റെ ഭൂവിനിയോഗത്തെയും അവിടത്തെ കാർഷികരീതിയേയും സ്വാധീനിക്കുന്നുണ്ട്. ആലപ്പാട് പഞ്ചായത്തിന്റെ പ്രധാന കാർഷികവിള തെങ്ങാണ്. ആകെയുള്ള ഭൂവിഭാഗത്തിന്റെ 53% തെങ്ങ്കൃഷി ചെയ്യുന്നതാണ്. അതായത് ഭൂ പ്രദേശത്തിന്റെ 3.92 ച.കീ.മീ ദൈർഘ്യത്തിൽ തെങ്ങ് വ്യാപിച്ചിരിക്കുന്നു. രണ്ടാമതായി നികത്തിയനിലങ്ങൾ (14.26%) മൂന്നാമതായി കടൽക്ഷോഭം മൂലം നശിച്ച പ്രദേശങ്ങൾ (13.21%) കാണപ്പെടുന്നു. ഭൂവിനിയോഗത്തിന്റെ ഏറ്റക്കുറച്ചിലുകൾ പട്ടിക 4-8 ൽ കാണാം.

പട്ടിക 4-7

മഴയുടെ അളവ് (മീ.കീ) Rainfall data CPCRI

| വർഷം | ജനു | ഫിബ്ര | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ് | ഒക്ടോ | നവം | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1990-91 | 32.8 | 35 | 83 | 4.4 | 35.6 | 35.6 | 58.5 | 89.4 | 742 | 350.5 | 42.7 | 12.9 |
| 91-92 | | 20 | 88.9 | 7.2 | 289 | 1214 | 527 | 297 | 12.9 | 248 | 11.5 | 1.0 |
| 92-93 | | 140.1 | 313.2 | 2.6 | 6516 | 580 | 680.8 | 280 | 34.5 | 289 | | |
| 93-94 | | 13.5 | 63.0 | 2.0 | 251.6 | 577 | 747.6 | 137 | 96.4 | 502 | 347 | 61.0 |
| 94-95 | 6.5 | 4.6 | 111.4 | 64.7 | 392.8 | 365 | 737.4 | 262 | 123.4 | 123 | 768 | 110.0 |
| 95-96 | 24.2 | 96.1 | 301.5 | 4.4 | 191.7 | 455 | 372 | 317 | 221.1 | 221 | 170 | 142.3 |
| AV209.69 | | | | | | | | | | | | |

ഭൂവിനിയോഗം പട്ടിക 4-8

| ഇനം | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| തെങ്ങുകൃഷി | 3.92 Sq.km | 53% |
| ഉപയുക്തമായ തരിശുഭൂമി | 0.81 | 10.97% |
| (CWL)(M.C മിശ്രിതകൃഷി | 0.078 | 1.056% |
| മിശ്രിത മരങ്ങൾ | 0.008 | 5.904% |
| ഉൾഭാഗകായൽ | 0.502 | 6.802 % |
| പൊതുസ്ഥലം | 0.085 | 1.151% |
| തരിശുഭൂമി | 0.21 | 2.845% |
| നികത്തിയനിലങ്ങൾ | 1.0528 | 14.265% |
| സ്കൂൾ ഗ്രൗണ്ട് | 0.0312 | 0.4227% |
| ക്ഷേത്രമൈതാനം | 0.0192 | 0.260% |
| തൊണ്ടു ചീയിക്കൽ | 0.0632 | 0.8563% |
| കാറ്റാടി മരങ്ങൾ | 0.009 | 0.1219% |
| നികത്തിയകായൽ | 0.0168 | 0.2279% |
| മത്സ്യകൃഷി-നിലം | 0.0024 | 0.325% |
| കടൽക്ഷോഭം നശിച്ച പ്രദേശം | 0.975 | 13.2113% |
| കുറ്റിക്കാടുകൾ | 0.0296 | 0.4010% |

# സാമൂഹിക – സാമ്പത്തിക മേഖലകൾ



## കൃഷിയും ജലസേചനവും

ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം മത്സ്യബന്ധനവും മുഖ്യകൃഷി തെങ്ങുമാണ്. ഇടവിളയായി കിഴങ്ങുവർഗ്ഗങ്ങൾ, വാഴ, കമുക്, കുരുമുളക്, മരച്ചീനി, ഫലവൃക്ഷങ്ങൾ മുതലായവയും കൃഷി ചെയ്തുവരുന്നു.

ഭൂപ്രദേശത്തിന്റെ നിമ്നോന്നത അടിസ്ഥാനപ്പെടുത്തിയാൽ സമുദ്രനിരപ്പിൽ നിന്നും 4 അടി മുതൽ 7 അടി വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന സമനിരപ്പായ പ്രദേശങ്ങൾ ഉൾപ്പെട്ടതാണ് ഈ പഞ്ചായത്ത്.

ബഹുഭൂരിപക്ഷം ഭൂഉടമസ്ഥരും ഒരു ഏക്കറിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്. ഇതുസംബന്ധിച്ച വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെഎണ്ണം |
|---|---|---|
| 1. | 1 ഏക്കറിൽ താഴെ | 5170 |
| 2. | 1 ഏക്കറിനും 2 ഏക്കറിനും ഇടയിൽ | 35 |
| 3 | 2 ഏക്കറിനുമുകളിൽ | 8 |

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തിയിരുന്നത്. എന്നാൽ കടൽകയറ്റം മൂലം നെൽകൃഷി അപ്രത്യക്ഷമാകുകയും ചില പ്രദേശങ്ങളിൽ തെങ്ങുകൃഷി സ്ഥാനം പിടിക്കുകയും ബാക്കിഭാഗങ്ങൾ വെള്ളക്കെട്ടു പ്രദേശങ്ങളായി പരിണമിക്കുകയും ചെയ്തു.

ഇവിടെ പാട്ട വ്യവസ്ഥ നിലനില്ക്കുന്നു. ഉല്പന്നങ്ങൾ കൃഷിക്കാർ നേരിട്ടും ഇടനിലക്കാർ മുഖേനയും വിറ്റഴിക്കുന്നു. പാട്ട വ്യവസ്ഥതിയും, ഇടനിലക്കാരും കാരണം ഉല്പാദനക്ഷമത പിന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. മണ്ണിന്റെ ഘടന, കൃഷിയിൽ നിന്നുള്ള വരുമാനത്തിൽവന്ന കുറവ് ഉയർന്ന കൂലിനിലവാരം, കർഷകർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യത കുറഞ്ഞത് മുതലായവ കൃഷിയോടുള്ള താത്പര്യം കുറയുവാൻ കാരണമായി.

മുഖ്യകൃഷിയായ തെങ്ങിന്റെ വാർഷിക ഉല്പാദനക്ഷമത ശരാശരി 25–30 നാളീകേരമാണ്. ഇതു സംസ്ഥാന ശരാശരിയായ 38 നേക്കാൾ വളരെ പിന്നിലാണ്.

### ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 747.7ഹെക്ടറാണ്. തീരപ്രദേശങ്ങളിൽ മണൽമണ്ണും കിഴക്കൻ പ്രദേശങ്ങളിൽ ചെളിമണ്ണുകലർന്ന മണൽ മണ്ണും കാണപ്പെടുന്നു. അമ്ലരസമുള്ള മണ്ണിൽ ജൈവാംശം, ക്ഷാരഗുണം എന്നിവ കുറവും ഭാവകാംശം മദ്ധ്യമവുമാണ്.

ഭൂവിനിയോഗം

| നമ്പർ | വിനിയോഗം | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|
| 1. | തെങ്ങ് | 386 |
| 2. | വാഴ | 15 |
| 3. | കുരുമുളക് | 5 |
| 4. | മരിച്ചീനി | 4 |
| 5. | കമുക് ( അടയ്ക്കാമരം) | 3.7 |
| 6. | പച്ചക്കറി | 3 |
| 7. | ഫലവൃക്ഷങ്ങൾ | 3 |
| 8. | കിഴങ്ങുവർഗ്ഗങ്ങൾ | 1.6 |
| 9. | പയർക്കക്കവർഗ്ഗങ്ങൾ | 0.4 |
| 10. | സുഗന്ധവിളകൾ | 0.3 |
| 11. | കശുമാവ് | 2 |
| 12. | കൃഷിക്കനുയോജ്യമായ തരിശുഭൂമി | 10 |
| 13. | കൃഷിക്കനുയോജ്യമല്ലാത്ത തരിശുഭൂമി | 15 |

### വളം, കീടനാശിനികൾ

കർഷകർക്കാവശ്യമായ വളം, കീട–കുമിൾ നാശിനികൾ എന്നിവ ലഭിക്കുന്നതിനാവശ്യമായ യാതൊരു സംവിധാനവും ഈ പഞ്ചായത്തിലില്ല. കൃഷിക്കുപയോഗിക്കുന്നത് ഭൂരിഭാഗവും ജൈവവളങ്ങളാണ്. അത് ശാസ്ത്രീയരീതിയിലല്ലാത്തതിനാൽ ചെലവ് കൂടുന്നു. കൃഷിയിൽ ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ചു കാണുന്നില്ല.

## കേര വികസനസമിതി

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കേരകർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട ഒരു സമിതിയാണിത്. എന്നാൽ ഇതിന്റെ പ്രവർത്തനം ശരിയായി നടക്കുന്നില്ല.

## കൂലിനിരക്ക്

വിദ്യാഭ്യാസനിലവാരത്തിൽ വന്നമാറ്റങ്ങൾ, കൃഷിയോടുള്ള ആഭിമുഖ്യക്കുറവ് എന്നിവമൂലമാകാം കാർഷികമേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നു. കർഷകതൊഴിലാളികളുടെ ശരാശരി കൂലി നിരക്ക് പുരുഷന് 125 രൂപയും സ്ത്രീകൾക്ക് 100 രൂപയുമാണ്.

## കാർഷികവായ്പ

ഒരു സഹകരണസംഘം, രണ്ട് കൊമേഴ്സ്യൽ ബാങ്കുകൾ എന്നിവയാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. വായ്പകൾ യഥാസമയം തിരിച്ചടയ്ക്കാത്തത് ഇവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രശ്നമാണ്.

## ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷം (തെക്കുപടിഞ്ഞാറൻ മൺസൂൺ) സെപ്തംബർ മുതൽ ഒക്ടോബർ വരെ കിട്ടുന്ന തുലാവർഷം (വടക്കു കിഴക്കൻ മൺസൂൺ) എന്നീ രണ്ടുഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ലഭിച്ച മഴയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

## കുളങ്ങൾ

വലതും ചെറുതുമായി അമ്പലക്കുളമുൾപ്പെടെ 12 കുളങ്ങളുണ്ട്. ചില കുളങ്ങളിൽ മത്സ്യങ്ങളെയും വളർത്തുന്നുണ്ട്. ജലസേചനാവശ്യങ്ങൾക്ക് ഇവഉപയോഗിക്കപ്പെടുന്നില്ല.

## തോടുകൾ കായലുകൾ

പഞ്ചായത്തിൽ 57 തോടുകളുണ്ട്. കിഴക്കേ അതിർത്തിയിലുള്ള ടി. എസ്. കനാൽ (കായംകുളം കായൽ) വളരെ ആഴവും പരപ്പും ഉള്ളതാണ് ഇത്. തിരുവനന്തപുരം മുതൽ ഷൊർണ്ണൂർ വരെയുള്ള ജലഗതാഗതത്തിനും ടൂറിസം വികസത്തിനും വളരെയധികം സഹായകമാണ്.

## മണ്ണ് ജലസംരക്ഷണം

കടൽതീരത്തും, കായൽക്കരയിലുമുള്ള മണ്ണുസംരക്ഷണഭിത്തികൾ തകർന്നുകൊണ്ടിരിക്കുന്നതിനാൽ മണ്ണ് സംരക്ഷണം തകരാറിലാണ്. ജീവിതക്രമത്തിലുണ്ടായ പരിവർത്തനങ്ങളും, ഭൂമിയുടെ തുണ്ടുവൽക്കരണവും, കാർഷികവൃത്തിയോടുവന്ന വിമുഖതയും മണ്ണുജലസംരക്ഷണപ്രവർത്തനങ്ങളെ ബാധിച്ചു.

## കൃഷിഭവൻ

1987 സെപ്തംബറിലാണ് പഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്നത്. മൂന്നുകൃഷി അസിസ്റ്റന്റുമാരും ഒരു കൃഷി ഓഫീസറുമുള്ള കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ കർഷകർക്ക് ലഭിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

കടൽ, കായൽ എന്നിവയാൽ ചുറ്റപ്പെട്ടുകിടക്കുന്ന പഞ്ചായത്തായതിനാൽ ഉപ്പുവെള്ളം കയറുന്നത് ഏറ്റവും വലിയ പ്രശ്നമാണ്. തീരപ്രദേശങ്ങളിലെല്ലായിടവും കടൽ ഭിത്തിയോ, കായൽഭിത്തിയോ ഇല്ല. ഉള്ള കടൽ, കായൽഭിത്തികൾ ഇടിഞ്ഞുപോകുന്ന കാരണത്താൽ സ്ഥലവ്യാപ്തിയും കൃഷിയും കുറഞ്ഞുവരുന്നു.

ഉല്പാദനച്ചെലവിൽ വന്ന വർദ്ധനവ്, തൊഴിലാളികളുടെ എണ്ണക്കുറവ്, ഉല്പന്നങ്ങൾക്ക് മതിയായ

മഴയുടെ അളവ് മില്ലീമീറ്ററിൽ

| വർഷം | ജനു. | ഫെബ്രു. | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ | ജൂലൈ | ആഗ. | സെപ്തം. | ഒക്ടോ. | നവം. | ഡിസം. |
|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | — | 20 | 88.9 | 7.2 | 28.9 | 12.1 | 52.7 | 297 | 12.9 | 248 | 11.5 | 1 |
| 1992 | – | 140.1 | 313.2 | 2.6 | 651.6 | 580 | 680.8 | 280 | 34.5 | 289 | – | – |
| 1993 | 13.5 | 63 | 2 | 251.6 | 577 | 747.6 | 137 | 96.4 | 502 | 347 | 61 | |
| 1994 | 6.5 | 4.6 | 111.4 | 64.7 | 392.8 | 365 | 737.4 | 262 | 123.4 | 123 | 768 | 110 |
| 1995 | 24.2 | 96.1 | 301.5 | 4.4 | 191.7 | 455 | 372 | 221.1 | 221 | 170 | 142.3 | |

വില ലഭിക്കാത്തത്. കാലവർഷവ്യതിയാനങ്ങൾ, കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരുടെ എണ്ണത്തിൽവന്നകുറവ് തുടങ്ങിയവയൊക്കെ ഉല്പാദനം കുറയുന്നതിന് കാരണമായി. മുഖ്യകൃഷിയായ തെങ്ങാകട്ടെ ചില ഭാഗങ്ങളിൽ മെച്ചപ്പെട്ട ഉല്പാദനം ഉണ്ടെങ്കിലും ആനുപാതികമായ വർദ്ധനവ് പലയിടത്തുമില്ല. വെള്ളക്കെട്ടുള്ള സ്ഥലത്ത് ഇടയിൽ മണ്ണിട്ടുനികത്താതെ കൂനകൂട്ടിയുള്ള തെങ്ങുകൃഷിയും ആദായം കുറയുവാൻ കാരണമായി.

അമ്ലസ്വഭാവം, ജൈവവളത്തിന്റെ കുറവ്, അശാസ്ത്രീയ വളപ്രയോഗം എന്നിവ മണ്ണിന്റെ ഘടനയെ വളരെയധികം ബാധിച്ചിട്ടുണ്ട്. യഥാസമയം കിളയ്ക്കുകയും വരമ്പുകൾ ഇടുകയും ചെയ്യാത്തത് മണ്ണൊലിപ്പിന് കാരണമാകുന്നു.

പ്രധാനമായും കൃഷിക്ക് കണ്ടുവരുന്ന രോഗങ്ങൾ കാറ്റുവീഴ്ച, ചെന്നീരൊലിപ്പ്, മഞ്ഞളിപ്പ്, കൂമ്പുചീയൽ, തെങ്ങോലപ്പുഴു, കുറുനാമ്പുരോഗം എന്നിവയാണ്.

കർഷകർക്കാവശ്യമായ ജൈവരാസവസ്തു, കീട-കുമിൾ നാശിനികൾ എന്നിവ ലഭിക്കുന്നതിനുള്ള സംവിധാനം ഈ പഞ്ചായത്തിലില്ല. കാർഷിക വായ്പാസൗകര്യവും പരിമിതമാണ്.

തീരപ്രദേശമായതിനാൽ ജനങ്ങൾക്ക് മത്സ്യബന്ധനത്തോടുള്ള ആഭിമുഖ്യവും കൃഷിസ്ഥല വിസ്തൃതിയിലുള്ള കുറവും കൃഷിയിലുള്ള താത്പര്യം കുറയുവാൻ കാരണമാകുന്നു. ഭൂരിഭാഗം കുടുംബങ്ങളും രണ്ട് സെന്റിനും 50 സെന്റിനും ഇടയിൽ മാത്രം ഭൂമിയുള്ളവരാണ്.

## നിർദ്ദേശങ്ങൾ

1 **a.** തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി രോഗം വന്ന തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് സഹായധനം നൽകുകയും പകരം വയ്ക്കുന്നതിനായി സഹായനിരക്കിൽ നല്ല തെങ്ങിൻ തൈകൾ വിതരണം ചെയ്യുകയും ചെയ്യുക.

**b.** കീടരോഗങ്ങൾക്കെതിരെ മരുന്നുതളി നടപ്പിലാക്കുക.

**c.** സൗജന്യനിരക്കിൽ രാസവളം വിതരണം ചെയ്യുക.

**d.** പഞ്ചായത്തിന്റെ മൂന്ന് അതിരുകളും ഉപ്പുവെള്ളം കൊണ്ട് നിറഞ്ഞിരിക്കുന്നതിനാൽ ജലസേചനത്തിനായി ട്യൂബ്‌വെൽ ഉണ്ടാക്കി പമ്പുസെറ്റ് സ്ഥാപിച്ച് ജലസേചനം നടത്തുന്നതിന്സഹായം നൽകുകയും ആവശ്യമെങ്കിൽ വായ്പാസൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

**e.** വേനൽകാലങ്ങളിൽ തെങ്ങിൻ ചുവട്ടിൽ ചൂട് ഏല്ക്കാതിരിക്കുന്നതിനും ഈർപ്പം നിലനിർത്തുന്നതിനുമായി കായൽ മണ്ണിടുന്നതിന് സഹായം നൽകുക.

**f.** വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ തെങ്ങിൻ തൈകൾ വച്ചിട്ടുള്ളതിന്റെ ഇടനികത്തുന്നതിന് സഹായം നൽകുക.

**g.** ശാസ്ത്രീയ കൃഷിമുറകൾ അവലംബിക്കാൻ കർഷകരെ പ്രേരിപ്പിക്കുക.

**h.** കേരവികസന സമിതിയിൽ കൂടുതൽ അംഗങ്ങളെ ചേർക്കുകയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക.

2. പച്ചക്കറി കൃഷി എല്ലാവീടുകളിലും വ്യാപിപ്പിക്കുന്നതിനായി വിത്ത്, വളം, കീടനാശിനി എന്നിവ സൗജന്യമായി നൽകുകയും വിദഗ്ദ്ധോപദേശം നൽകുകയും ചെയ്യുക. തിരഞ്ഞെടുത്ത കർഷകരെ കൊണ്ട് വിത്തുല്പാദനവും നടത്താവുന്നതാണ്.

3. ഒരു കുടുംബത്തിന് രണ്ട് വാഴ വിത്തെങ്കിലും വിതരണം ചെയ്ത്കൃഷി ചെയ്യിപ്പിക്കുക.

4. തെരഞ്ഞെടുത്ത കർഷകർക്ക് വെണ്ട, ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി മുതലായവ ഉൾപ്പെടുന്ന കിറ്റുകൾ നൽകുക.

5. തെരഞ്ഞെടുത്ത കർഷകർക്ക് മാവിൻ തൈകൾ നൽകുക.

6. കമുക് (അടയ്ക്കാമരം) കൃഷി വർദ്ധിപ്പിക്കുന്നതിനായി അത്യുൽപാദനശേഷിയുള്ള കമുകിൻ തൈകൾ നൽകുക.

7. ഇഞ്ചി, മഞ്ഞൾ മുതലായ കൃഷികളും വികസിപ്പിക്കാവുന്നതാണ്.

8. എല്ലാവിളകൾക്കും പ്രോത്സാഹനസമ്മാനം ഏർപ്പെടുത്തുകയും കർഷകരെ ആദരിക്കുന്ന രീതിയിലുള്ള അവാർഡുകൾ ഏർപ്പെടുത്തുകയും ചെയ്യുക.

9. കർഷകർക്കാവശ്യമായ ജൈവവളം, രാസവളം, കീട-കുമിൾ നാശിനികൾ, മരുന്നു തളി ഉപകരണങ്ങൾ എന്നിവ പഞ്ചായത്തിൽ തന്നെ യഥാസമയം ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

10. ജൈവവള ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിനായി കർഷകർക്ക് സഹായധനം നൽകി കമ്പോസ്റ്റ് ഉല്പാദിതിക്കുക.

11. കൃഷിയെ സംരക്ഷിക്കുന്നതിനു കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും വിളകൾക്ക് ഇൻഷ്വറൻസ് സമ്പ്രദായം ഏർപ്പെടുത്തണം.

12. കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനായി സർവീസ്സഹകരണസംഘങ്ങളുടെ പ്രവർത്തനം ഉപയോഗപ്പെടുത്തേണ്ടതാണ്. അതോ

ശേഷം56ാംപേജിൽ



# മൃഗസംരക്ഷണം

**മൃഗസംരക്ഷണം**

കഴിഞ്ഞ മൂന്ന് ദശാബ്ദ കാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് മൃഗസംരക്ഷണമേഖല തനതായ സംഭാവന നൽകിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്നകുറവും വ്യവസായ സംരംഭങ്ങളുടെ മുരടിപ്പിലുണ്ടായ തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ജനശ്രദ്ധതിരിയാൻ കാരണമായി. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനം മുടക്കിയാൽ, കൂടുതൽ സമ്പത്ത് വർദ്ധനവിന് ഉതകുന്ന മേഖലയാണിത്. സംസ്ഥാനത്ത് കന്നികാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷക തൊഴിലാളികളുമാണ്. വികസനമെന്നത് ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായ് ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയ ആയതിനാൽ മൃഗസംരക്ഷണമേഖലയിലുണ്ടാകുന്ന ഏത് പുരോഗതിയും ഗ്രാമീണസമ്പദ്ഘടന സമ്പുഷ്ടമാക്കുമെന്ന് വ്യക്തം. കഴിഞ്ഞ രണ്ട് ദശാബ്ദക്കാലയളവിൽ മൃഗസംരക്ഷണ രംഗത്ത് കുറ്റമറ്റസാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും ജനിതകഗുണ മേന്മാവർദ്ധനവും ഉൽപാദന ക്ഷമതാവർദ്ധനവും സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ആലപ്പാട് പഞ്ചായത്തിൽ ആകെയുള്ള മൃഗസംരക്ഷണ സവിധാനം മൃഗസംരക്ഷണ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ICDP സബ് സെന്ററും, പുതിയതായി ആരംഭിച്ച മൃഗാശുപത്രിയുമാണ്. പ്രധാനമായും മത്സ്യബന്ധനം തൊഴിലാക്കിയ പഞ്ചായത്തിൽ മൃഗസംരക്ഷണമേഖല അവികസിതമാണ്.

**മൃഗസംരക്ഷണമേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.**

1. പഞ്ചായത്തിൽ കന്നുകാലിവളർത്തൽ നാമമാത്രമാണ്. ക്ഷീരവിപണന രംഗത്ത് സംഘടിതമായ ശ്രമങ്ങൾ കാര്യമായി ഉണ്ടായിട്ടില്ല. ആകെയുള്ളത് പഞ്ചായത്തിന്റെ ഒരറ്റത്തു പ്രവർത്തിക്കുന്ന ക്ഷീര വ്യവസായ സഹകരണ സംഘമാണ്. ഈ സംഘത്തിന്റെ പ്രയോജനം പഞ്ചായത്തിന്റെ മറ്റ് ഭാഗത്തുള്ളവർക്ക് ലഭിക്കുന്നില്ല.
2. കാലിതീറ്റയുടെ ദൗർലഭ്യവും വിലകൂടുതലുമാണ് മറ്റൊരു പ്രധാന പ്രശ്നം.
3. മേച്ചിൽ സ്ഥലങ്ങളുടെ അപര്യാപ്തത
4. നെൽപാടങ്ങളില്ലാത്തതിനാൽ വൈക്കോൽ ലഭ്യമല്ല.
5. പ്രകൃതി ക്ഷോഭം
6. ഭാരിച്ച ചികിത്സാ ചെലവ്.
7. കന്നുകാലികളെ വാങ്ങുവാൻ ധനസഹായം നൽകുന്നതിന് ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത.
8. കന്നുകാലി വളർത്തലിന്റെ സാധ്യതകളെ കുറിച്ചുള്ള പരിജ്ഞാന കുറവ്, പ്രോത്സാഹനകുറവ്.
9. മുൻകാലങ്ങളിൽ ചികിത്സാ സൗകര്യങ്ങളിൽ വന്ന അപര്യാപ്തത.
10. പേപ്പട്ടി ശല്യം
11. എല്ലാറ്റിലുമുപരി അപര്യാപ്തമായ ഗതാഗതസൗകര്യങ്ങൾ

**പരിഹാരങ്ങൾ**

1. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റനിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം.
2. പഞ്ചായത്ത് പുറംപോക്ക് സ്ഥലങ്ങൾ, തെങ്ങിൻ തോട്ടങ്ങൾ മുതലായവ തീറ്റപ്പുൽ കൃഷിക്കുവേണ്ടി ഉപയോഗിക്കാവുന്നതാണ്.
3. പാൽ സംഭരണ, വിതരണ സ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ ആസൂത്രണം ചെയ്യുകയും പാലിന് അർഹമായ വില ഉറപ്പുവരുത്തുകയും വേണം.
4. മൃഗാശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക.
5. ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും ശുദ്ധമായ മാംസവിപണന സൗകര്യങ്ങൾ ഉറപ്പ് വരുത്തകയും ചെയ്യുക.
6. മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുകയും, ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
7. സമഗ്ര പേവിഷബാധ നിയന്ത്രണ നയം ഉണ്ടാക്കുകയും പഞ്ചായത്തിലെ എല്ലാ വളർത്ത് നായ്കൾക്കും പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുകയും ലൈസൻസ് നിർബന്ധമാക്കുകയും, അലഞ്ഞു തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക.

**നടപ്പാക്കേണ്ട പ്രധാന പദ്ധതികൾ**

1. ക്ഷീരോൽപ്പാദനം : കഴിഞ്ഞ മൂന്ന് ദശകങ്ങളിൽ പാലുൽപാദന മേഖലയിൽ കേരളം ഗണ്യമായ നേട്ടം കൈവരിച്ചിട്ടുണ്ട്.

**പശ്ചാത്തലം**

പാലിന്റെ ഉപയോഗത്തിലുണ്ടായിരിക്കുന്ന വർദ്ധനവ് കണക്കിലെടുത്താൽ ഈ മേഖലയിൽ കൂടുതൽ മുതൽ മുടക്കിനുള്ള സാധ്യതകൾ ഉണ്ടെന്ന് മനസ്സിലാക്കാം. മൃഗ സംരക്ഷണ വകുപ്പ്, ഗ്രാമീണ മേഖലയിൽ കാലി വളർത്തൽ ഉപതൊഴിലായോ മുഖ്യ തൊഴിലായോ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**2. ഉദ്ദേശ ലക്ഷ്യങ്ങൾ**

ചെറുകിട നാമ മാത്ര കർഷകരേയും കർഷക തൊഴിലാളികളേയും ഈ മേഖലയിലേക്ക് ആകർഷിക്കുക. ഉപ തൊഴിൽ എന്ന രീതിയിലോ, മുഖ്യ തൊഴിൽ എന്ന രീതിയിലോ പ്രോത്സാഹനം നൽകുക. വീട്ടമ്മമാരുടേയും വിദ്യാർത്ഥികളുടെയും ഒഴിവ് സമയം ഫലപ്രദമായ രിതിയിൽ വിനിയോഗിക്കുക.

1.മിനിഡയറി : മൂന്ന് പശുക്കളുടെ ഒരു യൂണിറ്റ് എന്ന ക്രമത്തിൽ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട വീടുകളിൽ തുടങ്ങിയാൽ പാലിന്റെ ദൗർലഭ്യം കുറക്കുവാനും അതുമായി ബന്ധപ്പെട്ട് മറ്റു വ്യവസായങ്ങൾ തുടങ്ങുവാനും കഴിയും.

2. കോഴി വളർത്തൽ

കോഴി ഇറച്ചിയുടെയും കോഴിമുട്ടയുടേയും ആഭ്യന്തര ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിലധിഷ്ടിതമായ ആഭ്യന്തര ഉൽപാദനം ഇനിയും വർദ്ധിച്ചിട്ടില്ല. മുട്ട കോഴി, ഇറച്ചി കോഴി, താറാവ് മുതലായവയുടെ ഉത്പാദനവും വിപണനവും ഇന്നത്തെ സാഹചര്യത്തിൽ തൊഴിൽ സാധ്യതക്കുള്ള മേഖലയാണ്.

3. വീട്ടുമുറ്റത്തെ കോഴിവളർത്തൽ

ഏറ്റവും കുറഞ്ഞ ചെലവിൽ വീടുകളിൽതന്നെയും മുട്ട ഉൽപാദിപ്പിക്കാൻ ഉതകുന്ന ഒരു പദ്ധതിയാണ് ഇത്. ഗാർഹികമായ മുട്ട ഉപഭോഗം വർദ്ധിക്കുന്നത് മൂലം ക്ഷണത്തിൽ മാംസ്യത്തിന്റെ ലഭ്യത ഉയർത്തുന്നതിന് വീട്ടമ്മമാർക്ക് ഒരു വരുമാന വർദ്ധനവിന് ഉപകരിക്കും. ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങൾ ലഭിക്കാത്തതും മതിയായ പരിശീലനത്തിന്റെ അഭാവവും ഉത്പാദന ലക്ഷ്യം കൈവരിക്കാൻ പ്രതിബന്ധമുണ്ടാക്കുന്നു.

ഈ പദ്ധതിഅനുസരിച്ച് 45 നും – 60ഉം ദിവസത്തിനിടയ്ക്ക് പ്രായമുള്ള അഞ്ച് മുട്ട കോഴിക്കുഞ്ഞുങ്ങളെ വീതം നൽകും. ഈ പദ്ധതി വ്യാപകമാക്കുന്നതിന് വേണ്ടി യൂണിറ്റ് ഒന്നിന് 100 രൂപ സഹായത്തോടെ അഞ്ച് യൂണിറ്റുകൾ വരെ ഒരു കുടുംബത്തിന് നൽകാവുന്നതാണ്. ആഹാര അവശിഷ്ടങ്ങൾ പ്രധാനമായി ഉപയോഗപ്പെടുത്തി ഈ കോഴികളെ വളർത്താം.

4. എഗ്ഗർ നഴ്സറി

ഗുണമേന്മയുള്ളമേൽത്തരം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം കേരളത്തിലെ ഗ്രാമങ്ങളിൽ കോഴിവളർത്തലിന്റെ പുരോഗതിക്ക് വിഘാതമായി നിലകൊള്ളുന്നു. ഇതിനൊരു പരിഹാരമെന്ന നിലയിൽ പഞ്ചായത്ത് തലത്തിൽ തന്നെ മുട്ട കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ഈ പദ്ധതികൊണ്ടുദ്ധേശിക്കുന്നത്. മൃഗ സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നു കൊണ്ടിരിക്കുന്ന പദ്ധതി ഒരു വൻ വിജയമാണ്.

500 കോഴിക്കുഞ്ഞുങ്ങൾ വീതമുള്ള യൂണിറ്റുകൾ ആവശ്യാനുസരണം തുടങ്ങാം. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിപണനത്തിന് തയ്യാറാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി അഭ്യസ്ഥവിദ്യരും തൊഴിലില്ലാത്തവരുമായ യുവതി യുവാക്കളെ തെരഞ്ഞെടുക്കേണ്ടതാണ്.

**കാട വളർത്തൽ**

അടുത്തകാലത്തായി കേരളത്തിൽ പ്രചാരം നേടിയ ഒന്നാണ് കാട വളർത്തൽ. ഒരിറച്ചി കോഴിയെ വളർത്തുന്ന സ്ഥലത്ത് 12 കാടകളെ വളർത്താം. കോഴിമുട്ടയേക്കാൾ പോഷകമൂല്യമുള്ള ഒന്നാണ് കാട. ശീതവീര്യമുള്ളതിനാൽ അർശ്ശസ് രോഗികൾക്ക്, കൊളസ്ട്രോൾ കുറവായതിനാൽ ഹൃദ്രോഗികൾക്കും ഉപയോഗിക്കാം.

**താറാവ് വളർത്തൽ**

കുട്ടനാടൻ കായൽ നിലങ്ങൾ, തൃശൂർ ജില്ലയിലെ കോൾ നിലങ്ങൾ തുടങ്ങി താറാവ് വളർത്തലിന്റെ ഒട്ടേറെ പരമ്പരാഗത മേഘലകൾ നമുക്കുണ്ട്. എന്നാൽ സംഘടിതമായ മുന്നേറ്റം ഇതുവരെയും ഉണ്ടായിട്ടില്ല. ഈ മേഖലയുടെ വികസനം ലക്ഷ്യമാക്കുന്ന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഭൂമിശാസ്ത്രപരമായി താറാവ് വളർത്തലിന് അനുയോജ്യമായ ഈ പഞ്ചായത്തിൽ. താറാവ് വളർത്തൽ പദ്ധതി വിജയകരമായി നടപ്പിലാക്കാവുന്നതാണ്. ഏറ്റവും ഉചിതമായ ഈ പദ്ധതിയനുസരിച്ച് പഞ്ചായത്തിലെ അഞ്ച് കർഷകർക്ക് അഞ്ഞൂറ് താറാവുകളെ വീതം വളർത്തുന്ന യൂണിറ്റുകൾ തുടങ്ങാം. പിന്നീട് ആവശ്യാനുസരണം വ്യപിപ്പിക്കാവുന്നതാണ്. അതു കൂടാതെ താറാവുകളെ വീട്ട് വളപ്പിൽ വളർത്തുന്ന പദ്ധതിയും അനുയേജ്യമാണ്.

ഈ പദ്ധതി അനുസരിച്ച് ഒരു കർഷകന് ഒരു മാസം പ്രായമായ 20 താറാവിൻ കുഞ്ഞുങ്ങളെ നൽകാവുന്നതാണ്. ആവശ്യമായ പ്രതിരോധ കുത്തിവെയ്പ്പ്

മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് നടത്തേണ്ടതാണ്.

**പന്നി വളർത്തൽ**

മാംസാവശ്യങ്ങൾക്കായിട്ടാണ് സാധാരണയായി പന്നികളെ വളർത്തുന്നത്. ഒരു പ്രസവത്തിൽ തന്നെയുള്ള കുഞ്ഞുങ്ങളുടെ ആധിക്യവും, വർധിച്ച വളർച്ചാ നിരക്കും ഉയർന്ന തീറ്റപരിവർത്തനശേഷിയുമാണ് ഇവയുടെ പ്രത്യേകത.

ചുരുങ്ങിയ മുതൽമുടക്കിൽ കുറച്ച് സമയത്ത് കൂടുതൽ ലാഭം തരുന്ന പന്നിവളർത്തൽ പദ്ധതികൾ ഈ പഞ്ചായത്തിൽ സാധ്യതകളുള്ള തും വിജയകരമായി നടപ്പിലാക്കാവുന്നതുമാണ്. കേരളീയരുടെ ഭക്ഷണ ശീലത്തിലുണ്ടായിക്കഴിഞ്ഞ മാറ്റങ്ങൾ മൂലം വരുന്ന ദശകങ്ങളിൽ മാംസാഹാരത്തിനുള്ള ആവശ്യം ഏറെ വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. നാടൻ ഇനം പന്നികളെ വൃത്തിഹീനമായ ചുറ്റുപാടിൽ വളർത്തുകയും അതിലും വൃത്തിഹീനമായ രീതിയിൽ കശാപ്പു ചെയ്ത് ഉപയോഗിക്കുകയും ചെയ്യുന്ന പ്രാകൃത രീതിയാണ് കേരളത്തിൽ നിലവിലുള്ളത്. വെറ്റിനറി കോളേജിന്റെയും മൃഗ സംരക്ഷണ വകുപ്പിന്റെയും പ്രവർത്തന ഫലമായി വളരെയേറെ മാറ്റങ്ങൾ വന്നിട്ടുണ്ട്. താഴ്ന്ന വരുമാനമുള്ള കർഷകർക്ക് ലാഭകരമായി പ്രാവർത്തികമാക്കാവുന്ന ഒന്നാണ് പന്നി വളർത്തൽ.

ഒരു പഞ്ചായത്തിൽ 9 പെൺ പന്നികളും ഒരു ആൺ പന്നിയും ഉൾപ്പെട്ട ഒരു പ്രജനന യൂണിറ്റ് തുടങ്ങി കർഷകർക്ക് ആവശ്യമുള്ള പന്നിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**വളർത്തുമൃഗ സംഖ്യ**

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഉള്ളത് | കറവ ഉള്ളത് | കറവ ഉള്ളത് | | | |
| I | - | 3 | - | 3 | 34 | 44 | - | - | - | 5 | 4 |
| II | 1 | 2 | - | 2 | 5 | 4 | 3 | 4 | 1 | 2 | 5 |
| III | - | - | - | - | 3 | - | 10 | 8 | - | 15 | 3 |
| IV | - | - | - | - | - | - | 16 | 15 | - | 12 | 7 |
| V | - | - | - | - | 23 | 8 | - | - | - | 11 | - |
| VI | - | - | - | - | - | - | 18 | 2 | 2 | 6 | 10 |
| VII | - | - | - | - | 29 | 12 | - | - | 1 | 6 | 9 |
| VIII | - | - | - | - | 2 | 3 | - | - | - | - | 3 |
| IX | - | - | - | - | - | - | 7 | 2 | - | 1 | 18 |
| X | 2 | - | - | - | 3 | 5 | 15 | 9 | - | 13 | 17 |
| XI | - | - | - | - | 1 | 4 | 20 | 4 | - | 5 | 4 |
| ആകെ | 3 | 5 | - | 5 | 100 | 80 | 89 | 34 | 4 | 76 | 80 |

**വളർത്തു പക്ഷി സംഖ്യ**

| വാർഡ് | പൂവൻകോഴി | പിടകോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ടഇടാത്തത് | പൂവൻ | പിട | |
| I | 187 | 379 | 169 | 190 | 538 | 12 |
| II | 74 | 89 | 109 | 72 | 77 | 43 |
| III | 75 | 90 | 40 | 32 | 90 | - |
| IV | 27 | 148 | 14 | 17 | 152 | - |
| V | 47 | 232 | 74 | 52 | 136 | - |
| VI | 52 | 180 | 15 | 10 | 75 | - |
| VII | 24 | 209 | 37 | 30 | 146 | 130 |
| VIII | 20 | 80 | 20 | 20 | 85 | - |
| IX | 18 | 148 | 157 | 17 | 41 | - |
| X | 41 | 147 | 35 | 36 | 151 | 23 |
| XI | 11 | 120 | 68 | 21 | 134 | - |
| ആകെ | 576 | 1822 | 738 | 497 | 1625 | 208 |



# മത്സ്യബന്ധനം

17 കി. മി. നീളവും ശരാശരി 250 മീറ്റർ വീതിയുമുള്ള പഞ്ചായത്തിന്റെ നീളത്തിൽ പടിഞ്ഞാറ് ഭാഗം അറേബ്യൻ കടലും കിഴക്ക് ഭാഗം ടി എസ് കനാലും (കായംകുളം കായൽ എന്നും പറയുന്നു) വടക്കേയറ്റം കായംകുളം പൊഴിയുമായി ജലസമ്പത്താൽ സമൃദ്ധമാണ്.

**പൂർവ്വാകാലം**

പരമ്പരാഗത മത്സ്യബന്ധന മേഖലയായ ഈ പഞ്ചായത്ത് പൂർവ്വകാലങ്ങളിൽ താരതമ്യേന വളരെ വിസ്തൃതമായിരുന്നു. സ്വാകാര്യ മത്സ്യബന്ധനമായിരുന്നു നിലനിന്നിരുന്നത് ഉരുക്കൾ പൂർണ്ണമായും വ്യക്തികളുടെതായിരുന്നു. താങ്ങുവല, നീട്ടുവല, ഒഴുക്കു വല, കമ്പ വല തുടങ്ങിയ വലകൾ തണ്ടു വലിച്ച് കടലിൽ പോയി പ്രവർത്തിക്കുന്ന വള്ളങ്ങളിൽ വച്ചാണ് പ്രവർത്തിപ്പിച്ചിരുന്നത്. മത്സ്യത്തൊഴിലാളികൾ അവരുടെ കായികാധ്വാനത്തിന്റെ ഫലമായി ലഭിക്കുന്ന മത്സ്യം വിപണനത്തിനായി സ്വദേശത്ത് തന്നെ കൊണ്ടുവന്നിരുന്നു. തീരദേശത്ത് വരുന്ന മത്സ്യം അന്യദേശക്കാരായ കച്ചവടക്കാർ തലച്ചുമടായും, സൈക്കിളിലും, വണ്ടിയിലും ഇവിടെ നിന്നും ദൂരസ്ഥലങ്ങളിൽ കൊണ്ടുപോയി വിൽക്കുകയും ചെയ്തിരുന്നു. അധികം വരുന്നതും ധാരാളമായി ലഭിച്ചിരുന്നതുമായ മത്സ്യങ്ങൾ ഉപ്പിലിട്ട് സംസ്കരിച്ച് വിശാലമായ കടപ്പുറത്ത് കയറ്റുപായിലുണക്കി പനമ്പായിൽ കെട്ടി വിപണനം ചെയ്തിരുന്നു. ചെമ്മീൻ പുഴുങ്ങി ഉണക്കി ചാക്കിൽകെട്ടിഅടിച്ച് തോട് കളഞ്ഞെടുക്കുന്ന ചെമ്മീൻ പരിപ്പ് ലോകശ്രദ്ധതന്നെ പിടിച്ച് പറ്റിയിരുന്നു. നാട്ടിൽത്തന്നെ വള്ളങ്ങൾ അടുത്തിരുന്നതിനാൽ ധാരാളം കൂടങ്ങളും (സംസ്കരണശാല) വസ്തുക്കൾക്കും, വലകൾക്കും ആവശ്യമായ വല, ഏനം എന്നിവ കെട്ടിക്കുന്നതിനും മറ്റും അനുബന്ധ വ്യവസായങ്ങളുമായി ധാരാളം തൊഴിലവസരങ്ങൾ ഉണ്ടായിരുന്നു. മത്സ്യബന്ധനത്തിനും അനുബന്ധ വ്യവസായങ്ങൾക്കും ആൾക്കാരില്ലാതിരുന്നതിനാൽ അയൽ പഞ്ചായത്ത് ദേശങ്ങളിൽ നിന്നും ആൾക്കാരെ കൊണ്ടുവന്ന് തൊഴിൽ പഠിപ്പിച്ച് ഉപയോഗിച്ചിരുന്നു.

അംഗീകൃത സഹകരണ സ്ഥാപനങ്ങൾ കേരളത്തിൽ ഉണ്ടാകുന്നതിന് മുൻപ് തന്നെ ഈ പ്രദേശത്ത് നിലനിന്നിരുന്ന മത്സ്യബന്ധന രീതികളിൽ ചിലത് ഉത്തമ സഹകരണ പ്രസ്ഥാനങ്ങൾക്കുള്ള പ്രകടമായ തെളിവാണ്. നീട്ടുവല ഉപയോഗിക്കുന്ന ചെറു വള്ളങ്ങളും, കോരുവല ഉപയോഗിക്കുന്ന താങ്ങ് വള്ളങ്ങളും ചേർന്ന് കൂട്ടായി മത്സ്യബന്ധനത്തിന് പോയിരുന്ന 'തുമ്പ്' സമ്പ്രദായവും, 50 – 75 മത്സ്യത്തൊഴിലാളികൾ ഒന്നിച്ച് ചേർന്ന് പ്രവർത്തിക്കുന്ന കമ്പ വലയും ഉദാഹരണങ്ങളാണ്. ഈ ഗ്രൂപ്പുകൾക്ക് കിട്ടുന്ന തുക എല്ലാവരും തുല്യമായി വീതിച്ചെടുക്കുകയായിരുന്നു പതിവ്.

മുൻകാലങ്ങളിൽ അയല, മത്തി, ചെമ്മീൻ, ചാള, ചൂട, കോര, താട, പരവ, ചൂര, നെമ്മീൻ, തിരണ്ടി, സ്രാവ്, ആവോലി എന്നിവ തീരക്കടലിൽതന്നെ വളരെ സുലഭമായിരുന്നു.

**മദ്ധ്യകാലം**

1950കളിൽ ഇൻഡോ നോർവീജിയൻ പ്രോജക്റ്റ് (INP) ന്റെ നിയന്ത്രണത്തിലുള്ള യന്ത്രവൽകൃത ബോട്ടുകളുടെ ആവിർഭാവത്തോടെ ആധുനിക മത്സ്യബന്ധന രീതിക്ക് തുടക്കമായി. ഇതിന് ശേഷമാണ്, മത്സ്യബന്ധനത്തിനായി ഗവൺമെന്റ് സഹായം ഈ മേഖലയ്ക്ക് ലഭിച്ച് തുടങ്ങിയത്. ഈ പഞ്ചായത്തിൽ മൽസ്യ ഉൽപാദക സഹകരണ സംഘം വഴിയും B O B P (ബേ ഓഫ് ബംഗാൾ പ്രോജക്ട്) പദ്ധതി വഴി പരീക്ഷണാർത്ഥവും ബോട്ടുകൾ ലഭിച്ചു എങ്കിലും പദ്ധതികളുടെ നടത്തിപ്പിൽ വന്ന പാളിച്ചകൾ കാരണം ഈ ശ്രമങ്ങൾ പരാജയപ്പെട്ടു.

1980കളിൽ ഔട്ട് ബോർഡ് എൻജിനുകളുടെ ഉപയോഗം തുടങ്ങി. ഇത് പരമ്പരാഗത മേഖലയിൽ ആധുനിക വൽക്കരണത്തിന്റെ ഗതി വേഗം വർദ്ധിപ്പിച്ചു. I. R.D.P സ്കീമിലുൾപ്പെടുത്തി ഈ കാലയളവിൽ എഞ്ചിനുകളില്ലാത്ത വള്ളങ്ങൾ വായ്പയായി നൽകിയെങ്കിലും മിക്കതും പരാജയമായിരുന്നു. തുടക്കത്തിൽ 8 H.P യുടെ എഞ്ചിനുകളാണ് താങ്ങുവള്ളത്തിൽ ഉപയോഗിച്ചിരുന്നതെങ്കിൽ 40 H.P യുടെ രണ്ട് എഞ്ചിനുകൾ തന്നെ പോരാത്ത അവസ്ഥയാണിന്ന്. 7–8 പേർ പോയിരുന്ന താങ്ങുവള്ളങ്ങൾ 32–38 പേർ പോകുന്ന രീതിയിലേക്ക് പരിണമിച്ചു. ഉരുക്കളുടെ ഉടമാവകാശം വ്യക്തികളിൽ നിന്നും ഇടത്തട്ടുകാരിലേക്കും സ്ഥാപനങ്ങളിലേക്കുമായി. നിരന്തരമായുള്ള കടൽ ക്ഷോഭവും അനിയന്ത്രിതമായ കരിമണൽ ഖനനവും മൂലം കടൽത്തീരം

കടൽ കാർന്ന് തിന്ന് തീർന്നു.തന്മൂലം മത്സ്യതൊഴിലാളികളുടെ വീടും വസ്തുക്കളും നഷ്ടപ്പെടുകയും തിരിച്ചടക്കാൻ കഴിയാത്ത വായ്പകൾക്ക് മത്സ്യത്തൊഴിലാളികൾ ഇടത്തട്ടുകാരുടെയും സ്ഥാപനങ്ങളുടെയും കടക്കാരാവുകയും ചെയ്തു. തൽഫലമായി ജനങ്ങൾ മറ്റ് തൊഴിൽ മേഖല തേടുകയും മത്സ്യതൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയും ചെയ്തു.

മത്സ്യത്തൊഴിലാളികളുടെ എണ്ണം - അനുബന്ധം 1 കാണുക

## വർത്തമാന കാലം

യന്ത്രവൽകൃത ബോട്ടുകളുടെയും മോട്ടോറൈസ്ഡ് വള്ളങ്ങളുടെയും മത്സര ബുദ്ധിയോടെയുള്ള മത്സ്യബന്ധനം മൂലവും വിദേശ ട്രോളറുകൾ തീരക്കടലിലേക്ക് കടന്ന് കയറി അരിച്ച് പെറുക്കിയെടുക്കുന്ന മത്സ്യബന്ധനവും മൂലം കടൽ സമ്പത്ത് അമിതമായ് ചൂഷണം ചെയ്ത് തീർക്കുകയും ഇരു വിഭാഗവുമ സംഘർഷത്തിലേർപ്പെടുകയും ചെയ്യുന്നതിന് ഈ പഞ്ചായത്തിന്റെ തീരക്കടൽ സാക്ഷിയാകേണ്ടതാ.യും വന്നു. താർകടലിന് ഉൾക്കൊള്ളാൻ കഴയുന്നതിനേക്കാൾ എത്രയോ മടങ്ങ് ഉരുക്കൾ മറ്റ് ദേശത്ത് നിന്നും വന്ന് ഈ തിരക്കടലിൽ അരിച്ച് പെറുക്കുന്നു. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങൾ മത്സ്യപ്രജനന കാലമാണെന്ന് മനസ്സിലാക്കുന്നു. മൽസ്യത്തിന്റെ പ്രജനനത്തിനും ആവാസവ്യവസ്ഥക്കും സംരക്ഷണത്തിനും അനിവാര്യമാകുന്ന മത്സ്യബന്ധന രീതികൾ ഏർപ്പെടുത്തുന്ന നിലയിലായിട്ടുണ്ട്. 1988ൽ പരീക്ഷിച്ച ട്രോളിംഗ് നിരോധനം അതിന്റെ തുടക്കമായി. ട്രോളിംഗ് നിരോധനം തന്നെ മത്സ്യസമ്പത്തിന്റെ വർദ്ധനവിന് സഹായിച്ചതായി പഠനങ്ങൾ തെളിയിക്കുന്നു. 91ലെ ആഴക്കടൽ മത്സ്യബന്ധന നയവും വിദേശ വൻകിടക്കപ്പലുകളുടെ ചൂഷണവും അടിയന്തിരമായി അവസാനിപ്പിക്കണം.

പഞ്ചായത്തിൽ നിലവിലുള്ള ഉരുക്കളുടെ എണ്ണം.
അനുബന്ധം 2 കാണുക

എൻജിൻ ഘടിപ്പിച്ച വള്ളങ്ങളിൽ ഭൂരിഭാഗവും മത്സ്യഫെഡ് വായ്പയായി നൽകിയിട്ടുള്ളതാണ്.

മത്സ്യഫെഡ് വായ്പ അനുബന്ധം 3 കാണുക.

മത്സ്യബന്ധന മേഖലയിലെ ആധുനിക വൽക്കരണം മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തിയെങ്കിലും അവരുടെ പ്രതിശീർഷ വരുമാനം ഗണ്യമായി കുറച്ചതായിട്ടാണ് കാണുന്നത്. പഞ്ചായത്തിലെ ജനങ്ങൾ സാക്ഷരതയിലും വിദ്യാഭ്യാസ നിലവാരത്തിലും ഏറെ മുന്നിലാണെങ്കിലും അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതർ ഏറെയാണ, പ്രത്യേകിച്ച് വനിതകൾ.

## മത്സ്യബന്ധന രീതികൾ

താങ്ങുവല, ട്രോൾ നെറ്റ്, നീട്ടുവല, ഒഴുക്ക് വല, കമ്പവല, കട്ടമരം, വീശുവല, എന്നീ വലകൾ കടൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നു. മത്സ്യമേഘലയിൽ വരുന്ന ആധുനികസാങ്കേതിക വിദ്യകളുടെ ഉപയോഗം ഈ മേഖലയിലും അനുഭവപ്പെടാറുണ്ട്. പക്ഷേ, ഈ സാങ്കേതിക വിദ്യയുടെ ഉല്പാദനക്ഷമത പൂർണ്ണമായ രീതിയിൽ മത്സ്യതൊഴിലാളികൾക്ക് ലഭിക്കുന്നില്ല. കൂടുതൽ കുതിരശക്തി (H P) യുള്ള എൻജിനുകൾ ഉപയോഗിക്കുന്നു എങ്കിലും, അവർക്ക് ആവശ്യമായ രീതിയിൽ മണ്ണെണ്ണ സബ്സിഡിയോട് കൂടി ലഭിക്കാത്തത് കാരണം പ്രവർത്തനം ചെലവേറിയതും തൃപ്തികരവുമല്ല. N R S A വെളിപ്പെടുത്തുന്ന മത്സ്യങ്ങളുടെ ലഭ്യതയുള്ള സ്ഥലങ്ങളെപ്പറ്റിയുള്ള വിവരം ഈ സ്ഥലത്ത് എത്തുമ്പോഴേക്കും ആഴ്ചകൾ തന്നെ കഴിഞ്ഞിരിക്കും. അതുപോലെ തന്നെ മത്സ്യത്തെ കണ്ടെത്തുന്നതിനുള്ള ഉപകരണം (FISH FINDERS) മത്സ്യത്തൊഴലാളികൾക്ക് ലഭ്യമാക്കിയിട്ടില്ല.

മുൻകാലങ്ങളിൽ ലഭിച്ചത്ര മത്സ്യം ഇപ്പോൾ കിട്ടുന്നില്ല. അയല, ചൂട, മത്തി, നെമ്മീൻ, എന്നിവയാണ് കുറഞ്ഞ അളവിലെങ്കിലും കിട്ടുന്നത്. കയറ്റുമതി സാധ്യതയുള്ള ചെമ്മീൻ തീരെ കിട്ടാറില്ലെന്ന് തന്നെ പറയാം.

## ഉൾ നാടൻ മേഖല

പഞ്ചായത്തിന് 502 ച. കി. മി. കായലും, പൊഴിയും കൂടാതെ ഇതര ജലാശയങ്ങളുമുണ്ട്.

മറ്റ് ജലാശയങ്ങൾ

| | |
|---|---|
| കുളങ്ങൾ | 12 എണ്ണം |
| ജലസംഭരണി | 4 എണ്ണം |
| തോടുകൾ | 15 എണ്ണം |
| ഫാമുകൾ | 3 എണ്ണം |
| ഉൾകായൽ പ്രദേശങ്ങൾ | 12 എണ്ണം |

പഞ്ചായത്തിന്റെ വടക്ക്ഭാഗത്ത് നിന്നും വള്ളിക്കാവ് വരെ ചീനവലകളും, പൊഴിമുഖത്ത് ഊന്നിവലകളും പ്രവർത്തിക്കുന്നു. ഊന്നിവല, ചീനവല, കോരുവല, വീശുവല, വെരളിവല, ചൂണ്ട എന്നിവ കായൽ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്നു. ആധുനികവൽക്കരണം കായൽ മൽസ്യബന്ധനത്തെ സാരമായി ബാധിച്ചിട്ടില്ല.

ഉൾ നാടൻ മേഖലയിലെ ഉരുക്കളുടെ വിവരങ്ങൾ

| ഇനം | എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| ചീനവലകൾ | 282 | 3 - 4 |
| ഊന്നിവലകൾ | 83 | 2 |
| വീശുവലകൾ | 563 | 1 - 2 |
| കോരുവലകൾ | 48 | 2 - 3 |
| വെരളി | 4 | 3 - 4 |
| ചൂണ്ട | തിട്ടപ്പെടുത്തിയിട്ടില്ല | |

ചെമ്മീൻ, പ്രാച്ചിൽ, കണമ്പ്, കരിമീൻ തുടങ്ങിയ മത്സ്യങ്ങൾക്ക് പുറമേ നല്ലൊരളവ് കക്കയും ചിപ്പിയും കൂടി കായലിൽ നിന്നും ലഭിക്കുന്നുണ്ട്.

**സംസ്കരണരംഗം**

പഞ്ചായത്തിലെ ഒന്നാം വാർഡിൽ നാല് ചെമ്മീൻ പീലിംഗ് സെന്ററുകൾ ഉണ്ട് എന്നതൊഴിച്ചാൽ മറ്റ് സംസ്കരണ സാധ്യതകൾ ഒന്നും തന്നെയില്ല. വിപണനസൗകര്യങ്ങളും ഇല്ലെന്നുതന്നെ പറയാം.

## പ്രശ്നങ്ങളും പോരായ്മകളും

1. പഞ്ചായത്തിലെവിടെയും സ്ഥിരമായി വള്ളങ്ങൾ അടുക്കുന്നതിന് ബീച്ച് ലാന്റിങ്ങ് സെന്ററുകൾ (B L C ) ഇല്ല. പ്രദേശത്തെ മുഴുവൻ ബോട്ടുകളും വള്ളങ്ങളും നീണ്ടകരയിൽ അടുക്കുന്നതു മൂലം പ്രവർത്തനചെലവ് അധികരിക്കുകയും പ്രാദേശികമായ വികസനം പാടേ മരവിച്ചിരിക്കുകയുമാണ്.
2. കടൽത്തീരം പൂർണമായും കടൽ ഭിത്തി കെട്ടി സംരക്ഷിച്ചിട്ടില്ല.
3. മത്സ്യസംസ്കരണത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ ഉണ്ടാക്കിയിട്ടില്ല.
4. മത്സ്യവിപണനത്തിന് അനുയോജ്യമായ രീതിയിൽ ഗതാഗത സൗകര്യങ്ങളില്ല.
5. പഞ്ചയത്തിലെ കുളങ്ങളും തോടുകളും മറ്റ് ജലാശയങ്ങളും തരിശായികിടക്കുന്നു.
6. കായലിൽ ഒഴുക്ക് താരതമ്യേന കുറവായ വള്ളിക്കാവ് മുതൽ തെക്കോട്ടുള്ള ഭാഗത്ത് തൊണ്ടഴുക്ക് ഉള്ളതിനാൽ കായൽ മത്സ്യത്തിന്റെ ലഭ്യത വളരെ കുറവും മത്സ്യകൃഷി അസാധ്യവുമായിരിക്കുന്നു
7. അഴീക്കൽ പൊഴിമുഖത്ത് ഊന്നിവലകളുടേയും ചീനവലകളുടേയും ബാഹുല്യം നിമിത്തം കായൽ മത്സ്യത്തിന്റെ ലഭ്യത കുറവാണ്
8. മത്സ്യതൊഴിലാളികളുടെ ഔട്ട് ബോർഡ് എൻജിനുകളിൽ ഉപയോഗിക്കുന്നതിന്നുള്ള മണ്ണെണ്ണ ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങളില്ല.
9. സമയാസമയങ്ങളിൽ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനമില്ല.
10. ജനസംഖ്യയുടെ ഏകദേശം അമ്പത് ശതമാനത്തോളം വരുന്ന മത്സ്യതൊഴിലാളി വനിതകൾക്ക് തൊഴിൽ അവസരം തീരെയില്ല.
11. നിലവിൽ 11 മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും ഇവ മത്സ്യതൊഴിലാളികളുടെ ആവശ്യങ്ങളുടെ പത്ത് ശതമാനം പോലും നിറവേറ്റുന്നതിന് പര്യാപ്തമല്ല.
12. ആഴക്കടൽ മത്സ്യബന്ധനത്തിന് CIFNET ൽ നിന്നും മറ്റും പരിശീലനം ലഭിച്ചട്ടുള്ളവർക്ക് അതിനുള്ള അവസരം ഉണ്ടാക്കികൊടുക്കുവാൻ കഴിയുന്നില്ല.
13. മത്സ്യമേഖലയിലെ വിവിധ ഏജൻസികളെ ഏകോപിപ്പിക്കുന്നതിന് സംവിധാനമില്ല.
14. കടൽ ക്ഷോഭം മൂലം കരയും വീടുകളും ഉപകരണങ്ങളുംനഷ്ടപ്പെടുന്നതിന് പരിഹാര മാർഗങ്ങളില്ല.
15. ഭവന നിർമ്മാണ പദ്ധതി പ്രകാരം ആവശ്യമായ സഹായങ്ങൾ ലഭിക്കുന്നില്ല.

**സാദ്ധ്യതകൾ**

1. എല്ലാ വാർഡിലും കടൽഭിത്തി ഇല്ലാത്തഭാഗത്ത് പുലിമുട്ടുകൾ കെട്ടി ബീച്ച് ലാന്റിങ്ങ് സെന്ററുകൾ ഉണ്ടാക്കേണ്ടതാണ്. ഇത് തീര സംരക്ഷണത്തിനും ഒരു പരിധി വരെ പരിഹാരമാകും.
2. കൂടുതൽ നിക്ഷേപം ആവശ്യമായ, കരയ്ക്ക് അടുക്കാൻ പറ്റാത്ത താങ്ങുവള്ളങ്ങൾക്ക് പകരം കരയിൽ അടുക്കാവുന്ന ഡിസ്ക്കോ വള്ളങ്ങളും, ഫൈബർ ഗ്ലാസ് വള്ളങ്ങളും മത്സ്യബന്ധനത്തിന് ഉപയോഗിച്ചാൽ പ്രവർത്തന ചെലവ് കുറയ്ക്കുവാനും മത്സ്യതൊഴിലാളികളുടെ പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കുവാനും, തദ്വാരാ പ്രാദേശിക വികസനവും സാദ്ധ്യമാകും. സഹകരണ മേഖലയിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് ഗവൺമെന്റ് സഹായം എത്തിക്കണം.
3. പഞ്ചായത്തിന്റെ വടക്ക് ഭാഗത്ത് നിന്ന് ശ്രായിക്കാട് വരെയുള്ള ഭാഗത്ത് കായലിൽ നിന്നും കിട്ടുന്ന ചെമ്മീനും മറ്റും സംസ്കരിച്ച് വിപണനം ചെയ്യുന്നതിനായി അഴീക്കൽ – ശ്രയിക്കാട് ഭാഗത്ത് രണ്ട് സംസ്കരണ യൂണിറ്റുകൾ തുടങ്ങേണ്ടതാണ്. അഴീക്കൽ ഉപയോഗിക്കാതെ കിടക്കുന്ന ഗവേക്ഷണശാലാ കെട്ടിടം ഒരു സംസ്കരണ ശാലയായി ഉടൻ തുടങ്ങുവാൻ സാധിക്കും. കൊച്ചോച്ചിറയിലും അഴീക്കലും ഓരോ ഐസ് പ്ലാന്റും തുടങ്ങുന്നത് BLC യുടെ സുഗമമായ പ്രവർത്തനത്തെ കാര്യമായ രീതിയിൽ സഹായിക്കും
4. പഞ്ചായത്തിലെ ഏക റോഡ് ഗതാഗത യോഗ്യമാക്കുകയും മത്സ്യവിപണനം നടത്തുന്നതിനാവശ്യമായ സഹായങ്ങളും നല്കുക.
5. നിലവിൽ ആയിരംതെങ്ങ് ഫിഷ്ഫാമിൽ നിന്നും, BFFDA യിൽ നിന്നും ചെമ്മീൻ കൃഷിയിൽ പരിശീലനം ലഭിച്ച ഏകദേശം 150 പേരുണ്ട് (വനിതകൾ ഉൾപ്പെടെ). പ്രവർത്തനം ഇല്ലാതെ കിടക്കുന്ന അഴീക്കൽ ഫിഷ്ഫാമും മറ്റു പൊതു ജലാശയങ്ങളും സഹകരണാടിസ്ഥാനത്തിൽ ശാസ്ത്രീയ മത്സ്യകൃഷി ചെയ്യുന്നതിന് ദീർഘകാലത്തേക്ക് പാട്ടത്തിനു നൽകുക.
6. പൊഴിമുഖത്തുള്ള ചീനവലകളുടേയും ഊന്നിവലകളുടേയും എണ്ണം നിയമപ്രകാരം കുറയ്ക്കുകയും നിയന്ത്രിത മത്സ്യബന്ധന രീതി (REGULATED FISHING) അവലംബിക്കുകയും ചെയ്യേണ്ടതാണ്.
7. ടി. എസ് കനാലിൽ വള്ളിക്കാവ് മുതൽ തെക്കോട്ടുള്ള

കായലിൽ തൊണ്ടഴുക്കൽ നിയന്ത്രിക്കുന്നത് കായൽ മത്സ്യബന്ധനത്തെ പ്രോത്സാഹിപ്പിക്കും.

8. രജിസ്ട്രേഡ് വള്ളങ്ങൾക്കു മാത്രം കായലിൽ മത്സ്യബന്ധനം അനുവദിക്കുക.

9. പഞ്ചായത്തിലെ ജലാശയങ്ങളോട് ചേർന്ന് സംയോജിത കൃഷി (മത്സ്യം – മൃഗം – പച്ചക്കറി) നടത്തുക.

10. നിലവിലുള്ള 11 മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളും കൂടുതൽ പ്രവർത്തന ക്ഷമമാക്കുകയും, മണ്ണെണ്ണ വിതരണം, മത്സ്യ ബന്ധനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള വ്യാസാസ്റ്റോർ, മത്സ്യവിപണനം, മത്സ്യസംസ്ക്കരണം, മത്സ്യകൃഷി എന്നിവ ടി സംഘങ്ങൾ വഴി നടപ്പിലാക്കണം.

11. മത്സ്യതൊഴിലാളി വനിതകൾക്ക് അനുബന്ധ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

12. ചിപ്പി കൃഷി പ്രോൽസാഹിപ്പിക്കുക.

13. നിർമ്മാണം ആരംഭിക്കാനിരിക്കുന്ന കായംകുളം ഫിഷിഗ് ഹാർബറിനോട് ചേർന്ന് ഐസ് പ്ലാന്റ്, പ്രോസസിഗ് പ്ലാന്റ് മറ്റു വിപണനസൗകര്യങ്ങൾ എന്നിവ ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ മുൻകൂട്ടി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനോടൊപ്പം അഴീക്കൽ പ്രദേശത്ത് ഒരു പാലം കൂടി നിർമ്മിച്ച് ഗതാഗത സൗകര്യം കൂടി വർദ്ധിപ്പിക്കേണ്ടതാണ്.

14. പണ്ടാരതുരുത്തിലേത് കൂടാതെ അഴീക്കൽ ഒരു ഔട്ട്ബോർഡ് എൻജിൻ വർക്ഷോപ്പ് കൂടി തുടങ്ങുക.

15. മത്സ്യമേഖലയിലെ 11 സഹകരണസംഘങ്ങളും മത്സ്യഫെഡിന്റെ മൂന്ന് പ്രോജക്ട് ഓഫീസുകളും മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ രണ്ട് ഫിഷറീസ് ഓഫീസുകളും, മറൈൻ സബ്ഇൻസ്പക്ടർ ഓഫീസിന്റെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് കരുനാഗപ്പള്ളി ഫിഷ്മാർക്കറ്റിങ്ങ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ ചെറിയഴീക്കൽ ഓഫീസ് മത്സ്യഭവൻ ആക്കിപ്രവർത്തിപ്പിക്കാവുന്നതാണ്.

16. ഉരുക്കളുടെ വലിപ്പവും, യന്ത്രവൽക്കരണവും കണക്കിലെടുത്ത് പഴയ 'തുമ്പ്' രീതിയിലുള്ള മത്സ്യബന്ധനം സഹകരണമേഖലയിൽ നടപ്പിലാക്കിയാൽ പ്രദേശത്തിന് വളരെ ഗുണകരമായിരിക്കും.

17. നിലവിലുള്ള ചീനവലകൾക്ക് മണ്ണെണ്ണ പെർമ്മിറ്റ് നൽകുക.

18. അർഹരായ എല്ലാ മത്സ്യതൊഴിലാളികൾക്കും മത്സ്യ: ക്ഷേമസംഘങ്ങളിൽ അംഗത്വം നൽകണം.

19. ആഴക്കടലിൽ നിന്നും വിദേശകപ്പലുകളെ കെട്ടുകെട്ടിച്ചാൽ – ആഴക്കടൽ മത്സ്യസമ്പത്ത് ചൂഷണം ചെയ്യുന്നതിനാവശ്യമായ സംവിധാനത്തെ കുറിച്ച് ആലോചിക്കാനും, നിലവിലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് പരമ്പരാഗതമായ വള്ളങ്ങളെ ബന്ധപ്പെടുത്തി ആഴക്കടലിൽ മുകൾതട്ടിലെ മത്സ്യത്തിന്റെ ചൂഷണം സാധിക്കാവുന്നതാണ്. അതിന് 'ഡോറി ഫിഷിംഗ്' ഏർപ്പെടുത്തണം.

20. ആഴക്കടലിൽ മത്സ്യബന്ധനത്തിന് ആവശ്യമായ പരിശീലനം നൽകി ആഴക്കടൽ ട്രോളറുകൾ യഥാർത്ഥ മത്സ്യതൊഴിലാളികളുടെ നിയന്ത്രണത്തിൽ തന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുക.

21. മത്സ്യരംഗത്തെ ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT), സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ ആന്റ് ഇൻജിനിയറിംഗ് ട്രെയ്നിംഗ് (CIFNET), മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്പ്മെന്റ് അതോറിറ്റി (MPEDA), കാർഷിക സർവ്വകലാശാല, കൊച്ചിൻ സർവ്വകലാശാല തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുടെ അറിവ് സാധാരണ മത്സ്യതൊഴിലാളികൾക്ക് ലഭിക്കുന്നതിന് സഹായിക്കുന്ന വികസന കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുക.

22. മത്സ്യകൂട്ടങ്ങളുടെ സ്ഥാനം കണ്ടുപിടിച്ച് മത്സ്യതൊഴിലാളികളെ അറിയിക്കുന്നതിൽ സഹായിക്കുന്ന നിക്ക്നെറ്റ് (NICNET) സംവിധാനം മത്സ്യഭവനോടനുബന്ധിച്ച് സ്ഥാപിക്കുക.

23. മത്സ്യതൊഴിലാളികൾ, ഉടമസ്ഥർ, കരയോഗം പ്രതിനിധികൾ മത്സ്യവകുപ്പിലെ ഉദ്യോഗസ്ഥർ, റിട്ടയർ ചെയ്ത മത്സ്യവകുപ്പ് ഉദ്യോഗസ്ഥൻമാർ, ശാസ്ത്രജ്ഞൻമാർ, മത്സ്യമേഖലയിലെ ട്രേഡ് യൂണിയൻ നേതാക്കൾ, താൽപര്യമുള്ള വ്യക്തികൾ എന്നിവരെ ഉൾകൊള്ളിച്ചു കൊണ്ട് "പഞ്ചായത്ത് മത്സ്യ വികസന സമിതി" രൂപീകരിച്ച് കാലാകാലങ്ങളിലെ ഈ രംഗത്തെ പ്രവണതകൾ, പ്രശ്നങ്ങൾ, സാധ്യതകൾ തുടങ്ങിയവയെ സംബന്ധിച്ച അഭിപ്രായരൂപീകരണം നടത്തുക.

അനുബന്ധം 1

മത്സ്യതൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

| *ആധികാരിക രേഖ പ്രകാരം | ആസൂത്രണ സർവ്വേപ്രകാരം |
|---|---|
| മത്സ്യതൊഴിലാളി – പുരുഷന്മാർ – 4983 | മത്സ്യതൊഴിലാളി – പുരുഷന്മാർ – 6665 |
| " – സത്രീകൾ – 25 | " സ്ത്രീകൾ – 211 |
| ആകെ – 5008 | ആകെ – 6876 |
| മത്സ്യതൊഴിലാളി കുടുംബങ്ങൾ – 3551 | |
| ഹരിജൻ മത്സ്യതൊഴിലാളികൾ – 24 | ഹരിജൻ മത്സ്യതൊഴിലാളികൾ – 36 |
| മത്സ്യതൊഴിലാളി പെൻഷൻകാർ – 659 | |

*അവലംബം: മത്സ്യതൊഴിലാളി ക്ഷേമനിധിബോർഡ്

അനുബന്ധം 2

നിലവിലുള്ള മത്സ്യ ബന്ധനോപകരണങ്ങളുടെ വിവരം

| ഇനം | എണ്ണം | മത്സ്യബന്ധനത്തിനുപോകുന്ന ആളുകളുടെ എണ്ണം (യൂണിറ്റിൽ) |
|---|---|---|
| ഫിഷിംഗ് ബോട്ടുകൾ | 129 | 4–6 |
| യന്ത്രം ഘടിപ്പിച്ച വള്ളങ്ങൾ | | |
| താങ്ങു വള്ളം | 106 | 30–35 |
| ഡിസ്കോ വള്ളം | 8 | 15–20 |
| ചെറിയ വള്ളം (ഡിങ്കി) | 27 | 4–5 |
| യന്ത്രം ഘടിപ്പിക്കാത്ത് വള്ളങ്ങൾ | 56 | 2–4 |
| കമ്പവലകൾ | 7 | 50–60 |

അനുബന്ധം 3

മത്സ്യഫെഡ് വായ്പയെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | പദ്ധതി | ഗ്രൂപ്പുകളുടെ എണ്ണം | ഗുണഭോക്തകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|---|
| 1 | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി (1984–88) | 14 | 200 | 2211813.04 |
| 2. | N.C.D.C- II- പദ്ധതി (1988–92) | 34 | 442 | 7696577.54 |
| 3. | N.C.D.C III പദ്ധതി (1992–96) | 72 | 885 | 14994110.95 |
| | ആകെ | 120 | 1497 | 24902501.53 |



# വ്യവസായം

കേരളത്തിന്റെ വ്യാവസായിക ഭൂപടത്തിൽ വളരെ നാളുകൾക്ക് മുമ്പ്തന്നെ സ്ഥാനം പിടിക്കുവാൻ കഴിഞ്ഞ പഞ്ചായത്ത് ആണ് ആലപ്പാട് പഞ്ചായത്ത്. ഇവിടെ ഉൽപാദിപ്പിച്ചിരുന്ന കയർ " ആലപ്പാടൻ കയർ" എന്ന പേരിൽ രാജ്യാന്തര വിപണികൾപോലും പിടിച്ചടക്കിയിരുന്നു. കയറിൽ പറ്റിയിരുന്ന കരിമണൽ കണ്ടാണത്രെ വിദേശീയർ ധാതു മണൽ സാദ്ധ്യത മനസ്സിലാക്കിയത്. കൂടാതെ ഇവിടുത്തെ മത്സ്യ ബന്ധന മേഖല വ്യാവസായിക കേരളത്തിന് നൽകുന്ന സംഭാവനയും എടുത്തു പറയേണ്ട വസ്തുത തന്നെയാണ്.

ആലപ്പാട് പഞ്ചായത്തിൽ വൻകിട സ്ഥാപനങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ലെങ്കിലും ചവറ ഐ.ആർ.ഈയുടെ മൈനിംഗ് യൂണിറ്റ് ഈ പഞ്ചായത്തിന്റെ തെക്കേയറ്റമായ വെള്ളനാതുരുത്തിൽ പ്രവർത്തിക്കുന്നുണ്ട്. 15 ചെറുകിട വ്യവസായ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മത്സ്യബ്ധന മേഖലയിലാണ് ഇവിടെ ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്നത് 6876 പേർ. 507 ൽ പരം സ്ത്രീകൾ വലകെട്ട്, കയർ മേഖലകളിൽ ജോലിചെയ്യുന്നു.

പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക 1 ൽ ചേർക്കുന്നു, വിവിധ മത്സ്യബന്ധന യൂണിറ്റുകളുടെ എണ്ണവും തൊഴിലാളികളുടെ എണ്ണവും പട്ടിക 2 ൽ

പട്ടിക 1 ചെറുകിടവ്യവസായങ്ങൾ

| നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികൾ | | |
|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ |
| 1. | കയർ ചകിരി | 7 | 12 | 76 | 88 |
| 2 | നാളികേരം | 3 | 7 | 7 | |
| 3 | തടിവ്യവസായം | 6 | 24 | | 24 |
| 4 | എഞ്ചിനിയറിംഗ് | 2 | 8 | | 8 |
| 5 | അച്ചടി | 1 | 1 | 1 | 2 |
| 6 | റെഡിമെയ്ഡ് ഗാർമെന്റ്സ് | 4 | 4 | 16 | 20 |
| 7 | ക്ഷീരോൽപ്പന്നങ്ങൾ | 1 | | 2 | 2 |
| 8 | വലകെട്ട് | | | 346 | 346 |
| 9 | മറ്റുള്ളവ | 5 | 8 | 66 | 74 |
| | ആകെ | 29 | 64 | 507 | 571 |

പട്ടിക 2 മത്സ്യബന്ധന യൂണിറ്റുകൾ

| ക്രമനമ്പർ | ഇനം | എണ്ണം | തൊഴിലാളികൾ |
|---|---|---|---|
| 1 | യന്ത്ര വത്കൃത ബോട്ടുകൾ | 129 | 774 |
| 2 | ഔട്ട്ബോർഡ്എൻജിൻ ഘടിപ്പിച്ചവ | 144 | 3000 |
| 3 | ചെറുവള്ളങ്ങൾ | 56 | 308 |
| 4 | കമ്പവലകൾ | 7 | 260 |
| 5 | ചീനവലകൾ | 282 | 564 |
| 5 | ഊന്നി വലകൾ | 83 | 208 |
| 6 | വീശു വലകൾ | 563 | 1126 |
| 7 | കോരുവലകൾ | 48 | 96 |

പരമ്പരാഗത വ്യവസായ മേഖലയിൽ പ്രധാനം മത്സ്യബന്ധനവും കയറുമാണ്. വർഷങ്ങൾക്ക് മുമ്പ് വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കയർ മേഖല ഇപ്പോൾ നാമമാത്രമായേ ഇവിടെ പ്രവർത്തിക്കുന്നുള്ളൂ. തടി ഉപയോഗിച്ചുള്ള വ്യവസായമെന്ന നിലയിൽ നാടൻ ചെറുവള്ളങ്ങൾ, ഔട്ട് ബോർഡ് എൻജിൻ ഘടിപ്പിക്കാവുന്ന വലിയ വള്ളങ്ങൾ, യന്ത്രവത്കൃത ബോട്ടുകൾ ഇവയുടെ നിർമ്മാണവും ഇവിടെ നടക്കുന്നുണ്ട്. കൂടെ ഇരുമ്പ്, ചെമ്പ് ആണി നിർമാണ യൂണിറ്റ്, ഒരു ഇരുമ്പ് ബോട്ട് നിർമാണ ശാല, ഒരു പ്രിന്റിംഗ് പ്രസ്സ്, യന്ത്രവത്കൃത ചകിരിതാറ്റ് യൂണിറ്റുകൾ, എന്നിവയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

## തൊഴിലാളികൾ

പ്രധാനമയും കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളാണ് ഇവിടെ കൂടുതലും. പുരുഷ തൊഴിലാളികളാണ് ഇതിൽ 90% അധികം സ്ത്രീകൾക്ക് നാമമാത്രമായ തൊഴിൽ അവസരങ്ങളേ ഇപ്പോൾ നിലവിലുള്ളൂ. ശാസ്ത്രീയ മത്സ്യ സംസ്കരണത്തിലും മത്സ്യ കൃഷിയിലും പരിശീലനം നേടിയ നിരവധി യുവതീയുവാക്കൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഭൂരിഭാഗവും തൊഴിൽ രഹിതർ തന്നെയാണ്. പാരമ്പര്യേതര മേഖലകളിൽ ജോലി ചെയ്യുന്നവർ തുലോം കുറവാണ്.

## അടിസ്ഥാന സൗകര്യങ്ങൾ

വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (വൈദ്യുതി, ഗതാഗതം ശുദ്ധജലം, വാർത്താവിനിമയം..തുടങ്ങിയവ) ദൗർലഭ്യം ഇവിടത്തെ വ്യവ

സായ വികസനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വളരെ അടുത്ത കാലത്ത് മാത്രമാണ് ഇവയിൽ അൽപമെങ്കിലും ഒരു മാറ്റമുണ്ടായിട്ടുള്ളത്. എന്നാലും പഞ്ചായത്തിന്റെ വടക്കൻ മേഖകളിൽ ഗതാഗതം വൈദ്യുതി, വെള്ളം ഇവയുടെ ദൗർലഭ്യം ഇപ്പോഴും തുടരുന്നു.

## പ്രശ്നങ്ങൾ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലയിൽ സാമ്പത്തിക പ്രശ്നങ്ങൾ തന്നെയാണ് വ്യവസായ സംരംഭകർ നേരിടുന്ന പ്രധാന പ്രശ്നം. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് ദേശവത്കൃത ബാങ്കുകളും വ്യവസായ സംരംഭകർക്ക് ധനസഹായം നൽകുന്നതിൽ വലിയ താത്പര്യം കാണിക്കുന്നില്ല. ഓരോ മേഖലയും നേരിടുന്ന പ്രത്യേക പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

## മത്സ്യബന്ധനമേഖല

ഇവിടുത്തെ 90% തൊഴിലാളികളും ജോലി ചെയ്യുന്ന മേഖല എന്ന നിലയിൽ ഇതിന്റെ പ്രാധാന്യം എടുത്തു പറയേണ്ടതാണ്. പക്ഷേ ഇന്ന് അനുദിനം തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ് ഈ മേഖല. വിദേശ മത്സ്യബന്ധന കപ്പലുകളുടെ വരവും അനിയന്ത്രിതമായ മത്സ്യബന്ധനവും ഇതിന് പ്രധാനകാരണമാണ്. ഇവിടെ ഇന്ന് ഉപയോഗിക്കുന്ന മത്സ്യബന്ധന ഉപകരണങ്ങളുടെ ഉയർന്ന വിലയും പ്രവർത്തന ചെലവും ഉൽപ്പന്നങ്ങളുടെ വിലക്കുറവും അസ്ഥിര വിലയും തകർച്ചയ്ക്ക് ആക്കം കൂട്ടുന്നു. നമ്മുടെ പഞ്ചാത്തിലെ ഔട്ട് ബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾ ഇടനിലക്കാർ വഴി നാലിരട്ടി വിലയ്ക്ക് മണ്ണെണ്ണ വാങ്ങുന്ന രീതി ഇവരുടെ ഉൽപാദന ചെലവ് വളരെയധികം വർദ്ധിപ്പിക്കുന്നു. കടൽ ഭിത്തി നിർമ്മിച്ചതു മൂലം വള്ളങ്ങൾ അടുക്കുവാൻ ഉള്ള സ്ഥലം നഷ്ടമായത് നമ്മുടെ പഞ്ചായത്തിലെ അനുബന്ധ വ്യവസായങ്ങളുടെ വളർച്ചയെ പാടെ നിർത്തിക്കളഞ്ഞു.

## കയർ മേഖല

ആലപ്പാട് പഞ്ചായത്തിന് ലോക വിപണികളിൽ സ്ഥാനം നേടിക്കൊടുത്ത കയർ വ്യവസായം ഇന്നിവിടെ നാമമാത്രമായേ പ്രവർത്തിക്കുന്നുള്ളു. രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്ന് ലോക വിപണി നഷ്ടമായതും തുടർന്ന് സിന്തറ്റിക് ഉൽപന്നങ്ങൾ കയറിന്റെ വിപണി കയ്യടക്കിയതും ഈ വ്യവസായത്തിന്റെ തകർച്ചയ്ക്ക് കാരണമായി.

## നാളികേര സംസ്ക്കരണമേഖല

നാളികേര ഉൽപ്പാദനത്തിൽ വളരെ മുമ്പിലാണ് നാമെങ്കിലും വളരെ ചെറിയ നാല് സംസ്ക്കരണ യൂണിറ്റുകൾ മാത്രമേ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. മുമ്പ് വളരെ നല്ല നിലയിൽ കൊപ്ര സംസ്ക്കരണമുണ്ടായിരുന്നു ഇവിടെ. കൊപ്രായുടെയും വെളിച്ചെണ്ണയുടെയും വിലയിലുള്ള അസ്ഥിരതയും, പ്രധാന മാർക്കറ്റായ ആലപ്പുഴയിൽ എത്താനുള്ള ജല ഗതാഗത വകുപ്പ് ബോട്ട് നിർത്തലാക്കിയതും ഈ വ്യവസായത്തിന്റെ വളർച്ചക്ക് തടസ്സമായി.

വ്യവസായ വികസനത്തിന് തടസ്സമാകുന്ന പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

1 ചെറുപ്പക്കാർക്ക് സർക്കാർ ഉദ്യോഗത്തോടുള്ള അമിതമായ താത്പര്യം.

2 ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യവസായങ്ങളെക്കുറിച്ചുള്ള അറിവിന്റെ പരിമിതി.

4 സാങ്കേതിക പരിശീലനത്തിന്റേയും പ്രവൃത്തി പരിചയത്തിന്റെയും കുറവ്.

5 സഹകരണ മേഖല വ്യവസായത്തിന് മുൻകൈ എടുക്കാത്തത്.

6 അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യം.

7 വിപണനത്തിന് ഉള്ള സൗകര്യക്കുറവ്.

8 സ്വയംതൊഴിൽ താത്പര്യമില്ലായ്മ

9 ജനങ്ങളുടെ പൊതുവായ സാമ്പത്തിക പിന്നോക്കാവസ്ഥ

മുതലായ പല പ്രശ്നങ്ങളും വ്യവസായ വളർച്ചക്കു വിലങ്ങുതടിയാകുന്നു.

## സാധ്യതകൾ

വിവിധ തരത്തിലുള്ള വളരെയധികം വ്യവസായങ്ങൾക്ക് സാധ്യതകളുള്ള ഒരു പഞ്ചായത്താണ് ഇത്. വിദ്യാസമ്പന്നരായ അനേകം യുവതീ യുവാക്കൾ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയാൽ സ്വയം തൊഴിൽ ചെയ്യുവാൻ തയ്യാറായി നമ്മുടെ നാട്ടിലുണ്ട്. ഗതാഗതത്തിന് റോഡ് മാർഗത്തിന് പുറമേ കായൽ മാർഗവും ഉപയോഗിക്കാനാവും എന്നതും ഇവിടത്തെ വ്യവസായ സാദ്ധ്യതകൾ കൂടുന്നു. വിവിധ മേഖലകളിലെ സാധ്യതകൾ ചുവടെ ചേർക്കുന്നു.

## മത്സ്യബന്ധനമേഖല

പല സ്ഥലങ്ങളിലും വളരെയധികം പുരോഗതി നേടിക്കൊണ്ടിരിക്കുന്ന ഒന്നാണീ മേഖല. പക്ഷേ നമ്മുടെ പഞ്ചായത്തിൽ ആ പുരോഗതി വേണ്ട രീതിയിൽ എത്തിയോ എന്നത് സംശയമാണ്. വള്ളങ്ങളുടെയും ബോട്ടിന്റെയും എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഉൽപാദനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. ഇന്ന് ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്ന മേഖലയിൽ സമഗ്രമായ മാറ്റങ്ങൾ മൂലം ഉൽപാദനവും തൊഴിലവസരങ്ങളും നമുക്ക് വർദ്ധിപ്പിക്കുവാനാകും. പുലിമുട്ടുകൾ നിർമ്മിച്ച് മൂന്നോ നാലോ ഫിഷ് ലാന്റിംഗ് സെന്ററുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടാക്കിയാൽ മത്സ്യോൽപാദനം വളരെയധികം കൂട്ടാൻ സാധിക്കുമെന്നതിന് പുറമേ ഉൽപാദന ചെലവും പകുതികണ്ട് കുറയ്ക്കുവാനാകും. ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് കുറഞ്ഞചെലവിൽ ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരവും ഉയർത്താനാകും

## സംസ്ക്കരണമേഖല

സംസ്ക്കരണ മേഖലയിൽ പ്രവർത്തിക്കുന്ന യാതൊരു സ്ഥാപനവും ഇന്ന് നമ്മുക്ക് ഇല്ല. ഇതിന് വളരെ അധികം സാധ്യതയുള്ള ഒരു സ്ഥലമാണ് നമ്മുടേത്. 362 പരം മത്സ്യബന്ധന യൂണിറ്റുകൾ (ചീനവലകളും ) മത്സ്യബന്ധനം നടത്തുന്നു. മത്സ്യസംസ്ക്കരണത്തിൽ സാങ്കേതിക പരിശീലന യൂണിറ്റുകൾ ആയിരത്തോളം യുവതീ യുവാക്കൾ നമുക്കുണ്ട്. ഗതാഗതത്തിന് റോഡ് ജല ഗതാഗതമാർഗ്ഗങ്ങൾ. ആദ്യപടിയെന്നനിലയിൽ വാർഡുതോറും ഓരോ ഷെഡ്ഡുകൾ സ്ഥാപിച്ച് മത്സ്യകയറ്റുമതി സ്ഥാനങ്ങളുടെ കൊഞ്ച്, കണവ, കക്ക മുതലായവയുടെ പ്രാഥമിക സംസ്ക്കരണം (Pre-processing) ഇവിടെ നടത്തുവാൻ കഴിയും. അടുത്തതായി നമ്മുടെ നാട്ടിലെ വള്ളങ്ങളും ബോട്ടുകളും ചീനവലകളും പിടിക്കുന്ന മത്സ്യത്തെ സംസ്കരിച്ച് സൂക്ഷിക്കുവാനും കഴിയും. ആയിരക്കണക്കിന് സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ നൽകുവാൻ ഈ പദ്ധതിക്ക് കഴിയും.

## മത്സ്യകൃഷി

വളരെയധികം പ്രദേശങ്ങളിൽ കായൽ ഉള്ളിലേക്ക് കയറികിടക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. ഇങ്ങനെ കിടക്കുന്ന സ്ഥലങ്ങളിൽ കൊഞ്ച്, തിലാപ്പിയ, കരിമീൻ, ഞണ്ട് മുതലായവ വ്യാവസായികാടിസ്ഥാനത്തിൽ നമുക്ക് ഉൽപാദിപ്പിക്കുവാനാകും.

## വിപണനം

ഇവിടെ ഉൽപാദിപ്പിക്കുന്ന (മത്സ്യബന്ധനം നടത്തുന്ന) മത്സ്യം മുഴുവനും ഇടനിലക്കാർ വഴിയാണ് ഇപ്പോൾ വിപണം നടത്തുന്നത്. വളരെയധികം ചൂഷണം ചെയ്യപ്പെടുന്ന മേഖലയാണിതെന്ന് എല്ലാപേർക്കും അറിവുള്ളതാണെങ്കിലും ആരും അതിൽ നിന്ന് മോചനം നേടുവാൻ ശ്രമിക്കുന്നില്ല എന്നത് ദുഃഖാർഹമാണ്.

മുകളിൽ പ്രതിപാദിച്ച നാല് മേഖലകളും (മത്സ്യ ബന്ധനം, സംസ്ക്കരണം, മത്സ്യകൃഷി, വിപണനം) കൂടെ ചേർത്ത് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വലിയ സഹകരണ സംഘം രൂപികരിക്കാൻ വളരെയധികം സാധ്യതകൾ ഇന്ന് നമുക്കുണ്ട്. കൊല്ലം ജില്ലയിൽ ഒരു പക്ഷേ ഏറ്റവും കൂടുതൽ മത്സ്യം ഉൽപാദിപ്പിക്കുന്ന പഞ്ചായത്ത് നമ്മുടേതായിരിക്കും. നമ്മൾ ഉൽപാദിപ്പിക്കുന്ന മത്സ്യത്തിന്റെ നല്ലൊരളവ് ഈ സഹകരണ സംഘം വഴി വാങ്ങി സംസ്ക്കരണ യൂണിറ്റുകളിൽ സംസ്ക്കരിച്ച് മത്സ്യഫെഡിന്റെ സഹായത്തോടെ സ്ഥാപിക്കാൻ കഴിയുന്ന ശീതികരണ ശാലകളിൽ സൂക്ഷിച്ച് ആവശ്യമനുസരിച്ച് ജില്ലയുടെ ഇതര സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന കോൾഡ് സ്റ്റോറേജുള്ള മത്സ്യ വിൽപന ശാലകൾ വഴി ഒരു കിലോ അരക്കിലോ പാക്കറ്റുകളാക്കി വിതരണം ചെയ്താൽ പിടിക്കുന്ന മത്സ്യത്തിന് മത്സ്യത്തൊഴിലാളികൾക്ക് വർഷം മുഴുവൻ സ്ഥിരമായ വില നൽകുവാൻ കഴിയും. കൂടാതെ മത്സ്യബന്ധനമില്ലാത്ത മാസങ്ങളിൽ അവർക്ക് വേണ്ട സാമ്പത്തിക സഹായവും സംഘത്തിൽ നിന്നും നൽകാൻ കഴിയും. മത്സ്യബന്ധനമില്ലാത്ത മാസങ്ങളിലെ വിപണത്തിന് മത്സ്യകൃഷിയിൽ നിന്നും ഉൽപാദിപ്പിക്കുന്ന മത്സ്യം ഉപയോഗിക്കാം.

മത്സ്യബന്ധന വള്ളങ്ങൾക്കാവശ്യമായ മണ്ണെണ്ണ സഹകരണ സംഘം, മത്സ്യഫെഡ്, കേരളാ സിവിൽ സപ്ളൈസ് കോർപറേഷൻ എന്നിവയുടെ സഹായത്തോടെ ഒരു മണ്ണെണ്ണ ബങ്ക് സ്ഥാപിച്ച് നൽകിയാൽ നാലിരട്ടി വില നൽകി മണ്ണെണ്ണ വാങ്ങുന്ന സമ്പ്രദായം നിർത്തലാക്കാനും കഴിയും.

## കയർ മേഖല

കയർ വ്യവസായം വളരെ പണ്ടുമുതൽക്കേ ഇവിടെ നടന്നുവരുന്ന ഒന്നാണ്. പക്ഷേ ഇന്ന് തകർച്ചയിലാണെന്ന് മാത്രം. അതിനെ പുനർ ജീവിപ്പിക്കാൻ, സഹകരണ മേഖലയുടെ സഹായത്തോടെ നമുക്ക് സാധിക്കും. ആധുനിക സാങ്കേതിക വിദ്യയും അർപ്പണബോധവും ഉണ്ടെങ്കിൽ നഷ്ടപ്പെട്ട ആലപ്പാടൻ കയർ വ്യവസായം ഇവിടെ പുനരാരംഭിക്കുവാൻ കഴിയും. ആധുനിക സാങ്കേതികവിദ്യയിലും കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിലും പരിശീലനം നൽകുന്ന കയർ ബോർഡിന്റെയും കയർ ഫെഡിന്റെ സ്ഥാപനങ്ങൾ ആലപ്പുഴയിൽ പ്രവർത്തിക്കുന്നുണ്ട്. അവരുടെ സഹായത്തോടെ ആവശ്യമെങ്കിൽ യന്ത്രവത്കൃത റാട്ടും ചകിരി താറ്റുയന്ത്രങ്ങളും ഉപയോഗിച്ച് അനേകം കയറുൽപ്പന്നങ്ങളും കയറും ഉൽപാദിപ്പിക്കുവാൻ കഴിയും.

## 6 നാളികേര സംസ്ക്കരണം.

നാളികേര ഉൽപ്പാദനത്തിന് വളരെ മുൻപന്തിയിൽ നിൽകുന്ന പഞ്ചായത്താണ് നമ്മുടേത്. പക്ഷേ സംസ്ക്കരണ മേഖലയിൽ നമ്മൾ വളരെ പുറകിലാണ്. കൊപ്രാ ഉണ്ടാക്കുന്ന നാലു വളരെ ചെറിയ യൂണിറ്റുകൾ മാത്രമാണ് ഇന്നിവിടെ പ്രവർത്തിക്കുന്നത്. നിരവധി മറ്റുൽപന്നങ്ങൾ ഉണ്ടാക്കുവാൻ സാധിക്കുന്ന ഈ മേഖലയുടെ വളർച്ച നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

നിരവധി വിദേശ ടൂറിസ്റ്റുകൾ സഞ്ചരിക്കുന്ന നമ്മുടെ കായലിന്റെ തീരത്ത് ഒരു ഇളനീർ വിൽപന കേന്ദ്രത്തിനും സാധ്യതകൾ ഏറെയുണ്ട്. കൂടാതെ കേരഫെഡിന്റെ പുതിയകാവിലുള്ള സ്ഥാപനം കൊപ്രാക്ക് നല്ല സ്ഥിരമായ വില ഉറപ്പാക്കുന്നു.

## 7 ടൂറിസം

അനന്തമായ സാധ്യതകളുള്ള ടൂറിസം മേഖലയിൽ നമുക്ക് അൽപം പോലും കടന്നു ചെല്ലാൻ സാധിച്ചില്ല എന്നത് ദുഃഖാർഹമാണ്. വിദേശ ടൂറിസ്റ്റുകളിൽ ഏറിയ പങ്കിനും നഗരത്തിന്റെ തിരക്കിൽ നിന്നും ഒഴിഞ്ഞ് കടൽ, കായൽ, നദീതീര നാടൻ പാർപ്പിടങ്ങളിൽ താമസിക്കുവാനും പ്രകൃതിഭംഗി ആസ്വദിക്കുവാനുമാണ് കൂടുതൽ താത്പര്യം.

കടലിനും കായലിനും ഇടയിൽ പ്രകൃതി രമണീയമായ നമ്മുടെ പഞ്ചായത്തിൽ ഈ വിധ പാർപ്പിടങ്ങൾക്ക് നല്ല സാധ്യതയാണുള്ളത്. ഇത് പ്രയോജനപ്പെടുത്തിയാൽ സാമ്പത്തിക നേട്ടത്തിനും, നിരവധി തൊഴിലവസരങ്ങൾക്കും പുറമേ ലോക ടൂറിസം മാപ്പിൽ സ്ഥാനം പിടിക്കുവാനും സാധിക്കും.

ഇവക്കെല്ലാം പുറമേ നടത്തുവാൻ കഴിയുന്ന മറ്റനവധി ചെറുകിട വ്യവസായങ്ങളുണ്ട്. അവയുടെ ഒരു പട്ടിക ചുവടെ ചേർക്കുന്നു.

| നമ്പർ | ഇനം |
|---|---|
| 1 | മത്സ്യവിഭവങ്ങൾ (അച്ചാർ, ചട്നിപൗടർ കട്ലറ്റ്, വാഫർ....) |
| 2 | ഉണക്കമീൻ |
| 3 | മീൻ വളം |
| 4 | നൈലോൺ വല നിർമ്മാണം |
| 5 | കോഴിവളർത്തൽ |
| 6 | കരകൗശലവസ്തു നിർമ്മാണം (ചിരട്ട, തടി, കക്ക മുതലായവ ഉപയോഗിച്ച്) |
| 7 | ചകിരി മെത്ത, തലയിണ, ഉണ്ടാക്കുന്ന യൂണിറ്റ്. |
| 8 | കയർ, പായ ചവിട്ടി ഉണ്ടാക്കുന്ന യൂണിറ്റ്. |
| 9 | സിമന്റ്ഹോളോബ്രിക്സ് |
| 10 | വെൽഡിംഗ് റോഡ് (IRE ൽ നിന്നുള്ള വസ്തുക്കൾ ഉപയോഗിച്ച്) |
| 11 | ചകിരിച്ചോർ വളം, ഇന്ധനം. |
| 12 | തേങ്ങാ പൗഡർ, ക്രീം, കട്ലറ്റ്. |
| 13 | വെളിച്ചെണ്ണ |
| 14 | ഐസ്സ് പ്ളാന്റ്, ശീതികരണ ശാല |
| 15 | റെഡിമെയ്ഡ് ഗാർമെന്റ്സ് |
| 16 | സോപ്പ്, ഡിറ്റർജന്റ് നിർമ്മാണം, |
| 17 | കറിപൗഡർ |
| 18 | ഇലക്ട്രോണിക്സ് ചോക്ക് (ട്യൂബ് ലൈറ്റ്) |

## നിർദ്ദേശങ്ങൾ

1 വ്യവസായ വികസനത്തിനായി ഒരു പഞ്ചായത്തു തല സമിതിയും കർമ സേനയും രൂപീകരിക്കുക. സമയ ബന്ധിതമായി ഓരോ വ്യവസായ പദ്ധതികളും നടപ്പിലാക്കുക. എല്ലാ മാസവും ശിൽപശാലകളും സ്പീഡ് പ്രോഗ്രാമുകളും സംഘടിപ്പിക്കുക. വ്യവസായ സമിതിയിൽ പഞ്ചായത്തിലെ കർമ്മസേന അംഗങ്ങൾക്ക് പുറമേ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ മാനേജർമാരും വ്യവസായ വകുപ്പ്, കെ.എസ്.ഈ.ബി, കെ. ഡബ്ളിയൂ.എ, ടെലികോം ഉദ്യോഗസ്ഥരും സ്ഥിര അംഗങ്ങളുമായി ഉണ്ടാകണം, കെ.എഫ്.സി. വനിതാ വികസന കോർപ്പറേഷൻ എ.ഡി.ബി,NABARD മുതലായവയുടെ അംഗങ്ങളെ കൂടെ ഉൾപ്പെടുത്തിയാവണം എല്ലാ മാസവും ശിൽപ്പശാലകളും സ്പീഡ് പ്രോഗ്രാമും നടത്തേണ്ടത്.

സ്പീഡ് പ്രോഗ്രാമിൽ ഓരോ മാസവും മുൻഗണനാക്രമമനുസരിച്ച് ആരംഭിക്കുവാൻ ഉള്ള പദ്ധതികൾ ആരംഭിക്കുകയും നിലവിലുള്ള പദ്ധതി യൂണിറ്റുകൾക്ക് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിലും അവ പരിഹരിക്കേണ്ടതുമാണ്.

2 പുതുതായി വ്യവസായം തുടങ്ങുവാൻ ആഗ്രഹിക്കുന്നവരുടെ വാർഡുതല ലിസ്റ്റു തയ്യാറാക്കി അവർക്കു വേണ്ട നിർദ്ദേശങ്ങൾ,സഹായങ്ങൾ പ്രോത്സാഹനം ഇവ നൽകുക.

3 മത്സ്യ സംസ്ക്കരണത്തിന് എല്ലാ വാർഡുകളിലും ഓരോ സംസ്ക്കരണ ശാലകൾ സ്ഥാപിക്കുക (Pre-processing Centre- JRY പദ്ധതി പ്രകാരം)

4 മത്സ്യ ബന്ധന, സംസ്ക്കരണ, വിപണത്തിനായി ഒരു പഞ്ചായത്തു തല സഹകരണ സംഘം നിലവിലുള്ള മത്സ്യബന്ധന യൂണിറ്റുകളുടെ ഉടമകളെ കൂടി ഉൾപ്പെടുത്തി സ്ഥാപിക്കുക.

5 100 ടൺ ശേഷിയുള്ള ശീതീകരണ ശാലയും ഐസ്സ് പ്ളാന്റുകളും സഹകരണ സംഘത്തിന്റെ കീഴിൽ മത്സ്യഫെഡ് സഹായത്തോടെയും സ്വകാര്യ മേഖലയിലും സ്ഥാപിക്കുക.6 മത്സ്യകയറ്റുമതി സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ക്കരണ ശാലകളിൽ അവരുടെ ജോലികൾ കരാറടിസ്ഥാനത്തിൽ ചെയ്യിക്കുക.

7 കൊപ്രാക്ക് പുറമേ മറ്റു നാളികേര ഉൽപ്പന്നങ്ങൾ കൂടി ഉണ്ടാക്കുവാൻ സാധിക്കുന്ന നാളീകേര സംസ്ക്കരണ യൂണിറ്റുകൾ എല്ലാ വാർഡിലും ഓരോന്നെങ്കിലും സ്ഥാപിക്കുക.

8 കയർ വ്യവായത്തെ പുനർജീവിപ്പിക്കാൻ സഹകരണ സംഘങ്ങൾ ഉണ്ടാക്കുക. ആധുനിക രീതികളെപ്പറ്റി പഠിക്കാൻ പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത കയർ വ്യവസായ സംരംഭകരെ ആലപ്പുഴ കയർ ബോർഡ്, കയർഫെഡ് സ്ഥാപനങ്ങളിൽ പരിശീലിപ്പിക്കുക. യന്ത്ര വത്കൃത റാട്ടുകൾ ഉപയോഗിച്ച് ഉപയോഗം കൂട്ടുക.

9 ഉള്ളിലേക്ക് കയറിക്കിടക്കുന്ന കായൽ പ്രദേശങ്ങളിൽ കൊഞ്ച്, തിലാപ്പിയ, കരിമീൻ, ഞണ്ട് കൃഷി വ്യാപകമായി നടത്തുക.

10 ചകിരി, കയർ ഇവ ഉപയോഗിച്ച് ഉണ്ടാക്കുവാൻ കഴിയുന്ന ഉൽപ്പന്നങ്ങൾ കയർ, പായ് തലയിണ, മെത്ത മുതലായവ ഉണ്ടാക്കുവാനുള്ള ഒരു യൂണിറ്റ് തുടങ്ങുക.

11 ചിരട്ട, കക്ക, തടി മുതലായവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റ് വികലാംഗർക്ക് മുൻഗണന നൽകി സ്ഥാപിക്കുക.

12 പരിസര മലിനീകരണ മുണ്ടാക്കുന്ന ചകിരിച്ചവർ ഉപയോഗിച്ച് വളവും ഇന്ധനവും കയർ ഫെഡ് കയർ ബോർഡ് സഹായത്തോടെ ഉൽപാദിപ്പിക്കുക.

13 കോടികൾ വിലവരുന്ന കായൽ മത്സ്യങ്ങളെ ഉപയോഗ ശൂന്യമാക്കുന്ന കായൽ മലിനീകരണത്തിന് കാരണമായ വള്ളങ്ങളുടെ " ഔട്ട് ബോർഡ് എൻജി" ന്റെ കാ

ശേഷം56ാംപേജിൽ

# വിദ്യാഭ്യാസം



### നിലവിലുള്ള സ്കൂളുകൾ

1. R.C. ഇമ്മാനുവൽ L P S അഴീക്കൽ
2. ഗവ: U P S അഴീക്കൽ
3. H W L P S ശ്രായിക്കാട്
4. G F H S കുഴിത്തുറ
5. ആലപ്പാട്ട് തുറ L P S
6. G R F T H S ആലപ്പാട്
7. ഗവ : L P S, ചെറിയഴിക്കൽ
8. ഗവ : H S, ചെറിയഴീക്കൽ
9. V H S C. ചെറിയഴീക്കൽ
10. K V K V M U P S, ചെറിയഴീക്കൽ
11. ബാപ്പുജി ജൂനിയർ L P S, ചെറിയഴീക്കൽ
12. മഹാത്മജി ഇംഗ്ലീഷ് മീഡിയം സ്കൂൾ, ചെറിയഴീക്കൽ
13. ഗവ : L P S പണ്ടാരതുരുത്ത്

ആലപ്പാട് പഞ്ചായത്ത് മത്സ്യ തൊഴിലാളി മേഖലയാണ്. അതുകൊണ്ട് വിദ്യാഭ്യാസം സിദ്ധിച്ചവർ വളരെകുറവാണെന്ന ധാരണയുണ്ട്. എന്നാൽ ഉദ്ദേശം 100 വർഷങ്ങൾക്ക് മുമ്പ് അഴീക്കൽ ഏഴാം ക്ലാസ് വരെയുള്ള ഒരു മലയാളം മീഡിയം സ്കൂൾ പ്രവർത്തിച്ചിരുന്നു. ഓണാട്ടുകരയിൽ എങ്ങും ഇത്തരം ഒരു സ്കൂൾ അക്കാലത്ത് ഉണ്ടായിരുന്നില്ല. ആ പ്രദേശങ്ങളിലുള്ള പ്രമുഖ വ്യക്തികൾ പലരും ഈ സ്കൂളിൽ വന്നാണ് പഠനം നടത്തിയിരുന്നത്. രൂക്ഷമായ കടലാക്രമണം മൂലം സ്കൂൾ നശിക്കുകയും ആ സ്കൂൾ തന്നെ തൊട്ട് കിഴക്ക് വശമായി താൽക്കാലിക ഷെഡ്ഡിൽ ക്ലാസ്സുകൾ ആരംഭിക്കുകയും തുടർന്ന് ക്രീയാത്മകമായി സ്കൂൾ പ്രവർത്തനം തുടരുകയും ചെയ്തു. തുടർന്നുള്ള സ്കൂൾ പ്രവർത്തന വിജയത്തിൽ തദ്ദേശ വാസികളുടെ സഹായവും സഹകരണവും എടുത്ത് പറയേണ്ടതാണ്.

കുഴിത്തുറയിൽ 50 വ്ഷങ്ങൾക്ക് മുൻപ് സ്ഥാപിച്ച നാല് ക്ലാളാസുകൾ വരെയുള്ള ഒരു സ്കൂൾ ഇന്ന് ഹൈസ്കൂൾ നിലവാരത്തിൽ പ്രവർത്തിക്കുന്ന എഫ് എച്ച് എസ് സ്കൂളായി തുടരുന്നു. ഇതേ കാലയളവിൽ പുത്തൻപുരയിൽ സ്കൂൾ എന്ന പേരിലൽ അറിയപ്പെട്ടിരുന്ന മൂന്ന് ക്ലാസ്സുകൾവരെയുള്ള ഒരു മാനേജ്മെന്റ് സ്കൂൾ ആലപ്പാട്ട് ഉണ്ടായിരുന്നു. സ്കൂൾ മാനേജരായിരുന്ന കറുകയിൽ കറുത്തകൊച്ച് അവർകളുടെ മരണശേഷം പ്രസ്തുത സ്കൂൾ ആലപ്പാട്ട് എസ് എസ് വി കരയോഗത്തിന് വിട്ടുകൊടുത്തു. 1934 ൽ ചെറിയഴീക്കൽ ഒരു മിഡിൽ സ്കൂൾ തുടങ്ങുകയും ഹൈസ്കൂൾ നിലവാരത്തിൽ ഹയർ സെക്കന്ററി സ്കൂളായി ഇന്ന് വളരുകയും ചെയ്തു.

സ്വാതന്ത്ര്യാന്തരം ശ്രായിക്കാട്ട് പി. കെ. ദേവകിയമ്മ സ്ഥലവും സൗകര്യവും നൽകി പ്രവർത്തനമാരംഭിച്ച ഒരു പയൽ സ്കൂൾ ഇന്നും നാലു ക്ലാസുകൾ വരെയുള്ള ശ്രായിക്കാട്ട് ഗവ: ഹരിജൻ വെൽഫയർ എൽ പി എസായി പ്രവർത്തിച്ച് വരുന്നു. ഇതേ അവസരത്തിൽ പറയകടവിൽ ഒരു നിശാ പാഠശാലയും പ്രവർത്തിച്ചിരുന്നു.

നിലവിൽ പഞ്ചായത്തിൽ 13 സ്കൂളുകൾ ഉണ്ട് എൽ പി എസ് ആറ്, യു പി എസ് രണ്ട്, ഗവ : എച്ച് എസ് ഒന്ന്, ഗവ: എഫ് എച്ച് എസ്ഒന്ന്, ജി ആർ എഫ് ടി എച്ച് എസ് ഒന്ന്, വി എച്ച് എസ് എസ് ഒന്ന്. ഈ സ്കൂളുകളിലായി ആകെ 4190 കുട്ടികൾ പഠിക്കുന്നു. വിവിധ സ്റ്റാൻഡേർഡുകളിലായി 2185 ആൺകുട്ടികളും 2005 പെൺകുട്ടികളും പഠിക്കുന്നു. സ്വകാര്യ മേഖലയിലെ രണ്ട് എൽ പി സ്കൂളുകളിൽ ഒന്ന് അൺ എയ്ഡഡ് സ്കൂളാണ്. പട്ടിക 1 ബി പരിശോധിച്ചാൽ പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ആശാവഹമാണ്.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾ പഞ്ചായത്തിൽ നന്നെ കുറവാണ്. എങ്കിലും ഉള്ളവർ വിദ്യാഭ്യാസത്തിൽ ഉൽസാഹമുള്ളവരാണ് പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ കണക്ക് പട്ടിക 1 C യിൽ കാണിച്ചിട്ടുണ്ട്.

സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ കുറഞ്ഞ ശതമാനം വിദ്യാർത്ഥികൾ മാത്രമെ വിദ്യാഭ്യാസം പൂർത്തീകരിക്കാതെ പിരിഞ്ഞ് പോകുന്നുള്ളു എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. 95-96 വിദ്യാഭ്യാസ

വർഷത്തിൽ കൊഴിഞ്ഞ് പോയ വിദ്യാർത്ഥികളുടെ വിവരം പട്ടിക 1 D യിൽ ചേർത്തിട്ടുണ്ട്.

സ്കൂളുകളിൽ ഒമ്പതെണ്ണം സർക്കാർ മേഖലയിലാണ്. അദ്ധ്യാപകരിൽ 84.17 ശതമാനവും വിദ്യാർത്ഥികളിൽ 81.60 ശതമാനവും സർക്കാർ മേഖലയിലാണ്. സർക്കാർ വിദ്യാലയങ്ങളുമായി പഞ്ചായത്ത് നിവാസികൾക്കുള്ള മാനസിക അടുപ്പത്തെ ഇവ വ്യക്തമാക്കുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആഗമനം വിദ്യാഭ്യാസ മേഖലയെ വരേണ്യവൽക്കരിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നാട്ടിൻപുറത്തെ ഇടത്തരക്കാരിൽ കണ്ടുവരുന്നുണ്ട്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല. എന്നാൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളായ ചെറിയഴീക്കൽ വി എച്ച് എസ് എസ്, ആലപ്പാട്ട് ജി ആർ എഫ് ടി എച്ച് എസ് . എന്നിവയുണ്ട്. ഈ സ്ഥാപനങ്ങൾ മത്സ്യബന്ധനത്തെ സംബന്ധിക്കുന്ന വിഷയങ്ങൾക്ക് അദ്ധ്യാപനത്തിൽ കൂടുതൽ പ്രാധാന്യം നൽകുന്നു. ചെറിയഴീക്കൽ വി എച്ച് എസിൽ മത്സ്യസംസ്കരണത്തിനും (Fish processing), മത്സ്യകൃഷിക്കും (Aqua culture) എന്നീ വിഴയങ്ങളിൽ തൊഴിലധിഷ്ടിത പഠനം നടത്തുന്നുണ്ട്. കുഴിത്തുറ എഫ് എച്ച് എസിൽ കമ്പ്യൂട്ടർ പഠനവും നടന്നുവരുന്നു. ഗവ: സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്ധ്യാർത്ഥികളുടെയും കണക്കുകൾ പട്ടിക 1 E കാണുക.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾ കായംകുളം എം എസ് എം കോളേജ്, ശാസ്താംകോട്ട ഡിബി കോളേജ്, ചവറ ഗവൺമന്റ് കോളേജ്, സമീപ ദേശങ്ങളിലെ ഐ റ്റി സി കളിലുമായി ഉപരിപഠനം നടത്തുന്നു.

ഹൈസ്കൂളുകളിലെ വിജയ ശതമാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. 1995 - 96 വർഷത്തിൽ ചെറിയഴീക്കൽ എച്ച് എസിൽ 32ശതമാനവും കുഴിത്തുറ എച്ച് എസിൽ 45 ശതമനാവും ആലപ്പാട്ട് ജി ആർ എഫ് ടി എച്ച് എസിൽ 54 ശതമാനവും വിദ്യാർത്ഥികൾ പാസായതായി കാണുന്നു. പരാജിതർ ചെറിയഴീക്കൽ കുഴിത്തുറ, അഴീക്കൽ ഭാഗങ്ങളിലും സമീപ പ്രദേശങ്ങളിലുമുള്ള ട്യൂട്ടോറിയൽ കോളേജുകളെ ശരണം പ്രാപിക്കുന്നു.

പഞ്ചായത്തിൽ ഒമ്പത് ബാലവാടികൾ, ഒരു ഡേ കെയർ സെന്റർ, ആറ് ഫീഡിംഗ് സെന്റർ, ഗ്രാന്റ് ലഭിക്കുന്ന 13 ആശാൻ പള്ളിക്കൂടവും 8 നഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നു.

സ്കൂളുകളിൽ അക്കാഡമിക് സൗകര്യങ്ങളുടെ ദൗർലഭ്യതയും, ഭൗതിക സാഹചര്യങ്ങളിലെ ശോചനീയതയും നിഴലിക്കുന്നു. 4190 കുട്ടികൾക്കും 139 അദ്ധ്യാപകർക്കും ഉപയോഗിക്കുവാനുള്ള മൂത്രപ്പുരകളുടെ എണ്ണം 16 ഉം കക്കൂസുകളുടെ എണ്ണം 6 ഉം മാത്രമാണ്. മൂന്ന് വിദ്യാലയങ്ങളിൽ കുടിവെള്ളത്തിന്റെ ദൗർലഭ്യതയും ആറ് വിദ്യാലയങ്ങളിൽ വൈദ്യുതിയുടെ അഭാവവും ഉണ്ട്. പട്ടിക 1G, 1F കാണുക

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്താൻ വാർഡ് തല ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ് വന്നിട്ടുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

**വാർഡ് 1**

a, നഴ്സറി സ്കൂൾ പഞ്ചായത്ത് ഏറ്റെടുക്കണം.
b, ബാലവാടിയുടെ സ്ഥിതി മെച്ചപ്പെടുത്തണം.

**വാർഡ് 3**

a, ഗവ: യൂപി എസ് അഴീക്കൽ എച്ച് എസായി ഉയർത്തണം.
b, താൽക്കാലിക ഷെഡ്ഡ് കെട്ടിടങ്ങളാക്കണം.
c, സ്കൂൾ പറമ്പിൽ വർഷങ്ങൾക്ക് മുമ്പ് കെട്ടിയിരിക്കുന്ന കെട്ടിടത്തിന്റെ ഫൗണ്ടേഷൻ കെട്ടിടമായി പണി പൂർത്തിയാക്കുക.
d, ജല വിതരണ സംവിധാനം മെച്ചപ്പെടുത്തണം.

**വാർഡ് 4**

a. G H W L P സ്കൂൾ U P S ആയി ഉയർത്തുക.
b. കോമ്പൗണ്ട് വാൾ കക്കൂസ് ഇവ നിർമ്മിച്ച് നൽകുക
c. ആവശ്യമായ ഫർണിച്ചർ വൈദ്യുതി ഇവ ലഭ്യമാക്കുക.
d. പഞ്ചായത്തിൽ കോളേജ് അനുവദിക്കുക.

**വാർഡ് 6**

a. സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തണം.
b. ശുദ്ധജലം, കക്കൂസ്സ് ഇവ ലഭ്യമാക്കുക.
c. താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് നൽകണം.
d. അദ്ധ്യാപകർക്ക് പരിശീലനം നൽകണം.

**വാർഡ് 7**

a. വാർഡിന്റെ തെക്ക്ഭാഗത്ത് അംഗൻവാടി വേണം.
b. സാങ്കേതക വിദ്യാഭ്യാസ സ്ഥാപനം ഇവിടെ നിന്നും മാറ്റരുത്.
c. എൽ പി എസ് അപ് ഗ്രേഡ് ചെയ്യണം

**വാർഡ് 8**

a. എൽ പി എസിനോട് ചേർന്ന് പ്രീ പ്രൈമറി വേണം
b. പഠനോപകരണങ്ങൾ വേണം
c. പി റ്റി എ ശക്തിപ്പെടുത്തണം.
d. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യക ക്ലാസുകൾ എല്ലാ സ്കൂളുകഴിലും ഏർപ്പാട് ചെയ്യണം.
e. കളികൾക്കും കായിക വിനോദങ്ങൾക്കും പ്രാധാന്യം നൽകണം.
f. ചെറിയഴീക്കൽ എൽ പി സ്കൂളിന് കിഴക്ക് വശത്തെ കായൽ മണ്ണടിച്ച് നികത്തി കളിസ്ഥലമാക്കണം.

g. ഗാന്ധീയൻ തത്വചിന്തകൾ പാഠ്യവിഷയമാക്കണം.
h. പുതിയ കെട്ടിടം അനുവദിക്കണം, പഴയത് നന്നാക്കണം.
i. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കണം.

**വാർഡ് 9**

a. പിറ്റിഎ കാര്യമായി പ്രവർത്തിക്കണം
b. അറ്റകുറ്റപ്പണികൾ തീർക്കണം.

**വാർഡ് 10**

a. അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തണം.
b. ഫർണിച്ചർ അനുവദിക്കണം, ചുറ്റുമതിലുകൾ കെട്ടണം.
c. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തണം.
d. വാർഡിലെ എൽ പി എസ് യു പി എസ് ആക്കി അപ്ഗ്രേഡ് ചെയ്യണം.

**വാർഡ് 11**

a. അംഗൻവാടിയും എൽ പി എസും അനുവദിക്കുക.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ താഴെപ്പറയുന്ന കമ്മിറ്റി രൂപീകരിക്കണം.സമഗ്രവിദ്യാഭ്യാസ വികസന പഞ്ചായത്ത് സമിതിയുടെ ഘടനയും പ്രവർത്തനത്തിനാവശ്യമായ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. ചെയർമാൻ – പഞ്ചായത്ത് പ്രസിഡന്റ്
2. വൈസ് ചെയർമാൻ – ഒരു പി റ്റി എ പ്രസിഡന്റ്
3. സെക്രട്ടറി – ലീഡ് സ്കൂൾ ഹെഡ്മാസ്റ്റർ

അംഗങ്ങൾ

4. വാർഡ് മെമ്പർ
5. വായനശാലാ പ്രധിനിധി 1
6. അദ്ധ്യാപക സംഘടനാ പ്രതിനിധികൾ 2
7. സർവ്വീസ് സംഘടനാ പ്രതിനിധികൾ 1
8. ഹൈസ്കൂൾ ലീഡർ 1
9. മാതൃസംഘം പ്രതിനിധി 1
10. മെഡിക്കൽ ഓഫീസർ 1
11. സാംസ്കാരിക സംഘടനാ പ്രതിനിധി 1

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് സ്ഥാപിച്ച് മുഴുവൻ വിദ്യാലയങ്ങളുടേയും അക്കാദമിക് സൗകര്യങ്ങൾ വിപുലപ്പെടുത്തുക.
2. മെച്ചപ്പെട്ട അക്കാദമിക് നിലവാരമുള്ള സ്കൂളാണ് ലീഡ് സ്കൂൾ
3. ഒരോ വിഷയത്തിനും അക്കാദമിക് കൗൺസിലുകൾ രൂപീകരിച്ച് ഓറിയന്റേഷൻ പരിപാടികൾ നടത്തുക.
4. സ്കൂൾ സന്ദർശന പരിപാടി നടത്തി ഗൈഡൻസ് പ്രോഗ്രാമുകൾ ആക്കി മാറ്റുക.
5. S S L C വിജയ ശതമാനം കുറഞ്ഞ സ്കൂളുകളിൽ കാരണം വിലയിരുത്തി ആവശ്യമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് പഞ്ചായത്ത് ഔദ്യോഗികമായി ഏറ്റെടുത്ത് നടത്തുക.
6. നിലവാരമില്ലാത്ത സ്കൂളുകളെ ദത്തെടുത്ത് പുരോഗതിക്കാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
7. അദ്ധ്യാപനം വിദ്യാർത്ഥി കേന്ദ്രീകൃതം ആക്കാൻ ആവശ്യമായ നടപടികൾക്ക് അക്കാദമിക് കൗൺസിൽ നേതൃത്വം നൽകുക.
8. ആർട്സ് ക്ലബ്ബ്, സയൻസ് ക്ലബ്ബ്, സ്പോർട്ട്സ് ക്ലബ്ബ്, വായനശാല,ഗ്രന്ഥശാല, കൃഷി ക്ലബ്ബുകൾ, എൻ സി സി, സകൗട്ട് തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതുനാവശ്യമായ സഹായം ചെയ്യുക.
9. ഉച്ചക്കഞ്ഞി വിതരണം കുറ്റമറ്റതാക്കുക, ഉച്ച ഭക്ഷണ നിധി രൂപീകരുക്കുക,
10. അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുവാൻ പി റ്റി എ, മാതൃസംഘം, ഹെഡ്മാസ്റ്റർമാർ എന്നിവരുൾപ്പെട്ട ചർച്ചാവേദികൾ സൃഷ്ടിക്കുക.
11. വിദ്യാലയങ്ങളിൽ വികസന സമിതികൾ രൂപീകരിച്ച് വ്യദ്യാർത്ഥികളുടെ പഠന നിലവാരവും അദ്ധ്യാപകരുടെ ഗുണ നിലവാരവും മെച്ചപ്പെടുത്തുവാൻ കഴിയും
12. ഹൈസ്കൂൾ വിദ്യാഭ്യാസത്തോടൊപ്പം തൊഴലധിഷ്ടിത വിദ്യാഭ്യാസത്തന് അവസരം ഏർപ്പെടുത്തുക.
13. ഹൈസ്കൂൾ തലത്തിൽ കമ്പ്യൂട്ടർ പരിശീലനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.

പട്ടിക 1 A
വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| നമ്പർ സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 1. ഗവ: F H.S കുഴിത്തുറ | ഗവ: | 506 | 538 | 1044 | 17 | 14 | 31 |
| 2. ഗവ: H S ചെറിയഴീക്കൽ | ‘ | 315 | 321 | 636 | 7 | 18 | 25 |
| 3. G R F T S ആല്പ്പാട് | ഗവ: | 85 | – | 85 | 5 | 4 | 9 |
| 4. V H S ചെറിയഴീക്കൽ | ‘ | 105 | 90 | 195 | 1 | 6 | 7 |
| 5. ഗവ: U P S ആഴീക്കൽ | ‘ | 319 | 280 | 599 | 6 | 10 | 16 |
| 6. K V K V M U P S ചെറിയഴീക്കൽ | എയിഡഡ് | 216 | 184 | 400 | 1 | 10 | 11 |
| 7. R C E L P S അഴീക്കൽ | ഗവ: | 138 | 131 | 269 | 1 | 4 | 5 |
| 8. ഗവ: H W L P S ശ്രായിക്കാട് | 50 | 39 | 89 | 1 | 3 | 4 | |
| 9. ആലപ്പാട്ട് തുറ L P S | എയ്ഡഡ് | 143 | 122 | 165 | 0 | 7 | 7 |
| 10. ഗവ: L P S ചെറിയഴീക്കൽ | ഗവ: | 155 | 139 | 294 | 2 | 8 | 10 |
| 11. ബാബുജി ജൂനിയർ L P S ചെറിയഴീക്കൽ | അൺ എയിഡഡ് | 61 | 41 | 102 | 0 | 6 | 6 |
| 12. ഗവ: L P S പണ്ടാരത്തുരുത്ത് | ഗവ: | 122 | 121 | 243 | 1 | 7 | 8 |
| ആകെ | | 2185 | 2005 | 4190 | 42 | 97 | 139 |

പട്ടിക 1 B
LP, UP, HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ കുട്ടികൾ | LP | | | UP | | | H S | | | ശരാശരി |
|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | %പെൺ | ആൺ | പെൺ | %പെൺ | ആൺ | പെൺ | %പെൺ | ശതമാനം |
| 4190 | 932 | 794 | 46 | 648 | 623 | 49 | 605 | 588 | 49 | 48 |

പട്ടിക 1 C

പട്ടികജാതി വിഭാഗഗത്തിലുള്ള വിദ്യാർത്ഥികളുടെ കണക്ക്

| ആകെ | LP | | ആകെ | UP | | ആകെ | HS | |
|---|---|---|---|---|---|---|---|---|
| | SC | % | | SC | % | | SC | % |
| 1726 | 29 | 1.67 | 1721 | 13 | 1.02 | 1193 | 10 | .08 |

പട്ടിക 1 D

പഠനം നിർത്തിയവരുടെ കണക്ക്

| SC | | | മറ്റുള്ളവർ | | | ആകെ |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| ഇല്ല | ഇല്ല | - | 16 | 12 | 28 | 28 |

പട്ടിക 1 E

ഗവ: സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അദ്ധ്യാപകർ പഞ്ചായത്തിൽ | ഗവ: വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം | % ഗവ: അദ്ധ്യപകരുടെ | പഞ്ചായത്തിലെ വിദ്ധ്യാർത്ഥി കളുടെ എണ്ണം | ഗവ: വിദ്യാലയങ്ങളിലെ വിദ്ധ്യാർത്ഥി കളുടെ എണ്ണം | ഗവ: വിദ്യാലയങ്ങളിലെ വിദ്ധ്യാർത്ഥി കളുടെ ശതമാനം |
|---|---|---|---|---|---|
| 139 | 117 | 84.17 | 4190 | 3419 | 81.60 |

## പട്ടിക 1 F
### അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | മാതൃസംഘം സജീവം | ക്ലാസ് പി ടി എ പ്രവർത്തിക്കുന്നുണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 5 | 5 | 5 | 5 | 7 | 2 | 3 | 0 | 3 | 1 | 56 | 5 | 5 |
| ഇല്ലാത്തത് | 7 | 7 | 7 | 7 | 5 | 10 | 9 | 12 | 9 | 11 | – | 7 | 7 |

## പട്ടിക 1 G
### ഭൗതിക സൗകര്യങ്ങളുടെ വിവരം

| നമ്പർ | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ ആദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | R C E L P S അഴീക്കൽ | 269 | 5 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 2. | ഗവ: U P S അഴീക്കൽ | 599 | 16 | 1 | 1 | ഇല്ല | ഉണ്ട് |
| 3. | ഗവ: H W L P S ശ്രായിക്കാട് | 89 | 4 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 4. | ഗവ: F H S കുഴിത്തുറ | 1044 | 31 | 2 | 1 | ഉണ്ട് | ഉണ്ട് |
| 5. | ആലപ്പാട്ട് തുറ L P S | 265 | 7 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 6. | G R F T H S ആലപ്പാട് | 55 | 9 | ഇല്ല | 1 | ഉണ്ട് | ഉണ്ട് |
| 7. | ഗവ: L P S ചെറിയഴീക്കൽ | 294 | 10 | 1 | 1 | ഉണ്ട് | ഉണ്ട് |
| 8. | ഗവ: H S ചെറിയഴീക്കൽ | 636 | 28 | 2 | ഇല്ല | ഇല്ല | ഉണ്ട് |
| 9. | V H S ചെറിയഴീക്കൽ | 195 | 7 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 10. | ടചെറിയഴീക്കൽ | 400 | 19 | 2 | 1 | ഉണ്ട് | ഇല്ല |
| 11. | ബാബുജി ജൂനിയർ സ്കൂൾചെറിയഴീക്കൽ | 102 | 6 | 2 | ഇല്ല | ഉണ്ട് | ഇല്ല |
| 12. | ഗവ: L P S പണ്ടാരത്തുരുത്ത് | 243 | 8 | 2 | 1 | ഇല്ല | ഇല്ല |
| | ആകെ | 4190 | 139 | 14 | 16 | 8 | 6 |

⌘⌘⌘



# കുടിവെള്ളം

പഞ്ചായത്തിൽ കഷ്ടിച്ച് 70 കൊല്ലം മുമ്പുവരെ എവിടെ കുഴിച്ചാലും നല്ല വെള്ളം ലഭിക്കുമായിരുന്നു. കുളവും കിണറും നിരവധി ഉണ്ടായിരുന്നു. കൂടാതെ വെള്ളം ലഭിക്കുമായിരുന്ന കുഴികളും. ഈ നില മാറിയത് കടലടുപ്പം കൊണ്ടല്ല. മറിച്ച് കടലാക്രമണം മൂലവും കരകവിഞ്ഞുള്ള കടലൊഴുക്കുമൂലവുമാണ്. ഇന്ന് 'വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിക്കാനില്ലത്രെ.' എന്നതാണ് സ്ഥിതി.

ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽ നിന്നും ശുദ്ധജലം ഈ പഞ്ചായത്തിൽ എത്തിക്കാനുള്ള ശ്രമം നടത്തിയിരുന്നുവെങ്കിലും വിജയിച്ചില്ല.

പകരമെന്നോണം വന്നതാണ് കുഴൽക്കിണർ. തീരെ ദരിദ്രമായ വടക്കൻ വാർഡുകളിലാണ് ആദ്യമാദ്യം സ്ഥാപിച്ചത്. 15 കുഴൽക്കിണറുകളിൽ 11 ഉം നശിച്ചു. അവശേഷിക്കുന്ന നാലിൽ രണ്ടെണ്ണം പുതിയതാണ്. അതിലൊന്ന് കമ്മീഷൻ ചെയ്തിട്ടുമില്ല. കുഴൽക്കിണറുകൾക്കനുബന്ധമായി ആറോ എട്ടോ ടാപ്പുകൾ പിടിപ്പിച്ച ചെറിയ ടാങ്കുകൾ ചിലയിടങ്ങളിൽ കെട്ടിയതു് പലപ്പോഴും പല ബഹളങ്ങൾക്കും വഴിവച്ചിട്ടുണ്ട്.

പറയക്കടവിലും ആയിരം തെങ്ങിലും രണ്ടു പമ്പരങ്ങൾ പിടിപ്പിച്ചിരുന്നത് രണ്ടും ഇതിനകം നശിച്ചുപോയി.

റൂറൽ വാട്ടർ സപ്ളൈ സ്കീം 1969-ൽ ആദ്യമായി ശ്രായിക്കാടു നടപ്പിലാക്കിയതു വഴിയാണ് ഓവർ ഹെഡ് ടാങ്കിൽ നിന്നും പൈപ്പുവഴി ജലവിതരണം തുടങ്ങിയത്. ക്രമേണ പഞ്ചായത്തിന്റെ തെക്കൻ പ്രദേശങ്ങളിലും ഇത് നടപ്പിലായി. ഇത്രയൊക്കെയായിട്ടും കുടിവെള്ളത്തിന്റെ ലഭ്യത ശരിയായില്ല. ആലപ്പാട്ടു തുറയിൽ ഒരു കുഴൽക്കിണർ സ്ഥാപിക്കുവാനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 4.5 ലക്ഷം രൂപ അനുവദിച്ചു. ഇതിൻ പ്രകാരം കരുനാഗപ്പള്ളി പഞ്ചായത്തിൽ മുഴങ്ങോട്ടുവിളയിൽ പമ്പുഹൗസ് സ്ഥാപിച്ചു. എന്നാൽ ഇതിന്റെ പ്രയോജനം ആലപ്പാടു പഞ്ചായത്തുകാർക്ക് ഭാഗികമായി മാത്രമേ ലഭിക്കുന്നുള്ളൂ.

മറ്റൊരു നടപടി കൈക്കൊണ്ടത് ആലുംകടവ് - ആലുംപീടിക സ്കീമിൽ നിന്നും വള്ളിക്കാവു വഴി കായലിനടിയിലൂടെ കടലോരത്ത് വെള്ളമെത്തിക്കുകയാണ്. ഇതേതായാലും അമൃതാനന്ദമയി ആശ്രമത്തിന് പ്രയോജനപ്പെട്ടു.

കുഴൽക്കിണറുകളിൽ നിന്നും നേരിട്ടെടുക്കാമായിരുന്ന വെള്ളം ഇപ്പോൾ പമ്പിംഗില്ലാതെ പറ്റില്ലെന്ന അവസ്ഥയിലായി. പുതിയ കാവിനു പടിഞ്ഞാറുവശവും ക്ളാപ്പനയിലും ഇറിഗേഷനുവേണ്ടി രണ്ടുവൻതരം കുഴൽ കിണറുകൾ സ്ഥാപിച്ചതോടെയാണ് ഈ ദുഃസ്ഥിതി ആലപ്പാട്ടുകാർക്കുണ്ടായത്.

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള ട്യൂബു വെല്ലുകൾ കാലാകാലങ്ങളിൽ ഡെവലപ്പു ചെയ്യുക.

2. ഓവർ ഹെഡ് ടാങ്ക് 25,000 ലിറ്റർ കപ്പാസിറ്റിയിൽ 2, 4, 7, 10 വാർഡുകളിൽ നാലെണ്ണമെങ്കിലും നിർമ്മിച്ച് പരസ്പരം ബന്ധിപ്പിക്കുക.

3. ഓച്ചിറ - ആലുംപീടിക - ആലുംകടവ് സ്കീമിൽ ആലപ്പാടും ഉൾക്കൊള്ളിച്ച് അച്ചൻകോവിലാറ്റിൽ നിന്നുള്ള ശുദ്ധജലവിതരണം നടത്തുക.

4. കഴിയുന്നിടത്തോളം വിതരണ പദ്ധതിയിൽ തുരുമ്പിക്കുന്ന പൈപ്പുകൾ ഉപയോഗിക്കാതിരിക്കുക.

5. പമ്പുഹൗസുകളിൽ നിർബന്ധമായും മൂന്നു ഷിഫ്റ്റ് പ്രവർത്തിപ്പിക്കുക.

6. പൈപ്പിന്റെ ടാപ്പുകൾ ബലവത്തായതുമാത്രം ഉപയോഗിക്കുക.

7. ജില്ലയിലെ വിദേശസഹായപദ്ധതികളിൽ ഈ പഞ്ചായത്തിന് ഒന്നാംപരിഗണന നൽകുകയും മൈനിംഗ് ഏരിയാ വെൽഫയർ ഫണ്ടിൽ നിന്നും യുക്തമായ വിഹിതം നീക്കിവയ്ക്കുകയും ചെയ്യുക.

8. ജലലഭ്യതയനുസരിച്ച് ആവശ്യത്തിന് ഹൗസ് കണക്ഷനുകൾ നൽകുക.

9. ശുദ്ധജല ദുരുപയോഗം കർശനമായി തടയുക.

10. 100 മീറ്ററിന് ഒരു ടാപ്പെങ്കിലും ഉറപ്പിക്കുക.

11. പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി പൂർണ്ണമായും സർക്കാർ സഹായത്തോടുകൂടി പഞ്ചായത്തിന് വിട്ടുനൽകുന്നതിന് തീരുമാനിക്കുക.

12. ആലപ്പാട് ട്യൂബ് വെല്ലുകളിൽ നിന്നും ലഭിക്കുന്ന വെള്ളത്തിൽ ഇരുമ്പിന്റെ അംശം വളരെ കൂടുതലാണെന്ന് കണ്ടെത്തിയിരുന്നു. ഇതിന്റെ ശുദ്ധീകരണം നടത്തുന്നതിനുള്ള പ്ളാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ സഹായത്തോടുകൂടി പദ്ധതി നടപ്പിലാക്കുക.

ശേഷം61ാംപേജിൽ



# പൊതുജനാരോഗ്യം

ചെറിയഴീക്കൽ പ്രവർത്തിച്ചിരുന്ന എൽ. എം. എസ്സ് കാരുടെ ആശുപത്രി പ്രവർത്തനം 1955 ഓടുകൂടി അവസാനിപ്പിച്ചപ്പോൾ ആതുരശുശ്രൂഷാ രംഗത്ത് ഈ വരമ്പിൽ അവശേഷിച്ചത് ശ്രായിക്കാട് ഗവൺമെന്റ് ആയുർവേദ ദിസ്പൻസറിമാത്രമായിരുന്നു. പഞ്ചായത്തിലെ പൊതു മരണനിരക്ക്, ശിശു മരണനിരക്ക്, ജനനനിരക്ക്, രോഗാതുരത എന്നിവയുടെ കണക്ക് നൽകുന്നതാണ്.

1968ൽ ആലപ്പാട് ഒരു ഹെൽത്തു സെന്ററും 1975 അഴീക്കൽ ഫിഷറീസ് ഡിസ്പൻസറിയും നിലവിൽ വന്നു. കൂടാതെ വെള്ളതുരുത്തിൽ മൈനിംഗ് ഏരിയ വെൽഫയർ ഫണ്ടുപയോഗി ചെറിയൊരു ചികിൽസാകേന്ദ്രവും ആലപ്പാടും പണ്ടാരത്തുരുത്തും ശിശു ക്ഷേമത്തിനും പ്രസവത്തിനുമുള്ള ഓരോ കേന്ദ്രങ്ങളും ഉണ്ടായി. എന്നാൽ ഇപ്പോൾ ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല.ഏറ്റവും ഒടുവിൽ പറയകടവിൽ ഒരു ശിശുക്ഷേമകേന്ദ്രം തുടങ്ങുന്നതിനാവശ്യമായ കെട്ടിടം ഉണ്ടായി.

സ്വകാര്യ മേഖലയിൽ അഴീക്കലും ശ്രായിക്കാടും ഓരോ അലോപ്പതി ചികിൽസാ കേന്ദ്രങ്ങളും അഴീക്കൽ ഒരു ഹോമിയോ ആശുപത്രിയും പറയക്കടവിൽ മാതാ അമൃതാനന്ദമയി ആശ്രമത്തിന്റെ സൗജന്യ ചികിൽസാ കേന്ദ്രവും പ്രവർത്തിച്ചു തുടങ്ങി.സർക്കാർ ആശുപത്രികളുടെ സ്ഥിതി വളരെ ദയനീയമാണ്. ഡോക്ടർമാരുടെ അഭാവവും മരുന്നുകളുടെ ലഭ്യതക്കുറവും ആശുപത്രി പ്രവർത്തനങ്ങൾക്ക് തടസ്സമാവുന്നു.

1945 ലെ കോളറയ്ക്കു ശേഷം മാരകമായ പകർച്ചവ്യാധികൾ ഉണ്ടായിട്ടില്ല. ചില കാലങ്ങളിൽ ചിക്കൻപോക്സ് പിടി പെടാറുമുണ്ട്. ക്ഷയം. തളർവാതം, ഹൃദ്രോഗങ്ങൾ, അർബുദം, എന്നിവ മറ്റുപ്രദേശങ്ങളെക്കാൾ കുടുതലാണോ ഇവിടെ എന്ന് സംശയം ഉണ്ട്. മന്ദബുദ്ധി, ഗർഭാശയരോഗം, മഞ്ഞപ്പിത്തം, ചെങ്കണ്ണ്, വയറിളക്കം, ആസ്മ തുടങ്ങിയവയും കണ്ടുവരുന്നു.

ആവശ്യത്തിന് കക്കൂസുകളില്ല, സേഫ്ടിടാങ്ക് ലാറ്റിനുകൾ ജല ലഭ്യതയുമായി ബന്ധപ്പെട്ടതാണ്. കക്കൂസിന്റെ സൗകര്യം ഇല്ലാത്തവർക്ക് വാർഡ് തലങ്ങളിൽ പൊതുകക്കൂസുകൾ സ്ഥാപിച്ച് സമാന്തര ജല വിതരണം നടപ്പിലാക്കുകയും ചെയ്യുക. പൊതു ശ്മശാനങ്ങൾ ഇപ്പോഴും നിലവിൽ ഇല്ല. പൊതു ശ്മശാനങ്ങൾ പ്രാവർത്തികമാക്കണമെങ്കിൽ പതിനൊന്ന് ശ്മശാനങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

1 പി. എച്ച് സെന്ററുകൾ ഇരുപത് കിടക്കകൾ ഉള്ള ആശുപത്രികൾ ആക്കുകയും, ഡോക്ടർ ജീവനക്കാർ എന്നിവരെ നിയമിക്കുകയും ചെയ്യുക.

2 ശ്രായിക്കാട് ആയുർവേദ ഡിസ്പൻസറി ഇരുപത് കിടക്കകൾ ഉള്ള ആശുപത്രിയായി വികസിപ്പിക്കുകയും ഡോക്ടർ മറ്റ് ജീവനക്കാർ എന്നിവരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുക.

3 പഞ്ചായത്തിൽ രണ്ട് വാർഡുകളിൽ ഹോമിയോ ഡിസ്പൻസറികൾ ആരംഭിക്കുക.

4 പഞ്ചായത്തിൽ പണ്ടാരത്തുരുത്തിലെ ശിശു ക്ഷേമകേന്ദ്രവും പ്രവർത്തന ക്ഷമമാക്കുക. അഴീക്കൽ 3-ാം വാർഡിൽ അനുവദിക്കപ്പെട്ട് പണിതുടങ്ങിയ ആരോഗ്യകേന്ദ്രം പ്രവർത്തനമാരംഭിക്കുക.

5 സിദ്ധവൈദ്യവും, വിഷ ചികത്സയും നിലനിർത്തുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളുക.

6 പഞ്ചായത്തിൽ ഒരു സഞ്ചരിക്കുന്ന ആരോഗ്യകേന്ദ്രം (കായലിലൂടെ) ആരംഭിക്കുക.

7 കൊതുകു നിർമ്മാർജ്ജനത്തിനായി കെട്ടി കിടക്കുന്ന വെള്ളം ഒഴിവാക്കുവാനുള്ള നിർഗഗമന പദ്ധതി നടപ്പിലാക്കുക.

8 അലഞ്ഞു തിരിയുന്ന നായ്ക്കളെ നിർമ്മാർജ്ജനം ചെയ്യുക.

9 നിർബന്ധിത നേത്രചികിത്സാ ക്യാമ്പും, ആരോഗ്യ സർവ്വേയും സംഘടിപ്പിക്കുക.

10 ആയുർവേദ നഴ്സിംഗ് ഹോം ആരംഭിക്കുക.

11 പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പരിസരശുചീകരണ പദ്ധതികൾ ആവിഷ്ക്കരിക്കുക.

12 ഓരോവീട്ടിലും കമ്പോസ്റ്റും കുഴികൾ നിർമ്മിച്ച് ജൈവവള ഉൽപാദനത്തിലൂടെ കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

13 ആലപ്പാടു കാക്കതുരുത്തിൽ കെട്ടികിടക്കുന്ന മലിന ജലം നിർഗമിക്കാനുള്ള സൗകര്യമുണ്ടാക്കുക. അവിടെ ജലം കെട്ടി കിടന്ന് കുട്ടികളിൽ മാരക രോഗങ്ങൾ പടരുന്നു.

14 Xാം വാർഡിൽ മുക്കും പുഴ റോഡിന് കുറുകെ കെട്ടി

ശേഷം61ാംപേജിൽ



# ഗതാഗതം

പഞ്ചായത്തിലെ ജനസംഖ്യ 24760 ആണ്. കായലും തോടുകളും പാടശേഖരങ്ങളും നിറഞ്ഞിരുന്ന ഈ പ്രദേശത്തെ ജനങ്ങൾ പണ്ട് കാലം മുതൽ ജല മാർഗ്ഗ ഗതാഗതത്തെയാണ് ആശ്രയിച്ചിരുന്നത്. കടൽ ക്ഷോഭം നാൾക്കുനാൾ വർദ്ധിച്ചു വരുകയും കടൽ കയറി ഒഴുകുകയും ചെയ്തതിന്റെ ഫലമായി പാടശേഖരങ്ങൾ മുഴുവനും നശിച്ച് കഴിഞ്ഞു. ബോട്ട് ഗതാഗതവും നിലച്ചു. ബോട്ട് യാത്രയ്ക്ക് നിർമ്മിച്ചിരുന്ന ബോട്ട് ജട്ടികൾ ഇന്നും നോക്ക്കുത്തികൾ പോലെ നിലനിൽക്കുന്നു. 1977 കാല ത്തോടെയാണ് ഈ പഞ്ചായത്ത് പ്രദേശത്തെ എൻ എച്ച് 47 ൽ ബന്ധിപ്പിക്കുന്ന ഒരു പാലം പഞ്ചായത്തിന്റെ തെക്കേ അറ്റത്ത് സ്ഥാപിതമായത് (പണിക്കർ കടവ് പാലം) ഈ പാലം വന്നതോടുകൂടി വാർഡ് XI വെള്ള നാതുരുത്ത്. X പണ്ടാരത്തുരുത്ത്, IX, VIII ചെറിയഴീ ക്കൽ എന്നീ വാർഡുകളിലെ ജനങ്ങൾക്ക് ഗതാഗത സൗകര്യം ലഭിച്ചു. എന്നാൽ വാർഡ് VII മുതൽ I വരെ യുള്ള പ്രദേശങ്ങളിലെ ജനങ്ങൾ കടത്തുവള്ളം കടന്നും, നടന്നും മറ്റ് പ്രദേശങ്ങളിലെത്തിയ ശേഷമാണ് വാഹന ഗതാഗതത്തെ ആശ്രയിക്കുന്നത്. നിലവിൽ നില നിൽക്കുന്ന ബോട്ട് ജെട്ടികൾ, ഇപ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കടത്തുകടവുകൾ എന്നിവയുടെ വിവ രങ്ങൾ അനുബന്ധം A യിൽ ചേർക്കുന്നു.

1977ൽ പണിക്കർ കടവ് പാലം സ്ഥാപിതമായ ശേഷമാണ് വെള്ളനാതുരുത്ത്, ചെറിയഴീക്കൽ വരെയും തുടർന്ന് 1982 ആയപ്പോൾ അഴീയ്ക്കൽ പൊഴിമുഖം വരെയും പഞ്ചായത്തിലെ എല്ലാ വാർഡുകളുടെയും കടന്ന് പോകുന്ന ഒരു പഞ്ചായത്ത് റോഡ് സ്ഥാപിതമായത്. 17 കിലോമീറ്റർ നീളത്തിൽ പഞ്ചായ ത്തിന്റെ നീളത്തിലുണ്ടെങ്കിലും നിരന്തരമായ കടൽക്ഷോഭം കാരണം റോഡ് ഗതാഗതയോഗ്യമല്ലാ തായിരിക്കുന്നു.പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള റോഡും അതുമായി ബന്ധപ്പെടുത്തി പ്രധാന കടത്ത് കടവുകളിലേക്കും കൂടുതൽ ആവശ്യമായ തീരങ്ങളി ലേയ്ക്കും 1982ന് ശേഷം പലപ്പോഴായി നിർമ്മിച്ചിട്ടുള്ള പഞ്ചായത്ത് റോഡുകളും, നിർമ്മിക്കണമെന്ന് ആവശ്യ പ്പെട്ടിട്ടുള്ള നടപ്പാതകളുടെയും വിവരങ്ങൾ അനുബന്ധം B യിൽ ചേർക്കുന്നു.

1. പഞ്ചായത്ത് റോഡ് P W D റോഡായി ഉയർത്തുക.

പഞ്ചായത്തിൽ നിലവിലുള്ള റോഡിൽ തെക്ക് നിന്നും ആറര കിലോമീറ്റർ നീളത്തിൽ മാത്രമെ P W D ഏറ്റെടുത്തിട്ടുള്ളൂ. എന്നാൽ പണി ആരംഭിച്ചിട്ടില്ല. P W D കല്ലു സ്ഥാപിച്ച നീളത്തിൽ എത്രയും പെട്ടന്ന് വീതി കൂട്ടലും മെറ്റലിംഗും ടാറിംഗും നടത്തുക. തുടർന്ന് 10.5 കിലോമീറ്റർ നീളത്തിൽ കായംകുളം അഴീക്കൽ പൊഴിമുഖം വരെ P W D ഏറ്റെടുത്ത് റോഡ് ഗതാഗത യോഗ്യമാക്കണമെന്ന് ആവശ്യപ്പെടുന്നു. പഞ്ചായത്തിലെ 11 വാർഡുകളിലേയും ഗ്രാമസഭകളുടെ റിപ്പോർട്ട്കളിൽ ഈ ആവശ്യം മുൻഗണനയോടെ ആവശ്യപ്പെട്ടിരിക്കുന്നു.

2. പഞ്ചായത്ത് പ്രദേശം 17 കിലോമീറ്റർ നീളത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ പഞ്ചായത്തിന്റെ വടക്കൻ ഭാഗത്ത് ഓച്ചിറയുമായി നേരിട്ട് ഗതാഗത സൗകര്യം ഏർപ്പെടുത്തുവാൻ അഴീക്കൽ നിന്നും ആയിരം തെങ്ങി ലേക്ക് ഒരു പാലം നിർമ്മിക്കുക. പണിക്കർകടവ് പാലം കരുനാഗപ്പള്ളിയുമായി ബന്ധിപ്പിക്കുന്നതിനാൽ, അഴീ ക്കൽ നിന്നും ആയിരം തെങ്ങിലേക്ക് ഒരു പാലം നിർമ്മി ച്ചാൽ ഈപഞ്ചായത്തിലെ യാത്രാക്ലേശം സ്ഥായിയായി പരിഹരിക്കുവാൻ കഴിയുന്നതാണ്. പഞ്ചായത്തിലെ എല്ലാ ഗ്രാമ സഭാ റിപ്പോർട്ടുകളിലും ഈ ആവശ്യം അടി വരയിട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

എന്നാൽ നിലവിലുള്ള ചില തടസ്സങ്ങൾ ഉണ്ടാ യാൽ ഒഴിവാക്കാൻ വേണ്ടി പുതുതായി സ്ഥലം അക്വ യർ ചെയ്യാതെ തന്നെ അഴീക്കൽ ശ്രീ മുരുക ക്ഷേത്ര ത്തിൽ നിന്നും പോക്കാട്ട് മണ്ണേൽ കടവിലേക്ക് പാലം നിർമ്മിക്കാൻ സാധ്യതയുണ്ട്. ഈ പാലം നിർമ്മി ക്കുന്നത് വഴി ക്ലാപ്പന, കുലശേഖരപുരം, ഓച്ചിറ, ദേവി കുളങ്ങര പഞ്ചായത്തുകളിലെ താഴെ പറയുന്ന റോഡു കൾ കടന്നുപോകുന്ന പ്രദേശങ്ങളിൽ താമസ്സിക്കുന്ന വർക്ക് വളരെ ഗുണകരമായിരിക്കും.

A. ക്ലാപ്പന പഞ്ചായത്തിലെ പാട്ടത്തിൽക്കടവ് വഴി ആലുംപീടിക – ഓച്ചിറ

B. പാട്ടത്തിൽക്കടവ് – ഇടയനമ്പലം – പ്രയാർ – ഓച്ചിറ

C. പാട്ടത്തിൽക്കടവ് വള്ളിക്കാവ് വഴി കരുനാ ഗപ്പള്ളി.

2.(A) പഞ്ചായത്തിന്റെ മധ്യ ഭാഗത്ത് ഒരു പാലം നിർമ്മി ക്കുകയും (ആലപ്പാട്-കാട്ടിൽക്കടവ്) മുന്നോടിയായി ഒരു ചങ്ങാട സർവ്വീസ് തുടങ്ങുകയും ചെയ്യുക.

3. ദേശീയ ജലപാതക്ക് വേണ്ടി കായൽ ആഴം കൂട്ടുന്ന

തിനായി ട്രഡ്ജ് ചെയ്യുന്ന മണ്ണ് ആലപ്പാട് പഞ്ചായത്തിന്റെ പടിഞ്ഞാറേ കായൽത്തീരത്ത് നിക്ഷേപിച്ച് കായൽ നികത്തി കായൽത്തീരം വഴി പഞ്ചായത്തിൽ ഒരു പാരലൽ റോഡിന്റെ നിർമ്മാണം ഉറപ്പുവരുത്തുകയും വീതി കൂടുതലുള്ള ഇടങ്ങളിൽ പാർപ്പിട പദ്ധതികൾ നടപ്പാക്കാനും സാദ്ധ്യതയും ഉണ്ട്. കടലിന്റെ തീരത്ത് കൂടി പോകുന്ന പ്രധാന റോഡ് കടൽ ക്ഷോഭത്തിൽ തകർന്ന് ഏതുസമയത്തും ഗതാഗതം നിലക്കാൻ സാധ്യത ഏറെയാണ്. ഈ റോഡ് നീണ്ടകര തുറമുഖത്തേയും അഴീക്കൽ തുറമുഖത്തേയും തമ്മിൽ ബന്ധിപ്പിക്കുക.

4. കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കിയില്ലെങ്കിൽ പഞ്ചായത്തിന്റെ നിലനിൽപ്പ് തന്നെ ചോദ്യം ചെയ്യപ്പെടും. നിലവിലുള്ള കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ അശാസ്ത്രീയവും ഫലപ്രദമല്ലാ എന്നും ഇതിനകം തെളിഞ്ഞിട്ടുണ്ട്. ആകയാൽ സംസ്ഥാന സർക്കാർ പ്രത്യേക പരിഗണന ഈ മേഖലക്ക് നൽകണം.

5. ആവശ്യമായ ഓടകൾ നിർമ്മിച്ചും തോടുകളുടെ പാർശ്വങ്ങളിൽ റീട്ടെയിനിംഗ് വാൾ കെട്ടി സംരക്ഷിച്ചും പരിസ്ഥിതി പ്രശ്നമായ ജല മലിനീകരണം തടഞ്ഞും സാംക്രമിക രോഗങ്ങൾ വരാനുള്ള സാധ്യത തടയണം.

കാലാ കാലങ്ങളിൽ കടലാക്രമണ സമയങ്ങളിൽ കടലടിച്ച് കയറി ഒഴുകുന്നതിനാൽ പാടങ്ങളും തോടുകളും ജല നിർഗ്ഗമന മാർഗ്ഗങ്ങളും മണ്ണുമൂടി നികന്നുപോയിട്ടുണ്ട്. ആകയാൽ അനുബന്ധം C യിൽ ചേർത്തിട്ടുള്ള പ്രദേശങ്ങളിൽ നികന്ന് പോയ തോടുകൾ പുനർ നിർമ്മിക്കുക. തോടുകൾ പുനർ നിർമ്മിക്കുമ്പോൾ ലഭിക്കുന്ന മണ്ണുപയോഗിച്ച് തോട്ടിൻ കരയിലെ റോഡ് വികസിപ്പിക്കുക.

6. ജല ഗതാഗതം പുനസ്ഥാപിക്കുക

ജല ഗതാഗത സൗകര്യം പുനസ്ഥാപിക്കുകയാണെങ്കിൽ കായംകുളം കായലിന്റെ ഇരു തീരങ്ങളിലും അധിവസിക്കുന്ന ജനങ്ങളുടെ ഗതാഗത സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുവാൻ കഴിയുന്നതാണ്. ധാരാളം വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഇവിടത്തെ ജലഗതാഗത സൗകര്യം നാട്ടുകാർക്ക് കൂടി ലഭ്യമാകത്തക്ക വിധം പുന സംവിധാനം ചെയ്യുക. ഇതിനായ് താഴെപ്പറയുന്ന കാര്യങ്ങൾ ഉടൻ നടപ്പിലാക്കുക.

I കൊല്ലം – ആലപ്പുഴ റൂട്ടിൽ കാര്യക്ഷമമായ ബോട്ട് സർവ്വീസ് ആരംഭിക്കുക.

II പ്രയോജനകരമായ സമയങ്ങളും ട്രിപ്പുകളും പഞ്ചായത്ത് ഭരണ സമിതിയുമായി ജല ഗതാഗത വകുപ്പ് ചർച്ച ചെയ്ത് പദ്ധതി രൂപീകരണത്തിന് നടപടികൾ സ്വീകരുക്കുക.

നിലവിലുള്ള പ്രധാന റോഡും ഗ്രാമ വഴികളും ജനശക്തി ഉപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുള്ളതാണ്. തുടർന്നും ഇവയുടെ സമഗ്ര വികസനത്തിന് ജനങ്ങളുടെ അദ്ധ്വാന ശക്തി ശ്രമദാനമായി നൽകാൻ എല്ലാ ഗ്രാമസഭകളും സന്നദ്ധത വാഗ്ദാനം ചെയ്തിട്ടുണ്ട്.

മേൽ നിർദ്ദേശങ്ങൾ അനുസരിച്ച് വികസന പ്രവർത്തനങ്ങൾ പ്ലാനിംഗിൽ ഉൾപ്പെടുത്തി നടപ്പിലാക്കുമ്പോൾ ഈ പഞ്ചായത്തിൽ ആകെ 48.750 കിലോമീറ്റർ റോഡാണ് ഉണ്ടാകുന്നത്. അതിൽ സഞ്ചാര്യയോഗ്യമായ റോഡ് വെറും 17 കിലോമീറ്റർ മാത്രമാണ്.

അകയാൽ അവഗണനയുടെ അഗണ്യ കോടിയിൽ ഇന്നലെ വരെ തള്ളിയിരുന്ന ഈ പഞ്ചായത്തിൽ അധിവസിക്കുന്ന മത്സ്യ തൊഴിലാളികളുടെ ഗതാഗത സൗകര്യം ഒരു പരിധി വരെ മെച്ചപ്പെടുത്തുവാൻ കഴിയുന്നതാണ്.

...........

# പട്ടികകൾ

## അനുബന്ധം A

| വാർഡ് | കടത്ത് വള്ളം പ്രവർത്തിക്കുന്ന കടവുകൾ | | ബോട്ട് ജെട്ടികൾ | |
|---|---|---|---|---|
| 1 | അഴീക്കൽ പൊഴി - വല്ല്യഴീക്കൽ<br>പള്ളിക്കടവ് - ഇടച്ചിറ - ആയിരംതെങ്ങ് | പഞ്ചായത്ത്<br>പഞ്ചായത്ത് | | |
| 2 | അഴീക്കൽ - ആയിരംതെങ്ങ് | P W D | ആയിരംതെങ്ങ് ജെട്ടി | P W D |
| 3. | അഴീക്കൽ മുരുകക്ഷേത്രം - പോക്കാട്ടുമണ്ണേൽ | പഞ്ചായത്ത് | അഴീക്കൽ ജെട്ടി | |
| 4. | ശ്രായിക്കാട് - ക്ലാപ്പന പള്ളിക്കടവ് | P W D | ശ്രായിക്കാട് ജെട്ടി | P W D |
| 5. | വള്ളിക്കാവ് - പറയകടവ് (അമൃതപുരി)<br>പറയകടവ് (കോട്ടയ്ക്കുപുറം) - ആദിനാട് | P W D<br>പഞ്ചായത്ത് | വള്ളിക്കാവ് ജെട്ടി<br>പൈപ്പ് ജെട്ടി | P W D |
| 6. | തുറയിൽ കടവ് - കുഴിത്തുറ<br>കറുകയിൽക്കടവ് - തച്ചന്റയ്യത്ത് കടവ് | P W D<br>പ്രൈവറ്റ് | തുറയിൽക്കടവ് ജെട്ടി | P W D |
| 7. | കാട്ടിൽ കടവ് - ആലപ്പാട് പഞ്ചായത്ത് ഓഫീസ്<br>ആലപ്പാട് - കാക്കത്തുരുത്ത് | P W D<br>പഞ്ചായത്ത് | കാട്ടിൽക്കടവ് ജെട്ടി<br>ആലപ്പാട് ജെട്ടി | |
| 8. | ആലുകടവ് - ചെറിയഴീക്കൽ<br>ചെറിയഴീക്കൽ ക്ഷേത്രം - കല്ലുംമൂട്ടിൽ കടവ് | P W D<br>പഞ്ചായത്ത് | ആലുകടവ് ജെട്ടി | P W D |
| 9. | | | ചെറിയഴീക്കൽ<br>സെൻട്രൽ ജെട്ടി<br>ചെറിയഴീക്കൽ ജെട്ടി | P W D |
| 10. | മൂക്കുംപുഴക്ഷേത്രം - കോഴിക്കോട് | P W D | കോഴിക്കോട് ജെട്ടി | |
| 11. | പത്മനാഭന്റെ കടവ് | പ്രൈവറ്റ് | പത്മനാഭന്റെ ജെട്ടി<br>കരിമുട്ടത്ത് ജെട്ടി | |

## അനുബന്ധം B

| വാർഡ് നമ്പർ | റോഡ് നമ്പർ | റോഡിന്റെ പേര് | നീളം മീറ്റർ | വീതി മീറ്റർ | കലുങ്ക് |
|---|---|---|---|---|---|
| I | 1. | ആയിരംതെങ്ങ് - ഫിഷ്ഫാം റോഡ് | 100 | 6 | " |
| | 2. | കഴുകൻ തുരുത്ത് - കായൽവാരം | 200 | 2 | |
| | 3. | ജയന്തി കോളനി - പള്ളിക്കടവ് | 1000 | 4 | |
| | 4. | വികസനസമിത് മുക്ക് - റിസർച്ച് സെന്റർ മുക്ക് ഭദ്രൻമുക്ക് റോഡ് | 1000 | 2 | |
| | 5. | പഴയ പമ്പ് ഹൗസ് - കായൽതീരം | 800 | 2 | |
| | 6. | കഴുകൻ തുരുത്ത് - റേഷൻ കട റോഡ് | 400 | 2 | |
| | 7. | മെയിൻ റോഡ് - പുന്നമൂട്ടിൽ ശങ്കരൻ പുരയിടം | 800 | 2 | |
| | 8. | പഞ്ചായത്ത് കടവ് - വാലേൽ ശങ്കരൻ പുരയിടം | 900 | 2 | |
| | 9. | ആയിരംതെങ്ങ് - വള്ളിക്കാവ് ബണ്ട് റോഡ് | 2000 | 3 | |
| II | 10 | പ്രധാന റോഡ് - കോളനി എൽ പി എസ് പള്ളിക്കടവ് റോഡ് | 500 | 4 | ' |
| | 11. | പാട്ടത്തിൽ ക്ഷേത്രം - പൂക്കോട്ട് ക്ഷോത്രം പ്രധാന റോഡ് | 700 | 3 | ' |

| | | | | | |
|---|---|---|---|---|---|
| | 12. | പാട്ടത്തിൽ ക്ഷേത്രം – പ്രധാന റോഡ് നടപ്പാത | 500 | 2 | |
| | 13. | കാവിൽ കടത്ത് കടവ് – മുല്ലശ്ശേരിൽ പുരയിടം ഗവ: യു പി എസ് അഴീക്കൽ റോഡ് | 1000 | 3 | |
| | 14. | പ്രധാന റോഡ് – അല്ലിഭവനം – കടകോടി പുരയിടം റോഡ് | 400 | 2 | |
| | 15. | ബാഹുലേയന്റെ പുരയിടം – കോമൺ സാംസ്കാരിക വേദി ജംഗ്ഷൻ നടപ്പാത | 400 | 1 | |
| III | 16. | സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം – പ്രധാന റോഡ് (കടത്ത് കടവ്) | 500 | 6 | " |
| | 17. | പഴയ ബോട്ട് ജെട്ടി – കൗമാരിയുടെ പുരയിടം | 500 | 2 | |
| | 18. | വലിയവീട്ടിൽ പുരയിടം – മെയിൻ റോഡ് | 500 | 2 | |
| | 19. | തൈക്കുട്ടത്തിൽ കടവ് – പൂമുഖത്ത് കടവ് റോഡും തോടും | 500 | 2 | |
| | 20. | മാത്തശ്ശേരിൽ കോളനി – പ്രധാന റോഡ് | 500 | 2 | |
| | 21. | വട്ടപ്പറമ്പിൽ കുഞ്ഞുണ്ണി പുരയിടം– പ്രധാന റോഡ് | 500 | 2 | |
| | 22. | സി. രാജൻ പുരയിടം – പ്രധാന റോഡ് | 500 | 2 | |
| IV | 23. | അഴീക്കൽ സുബ്രഹ്മണ്യ ക്ഷേത്രം – ശ്രായിക്കാട് ആശുപത്രി റോഡ് | 1500 | 2 | |
| | 24. | ശ്രായിക്കാട് കടത്ത് കടവ് – ക്ഷേത്രറോഡ് | 500 | 6 | " |
| | 25. | ഗവ: വെൽഫയർ എൽ പി എസ് – പുതുവൽ പുരയിടം നടപ്പാത | 400 | 1 | |
| | 26. | കടത്തുകടവ് – മരയ്ക്കാശേരിൽ പുരയിടം | 500 | 1 | |
| | 27. | ആവണി ജംഗ്ഷൻ – കായൽത്തീരം | 300 | 2 | |
| | 28. | ഒതളത്ത് മുട്ടിൽ പുരയിടം – കലുങ്ക് റോഡ് | 200 | 1 | |
| | 29. | ദേശ ബന്ധു ജംഗ്ഷൻ – കായൽത്തീരം | 400 | 2 | |
| | 30 | പ്രധാന റോഡ് പി ബി മംഗലം – കായൽത്തീരം | 400 | 1 | |
| | 31 | വല്യത്ത് പുരയിടം – മെയിൻ റോഡ് ബണ്ട് റോഡ് | 500 | 2 | |
| V | 32. | വള്ളിക്കാവ് കടത്ത് – പ്രധാന റോഡ് | 300 | 3 | |
| | 33. | പൊന്നാ ഭഗവതി ക്ഷേത്രം – മെയിൻ റോഡ് | 600 | 6 | " |
| | 34. | മെയിൻ റോഡ് – കല്ലശ്ശേരിൽ പുരയിടം | 500 | 2 | |
| | 35. | കുഴിത്തുറ സ്കൂൾ – കുഴിക്കളം തുരുത്ത് അമൃതപുരി | 1000 | 3 | |
| VI | 36 | മെയിൻ റോഡ് – എഫ് എച്ച് എസ് കുഴിത്തുറ | 150 | 4 | " |
| | 37. | മെയിൻ റോഡ് – തുറയിൽ കടവ്കടത്ത് | 500 | 4 | " |
| | 38 | കടത്തുകടവ്–എഫ്. എച്ച്. എസ്. കുഴിത്തറ റോഡ് (ശ്രീകൃഷ്ണ ക്ഷേത്രം) | 750 | 2 | |
| | 39 | ശ്രീകൃഷ്ണക്ഷേത്രം നടപ്പാലം–മെയിൻ റോഡ് | 300 | 2 | |
| | 40 | തുമ്പന്റെയ്യത്ത് കടവ്–കറുകയിൽ ജംഗ്ഷൻ | 300 | 3 | |
| VII | 41 | പ്രധാന റോഡ്–ഗോവണിപാലം (ക്ഷേത്രത്തിന് വടക്കു ഭാഗം) | 150 | 3 | |
| | 42 | സുബ്രഹ്മണ്യ ക്ഷേത്രം – കെട്ടിടത്തിൽ കടവ് റോഡ് | 750 | 3 | |
| | 43 | ഗോവണിപാലം–പഞ്ചായത്ത് ഓഫീസ് റോഡ് | 150 | 2 | |
| | 44 | പഞ്ചായത്ത് ഓഫീസ് – മെയിൻ റോഡ് | 200 | 5 | " |

| | | | | | |
|---|---|---|---|---|---|
| VIII | 45 | കാക്കതുരുത്തു ബണ്ട്-തൈമൂട്ടിൽ പുരയിടം റോഡ് | 300 | 2 | |
| | 46 | കാക്കതുരുത്തു കോളനി – കാട്ടിൽകടവ് റോഡ് | 500 | 2 | |
| | 47 | ചെറിയഴീയ്ക്കൽ-കല്ലുംമൂട്ടിൽ കടവ് ഉദ്യോഗതുരുത്ത് റോഡ് | 1000 | 3 | " |
| | 48 | ചെറിയഴീയ്ക്കൽ ക്ഷേത്രം – നടയിൽ തുരുത്ത് നടപ്പാത | 300 | 1 | |
| | 49 | പ്രധാന റോഡ് – ആലുംകടവ് കടത്ത് | 300 | 3 | |
| IX | 50 | അരയിശ്ശേരിൽ കടവ് – മെയിൻ റോഡ് | 200 | 3 | |
| | 51 | ജട്ടി – പ്രധാന റോഡ് | 200 | 2 | |
| | 52 | സെൻട്രൽ ജട്ടി – പ്രധാന റോഡ് | 500 | 3 | " |
| | 53 | ലക്ഷ്മിതുരുത്ത് – പ്രധാന റോഡ് | 1000 | 2 | |
| | 54 | കെ. വി. കെ. വി. എം. യൂ, പി. എസ് – പനവടക്കതിൽ കടവ് | 200 | 1 | |
| X | 55 | പ്രധാന റോഡ് – ചള്ളിയിൽ പുരയിടം | 1000 | 4 | " |
| | 57 | കരയോഗം റോഡ് – കോഴിക്കോട് കടത്ത് | 500 | 2 | |
| | 58 | മുക്കുമ്പുഴ കടത്ത് – കെ. എസ്. കെ. പുരയിടം | 750 | 2 | |
| XI | 59 | മുരുകൻ ക്ഷേത്രം – വെളുത്തമണൽ കോളനി റോഡ് | 1500 | 4 | " |
| | 60 | മെയിൻ റോഡ് – കറുത്തമണൽ കോളനി | 700 | 3 | |
| | 61 | ബസ് സ്റ്റാന്റ് – പത്മനാഭൻ ജട്ടി റോഡ് | 700 | 4 | |

വാർഡ് I മുതൽ വാർഡ് XI വരെയുള്ള ഗ്രാമ റോഡുകൾ ക്രമ നമ്പർ 1 മുതൽ 61 വരെ കോഡ് നമ്പർ കൊടുത്തിരിക്കുകയാണ്.

## അനുബന്ധം C

ഡ്രൈനേജ് – ജലനിർഗമനം, പിരസ്ഥിതി ഗതാഗതം ഇവ സംരക്ഷിക്കുന്നതിനുവേണ്ടി

| | | | | | |
|---|---|---|---|---|---|
| III | 19 | തൈകെട്ടത്തിൽ തോടു പൂമുഖത്തു കടവുവരെ താഴ്ത്തണം മണൽ ബണ്ട് റോഡ് നിർമ്മാണം | 500 | 3 | |
| IV | 31 | വല്യത്ത്തോട് താഴ്ത്തി മണൽ വടക്കുഭാഗത്ത് നിക്ഷേപ്പിച്ച മെയിൻ റോഡിൽ എത്തുന്ന വേറെ റോഡ് നിർമ്മിക്കുക | 400 | 3 | " |
| IV | | പശ്ചിമേശ്വരം ക്ഷേത്രത്തിൽ നിന്നും കായൽതീരം വരെ രണ്ട് മീറ്റർ വീതിയിൽ തോടുനിർമ്മിക്കുക | 400 | 2 | |



# ഊർജ്ജം

നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് ഊർജ്ജ പ്രതിസന്ധി. ആവശ്യത്തിന് വൈദ്യുതിയോ പാചകവാതകമോ മറ്റ് ഇന്ധനങ്ങളോ ആവശ്യാനുസരണം ലഭിക്കാൻ നമുക്ക് കഴിയാതിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ലഭ്യമായ സാങ്കേതികത്വം ഉപയോഗിച്ച് ഈ സാഹചര്യത്തെ നേരിടുവാൻ നാം ശ്രമിക്കണം.

അറേബ്യൻ കടലിനും കായംകുളം കായലിനും മദ്ധ്യേ പിതിനേഴ് കിലോമീറ്റർ നീളത്തിൽ കിടക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്.

തിരമാലയിൽ നിന്നും കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിയ്ക്കുവാൻ കഴിയുന്ന സാഹചര്യത്തിൽ ഈ നാടിനും സംസ്ഥാനത്തിനും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ഇവിടെ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാവുന്നതാണ്.

പാചക ആവശ്യത്തിന് എല്ലാ വീടുകളിലും പ്രധാനമായും ഉപയോഗിക്കുന്നത് വിറക്, മടൽ, ചിരട്ട , തൊണ്ട് മുതലായവയാണ്. മണ്ണെണ്ണ പത്ത് ശതമാനം പേർ ഇന്ധനമായി ഉപയോഗിക്കുമ്പോൾ ഒരു ശതമാനത്തിന് താഴെയുള്ളവർ മാത്രമാണ് പാചക വാതകം ഉപയോഗിക്കുന്നത്. പാചക വാതകത്തിന്റെ കാര്യത്തിൽ ഗ്യാസ് കണക്ഷന് വേണ്ടി ഈ പഞ്ചായത്തിൽ നിലവിൽ ബുക്കിംഗ് സൗകര്യം ഒന്നും തന്നെയില്ല. പുകയില്ലാത്ത പരിഷത്ത് അടുപ്പുകളും അനർട്ടിന്റെ വിലകുറഞ്ഞ അടുപ്പുകളും ഇന്ധന ലാഭത്തിന് വളരെ പ്രയോജനകരമാണ്. ഇതിനായി താഴ്ന്ന വരുമാനക്കാരായ ഈ പ്രദേശത്തെ ജനങ്ങൾക്ക് ആവശ്യമായ അടുപ്പുകൾ വിതരണം ചെയ്യാൻ സമഗ്രമായ ഒരു പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്.

1954ൽ ആണ് ഈ പഞ്ചായത്ത് പ്രദേശത്ത് ആദ്യമായി വൈദ്യുതി എത്തുന്നത്. അതിന് ശേഷം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ക്രമേണ വൈദ്യുതി എത്തിച്ചേർന്നിട്ടുണ്ട് എന്നാൽ പല സാങ്കേതിക കാരണങ്ങളാലും വൈദ്യുതി കണക്ഷൻ ലഭിക്കാത്ത അനേകം കുടുംബങ്ങൾ പഞ്ചായത്തിൽ ഇനിയുമുണ്ട്.പഞ്ചായത്തിലെ പ്രധാന റോഡിൽക്കൂടി വൈദ്യുതി എത്തിയിട്ടില്ലാത്ത ഉദ്ദേശം നാലര കി. മി. വരുന്ന പ്രദേശങ്ങൾ ഇനിയുമുണ്ട്. ഈപ്രദേശത്തെ റോഡുകളിൽ വഴിവിളക്കുകൾ, ഇനിയും സൗകര്യപ്പെട്ടിട്ടില്ല.ഇതിന് പരിഹാരമായി എത്രയും വേഗം പ്രസ്തുത പ്രദേശത്തെ റോഡിൽക്കൂടി വൈദ്യുതി ലൈൻ വലിയ്ക്കണമെന്ന് നിർദ്ദേശിക്കുമന്നു.

ഈ പഞ്ചായത്തിൽ ഉടനീളം ഉദ്ദേശം 13400 മീറ്റർ ത്രീ ഫേസ് ലൈനും 12400 മീറ്റർ സിംഗിൾ ഫേസ് ലൈനും 3150 മീറ്റർ 11 K V ലൈനും 8 ട്രാൻസ്ഫോർമറുകളും 180 വഴിവിളക്കുകളുമാണുള്ളത്. ഇതു സംബന്ധിച്ച വാർഡുതല വിശദീകരണ പട്ടിക ചുവടെ ചേർക്കുന്നു. (പട്ടിക 1 A കാണുക)

ഈ പഞ്ചായത്തിലേക്ക് കരുനാഗപ്പള്ളി നോർത്ത്, സൗത്ത് മേജർ സെക്ഷനുകളും, ഓച്ചിറ മേജർ സെക്ഷനും ഉൾപ്പെടുന്ന 3 കെ എസ് ഇ ബി ഓഫീസുകളുടെ പരിധിയിൽ നിന്നാണ് വൈദ്യുതി ലഭിക്കുന്നത്. പഞ്ചായത്തിൽ 8 ട്രാൻസ്ഫോർമറുകൾ പ്രവർത്തിയ്ക്കുന്നുണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം വളരെ രൂക്ഷമാണ്. ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജിന്റെ കുറവിൽ പരാതിയുള്ളവരാണ്. അതുകൊണ്ട് തന്നെ മിക്കഗ്രാമ സഭകളും പുതിയ ട്രാൻസ്ഫോർമറുകൾ വേണമെന്ന് ആവശ്യം ഉയർത്തിയിട്ടുണ്ട്. ഇവ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| I-ാം വാർഡ് | ഹാർബർ ജംഗ്ഷൻ |
| II-ാം വാർഡ് | രാജൻസ്മാരകം |
| VII-ാം വാർഡ് | ആലപ്പാട് പഞ്ചായത്ത് ജം: |
| IX-ാം വാർഡ് | ചെറിയഴീയ്ക്കൽ |
| X-ാം വാർഡ് | പ്രബോധിനി ജംഗ്ഷൻ |

### പ്രശ്നങ്ങളും നിർദ്ദേശങ്ങളും

വോൾട്ടേജ് ക്ഷാമം. : സന്ധ്യയായാൽ കുട്ടികൾക്ക് പഠിക്കുവാൻ പോലും കഴിയാത്ത രീതിയാണ്. അൽപമെങ്കിലും പ്രകാശം ലഭിക്കുന്നത് രാത്രി 10 മണിയ്ക്ക് ശേഷമാണ്.

7 വ്യവസായ കണക്ഷനുകൾ മാത്രമേയുള്ളുവെങ്കിലും നിലവിലുള്ള ഫ്ളവർ മില്ലുകൾ പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോൾ

# പട്ടിക 1 A

| വാർഡ് | നിലവിലുള്ള ത്രിഫേസ് ലൈൻ | നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ | നിലവിലുള്ള 11 K V ലൈൻ | നിലവിലുള്ള സ്ട്രീറ്റ് ലൈറ്റ് | പുതിയതായി വേണ്ട സ്ട്രീറ്റ് ലൈറ്റ് | പുതിയതായി ആവശ്യമുള്ള സിംഗിൾ ഫേസ് ലൈൻ | പ്രധാന റോഡിൽ പുതിയതായി ആവശ്യമുള്ള സ്ട്രീറ്റ് ലൈറ്റോടു കൂടിയ സിംഗിൾ ഫേസ് ലൈൻ | പുതിയതായി ആവശ്യമുള്ള ട്രാൻസ്ഫോർമറുകൾ | ആകെ വീടുകളുടെ എണ്ണം | ഗാർഹിക ഉപഭോക്താക്കൾ | വ്യാപാര ഉപഭോക്താക്കൾ | വ്യവസായ ഉപഭോക്താക്കൾ | കാർഷിക ഉപഭോക്താക്കൾ | വൈദ്യുതീകരിച്ച ഹരിജൻ വീടുകൾ | വൈദ്യുതീകരിക്കാത്ത വീടുകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | മീറ്റർ | മീറ്റർ | മീറ്റർ | എണ്ണം | എണ്ണം | മീറ്റർ | മീറ്റർ | എണ്ണം | എണ്ണം | എണ്ണം | എണ്ണം | എണ്ണം | എണ്ണം | എണ്ണം | എണ്ണം |
| I | 2.500 | 4000 | 2000 | 9 | 15 | 2000 | 1000 | 1 | 571 | 297 | 53 | - | - | - | 274 |
| II | 1.000 | 1500 | 700 | 8 | 10 | 700 | - | - | 485 | 317 | - | - | - | - | 168 |
| III | 1.000 | 1000 | - | 11 | 11 | 1000 | 1150 | 1 | 476 | 170 | - | 2 | - | 11 | 306 |
| IV | 1.750 | 1250 | 250 | 9 | 15 | 500 | 1750 | - | 495 | 185 | 3 | - | - | - | 310 |
| V | 1.000 | 750 | 200 | 16 | 5 | 300 | 600 | - | 268 | 220 | 8 | - | - | - | 48 |
| VI | .700 | 800 | 350 | 15 | 5 | 250 | - | - | 438 | 296 | 2 | 1 | - | - | 142 |
| VII | 1.500 | 700 | - | 19 | 14 | 300 | 500 | 1 | 538 | 234 | 6 | 2 | - | - | 304 |
| VIII | 1.000 | 800 | 200 | 16 | 7 | 350 | - | - | 510 | 260 | 38 | 1 | - | 1 | 250 |
| IX | .700 | 600 | - | 14 | 7 | - | - | 1 | 484 | 279 | 34 | 2 | - | - | 205 |
| X | 1.000 | 500 | - | 20 | 13 | 750 | - | 1 | 529 | 250 | 11 | 1 | - | - | 279 |
| XI | 1.250 | 500 | 500 | 13 | 8 | 200 | - | - | 430 | 130 | 18 | - | - | - | 300 |
| | 13400 | 12400 | 4200 | 150 | 110 | 6350 | 5000 | 5 | 5224 | 2638 | 173 | 9 | - | 12 | 2586 |

വൈദ്യുതി കണക്ഷന് അപേക്ഷിച്ചിട്ട് നിയമക്കുരുക്കുകൾ കാരണം (മറ്റു വസ്തു ഉടമസ്ഥരുടെ അനുമതി കാത്ത് കിടക്കുന്നത്) വർഷങ്ങളായ് വൈദ്യുതി കണക്ഷൻ ലഭിക്കാതെ കാത്തു നിൽക്കുന്നവരും ഉണ്ട്.

പതിനേഴ് കിലോമീറ്റർ നീളത്തിൽ കിടക്കുന്ന ഈ പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ചാർജ്ജ് അടയ്ക്കുവാൻ ഒരു ദിവസം മാത്രം പ്രവർത്തിക്കുന്ന രണ്ട് സെന്ററുകളാണ് ഉള്ളത്. കുറച്ചുകൂടി സൗകര്യപ്രദമായി മുഴുവൻ സമയവും പ്രവർത്തിക്കുന്ന രണ്ട് കൗണ്ടർ കൂടി തുറക്കേണ്ടതാണ്.

വൈദ്യുതി ലൈൻ സൂക്ഷിക്കുന്നതിനും ഉപഭോക്താവിന്റെ ആവശ്യാനുസരണം അറ്റകുറ്റ പണി ചെയ്യുന്നതിനും സംവിധാനം നിലവിലില്ല. അതുകൊണ്ട് ഒരു സെക്ഷൻ ഓഫീസ് കൂടി സ്ഥാപിക്കുവാൻ നടപടി ഉണ്ടാവണം.

അനധികൃതമായി സുരക്ഷിതത്വമില്ലാതെ ചീനവലകളിൽ ഒറ്റ വയർ മാത്രം ഉപയോഗിച്ച് വൈദ്യുതി എടുത്ത് ചീനവല ഇടുന്നത് തടയുകയോ, ചിനവലകൾക്ക് പ്രത്യേകം മീറ്റർ വച്ച് വൈദ്യുതി കണക്ഷനുകൾ നൽകുകയോ ചെയ്ത് മനുഷ്യ ജീവന് സുരക്ഷിതത്വം ഉറപ്പുവരുത്തുക.

കാലപ്പഴക്കമുള്ള എല്ലാ വൈദ്യുതി ലൈനുകളും മാറ്റി പുതിയ ലൈൻ വലിക്കുകയും, ലൈനിലുള്ള വൃക്ഷ ശിഖരങ്ങളും മറ്റ് ടച്ചിംഗ്കളും മാറ്റി വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കുക.

നിലവിലുള്ള പഴക്കം ചെന്ന തടി പോസ്റ്റുകൾ മാറ്റി പകരം പുതിയ പോസ്റ്റുകൾ സ്ഥാപിക്കുക.

എല്ലാ കടത്ത് കടവിലും സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന പൊതു വിളക്കുകൾ സ്ഥാപിക്കുക.

റോഡുകൾ സ്ഥിതി ചെയ്യുന്ന പ്രധാന നടപ്പാതകളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക. ഗ്രാവൽ റോഡുകൾ സ്ഥിതി ചെയ്യുന്ന പ്രധാന നടപ്പാതകളിലും വഴിവിളക്കുകൾ അത്യന്താപേക്ഷിതമാണ്.

പഞ്ചായത്തിൽ ഒരു സെക്ഷനുവേണ്ടിയുള്ള ഉപഭോക്താക്കളുള്ളതിനാൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്റ്റോർ സംവിധാനമുള്ള സെക്ഷൻ ഓഫീസ് സ്ഥാപിക്കുക.

പഞ്ചായത്തിലെ പ്രധാന റോഡിന്റെ മുഴുവൻ ജംഗ്ഷനുകളിലും സോഡിയം വേപ്പർ ലാമ്പുകളോ സൗരോർജ്ജ വിളക്കുകളോ സ്ഥാപിക്കുകയും നൂറു മീറ്റർ ഇടവിട്ട് വഴിവിളക്കുകളും സ്ഥാപിക്കേണ്ടതാണ്.

മത്സ്യ തൊഴിലാളി ഗ്രാമമായ ഈ പഞ്ചായത്തിൽ കടലിൽ പോകുന്ന മത്സ്യ തൊഴിലാളികൾക്ക് ദിക്ക് അറിയുന്നതിന് വേണ്ടി സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിയ്ക്കുക.

കന്നുകാലി വളർത്തലുള്ള വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചാൽ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമാകും. ഊർജ്ജ സംരക്ഷണത്തിനായി ബോധവൽക്കരണ സെമിനാറുകൾ നടത്തുക.



# മാർക്കററ്

കരുനാഗപ്പള്ളി, കാർത്തികപ്പള്ളി താലൂക്കുകളിലെ ഏറ്റവും അറിയപ്പെട്ടിരുന്ന 'അഴീയ്ക്കൽ ചന്ത' ആലപ്പാട് പഞ്ചായത്തിലായിരിന്നു സ്ഥിതി ചെയ്തിരുന്നത്. ശ്രീമൂലം പ്രജാസഭയിൽ മെംബറായിരുന്ന അഴീക്കൽ കാളിശ്ശേരിൽ വേലായുധൻ പണിക്കർ അവർകളാണ് അഴീക്കൽ ചന്ത സ്ഥാപിച്ചത്. അഴീക്കൽ 1,2,3 വാർഡുകളും, പറയകടവ്, ശ്രായിക്കാട്, കുഴിത്തുറ, ക്ലാപ്പന, ആയിരംതെങ്ങ്, ഓച്ചിറ, വള്ളിക്കാവ്, പുതുപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലുള്ള ജനങ്ങൾ വിവിധ ഉൽപ്പന്നങ്ങൾ വാങ്ങാനും വിൽക്കാനും എത്തിയിരുന്ന ഒരു വിപണന കേന്ദ്രമായിരുന്നു ഈ ചന്ത.
കയർ പിരിച്ച് ഉപജീവന മാർഗ്ഗം നടത്തിവന്ന ആലപ്പാടൻ കയർ തൊഴിലാളികളുടെ ഉല്പന്ന വിപണന കേന്ദ്രങ്ങളിൽ പ്രധാനപ്പെട്ടത് ഈ മാർക്കറ്റ് തന്നെ ആയിരുന്നു. ഇന്നത്തെ തലമുറക്ക് കേട്ട് കേൾവി പോലും ഇല്ലാത്ത പ്രസ്തുത മാർക്കറ്റ് കരുനാഗപ്പള്ളി താലൂക്കിലെ ഏറ്റവും പ്രധാനപ്പെട്ടതും ആദ്യമായി വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതും, പലതരത്തിലുള്ള മൺപാത്രങ്ങൾ, ശർക്കര, ചക്കര(കരുപ്പട്ടി), പച്ചക്കറികൾ, പഴവർഗങ്ങൾ, മത്സ്യം, മുട്ട, ഇറച്ചി, പലചരക്കുസാധനങ്ങൾ, തുണി തുടങ്ങിയ എല്ലാസാധനങ്ങളും ചന്തയിൽ നിന്നും കിട്ടുമായിരുന്നു. ഓണാട്ടുകര ദേശത്തു നിന്നും ഉൽപന്നങ്ങൾ കൊണ്ടുവരുന്നതിനു വേണ്ടി കായംകുളം കായലിൽ നിന്നും ചന്തയിലേക്ക് വീതിയുള്ള ഒരു തോട് (ചന്തതോട്) നിർമ്മിച്ചിരുന്നു. ശനി, ബുധൻ ദിവസങ്ങളിൽ ആയിരിന്നു ഈ ചന്ത പ്രവർത്തിച്ചിരുന്നത്. ഈ ചന്തയുടെ അഭിവൃദ്ധിക്കു വേണ്ടി ചൊവ്വ, വെള്ളി ദിവസങ്ങളിൽ താമരക്കുളം ചന്തയിൽ നിന്നും പിരിയുന്ന കച്ചവടക്കാർ അഴീക്കൽ ചന്തയിൽ വന്ന് കച്ചവടം നടത്തുന്നതിനു വേണ്ടി താമരക്കുളം – ആയിരം തെങ്ങ് റോഡ് പ്രജാമെമ്പർ നിർമ്മിച്ചു എന്നാണ് ചരിത്ര രേഖകളിൽ കാണുന്നത്.

ഇപ്പോൾ കേരളത്തിൽ മാർക്കറ്റ് ഇല്ലാത്ത ഏക പഞ്ചായത്ത് ഒരുപക്ഷേ ആലപ്പാട് പഞ്ചായത്ത് ആയിരിക്കും. ഇതിന് പ്രധാന കാരണം കാലാകാലങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കടലാക്രമണം മൂലം സ്ഥല സൗകര്യം കുറയുന്നതാണ്.

ഗ്രാമ സഭകളുടെ നിർദ്ദശങ്ങളിൽ നിന്നും എല്ലാ വാർഡുകളിലും പ്രധാന കേന്ദ്രങ്ങളിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പ്രാദേശികമായ ദിവസ ചന്തകൾ സ്ഥാപിക്കണമെന്നാണ്. ഇതുകൊണ്ട് മത്സ്യം നാളികേരം, കയർ തുടങ്ങിയ പ്രധാന ഉല്പ്പന്നങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും ഉള്ള സൗകര്യം ഗ്രാമവാസികൾക്കുണ്ടാകും .

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട മൂന്ന് കേന്ദ്രങ്ങളിൽ ചന്തയ്ക്ക് അനിയോജ്യമായ സ്ഥലങ്ങൾ പഞ്ചായത്ത് വിലയ്ക്ക് വാങ്ങുകയും അവിടങ്ങളിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പബ്ലിക്ക് മാർക്കറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക. ഈ ആഴ്ച ചന്തകൾ മുഖേന വാർഡുകളിലെ ദിവസ ചന്തകളിൽ നിന്ന് ശേഖരിക്കുന്ന പ്രധാന ഉൽപ്പന്നങ്ങളായ മത്സ്യവും നാളികേരവും അനുബന്ധ വസ്തുക്കളും സംഭരിക്കുന്നതിനും വിൽക്കുന്നതിനും സാധിക്കും. കൂടാതെ തദ്ദേശ വാസികൾക്ക് ഉപയോഗമു ള്ളവസ്തുക്കൾ നിർമ്മിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിൽക്കുന്നതിന് ഈ വിപണന കേന്ദ്രം സഹായകരമാകും.

പബ്ലിക് മാർക്കറ്റിന് വേണ്ടിയുള്ള പുതിയ സ്ഥലങ്ങൾ എടുക്കുവാൻ ഉദ്ദേശിക്കുന്നു എങ്കിൽ തഴെപ്പറയുന്ന പ്രദേശങ്ങൾ അഭികാമ്യമായിരിക്കും

1. അഴീക്കൽ പഴയ ചന്ത പ്രവർത്തിച്ചിരുന്ന സ്ഥലം
2. പറയകടവ്
3. പണിക്കർ കടവ് പാലത്തിന് പടിഞ്ഞാറ് വശം

ഈ പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾക്കും നാളീകേര കർഷകർക്കും അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിയ്ക്കാനുള്ള വിപണന സംവിധാനം കരു പിടിപ്പിക്കുന്നത് സ്വാശ്രയ ഗ്രാമത്തിലേക്കുള്ള നമ്മുടെ ഒന്നാമത്തെ കാൽവയ്പായിരിക്കും എന്ന കാര്യത്തിൽ സംശയം വേണ്ട.



# പാർപ്പിടം

സംസ്ഥാനത്തെ ഏറ്റവും ജനസാന്ദ്രതയുള്ള പഞ്ചായത്തുകളിൽ ഒന്നാണ് ആലപ്പാട് പഞ്ചായത്ത്. കടൽ ക്ഷോഭം മൂലം പഞ്ചായത്തിന്റെ ഭൂവിസ്തൃതി കുറഞ്ഞു വന്നതിനാൽ നിരവധി കുടുംബങ്ങൾ ഇന്നും സ്വന്തമായി സ്ഥലമില്ലാത്തവരോ ഒന്നിൽ കൂടുതൽ കുടുംബങ്ങൾ ഒന്നിച്ചു കഴിയുന്നവരോ ആയിട്ടുണ്ട്. പഞ്ചായത്തിലെ പ്രധാനതൊഴിൽ മേഖല മത്സ്യബന്ധനവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ വരുമാനത്തിലെ അനിശ്ചിതത്വം ഉറപ്പുള്ള വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ പണം സമാഹരിക്കുന്നതിന് പ്രധാന തടസ്സമാണ്.

പഞ്ചായത്തിലെ 50 ശതമാനത്തിലധികം വീടുകൾ ഇന്നും ചെറ്റക്കുടിലുകൾ ആണ്. പുതുതായി നിർമ്മിക്കുന്ന വീടുകൾ കൂടുതൽ നിർമ്മാണ ചെലവ് വരുത്തുന്നതിനാൽ കൂടുതൽ കടബാദ്ധ്യതയും സൃഷ്ടിക്കപ്പെടുന്നു.
സ്വന്തമായി നല്ലവീട് ഇല്ലാത്ത 2656 കുടുംബങ്ങൾ ഉള്ളപ്പോൾ സ്വന്തമായി വീടു തന്നെയില്ലാത്തവർ 238 പേരാണ്. പഞ്ചായത്തിൽ ആകെ 95 പട്ടികജാതി കുടുംബങ്ങൾ നിലവിലുണ്ട്. വിവിധ സർക്കാർ പദ്ധതി പ്രകാരം സ്വന്തമായി ഭൂമിയുള്ള മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീട് നിർമ്മിച്ചു നൽകാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ സഹായത്തോടു കൂടി 831 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് നാളിതുവരെ ഭവന നിർമ്മാണത്തിനുള്ള പദ്ധതി ലഭ്യമാക്കാൻ സാധിച്ചിട്ടുള്ളത്. ഭവന നിർമ്മാണ ബോർഡിന്റേയോ, ഭവന നിർമ്മാണ സഹകരണ സംഘങ്ങളുടെയോ പ്രവർത്തനം പഞ്ചായത്തിൽ ഫലപ്രദമായി ഇല്ല.

ഭവന ലഭ്യതാ പട്ടിക (8-ാം പഞ്ചവത്സര പദ്ധതി)

| വർഷം | IAY | JRY20% | മത്സ്യഫെഡ് | NFW |
|---|---|---|---|---|
| 1992 93 | | | | |
| 9394 | | | | |
| 9495 | 7 | | 89 | |
| 9596 | 8 | 5 | | 100 |
| 9697 | 14 | | | |
| ആകെ | 29 | 5 | 89 | 100 |

പഞ്ചായത്തിൽ ലക്ഷം വീടു പദ്ധതി പ്രകാരം 4 കോളനികളും ഇവയിൽ 72 കുടുംബങ്ങളുമുണ്ട്. ഈ കോളനികൾ വൃത്തിയായി പരിപാലിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്ന രീതി മിക്ക കോളനികളിലും കാണാം. എന്നാൽ ചുരുക്കം

## പഞ്ചായത്തിലെ വീടുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പരും പേരും | | വീടുകളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടം | മേൽപുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|---|---|
| | | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| 1 | അഴീക്കൽ | 591 | | 112 | 227 | 150 | 102 |
| 2 | അഴീക്കൽ | 455 | | 28 | 228 | 125 | 74 |
| 3 | അഴീക്കൽ | 476 | | 77 | 167 | 193 | 39 |
| 4 | ശ്രായിക്കാട് | 496 | 1 | 40 | 183 | 173 | 99 |
| 5 | പറയകടവ് | 269 | 4 | 52 | 43 | 160 | 10 |
| 6 | കുഴിത്തുറ | 438 | | 60 | 174 | 92 | 112 |
| 7 | ആലപ്പാട് | 538 | | 55 | 211 | 215 | 57 |
| 8 | ചെറിയഴീക്കൽ | 574 | 4 | 70 | 166 | 109 | 225 |
| 9 | ചെറിയഴീക്കൽ | 488 | 4 | 48 | 208 | 149 | 79 |
| 10 | പണ്ടാരതുരുത്ത് | 529 | | 77 | 179 | 220 | 53 |
| 11 | വെള്ളനാതുരുത്ത് | 374 | | 46 | 138 | 185 | 5 |
| | ആകെ | 5228 | 13 | 665 | 1924 | 1771 | 855 |

ചില കോളനികളിൽ വീടിന്റെ ശോച്യാവസ്ഥയും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും കാണുന്നതാണ്.
കെട്ടിട നിർമ്മാണത്തിന് ആവശ്യമായ കല്ല്, ഇഷ്ടിക, ഓട്, തടി, ചരൽ, സിമെന്റ്, കച്ചി മുതലായ മുഴുവൻ സാമഗ്രികളും പഞ്ചായത്തിനു പുറത്തുനിന്നുമാണ് വരേണ്ടത്. പഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിൽ ഏർപ്പെടുന്ന തൊഴിലാളികൾ ആരും തന്നെയില്ലാ എന്നത് ശ്രദ്ധേയമാണ്. കൂലി നിരക്കും, സാധനങ്ങളുടെ അമിതമായ വില വർദ്ധനവും കൂടിയ ട്രാൻസ്പോർട്ടിംഗ് ചാർജ്ജും നർമ്മാണ പ്രവർത്തനത്തെ വർദ്ധിച്ച ചെലവുള്ളതാക്കി തീർക്കുന്നു. ഭൂമിയുടെ ലഭ്യത കുറവുമൂലം ഉണ്ടായിട്ടുള്ള വസ്തുവിന്റെ വിലക്കയറ്റവും സ്വന്തമായ വീടിന് എതിരെയുള്ള വെല്ലുവിളിയാണ്. പുതിയ തീരദേശ. നിയമം ഉയർത്താവുന്ന പ്രശ്നങ്ങളും ഈ രംഗത്തെ മറ്റൊരു അപകട മേഖലയാണ്.
വിവിധ സഹായ പദ്ധതികൾ വഴി ലഭിക്കുന്ന തുക ഇന്നത്തെ വില നിരക്കിന്റെ അടിസ്ഥാനത്തിൽ തികച്ചും അപര്യാപ്തമാണ്. ഗുണഭോക്താക്കൾക്ക് സ്വയം സമാഹരിക്കാൻ കഴിയുന്ന തുക കൂടി കൂട്ടിച്ചേർത്താലേ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുകയുള്ളു. ആയതിനാൽ വിവിധ സഹായ പദ്ധതികളിൽ ലഭിക്കുന്ന വീടുകൾ ഗുണഭോക്താക്കളെ തന്നെ നേരിട്ടു ഏൽപിച്ചു പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കണം. കരാറുകാരെ പൂർണ്ണമായും ഒഴിവാക്കണം.

### നിർദ്ദേശങ്ങൾ

സങ്കീർണ്ണമായ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1 വിവിധ ഭവന നിർമ്മാണ പദ്ധതികളായ JRY, IAY ഫിഷറീസ് ഹൗസിംഗ് പദ്ധതികൾ, മൈത്രീഭവന നിർമ്മാണ പദ്ധതി തുടങ്ങിയവയുടെ പ്രയോജനം ഏറ്റവും ദുർബലരായവർക്ക് വേണ്ടി മാറ്റിവെക്കുക.

2 ഹൗസിംഗ് ബോർഡിന്റെ ഭവന നിർമ്മാണ പദ്ധതിയുടെ പ്രയോജനം വീടില്ലാത്ത ആളുകൾക്ക് പ്രയോജനപ്പെടുത്താൻ അവസരമുണ്ടാക്കണം.

3 പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിച്ച് വീടു നിർമ്മിക്കാൻ ആവശ്യമായ വായ്പാ സഹായം ലഭ്യമാക്കുകയും ഹൗസിംഗ് കോളനികൾ സ്ഥാപിക്കുകയും ചെയ്യുക.

4 വീടിനാവശ്യമായ ഇഷ്ടിക, കട്ടിള, ജന്നൽ, മേൽക്കൂരക്കുള്ള സാമഗ്രികൾ എന്നിവ നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പഞ്ചായത്തുതല നിർമ്മിതി കേന്ദ്രം സ്ഥാപിക്കുക.

5 നിർമ്മാണ തൊഴിലാളികൾക്ക് ദൗർലഭ്യം നേരിടുന്ന ഈ പഞ്ചായത്തിൽ യുവാക്കൾക്ക് പരിശീലനം നൽകി സഹകരണാടിസ്ഥാനത്തിൽ ലേബർ സൊസൈറ്റി രൂപീകരിക്കുക.

6 വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ, പെയിന്റിംഗ്, വയറിംഗ് മുതലായ ജോലികൾ ചെയ്യുന്നതിന് യുവാക്കളുടെ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുക.

7 കെട്ടിട നിർമ്മാണത്തിൽ കഴിയുന്നത്ര ചെലവു കുറഞ്ഞ മാർഗങ്ങൾ അവലംബിക്കുക.

8 കടൽ ക്ഷോഭത്തിൽ വീടു നഷ്ടപ്പെടുന്നവർക്കും, ഭൂമിയില്ലാതെ വീടുവെക്കാൻ കഴിയാത്തവർക്കും വേണ്ടി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഫ്ളാറ്റ് സംവിധാനം LIC, HUDCO മുതലായ വിവിധ സാമ്പത്തിക സ്ഥാപനങ്ങളുമായി സഹകരിച്ചു ഏറ്റെടുക്കുക.

9 നിലവിലുള്ള ലക്ഷംവീട് 4 സെന്റ് കോളനികളിലെ കുടിവെള്ളം സാനിറ്റേഷൻ വിനോദവിശ്രമ കേന്ദ്രങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

# സാമൂഹിക - സാംസ്ക്കാരിക ചരിത്രം

12ാംപേജിൽ നിന്ന്

1979_ൽ വിഷ്ണുദാസ് പ്രസിഡന്റായിട്ടുള്ള പഞ്ചാ: കമ്മിറ്റി നിലവിൽ വന്നു. ചെല്ലപ്പൻ (വെള്ള) താമരാക്ഷൻ (പണ്ടാര) ഭാസ്ക്കരൻ (ചെറി) ഇന്ദ്രാണി (ചെറി) രാമകൃഷ്ണൻ A.-ശങ്കു ( അഴീ) ധർമ്മാനന്ദൻ ( അഴീ) എന്നിവരായിരുന്നു മറ്റു കമ്മിറ്റി അംഗങ്ങൾ. രാമകൃഷ്ണൻ വൈസ് പ്രസിഡന്റായി. 1988 വരെ ഈ കമ്മിറ്റി തുടർന്നു.

1988 ലെ തിരഞ്ഞെടുപ്പിൽ, A. ശങ്കു പ്രസിഡന്റും, സുനിൽകുമാർ വൈസ്പ്രസിഡന്റായുള്ള പഞ്ചായത്ത് സമിതി നിലവിൽ വന്നു. സോളമൻനെറ്റോ, രാജൻ കമലാസനൻ, രാജു തങ്കം, സത്യരാജൻ, ഓമന, ചെല്ലപ്പൻ എന്നിവരായിരുന്നു മറ്റ് അംഗങ്ങൾ. സുനിൽ കുമാർ രാജിവയ്ക്കുകയും പകരം രാജു വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

1995 ൽ നടന്ന തെരഞ്ഞെടുപ്പിൽ സോളമൻ നെറ്റോ പ്രസിഡന്റായിട്ടുള്ള പുതിയ പഞ്ചായത്തു സമിതി നിലവിൽ വന്നു രമേശൻ, സുകുമാരി, ഗണേശൻ, മോഹനൻ, മല്ലിക, ദാസ്, ഇന്ദ്രാണി, ഷൈലജ, വത്സലൻ, വിജയമ്മ എന്നിവരാണ് മറ്റ് അംഗങ്ങൾ. പുതിയ പഞ്ചായത്ത് രാജ് നഗരപാലിക ബിൽ പ്രകാരം തെരഞ്ഞെടുക്കപ്പെട്ടു ഭരണ സമിതിയുടെ വൈസ് പ്രസിഡന്റ് ഷൈലജ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ഗണേശനുമാണ്. 1995 ഒക്ടോബർ 2ന് പുതിയ കമ്മിറ്റി അധികാരമേറ്റു.



# സാമൂഹ്യക്ഷേമം

## പെൻഷൻ

സാമൂഹ്യക്ഷേമ രംഗത്ത് സർക്കാർ ഒട്ടനവധി പെൻഷൻ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പെൻഷൻ ലഭിക്കുന്നവരിൽ തന്നെ അനർഹരും അർഹതയുണ്ടായിട്ടും പെൻഷൻ ലഭിക്കാത്തവരും ഈ മേഖലയിലുണ്ട്.

അനർഹരായ മുഴുവൻ ആളുകളേയും ഈ പദ്ധതിയിൻകീഴിൽ കൊണ്ടു വരേണ്ട ശ്രമകരമായ ജോലിയുണ്ട്. ഇതിനായി ഇതിന്റെ പരിധിയിൽ വരുന്നവരെ സർവ്വേ ചെയ്തു ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു.

പെൻഷൻ പദ്ധതികൾ ഫലപ്രദമാകുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ സ്വീകാര്യമാണ്.

1 പെൻഷൻ പഞ്ചായത്തുവഴി നടപ്പാക്കുക.

2 പെൻഷൻ നൽകുന്നതിൽ ഇന്നുള്ള കാലതാമസം ഒഴിവാക്കുകയും തുച്ഛമായ പെൻഷൻ അതതു മാസത്തിൽ തന്നെ ലഭിക്കുന്നതിനുള്ള നടപടി ഉണ്ടാക്കുകയും ചെയ്യുക

## ക്ഷേമനിധികൾ

### മത്സ്യത്തൊഴിലാളി ക്ഷേമനിധി

മത്സ്യബന്ധന ഗ്രാമമായ ഈ പഞ്ചായത്തിലെ മുഴുവൻ മത്സ്യത്തൊഴിലാളികളും മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ പരിധിയിൽ വരുന്നതിനും അതിന്റെ സഹായം തേടുന്നതിലും അലംഭാവമുണ്ട്. ക്ഷേമനിധി പ്രവർത്തനങ്ങൾ നടത്തുന്നതിൽ മത്സ്യത്തൊഴിലാളികളുടെ വരിസംഖ്യക്കുപുറമേ മത്സ്യബന്ധനോപകരണങ്ങളുടെ ഉടമകളും, കയറ്റി അയക്കുന്ന അസംസ്ക്കരണ ശാലക്കാരും, സർക്കാരും നിശ്ചിത വിഹിതം ഇതിന്റെ പ്രവർത്തനത്തിനായി വഹിക്കുന്നതിനാണ് നിയമം അനുശാസിക്കുന്നത്. ഇതിൽ മത്സ്യസംസ്ക്കരണ കയറ്റുമതിക്കാരായ ആളുകൾ വരുത്തിയിട്ടുള്ള ഭീമമായ കുടിശികക്ഷേമനിധിയുടെ ഫലപ്രദമായ പ്രവർത്തനത്തിന് തടസ്സമാണ്. മത്സ്യത്തൊഴിലാളികൾ അവരുടെ അദ്ധ്വാനത്തിന്റേയും ഫലമായി ലഭിക്കുന്ന കയറ്റുമതി വരുമാനത്തിന്റെ വെറും ഒരു ശതമാനം അടക്കണം എന്ന നിബന്ധനയിൽ നിന്നും കയറ്റുമതിക്കാർ കുതറി മാറാൻ

| വാർഡ് നമ്പരും പേരും | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | അവശകലാകാര സാഹിത്യ പെൻഷൻ | ക്ഷയരോഗി പെൻഷൻ | കാൻസർരോഗി പെൻഷൻ | കർഷകതൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം | മത്സ്യതൊഴിലാളി പെൻഷൻ | കയർതൊഴിലാളി പെൻഷൻ |
|---|---|---|---|---|---|---|---|---|---|---|---|
| 1 അഴീക്കൽ | | 5 | 3 | 25 | | | 1 | 24 | 25 | 16 | |
| 2 അഴീക്കൽ | 2 | 4 | 3 | 5 | | 2 | | 7 | 15 | 35 | |
| 3 അഴീക്കൽ | 2 | 2 | 5 | 2 | | 3 | 1 | | 10 | 55 | 14 |
| 4 ശ്രായിക്കാട് | 2 | 12 | 7 | 4 | | | | 8 | 7 | 28 | |
| 5 പറയകടവ് | | 11 | 4 | 6 | | | | | 18 | 15 | |
| 6 കുഴിത്തുറ | | 7 | 3 | 15 | | | | 3 | 9 | 12 | 20 |
| 7 ആലപ്പാട് | | 17 | 5 | 6 | | | | | 11 | 47 | 12 |
| 8 ചെറിയഴീക്കൽ | | 18 | 19 | | | 3 | 1 | | 11 | 40 | |
| 9 ചെറിയഴീക്കൽ | 7 | 8 | 12 | | 3 | | | | 26 | 28 | 9 |
| 10 പണ്ടാരത്തുരുത്ത് | | 5 | 9 | | | | | 1 | 15 | 50 | 15 |
| 11 വെള്ളനാതുരുത്ത് | | 6 | 20 | 20 | | | 1 | 1 | 19 | 20 | 4 |
| ആകെ | 13 | 95 | 90 | 83 | 3 | 8 | 4 | 44 | 166 | 346 | 74 |

ശ്രമിക്കുന്നതിനെ തടയേണ്ടത് മത്സ്യത്തൊഴിലാളികളുടെ കൂട്ടായ ആവശ്യമാണ്. അപകട മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കു ലഭിക്കുന്ന 25000 രൂപാ 50000 ആയി ഉയർത്തുകയും സാധാരണ മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് 5000 രൂപാ നൽകുന്നതിനുമുള്ള പുതിയ പദ്ധതി ഈ വർഷം മുതൽ ക്ഷേമനിധി ബോർഡ് നടപ്പാക്കി വരുന്നു.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സഹായം അർഹരായ മുഴുവൻ മത്സ്യത്തൊഴിലാളികളും പ്രയോജനപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനും സ്ത്രീകളുടെ തൊഴിൽ രംഗത്തും ഇതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്.

## കയർതൊഴിലാളി ക്ഷേമനിധി

ആലപ്പാടൻ കയറിന്റെ കേന്ദ്രമായിരുന്ന ഈ ഗ്രാമത്തിൽ കയർത്തൊഴിലാളി ക്ഷേമനിധിയുടെ പ്രയോജനം ലഭിക്കേണ്ട തൊഴിലാളികൾ ധാരാളമുണ്ട്. അത്തരം തൊഴിലാളികളെ കൂടി ഇതിന്റെ പരിധിയിൽ കൊണ്ടു വരാൻ കഴിയേണ്ടതാണ്.

തയ്യൽ, ബാർബർ, കരകൗശലത്തൊഴിലാളികൾ കർഷകത്തൊഴിലാളികൾ എന്നീ തൊഴിൽ വിഭാഗങ്ങളുടെ ക്ഷേമനിധി പ്രവർത്തനത്തിലേക്ക് അർഹരായ മുഴുവൻ ആളുകളേയും കൊണ്ടു വരുന്നതിന് ഗ്രാമസഭാ പ്രവർത്തനം വഴി കഴിയണം.

## പൊതുവിതരണം

നിലവിലുള്ള പൊതുവിതരണ കേന്ദ്രങ്ങളായ പഴയ റേഷൻ ഷോപ്പുകളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദവുംപരാതി രഹിതവുമായി നടത്തുവാൻ കഴിയണം. റേഷൻ ഷോപ്പുകളുടെ പൂർണ്ണനിയന്ത്രണം ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കണം. റേഷൻ കാർഡുകളുടെ വിതരണവും ബന്ധപ്പെട്ട പരാതികളും പഞ്ചായത്തു തലത്തിൽ ചെയ്യുവാൻ സംവിധാനം ഉണ്ടാക്കണം.

പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. 17 km നീളത്തിൽ കിടക്കുന്ന പഞ്ചായത്തു എന്ന പ്രത്യേകത കണക്കിലെടുത്ത് ഒരു മാവേലി സ്റ്റോർ കൂടി അനുവദിക്കുകയും ഈ സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളോട് അനുബന്ധിച്ചുള്ള മത്സ്യമാവേലി സ്റ്റോറുകളും സർവ്വീസ് സഹ: ബാങ്കിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കാവുന്ന ഡിപ്പാർട്ടുമെന്റൽ സ്റ്റോറും ഫലപ്രദമായി സ്ഥാപിച്ചു പ്രവർത്തിപ്പിക്കുകയാണെങ്കിൽ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് കാര്യമായ പങ്കുവഹിക്കാൻ കഴിയും.

# സമഗ്രമാതൃശിശു പദ്ധതി

## ബാലവാടികൾ

പഞ്ചായത്തിൽ നിലവിൽ ഗ്രാമവികസന വകുപ്പിന്റെ CPWP പദ്ധതി പ്രകാരം 9 ബാലവാടികളും 6 ഫീഡിംഗ് സെന്ററുകളും ഉണ്ട്. കൂടാതെ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള 3 ക്രഷുകളും പ്രവർത്തിപ്പിച്ചിരുന്നു. ഇപ്പോൾ അവ പ്രവർത്തനക്ഷമമല്ല. ICDS പദ്ധതിയുടെ പ്രവർത്തന പരിധിയിൽ പഞ്ചായത്തിനെ ഉൾപ്പെടുത്തിക്കൊണ്ട് അംഗൻവാടികൾ സ്ഥാപിക്കേണ്ടത് ഈ രംഗത്തു അടിയന്തിരമായി ചെയ്യേണ്ടതാണ്.

ബാലവാടികളുടെ ദൈനം ദിന പ്രവർത്തനങ്ങളിൽ ഇടപെട്ടുകൊണ്ട് സ്വന്തം കുഞ്ഞുങ്ങളെ ബാലവാടിയിൽ അയക്കുന്നതിനും അവരുടെ വളർച്ചയിൽ പങ്കാളികളാക്കുന്നതിനും മാതാപിതാക്കളുടെ ശ്രദ്ധ കുറഞ്ഞുവരുന്നു എന്നു വേണം 5 വർഷത്തെ പ്രവേശന പട്ടിക പരിശോധിച്ചാൽ കാണാൻ കഴിയുക.

ബാലവാടി കെട്ടിടങ്ങളുടെ ശോചനീയമായ അവസ്ഥ കുട്ടികളുടെ മാനസികവും കായികവുമായ അഭിരുചികളെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ വിനോദം പഠനം ഉപകരണങ്ങളുടെ അഭാവം, ഫർണിച്ചറുകളുടെ പോരായ്മ ഒക്കെ ഇന്ന് ഈ രംഗത്തു പ്രകടമായ ന്യൂനതകളാണ്.

## പരിഹാരമാർഗങ്ങൾ

1 ബാലവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ JRY—ലോ അൺ ടൈഡ് ഫണ്ടിലോ ഉൾപ്പെടുത്തി അടിയന്തിരമായി ചെയ്യുക.

2 ബാലവാടികൾക്ക് ആവശ്യമായ ഫർണിച്ചർ കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ എന്നിവ പ്രാദേശിക വിഭവ സമാഹരണം വഴി കണ്ടെത്തുക.

3 ഓരോ ബാലവാടിയിലേയും പ്രവർത്തന പരിധിയിൽ വരുന്ന അമ്മമാരുടെ ക്യാമ്പുകൾ ഫലപ്രദമായി സംഘടിപ്പിക്കേണ്ടതാണ്.

4 ശിശു വിദ്യാഭ്യാസ രംഗത്തെ നൂതന പ്രവണതകൾ സ്വായത്തമാക്കുന്നതിന് അദ്ധ്യാപക പരിശീലനം സമയ ബന്ധിതമായി നൽകുക.

5 ഓരോ ബാവലാടിയും കേന്ദ്രകരിച്ചു ബാലവാടി സംരക്ഷണ സമിതികൾ രൂപീകരിക്കുക.

## ഫീഡിംഗ്

നിലവിൽ 15 ഫീഡിംഗ് സെന്റർ വഴി 307 അമ്മമാർക്കും 1087 കുട്ടികൾക്കും പ്രയുക്ത പോഷകാഹാര പരിപാടിയുടെ ഭാഗമായി ഭക്ഷണ സാധനങ്ങൾ നൽകുന്നു. ഒരു അമ്മക്ക് പ്രതിദിനം 130 ഗ്രാം അരിയും 15 ഗ്രാം പയറും നൽകുന്നു. ഫീഡിംഗ് സെന്ററുകളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദവും ജനകീയവും കുറ്റമറ്റതും ആക്കുവാൻ

കഴിയേണ്ടതാണ്.

ബാലവാടി ഫീഡിംഗ് സെന്ററുകളിലെ കൺവീനറുടേയും അദ്ധ്യാപികയുടെയും പ്രതിമാസ അലവൻസ് തികച്ചും അപര്യാപ്തമാണ്. ആവശ്യമായ വർദ്ധനവ് ഈ രംഗത്ത് ആവശ്യമാണ്.

വനിതാ വികസന കോർപ്പറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പട്ടികജാതി വികസന കോർപ്പറേഷൻ തുടങ്ങി ഈ രംഗത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ സേവനം തികച്ചും അദൃശ്യം എന്നുതന്നെ പറയാം. പഞ്ചായത്തു തലത്തിൽ ഇത്തരം സേവനങ്ങളെ ഏകോപിപ്പിക്കുവാൻ കഴിയേണ്ടതാണ്.

## ദാരിദ്ര്യ നിർമ്മാർജന പരിപാടികൾ

### സംയോജിത ഗ്രാമവികസന പരിപാടി(IRDP)

ദാരിദ്ര്യരേഖക്കു താഴെയുള്ള ഗ്രാമീണ കുടുംബങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനാവശ്യമായ ആസ്തി നൽകി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. 8-ാം പഞ്ചവത്സരപദ്ധതിയുടെ ആരംഭത്തിൽ നടത്തിയ കുടുംബ സർവ്വേ പ്രകാരം പഞ്ചായത്തിൽ 2881 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതായി കണ്ടെത്താൻ കഴിഞ്ഞു. ഈ പദ്ധതി കാലയളവിൽ പഞ്ചായത്തിലെ 2 V.E.O ആഫീസു വഴി താഴെ പറയുന്ന സഹായം വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഐ. ആർ. ഡി.പി യുടെ തിരിച്ചടവു നിരക്ക് ഉയർന്നു നിൽക്കുന്നതായി കാണുന്നു. എന്നാൽ ആളുടെ പരിപാലനത്തിൽ വേണ്ടത്ര ശുഷ്ക്കാന്തി ഗുണഭോക്താക്കൾ കാണിക്കാറില്ല.

ഐ. ആർ.ഡി.പി പദ്ധതിയുടെ ഫലപ്രദമായുള്ള നടത്തിപ്പിന് താഴെപ്പറയുന്ന നിർദ്ദേശങ്ങളാണുള്ളത്.

1 വ്യത്യാസമായിട്ടുള്ള പദ്ധതികളിൽ സ്വയം തൊഴിലിൽ ഏർപ്പെടുന്നതിൽ സഹായിക്കുന്നതിന് പഞ്ചായത്തിന്റെ വിഭവ സാദ്ധ്യതകൾ പരിശോധിച്ച് കൊണ്ടുള്ള കുറെയേറെ പ്രോജക്ടുകൾ വിദഗ്ധന്മാരുമായി ചർച്ച ചെയ്തു പഞ്ചായത്ത് രൂപപ്പെടുത്തേണ്ടത് ആവശ്യമാണ്.

2 ജനസംഖ്യാനുപാതികമായി ഐ. ആർഡി.പിയുടെ വിഹിതം ലഭിക്കുന്നു എന്നുറപ്പാക്കുക.

| വർഷം | വായ്പകളുടെഎണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 1992-93 | 80 | 190900 | 383653 |
| 1993-94 | 73 | 200998 | 356336 |
| 1994-95 | 69 | 245333 | 496967 |
| 1995-96 | 48 | 164000 | 456000 |
| 1996-97 | 61 | 252500 | 755850 |

3 9-ാം പദ്ധതിക്ക് മുന്നോടിയായി പുതിയ സർവ്വേനടത്തുകയും ദാരിദ്രരേഖ പുനർ നിർണ്ണയിക്കുകയും ചെയ്യുക.

4 ഗ്രൂപ്പ് ആക്ടിവിറ്റികൾക്ക് മുൻഗണന നൽകി പദ്ധതി നടപ്പിലാക്കുക.

5 ഐ. ആർ.ഡി.പി ഗുണഭോക്താക്കൾക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ കേന്ദ്രീകൃതമായി നൽകുകയും വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

6 ഐ. ആർ.ഡി.പി അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്ന ഫണ്ട് ഉപയോഗപ്പെടുത്തി മിനി ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഗ്രാമീണ ചന്തകൾ എന്നിവ സ്ഥാപിക്കുക.

### യുവജനങ്ങൾക്കുള്ള സ്വയം തൊഴിൽ പരിശീലന പരിപാടി (TRYSEM)

| വർഷം | പരിശീലനം ലഭിച്ചവർ |
|---|---|
| 1992-93 | 9 |
| 1993-94 | 8 |
| 1994-95 | 9 |
| 1995-96 | 2 |
| 1996-97 | ഇല്ല |

TRYSEM പദ്ധതി പ്രകാരം സ്വയം തൊഴിൽ ലഭിക്കുന്ന തരത്തിലുള്ള പരിശീലനം ഉറപ്പാക്കുകയും പഞ്ചായത്തിന് അർഹമായ പരിശീലനാർത്ഥികളെ അയക്കുന്നതിനും കഴിയണം. ഈ മേഖലയിൽ തൊഴിൽ ലഭിക്കുന്ന തരത്തിൽ ഔട്ട് ബോർഡു മോട്ടോറുകളുടെ റിപ്പയിറിംഗ് മേസൺ പരിശീലനവും അലങ്കാര മത്സ്യ-സസ്യം വളർത്തൽ എന്നിവയിലും മുൻഗണന നൽകി പരിശീലനവും സംഘടിപ്പിക്കണം.

### ഗ്രാമീണ വനിതാ ശിശു വികസന പരിപാടി.(D.W.C.R.A)

സ്ത്രീകളുടെ കൂട്ടായ സാമ്പത്തിക പ്രവർത്തനമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. തൊഴിൽ പങ്കാളിത്തത്തിൽ സ്ത്രീകളുടെ നിരക്ക് വളരെ കുറവായിട്ടുള്ള ഈ പഞ്ചായത്തിൽ ഡി. ഡബ്ള്യു. സി. ആർ. എ മുൻഗണന നൽകി നടപ്പിലാക്കേണ്ടതാണ്.

### ടൂൾകിറ്റ്

കരകൗശല തൊഴിലാളികൾക്ക് നവീന തൊഴിൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയാണിത്. ഇതുവരെ ഈ പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിൽ 4 പേർക്കു മാത്രമേ ലഭിച്ചിട്ടുള്ളു. പദ്ധതിയുടെ സഹായം ലഭ്യമാക്കേണ്ട മുഴുവൻ ആളുകളേയും കണ്ടെത്തി പദ്ധതി പ്രയോജനം ഉറപ്പാക്കണം.

| വർഷം | യൂണിറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം | യൂണിറ്റ് അംഗങ്ങൾ | വായ്പ | സബ്സിഡി |
|---|---|---|---|---|
| 1993-94 | ചെറിയഴീക്കൽ | 10 | 21500 | 21500 |
| 1994-95 | കുഴിത്തുറ | 10 | 25000 | 25000 |
| 1994-95 | ആലപ്പാട് | 10 | 25000 | 25000 |

ചിത്വ പദ്ധതി ആവിഷ്കരിച്ചു മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു നൽകുന്നതിനും ഡ്രയിനേജ് സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും പരിസര ശുചീകരണത്തിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## സാനിറ്റേഷൻ പ്രോഗ്രാം

| വർഷം | പദ്ധതികൾ | | |
|---|---|---|---|
| | CRSP | CD | MAWB |
| 1992-93 | 8 | 4 | 100 |
| 1993-94 | 12 | 4 | |
| 1994-95 | 9 | | |
| 1995-96 | 8 | 2 | |
| 1996-97 | 18 | | |

വിവിധ പദ്ധതികളിലായി 243 ലാട്രിൻ കഴിഞ്ഞ പദ്ധതിക്കാലത്തു നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. വ്യക്തിഗത കക്കൂസുകൾ നൽകേണ്ട അനേകം കുടുംബങ്ങൾ ഇനി ഈ പഞ്ചായത്തിലുണ്ട്. CRSP പദ്ധതിയിൽ നിന്നും ലഭിക്കുന്ന കക്കൂസുകൾക്ക് പുറമേ MAWB, മത്സ്യഫെഡ്, CAPART എന്നിവയിലൂടെയുള്ള പദ്ധതികളെകൂടി സംയോജിപ്പിച്ചു കൊണ്ട് പഞ്ചായത്തു 3 വർഷം കൊണ്ട് സംയോജിത ശു

## ജവഹർ തൊഴിൽ ദാന പദ്ധതി (JRY)

തൊഴിൽദാന പദ്ധതിയായി നടപ്പിലാക്കുന്ന JRYൽ ദാരിദ്രജന വിഭാഗങ്ങൾക്ക് കൂടുതൽ പ്രയോജനം ചെയ്യുന്ന ആസ്തികൾ നിർമ്മിക്കുന്ന കാര്യത്തിൽ പിന്നോക്കം പോയിട്ടുണ്ട്. JRY വിനിയോഗിക്കുമ്പോൾ അത്തരത്തിലുള്ള മുൻഗണന നൽകുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കക്കൂസുകൾ, ബാലവാടി കെട്ടിടങ്ങൾ, സ്കൂൾ ഗ്രൗണ്ട്, കുളം നിർമ്മാണം തുടങ്ങി ഒട്ടനവധി പ്രവർത്തങ്ങൾ ഏറ്റെടുക്കാൻ കഴിയുന്നതാണ്.

വരുന്ന പദ്ധതിക്കാലത്ത പഞ്ചായത്തിന്റെ മുഴുവൻ പാർപ്പിട പ്രശ്നം പരിഹരിക്കുന്ന തരത്തിലും മുഴുവൻ കുടുംബങ്ങൾക്കും സാനിറ്ററി ലാട്രിൻ ലഭ്യമാക്കുന്ന തരത്തിലും ദാരിദ്ര്യ നിർമ്മാർജന പ്രവർത്തനങ്ങൾ അർത്ഥ പൂർണ്ണമായി ഏറ്റെടുക്കുന്നതിനും, സാമൂഹ്യ സുരക്ഷിത്വ പദ്ധതികളുടെ പ്രയോജനം അർഹരായ മുഴുവൻ കുടുംബങ്ങളിൽ എത്തിക്കുന്നതിനും കഴിയണം

## കൃഷിയും ജലസേചനവും

21ാംപേജിൽ നിന്ന്

ടെ ഇടത്തട്ടുകാരുടെ ഇടപെടൽ ഒഴിവാക്കാവുന്നതാണ്.

13. കൃഷിഭവന്റെ അടിസ്ഥാനസൗകര്യവും പ്രവർത്തനവും മെച്ചപ്പെടുത്തണം.

14. പഞ്ചായത്തിനെ നീർമറി വികസനപദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുക.

മുകളിൽ പറഞ്ഞ പ്രശ്നപരിഹാരത്തിലൂടെ കാർഷികമേഖലയിൽ ആലപ്പാട്ടു പഞ്ചായത്തിൽ വിപ്ളവാത്മകമായ മാറ്റം പ്രതീക്ഷിക്കാവുന്നതാണ്.

# വ്യവസായം

33ാംപേജിൽ നിന്ന്

യലിൽ കൂടിയുള്ള പ്രവർത്തനം പരമാവധി കുറപ്പിക്കുക.

14 ജനങ്ങൾ അധികം തിങ്ങിപ്പാർക്കാത്ത തുരുത്തുകളും കടൽ തീറങ്ങളും ഉൾപ്പെടുത്തി വിദേശ സഞ്ചാരികൾക്കായി നാടൻ പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുക.

15 പഞ്ചായത്തിൽ അങ്ങിങ്ങായി വ്യാപിച്ചു കിടക്കുന്ന നിരവധി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകളെ ഏകോപിപ്പിച്ച് ഒരു " ബ്രാൻഡ് നെയിം" ൽ വിപണനം നടത്തുക. വിപണനത്തിനും, തുണി വാങ്ങുന്നതിനുമായി ഒരു സ്ഥാപനം ആരംഭിക്കുക.

16 തൊഴിൽ വിദ്യാഭ്യാസം നൽകുവാൻ ഒരു ഐ.റ്റി.സി. സ്ഥാപിക്കുക.

17 എല്ലാ വീടുകളിലും ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല, പച്ചക്കറി എന്നിവവളരെ ചെറിയ തോതിലെങ്കിലും ആരംഭിക്കുക. വാർഡടിസ്ഥാനത്തിൽ പൂക്കൾ ശേഖരിച്ച് വിപണനം ചെയ്യുക.

18 നാലാം നിർദ്ദേശത്തിൽ പറഞ്ഞിട്ടുള്ള സഹകരണ സംഘം, മത്സ്യഫെഡ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ എന്നിവയുടെ സഹകരണത്തോടെ മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് മത്സ്യത്തൊഴിലാളികളെ, ചൂഷണം ചെയ്യുന്ന ഇടത്തട്ടുകാരിൽ നിന്നും രക്ഷിക്കുക.

മുകളിലെ നിർദ്ദേശങ്ങൾ വിശദമായ ചർച്ചക്ക് ശേഷം സമയബന്ധിതമായി നടപ്പിലാക്കിയാൽ ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ തന്നെ ഈ പഞ്ചായത്തിനെ വ്യാവസായികമായി വൻ പുരോഗതിയിൽ എത്തിക്കുവാൻ കഴിയും.



# സംസ്ക്കാരം

കലാ സാംസ്ക്കാരിക രംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച ഒട്ടനവധി മഹാരഥൻമാർ ഈ പഞ്ചായത്തിലുണ്ടായിരുന്നു. ഈ മണ്ണിൽ പിറന്ന അനുഗ്രഹീതരായ നിരവധി സാഹിത്യകാരൻമാരും സാമൂഹിക പരിഷ്കർത്താക്കളും നടൻമാരും ചിത്രകാരൻമാരും സാംസ്ക്കാരിക കേരളത്തിന് വിലമതിക്കാനാവാത്ത സംഭാവനകൾ നൽകി സമ്പുഷ്ടമാക്കിയിരുന്നുവെന്ന് നമുക്കഭിമാനിക്കാം. പക്ഷേ ഈ മഹാപുരുഷൻമാരെ യാഥോചിതം ആദരിക്കുവാനോ വിലയിരുത്തുവാനോ നമുക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം: ഈ രംഗത്തെ ഗതകാലങ്ങളെ ക്രോഡീകരിക്കുമ്പോൾ ഈ മഹാരഥൻമാരെ നമുക്കനുസ്മരിക്കാം.

### വി.വി.വേലുക്കുട്ടി അരയൻ

സാമൂഹിക സാംസ്ക്കാരിക സാഹിത്യ രംഗങ്ങളിലാകെ ഒന്നുപോലെ ശോഭിച്ചിരുന്ന ബഹുമുഖവ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഡോക്ടർ. വേലുകുട്ടി അരയൻ 'പത്രാധിപർ' എന്ന പേരിൽ പ്രശസ്തനായിരുന്ന അദ്ദേഹം നിരവധി പത്രമാസികകളുടെ പത്രാധിപരായും ഉടമസ്ഥനായും പ്രവർത്തിച്ചിരുന്നു. 1917-ൽ ആരംഭിച്ച അരയൻ പത്രം പിന്നോക്കസമുദായങ്ങളുടെയും സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെയും ജിഹ്വയായി പ്രവർത്തിച്ചിരുന്നു. കേരളത്തിലെ ആദ്യത്തെ വനിതാ മാസികയായ സ്ത്രീജനമാസികയും അദ്ദേഹമാണ് തുടങ്ങിയത്. കേരളത്തിലെ ആദ്യത്തെ ഫിഷറീസ് മാഗസിൻ, സിനിമാ മാസികയായ ഫിലിംഫാൻ, തീരദേശം, ധർമ്മപോഷിണി തുടങ്ങിയവ അദ്ദേഹത്തിന്റെ പത്രാധിപത്യത്തിലായിരുന്നു.

സാഹിത്യരംഗത്ത് സ്മര്യപുരുഷൻ കൈവയ്ക്കാത്ത ശാഖകളുണ്ടോയെന്ന് സംശയമാണ്. ശ്രീചൈത്രബുദ്ധൻ, ദീനയായദമയന്തി, മാതംഗി, പദ്യകുസുമാഞ്ജലി, അച്ഛനും കുട്ടിയാനും, കേരള ഗീതങ്ങൾ, ചിരിക്കുന്ന കവിതകൾ, ചിന്തിപ്പിക്കുന്നകവിതകൾ തുടങ്ങിയ പദ്യകൃതികൾ, കിരാതാർജ്ജുനീയം(ഓട്ടൻ തുള്ളൽ) വാസവദത്താ നിർവ്വാണം (ആട്ടകഥ) രസലക്ഷണ സമുച്ചയം (ഗദ്യം) ചെമ്മീൻ ഒരു നിരൂപണം.മാധവി നിരൂപണം, വ്യാസഭാരത നിരൂപണം, കുറുക്കൻ കഥകൾ (ബാലസാഹിത്യം) ബലേഭേഷ്, ഇരുട്ടടി (ഹാസ്യം) തുടങ്ങിയവ അദ്ദേഹത്തിന്റ ചില പ്രധാന കൃതികളാണ്. ഭിഷഗ്വരൻ എന്ന നിലയിൽ ഹോമിയോ ആയുർവേദം, അലോപ്പതി എന്നീ മൂന്നു വിഭാഗത്തിലും അദ്ദേഹം പ്രശസ്തനായിരുന്നു. തിരുവിതാംകൂർ ആസ്ഥാനമായി രൂപം കൊണ്ട കേരളത്തിലെ ആദ്യത്തെ രാഷ്ട്രീയ സഭയുടെ ജനയിതാക്കളിൽ ഒരാൾ അദ്ദേഹമായിരുന്നു. അതുപോലെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ഭാഗമായ നാവികത്തൊഴിലാളി യൂണിയൻ രൂപവൽക്കരിക്കുന്നതിലും അദ്ദേഹം മുൻകൈ എടുത്തു. വൈക്കം സത്യാഗ്രഹത്തിൽ ഡോക്ടർ അരയന്റെ പങ്ക് നിർണ്ണായകമായിരുന്നു. കരുനാഗപ്പള്ളി അസംബ്ളി നിയോജകമണ്ഡലത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ സ്ഥാനാർഥി അദ്ദേഹമായിരുന്നു. സമസ്ത കേരളീയ അരയമഹാജനയോഗം സ്ഥാപകൻ അവർണ്ണഹിന്ദു മഹാ സഭയുടെ ആദ്യ സെക്രട്ടറി, ഹിന്ദുമിഷൻ ഡയറക്ടർ എന്ന നിലകളിലും അദ്ദേഹം വിഖ്യാതനായിരുന്നു.

### പണ്ഡിത കവി കുഞ്ഞുപിള്ള പണിക്കർ

അപാരമായ സംസ്കൃത പാണ്ഡിത്യം കൊണ്ടും വാഗ്വിലാസം കൊണ്ടും അനുഗ്രഹീതനായിരുന്ന പണ്ഡിറ്റ് കുഞ്ഞുപിള്ള. പണിക്കർ കേരളത്തിലെ മുൻനിര സാഹിത്യകാരൻമാരിൽ ഒരാളായിരുന്നു. ശ്രീമദ് ഭഗവത് ഗീതയുടെ തർജ്ജമ, ശ്രീനാരായണ പരമഹംസൻ, ദേവീഭാഗവതം, കന്ദർഭചൂഡാമണി, വിക്രമാദിത്യൻ തുടങ്ങിയവ അദ്ദേഹത്തിൽ നിന്നും കലാകൈരളിക്ക് ലഭിച്ച വിശിഷ്ടകൃതികളാണ്.

### പണ്ഡിറ്റ് സി.പി.അരുമനായക പണിക്കർ

ഭഗവാൻ വേദവ്യാസൻ എന്ന ഒറ്റകൃതി കൊണ്ടു തന്നെ സാഹിത്യ നഭോമണ്ഡലത്തിൽ കടന്നുചെന്ന് സ്ഥിര പ്രതിഷ്ഠ നേടിയ ഭാഷാ പണ്ഡിതനാണ് പണ്ഡിറ്റ് സി.പി. അരുമനായക പണിക്കർ. കരുനാഗപ്പള്ളിയുടെ സാംസ്ക്കാരിക സാമൂഹിക രംഗങ്ങളിൽ നിറഞ്ഞു നിന്നിരുന്ന ശ്രീ. പണിക്കർ ഒരു ഭാഷാദ്ധ്യാപകനെന്ന നിലയിലും ഖ്യാതി സമ്പാദിച്ചു. ശിഷ്യ ഗണങ്ങൾക്ക് അദ്ദേഹം 'അരുമസാർ' ആയിരുന്നു.

### ഡോക്ടർ കുഴിത്തുറ രാഘവൻ

മുള്ളും പൂവും, എന്റെ അച്ഛൻ തുടങ്ങിയ കൃതികളുടെ കർത്താവും അറിയപ്പെട്ട ഒരു ഹോമിയോ ഡോക്ടറുമായിരുന്നു ഡോക്ടർ രാഘവൻ. അദ്ദേഹത്തിന്റെ മകനാണ് പ്രശസ്ത എഴുത്തുകാരനായ കുഴിത്തുറ രാജൻ.

### എൻ. വി. പുതുമണ്ണേൽ

സാഹിതിയകാരനും സാമൂഹികപരിഷ്കർത്താവുമായിരുന്നു.

### അഴീക്കൽ കൃഷ്ണൻകുട്ടി

വയലാർ, തിരുനെല്ലൂർ കരുണാകരൻ തുടങ്ങിയവരുടെ സമകാലീനനായിരുന്ന അഴീക്കൽ കൃഷ്ണൻ കുട്ടി നിരവധി കൃതികളുടെ കർത്താവും കൗമുദി ആഴ്ചപതിപ്പിലെ സ്ഥിരം എഴുത്തുകാരനുമായിരുന്നു

### ഡോ.വി.വി. രവീന്ദ്രൻ

ഡോക്ടർ വി.വി.വേലുകുട്ടി അരയന്റെ പുത്രനായ ഇദ്ദേഹം നല്ലൊരു എഴുത്തുകാരനാണ്. വെളിച്ചം, അനന്തൻ തുടങ്ങിയ കൃതികളുടെ കർത്താവാണ്.

### വൈദ്യൻ പി.കെ.വേലുകുട്ടി

ഡോക്ടർ വേലുകുട്ടി അരയന്റെ സമകാലീനനായ സാഹിത്യകാരൻ. ഭിഷഗ്വരനും സംസ്കൃതപണ്ഡിതനുമായിരുന്നു.

## ആലപ്പാട് പഞ്ചായത്തിലെ ലൈബ്രറികളും സ്ഥിതിവിവര സ്റ്റേറ്റുമെന്റ്

(1995 ഡിസംബർ വരെ)

| ക്രമ നമ്പർ | ഗ്രന്ഥശാലയുടെപേരും മേൽവിലാസവും | ഗ്രേഡ് | സ്ഥാപിതം | ആകെ അംഗങ്ങൾ | സ്ത്രീകൾ | പുരുഷൻമാർ | ആകെ പുസ്തകങ്ങൾ | പുസ്തകങ്ങളുടെ വില | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|
| 1 | കെ.കൃഷ്ണൻകുട്ടി മെമ്മോറിയൽ ലൈബ്രറി & റീഡിംഗ്റൂം അഴീക്കൽ | ഡി | 18.5.79 | 769 | 300 | 469 | 2385 | 23847.00 | |
| 2 | പണ്ഡിറ്റ്കറുപ്പൻ സ്മാരക ഗ്രന്ഥശാല ശ്രായിക്കാട്, അഴീക്കൽ പി. ഒ | ഡി | ലഭ്യമല്ല | 218 | 78 | 140 | — | — | |
| 3 | മഹാത്മജി സ്മാരക ഗ്രന്ഥശാല& വായനശാല പറയകടവ്, കുഴിത്തുറ | എ | 1948 | 989 | 450 | 539 | 8113 | 50864 87 | |
| 4 | ആലപ്പാട് പബ്ലിക് ലൈബ്രറി& റീഡിംഗ്റൂം ആലപ്പാട് ചെറിയഴീക്കൽ പി. ഒ | സി | 3.9.62 | 768 | 256 | 512 | 3689 | 29781.00 | |
| 5 | യുവപ്രതിഭാ സാംസ്ക്കാരിക വേദി ഗ്രന്ഥശാല, കാകത്തുരുത്ത്, ആലപ്പാട, ചെറിയഴീക്കൽ പി. ഒ | ഇ | 5.4.88 | 649 | 249 | 400 | 1827 | 20844.65 | |
| 6 | വിജ്ഞാനസന്ദായിനി ഗ്രന്ഥശാല & വായനശാല, ചെറിയഴീക്കൽ പി. ഒ | എ | 1908 | 1611 | 700 | 911 | 12165 | 84462.95 | |
| 7 | പ്രബോധിനിഗ്രന്ഥശാല & വായനശാല പണ്ടാരത്തുരുത്ത്, ചെറിയഴീക്കൽ പി. ഒ | എ | 27.3.48 | 1417 | 482 | 935 | 13110 | 71869.00 | "ബാലകൈരളി" നടത്തുന്നുണ്ട്. ഫോൺ കണക്ഷനുള്ള ഗ്രന്ഥശാല |
| 8 | ഫ്രീഡം ഗ്രന്ഥശാല & വായനശാല വെള്ളനാതുരുത്ത്, ചെറിയഴീക്കൽ പി. ഒ | | 1995 | 235 | 70 | 165 | 1216 | 20145.00 | പുതിയതായി അസോസിയേഷൻ കിട്ടിയ ഗ്രന്ഥശാല, ഗ്രേഡ്നിർണ്ണയിച്ചിട്ടില്ല ബാലകൈരളിയുണ്ട് |
| | ആകെ | | | 6656 | 2585 | 4071 | 42505 | 301814.47 | |

*എല്ലാ ഗ്രന്ഥശാലകൾക്കും സ്വന്തമായി കെട്ടിടവും ടെലിവിഷൻ സെറ്റുമുണ്ട്. ചെറിയഴീക്കൽ വിജ്ഞാന സന്ദിയിനിയിലും പണ്ടാരത്തുരുത്ത് പ്രബോധിനിയിലും വിജ്ഞാന വികസന കേന്ദ്രങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ശ്രായിക്കാട് ദേശബന്ധു ആർട്ട്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു വായനശാലയും പ്രവർത്തിക്കുന്നു.*

കൂടാതെ, ശ്രായിക്കാട് ദിവാകരൻ, എം.കെ സുധാകരൻ, കെ,ഗോപിനാഥ് പി.ചന്ദ്രിക, ഡോക്ടർ ശാർങ്ങധരൻ, പുരുഷോത്തമൻ, പി. എ .കാർത്തികേയൻ, എം. എ.ചക്രപാണി, കെ. എസ്. കുഞ്ഞരയൻ, റ്റി.കെ.ചക്രപാണി, കുഴിത്തുറ രാജൻ, കുഴിത്തുറ കുമാരൻ തുടങ്ങിയ സാഹിത്യകാരൻമാരും അസുരവാദ്യം എന്ന അവഗണിക്കപ്പെട്ട ചെണ്ടവായന ആദ്യമായി റേഡിയോവിലൂടെ അവതരിപ്പിച്ച ദാമോദരപണിക്കരും, നാദസ്വരവിദ്വാൻ പി.കെ.രസികേന്ദ്രനും, കഥകളി ഗായകനും കാഥികനുമായ കരുണാകരനാശാനും സ്വന്തമായി കഥകളി കളരി നടത്തിയിരുന്ന ആലപ്പാട്ട് തെക്കയ്യത്ത് രാമൻകുഞ്ഞാശാനും, വെളുത്തകുഞ്ഞും ചെമ്പകശ്ശേരിൽ വാസു ആശാനും വയലിൻ വിദ്വാൻ അഴീക്കൽ കുട്ടൻ ഭാഗവതരും ചിത്രകാരൻമാരായ കൊച്ചാണ്ടി സാറും ദേവരാജ് ശ്രീശൈലവും ഈ നാടിന്റെ അഭിമാനം ഉയർത്തിയ പ്രതിഭകളാണ്.

ഇന്നത്തെ സാംസ്ക്കാരിക രംഗം ശാസ്ത്ര സാങ്കേതിക വളർച്ചയോടെ വളരെയേറെ മാറിയിരിക്കുന്നു. സിനിമയും ടെലിവിഷനും കേബിൾ ടി.വിയും കമ്പ്യൂട്ടറും ഒക്കെ ചേർന്ന് ഒരു പുത്തൻയുവജന സംസ്ക്കാരവും പ്രവണതകളും വളർത്തിയെടുത്തിയിരിക്കുന്നു. വായനശാലകളുടെയും ഗ്രന്ഥശാലകളുടെ പ്രസക്തി ബോധ്യമാകുന്നത് ഇവിടെയാണ്.

പഞ്ചായത്തിലെ കരയോഗങ്ങൾ വായന ശാലകളെയും ഗ്രന്ഥശാലകളെയും ഏറെ സഹായിക്കുന്നുണ്ട്. പഞ്ചായത്തിൽ പ്രധാനമായി എട്ട് ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലയിൽ തന്ന ഇതൊരു റെക്കോഡാണ്.

താലൂക്കിലെ 13 എ ഗ്രേഡ് ഗ്രന്ഥശാലകളിൽ മൂന്ന് എ ഗ്രേഡ് ഗ്രന്ഥശാലകൾ ഈ പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്. നിരവധി സാംസ്ക്കാരിക സമിതികളും കലാകായിക സംഘടനകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ജനതയുടെ 26%ലേറെ ആൾക്കാർ ഗ്രന്ഥശാലകളിൽ അംഗങ്ങളാണ്– 6856 പേർ. ഇതിൽ 2585 സ്ത്രീകളും 4071 പുരുഷൻമാരുമാണ്. പഞ്ചായത്തിൽ ഒരു വാർഡിൽ 2 ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. പണ്ടാരത്തുരുത്ത് പ്രബോധിനിയുടെ നേതൃത്വത്തിലുള്ള നാടകസമിതി കേരളമൊട്ടാകെ പരിപാടികൾ നടത്തുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1 വിജ്ഞാന വികസന കേന്ദ്രങ്ങൾ ഫലപ്രദമായി എല്ലാ വാർഡിലും നടപ്പാക്കുക.

2 പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഒരു ബുക്ക് ബാങ്കും അതിൽ റഫറൻസ് വിഭാഗവും ആരംഭിക്കുക.

3 കലാ സാഹിത്യ രംഗങ്ങളിലും മറ്റും കഴിവുള്ളവരെ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനും സംവിധാനങ്ങളുണ്ടാക്കുക. (കുട്ടികൾക്കായി ) കലാ സംഘടനകൾ രൂപവൽക്കരിക്കുക.

4 ലൈബ്രറികളും വായനശാലകളും ഒരു ഇൻഫർമേഷൻ സെന്റർ കൂടി ആക്കി മാറ്റുകയും അവിടെ ആർട്ട് ഗാലറി സ്ഥാപിക്കുകയും ചെയ്യുക.

5 കായിക രംഗത്ത് വളരെ സംഭാവനകൾ നൽകി നന്നായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന CFA (ചെറിയഴീക്കൽ)ഗ്രൗണ്ടിൽ സ്റ്റേഡിയം കെട്ടാൻ വേണ്ട സൗകര്യം ചെയ്തുകൊടുക്കുക.

6 ഗ്രന്ഥശാല ഇല്ലാത്ത വാർഡുകളിൽ അതുസ്ഥാപിക്കുക.

7 നിർദ്ധനരായ കലാകായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഫണ്ട് സ്വരൂപിക്കുക.

8 കലയെയും സംസ്ക്കാരത്തെയും കുറിച്ചുള്ള അവബോധം ജനങ്ങളിലുണ്ടാക്കുവാൻ ചർച്ചാ ക്ളാസ്സുകളും സംവാദങ്ങളും എല്ലാ വാർഡുകളിലും മാസത്തിലൊരിക്കലെങ്കിലും സംഘടിപ്പിക്കുക.

## പ്രധാന ആരാധനാലയങ്ങൾ

1. സെന്റ്സെബാസ്റ്റ്യൻ ചർച്ച്, അഴീക്കൽ
2. പൂക്കോട് പരമ്പര ദേവീക്ഷേപ്രം, അഴീക്കൽ
3. ശ്രീ സുബ്രഹ്മണ്യ ക്ഷേത്രം, അഴീക്കൽ
4. പശ്ചിമേശ്വരം ക്ഷേത്രം, ശ്രായിക്കാട്
5. പൊന്നാ ഭഗവതി ക്ഷേത്രം, പറയക്കടവ്
6. മാതാ അമൃതാനന്ദമയി മഠം, പറയക്കടവ്
7. ശ്രീകൃഷ്ണ സ്വാമിക്ഷേത്രം, കുഴിത്തുറ
8. കുരുക്കശ്ശേരി ക്ഷേത്രം, ആലപ്പാട്
9. ശ്രീസുബ്രഹ്മണ്യസ്വാമിക്ഷേത്രം ആലപ്പാട്
10. മുള്ളിക്കൽ ക്ഷേത്രം, ചെറിയഴിക്കൽ
11. ശ്രീ കാശിവിസ്വനാഥക്ഷേത്രം, ചെറിയവിക്കൽ
12.ഭഗവതി ക്ഷേത്രം, ചിയഴീക്കൽ
13. കൊച്ചോച്ചിറ ക്ഷേത്രം, പണ്ടാരത്തുരുത്ത്
14. പോർട്ടുഗീസ് പള്ളി, പണ്ടാരത്തുരുത്ത്
15. മൂക്കും പുഴ ഭഗവതിക്ഷേത്രം, പണ്ടാരത്തുരുത്ത്
16. ശ്രീ സുബ്രഹ്മണ്യക്ഷേത്രം, വെള്ളനാതുരുത്ത്

*കൂടാതെ മറ്റനവധി കുടുംബക്ഷേത്രങ്ങളും മറ്റ് ആരാധനാലയങ്ങളും നിലവിലുണ്ട്.*



# വനിതാക്ഷേമം

ആലപ്പാടു പഞ്ചായത്തിലെ ആകെ ജനസംഖ്യ 1991-ലെ സെൻസസ് പ്രകാരം 24734 ആണ്. ഇതിൽ സ്ത്രീകളുടെ എണ്ണം 12124 ആണ്. സംസ്ഥാനത്തിന്റെ സ്ത്രീപുരുഷ അനുപാതത്തിൽ നിന്നും വ്യത്യസ്തമായി സ്ത്രീകളുടെ എണ്ണം കുറവായിട്ടാണ് കാണുന്നത്. പഞ്ചായത്തിലെ 11 വാർഡുകളിൽ 4 എണ്ണം വനിതാസംവരണ വാർഡുകളാണ്. സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ആദ്യകാലം മുതൽ സ്ത്രീകൾക്ക് പ്രത്യേക അവഗണന ഒന്നും ഇല്ലായിരുന്നു. സ്ത്രീ സാക്ഷരത പുരുഷസാക്ഷരതയോട് ഏറെക്കുറെ അടുത്തുതന്നെ നിൽക്കുന്നു.

പഴയകാലങ്ങളിൽ വനിതകളുടെ സ്ഥിതി വളരെ മോശമായിരുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ അടുക്കളയിൽ ഒതുങ്ങി ഗൃഹജോലികൾ മാത്രം ചെയ്തുവന്നു. പക്ഷേ പട്ടിണിയും ദാരിദ്ര്യവും വർദ്ധിച്ചപ്പോൾ അവരും സ്വയം തൊഴിൽ ചെയ്യുന്നതിന് തയാറായി. പ്രധാനമായും കയർ നിർമ്മാണം, ഓലമെടച്ചിൽ, മത്സ്യസംസ്കരണം വല നിർമ്മാണം എന്നീ തൊഴിലുകൾ ചെയ്യാൻ തുടങ്ങി. ലോക പ്രശസ്തിയാർജ്ജിച്ച ' ആലപ്പാടൻ കയർ' ഇവിടത്തെ വനിതകളുടെ സംഭാവനയാണ്. വനിതകൾ കൈകൊണ്ടു തേച്ചുണ്ടാക്കിയ കയറിൽ പറ്റിയിരുന്ന മണ്ണിൽ നിന്നാണ് വിദേശിയരെ ലോഹമണലിന്റെ മാഹാത്മ്യം മനസ്സിലാക്കി കേരളത്തീലേക്ക് ആകർഷിക്കാൻ ഇടയാക്കിയത്. ഈ തൊഴിലുകൾ ഒന്നും തന്നെ നല്ല രീതിയിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

രാഷ്ട്രത്തിന്റെ പുരോഗതിക്കും സ്വയംപര്യാപ്തയ്ക്കും ഗ്രാമീണ വനിതകളുടെ പുരോഗതി അനിവാര്യമാണെന്ന് മനസ്സിലാക്കിയ ഗവൺമെന്റ് പല പദ്ധതികളും ആവിഷ്കരിച്ചു. നമ്മുടെ പഞ്ചായത്തിലും മഹിളാസംഘടനകളും മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളും പോഷകാഹാരവിതരണ കേന്ദ്രങ്ങളും ആരംഭിച്ചു. ആകെ 9 ബാലവാടികളും 6 എ. എൻ.പി സെന്ററുകളും നിലവിലുണ്ട്. കേന്ദ്രങ്ങൾ തമ്മിലുള്ള അകലവും അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയതുകൊണ്ടും പഞ്ചായത്തിലെ എല്ലാ കുട്ടികൾക്കും അമ്മമാർക്കും സഹായം ലഭിക്കുന്നില്ല. ഓരോ വാർഡിലും ബാലവാടിയും എ. എൻ. പി. സെന്ററുകളും ഇനിയും കൂടുതൽ ഉണ്ടാകേണ്ടിയിരിക്കുന്നു. കൂടാതെ ഈ സ്ഥാപനങ്ങളിൽ നഴ്സറി കുട്ടികൾക്കാവശ്യമായ എല്ലാവിധ സജ്ജീകരണങ്ങളും ചെയ്തുകൊടുക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ മൂന്നു ക്രഷുകൾ നിലവിലുണ്ടായിരുന്നു. കോരപ്പുല്ലുപയോഗിച്ച് പായ നിർമ്മാണം, ബേക്കറി നിർമ്മാണം, വലകെട്ട്, ഇവയ്ക്കെല്ലാം പരിശീലനം കൊടുത്തിരുന്നു. പക്ഷേ ഇന്ന് എല്ലാം നിലച്ചമട്ടാണ്. ശരിയായ നേതൃത്വം , ബോധവല്ക്കരണം, പുരുഷൻമാരുടെ പ്രോത്സാഹനം, ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണന സൗകര്യം, ഇവയൊന്നും ശരിയായ നിലയിൽ ലഭിച്ചിട്ടില്ലാത്തതാണ് അധഃപതനത്തിനു കാരണം.

വനിതകൾക്കായി രണ്ടു പാലുല്പന്ന കേന്ദ്രങ്ങൾ , 5 സ്വാശ്രയ സംഘങ്ങൾ, മൂന്ന് ഡി . ഡബ്ലിയു. സി. ആർ. എ. യൂണിറ്റ് (കോഡന്റ് നിർമ്മാണം) എന്നിവ പ്രവർത്തനം നടത്തുന്നുണ്ട്. ഇവയൊന്നും തന്നെ പുരോഗതി പ്രാപിച്ചിട്ടില്ല. വനിതകളുടെ സാമ്പത്തിക വികസനത്തെ ലക്ഷ്യമാക്കി ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കാൻ കഴിയും.ഓരോ വീട്ടിലും ഓരോ അടുക്കളത്തോട്ടം ഉണ്ടാകണം. നിത്യോപയോഗത്തിനുള്ള പച്ചക്കറികളും പഴവർഗങ്ങളും വീട്ടിൽതന്നെ ഉല്പാദിപ്പിക്കാൻ കഴിയണം. എല്ലാവീടുകളിലും അഞ്ചുവീതമെങ്കിലും കോഴി, താറാവ്, എന്നിവ വളർത്തുന്നതിന് പ്രോത്സാഹനം നൽകണം. ആടുമാടുകളെ വളർത്താൻ താല്പര്യവും സൗകര്യവും ഉള്ളവർക്ക് അതിനുള്ള സൗകര്യവും ഉണ്ടാക്കിക്കൊടുക്കണം.

ഈ പഞ്ചായത്തിലെ ഒരു പ്രത്യേകത എടുത്തുപറയാനുള്ളത് കേരളത്തിൽ മദ്യനിരോധനനിയമം നിലവിൽ വരുന്നതിന് വളരെ മുൻപുതന്നെ കള്ളുഷാപ്പുകളോ വ്യാജച്ചാരായവാറ്റുകളോ ഇല്ലാത്തതാണ്. വനിതകൾ മുൻകൈ എടുത്തുപ്രവർത്തിച്ചതിന്റെ ഫലമായിട്ടുകൂടിയാണ് ഇവയെല്ലാം നിർത്തലാക്കാൻ സാധിച്ചത്. കേരളത്തിലെ കൺസ്യൂമർ പ്രോട്ടക്ഷൻ വനിതാപ്രവർത്തകരിൽ ജില്ലാ-സംസ്ഥാന നേതൃത്വത്തിലുള്ള വനിതകൾവരെ നമ്മുടെ പഞ്ചായത്തിലുണ്ട്. സാക്ഷരതയുടെ കാര്യത്തിലും മറ്റുപഞ്ചായത്തുകളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിലെ വനിതകൾ ഏറെ മുന്നിലാണ്.

അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ധാരാളം വനിതാസാമൂഹ്യപ്രവർത്തകർ ഈ പഞ്ചായത്തിലുള്ളതിനാൽ അവരുടെ മേൽനോട്ടത്തിൽ നടത്താൻ കഴിയുന്ന ഏതാ

നും തൊഴിൽ യൂണിറ്റുകൾ താഴെ ചേർക്കുന്നു.

1. വസ്ത്രനിർമ്മാണ യൂണിറ്റ്
2. തയ്യൽ പരിശീലന കേന്ദ്രം
3. വല/കോഡന്റ് എന്നിവയുടെ നിർമ്മാണം
4. കറിപൗഡർ/ അച്ചാറു നിർമ്മാണം.
5. മത്സ്യസംസ്കരണം/ ചെമ്മീൻ സംസ്കരണം
6. ബേക്കറി& കൂൾബാർ
7. കരകൗശല വസ്തുക്കൾ നിർമ്മാണം.
8. കയർ ഉല്പന്ന നിർമ്മാണം
9. ഡയറിഫാം
10. മെഴുതിരി & ചന്ദനത്തിരി നിർമ്മാണം
11. ചെമ്മീൻ കൃഷി
12. ലതർ വർക്സ്

കൂടാതെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും മറ്റു വനിതകളുടെയും ക്ഷേമത്തിനുവേണ്ടി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിക്കാവുന്നതാണ്.

1. അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ-വിദ്യാഭ്യാസ വളർച്ചയ്ക്കായി ഇന്നുള്ള ബാലവാടി സേവനം I.C.D.Sന്റെ നേതൃത്വത്തിൽ അംഗൻവാടികളായി ഉയർത്തണം.

2. വനിതാരംഗത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സംഘടിതമായ പരിശ്രമംതന്നെ വേണം. മുകളിൽ സൂചിപ്പിച്ചതുപോലെയുള്ള തൊഴിൽ സംരംഭങ്ങളുടെ പരാജയം പലതും കഴിഞ്ഞതിനാൽ- മത്സ്യസംസ്ക്കരണം, മത്സ്യ-ചെമ്മീൻ വളർത്തൽ, പച്ചക്കറിപുഷ്പങ്ങളുടെ വളർത്തൽ, അലങ്കാര മത്സ്യങ്ങളുടെ വിപണനം, മെക്കനൈസ്ഡ് റാട്ട്, ഇലക്ട്രോണിക് വ്യവസായം- തുടങ്ങി സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ കഴിയുന്ന തൊഴിൽ തുറകൾ അനിവാര്യമായും കണ്ടെത്തി പ്രോത്സാഹിപ്പിക്കണം.

3. സ്കൂൾ വിദ്യാർത്ഥികളിൽ പെൺകുട്ടികളുടെ എണ്ണത്തിൽപ്രകടമായ കുറവുകാണുന്നു. ചില മാതാപിതാക്കളെങ്കിലും പെൺകുട്ടികളെ ചെറിയക്ളാസിൽത്തന്നെ കൊഴിഞ്ഞുപോകുന്നതിന് അനുവദിക്കുന്നു എന്ന് അനുമാനിക്കാം. അതുതടയുകയും പെൺകുട്ടികൾക്ക് ഏറ്റെടുക്കാൻ കഴിയുന്ന തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയുൾക്കൊള്ളുന്ന സിലബസ് പരിഷ്കരണവും V.H.S.C. സബ്ജക്ടും ഉൾപ്പെടുത്തണം.

4. സ്ത്രീധന സമ്പ്രദായത്തിന്റെ വിപത്ത് അധികമേൽക്കാത്ത സമൂഹമായിരുന്നു പഞ്ചായത്തിലേത്. എന്നാൽ അതിൽനിന്നുപോലും വ്യത്യാസം കാണാൻ തുടങ്ങിയിരിക്കുന്നു. ശരിയായ ബോധവൽക്കരണത്താൽ ഈ ആപത്ത് ഒഴിവാക്കണം.

5. വിവാഹപ്രായത്തിന്റെ കാര്യത്തിൽ ആരോഗ്യപ്രവർത്തകർ നിർദ്ദേശിക്കുന്ന 18-21 വയസ്സെന്നത് തികച്ചും പാലിക്കപ്പെടാറില്ല.
വിവാഹച്ചെലവിലും മത്സരിക്കുന്ന പ്രവണത കണ്ടുവരുന്നു. കൂട്ടായ വിവാഹം നടത്തി ചെലവും ബുദ്ധിമുട്ടും ലഘൂകരിക്കാൻ കഴിയുന്ന സാമൂഹ്യസംവിധാനം സൃഷ്ടിക്കണം.

6. വാർഡുകൾ തോറും പത്തിൽ കുറയാത്ത വനിതകൾ ഉൾക്കൊള്ളുന്ന സ്വയം സഹായഗ്രൂപ്പുകൾ ആരംഭിക്കണം.

7. വനിതകൾക്കായി പാർപ്പിട നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുക.

# പൊതുജനാരോഗ്യം

41ാംപേജിൽ നിന്ന്

കിടക്കുന്ന മലിനജലം ഒഴുകി വിടുന്നതിന്,കലങ്കു കെട്ടി ഒഴുക്കി വിടുന്നതിനുള്ള സൗകര്യമുണ്ടാവണം.

15 പഞ്ചായത്തിന് ''സമഗ്രമായ ആരോഗ്യപദ്ധതി'' നടപ്പിലാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുക. വിവിധ ശാഖകളെ ഇക്കാര്യത്തിൽ സംയോജിപ്പിക്കാം.

16 പ്രാഥമികാരോഗ്യ കേന്ദ്രം കേന്ദ്രമാക്കിയുളള ആരോഗ്യ പദ്ധതിയും പ്രവർത്തനവും സംഘടിപ്പിക്കാവുന്നതാണ്.

17 ലാബറട്ടറി, എക്സ്റേ, തുടങ്ങിയ സൗകര്യങ്ങൾ ഈ കേന്ദ്രത്തിൽ ഉണ്ടാവേണ്ടിയിരിക്കുന്നു.

18 പഞ്ചായത്തിലെ മുഴുവൻ ആളുകളും 'ഹെൽത്ത് കാർഡ് സമ്പ്രദായം ഏർപ്പെടുക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കാം.

19 പഞ്ചായത്തിൽ വിപുലമായ ആരോഗ്യ കൺവൻഷൻ വിളിച്ചു ചേർത്ത് പ്രശ്നങ്ങൾ വിലയിരുത്തുകയും, പരിഹാരങ്ങൾ തേടുകയും അവ നടപ്പിലാക്കുന്നതിനായി പഞ്ചായത്തുതല 'ജനകീയ കമ്മിറ്റി' രൂപീകരിക്കുകയും ചെയ്യുക.

# കുടിവെള്ളം

40ാംപേജിൽ നിന്ന്

13. ടെക്നോളജി മിഷന്റെ അനുമതിയോടുകൂടി പഞ്ചായത്തിലെ കുടിവെള്ളത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര പദ്ധതി ഇനിയും അനുമതി ലഭിക്കാതിരിക്കുകയാണ്. വാട്ടർ അതോറിറ്റി അധികൃതർ അതിന്റെ അനുമതി വേഗതയിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

14. കുടിവെള്ളം ഉപയോഗിക്കുന്നവരുടെ 'യൂസേഴ്സ് കമ്മിറ്റി' കൾ രൂപീകരിച്ച് പൊതുടാപ്പ് , കിണർ , ടാങ്ക് എന്നിവയുടെ അറ്റകുറ്റപ്പണികളും പ്രവർത്തനവും കാര്യക്ഷമമാക്കുന്നതിൽ സഹായിക്കുക.



# സഹകരണം

ഈ പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയാക്കി Q 268ാം നമ്പർ ആലപ്പാട് പഞ്ചായത്ത് സർവ്വീസ് സഹകരണസംഘം രജിസ്റ്റർ ചെയ്തു. കാർഷിക സഹകരണ മാതൃകയിലുള്ളതാണ് ഈ സംഘം. തെങ്ങു കൃഷിയല്ലാതെ മറ്റ് കൃഷിക്കും സാദ്ധ്യതയില്ലാത്ത ഈ പഞ്ചായത്തിൽ ചുരുക്കം കേരകർഷകർക്ക് മാത്രമായി ഈ പ്രസ്ഥാനം ഒതുങ്ങി. പുതിയ ഭൂനിയമ പ്രകാരം 1970 ന് ശേഷം കുടികിടപ്പ് ഭൂമി ഏവർക്കും ലഭ്യമായപ്പോൾ മാത്രമാണ് സംഘത്തിൽ അംഗസംഖ്യകൂടിയത്. ഈ പ്രദേശത്ത് നിന്നും ഒറ്റിയും പാട്ടവും ഒക്കെ ഏറെക്കുറെ നിർമ്മാർജനം ചെയ്യപ്പെട്ടു. കെട്ട് തെങ്ങ് വ്യവസ്ഥയിൽ പ്രവർത്തിച്ച് ഉല്പന്നം ലേലം ചെയ്ത് വിറ്റ് വായ്പക്കാരുടെ പേരിൽ പലിശയും മുതലും വരവ്വച്ച് പ്രവർത്തിച്ച ഈ ശൈലിമൂലം സംഘത്തിൽ വായ്പകുടിശ്ശിക നന്നെ കുറവായിരുന്നു അങ്ങനെ ഉറച്ച ഒരു പ്രസ്ഥാനമായി സംഘം നിലകൊണ്ടു. പിൽക്കാലത്ത് സംഘത്തിൽ നിന്ന കാർഷികേതരവായ്പകളും കൊടുക്കാമെന്ന വ്യവസ്ഥവന്നപ്പോൾ സാവധാനത്തിൽ സംഘത്തിന്റെ സാമ്പത്തികഭദ്രതയും തകർന്ന് തുടങ്ങി. നിർദ്ധനരായ ജനങ്ങൾതിങ്ങി പാർക്കുന്ന ഈ പ്രദേശത്ത് നിന്നും സംഘത്തിന്റെ പ്രവർത്തനഫണ്ടിലേക്ക് വേണ്ടി കാര്യമായ തുകയൊന്നും ഡിപ്പോസിറ്റ് സ്വരൂപിക്കാൻ കഴിഞ്ഞില്ല. വായ്പ അവശ്യങ്ങൾക്ക് തുച്ഛമായ മാർജ്ജിൻ മാത്രം പറ്റിക്കൊണ്ട് ഡിസ്ട്രിക്റ്റ് സഹകരണ ബാങ്കിനെ തന്നെഎല്ലായ്പ്പോഴും ആശ്രയിക്കേണ്ടി വരുന്നു. സംഘത്തിന്റെ തൻചിലവും സിൽബന്ദിചിലവും വഹിക്കാൻ മതിയായ തുക ഇതുമൂലം ലഭിക്കാത്തതുമൂലം സംഘം ക്രമേണ നഷ്ടത്തിൽ പ്രവർത്തിക്കാൻ തുടങ്ങി.

ഈ അവസരത്തിലാണ് ഉപഭോക്തൃവിഭാഗം ആരംഭിക്കാൻ സംഘം തീരുമാനിക്കുന്നത്. റേഷൻ കടകളും പലവ്യഞ്ജന സ്റ്റോറുകളും തുണികടയും മറ്റും സംഘനേതൃത്വത്തിൽ തുടങ്ങി. കൂടാതെ പൊതു വിതരണത്തിന് വേണ്ടി ഗവൺമെന്റ് ഏൽപ്പിച്ച അരിയുടെ വില്പനയും സംഘം ഏറ്റെടുത്തു. നടത്തികൊണ്ട്പോകാൻ തരപ്പെടാത്തതു കാരണം ഈ ശാഖകൾ വ്യക്തി അംഗങ്ങൾക്ക് കൈമാറ്റം ചെയ്യുകയും ഒടുവിൽ നിർത്തലാക്കുകയും ചെയ്യേണ്ടിവന്നു. അടുത്തതായി തേങ്ങയുടെ പ്രോസസിങ്ങിലേക്ക് സംഘം തിരിഞ്ഞു. ഉല്പാദിപ്പിക്കുന്ന കൊപ്രാ മുഴുവൻ കേരഫെഡിലേക്ക് നൽകിവന്നു. കെട്ടുതെങ്ങിലൂടെ സംഭരിക്കുന്ന തേങ്ങയിൽ നിന്നും ഉണ്ടാക്കുന്ന കൊപ്രാ തികയാതെ വന്നപ്പോൾ മറ്റ് ചെറുകിടവ്യാപാരികളിൽ നിന്നും വിലയ്ക്കെടുത്ത് സംഘം വഴി കേരഫെഡിന് നല്കിയിരുന്നു.

സംഘത്തിന്റെ ഏറ്റവും ഒടുവിലത്തെ ലഭ്യമായ സ്ഥിതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അംഗങ്ങളുടെ എണ്ണം | 8073 |
| ഓഹരി എണ്ണം | 107435 |
| ഓഹരി തുക | 1784350 |
| ഡിപ്പോ സിറ്റ് | 1737000 |
| വായ്പ | 4566000 |
| ക്യാഷ് | 247000 |
| വിതരണം ചെയ്ത വായ്പ | 6060000 |
| മറ്റ് നിക്ഷേപങ്ങൾ | 145000 |
| തൻ ആണ്ട്നഷ്ടം | 165000 |
| ഇതുവരെയുള്ള നഷ്ടം | 1140000 |

## കാർഷിക സഹകരണ രംഗത്തെ നിർദ്ദേശങ്ങൾ

ഡിപ്പോസിറ്റ് സ്വരൂപിക്കാൻ പഞ്ചായത്തിലെ ജനങ്ങൾ സമ്പന്നരല്ല. ഡിസ്ട്രിക്റ്റ് ബാങ്ക് നടക്കുന്ന മാർജിൻ കൊണ്ട് സംഘത്തിന്റെതന്നെ ചിലവിന് തികയുന്നില്ല. നഷ്ടം ആണ്ടുതോറും കൂടിവരുന്നു.

a എസ്റ്റാബ്ളിഷ്മെൻറ് ഗ്രാന്റ് തുടർന്നും നടക്കുക

b വായ്പാ വിതരണത്തിന് ഗവൺമെന്റ് ഓഹരി വായ്പയോ, പലിശരഹിത വളർച്ചയോ നൽകണം.

c കൺസ്യൂമർ വിഭാഗം ശക്തിയായി തുടങ്ങി പ്രവർത്തിക്കുക.

### മത്സ്യവ്യവസായം-സഹകരണപ്രസ്ഥാനത്തിലൂടെ

ഈ പഞ്ചായത്തിൽ വസിക്കുന്ന കുടുംബങ്ങളിൽ 20000 ത്തിൽപ്പരം ആളുകളിൽ 90% വും മത്സ്യപ്പിടുത്തക്കാരാണ്. അതുകൊണ്ട് ഒരു സമ്പൂർണ്ണമത്സ്യത്തൊഴിലാളി ഗ്രാമമെന്ന് ഈ പഞ്ചായത്തിന് അവകാശപ്പെടാം. ഓരോ തുറകളിലും ഉണ്ടായ പരസ്പര സഹായ സംഘങ്ങൾ വള്ളം, വല, മു

തലായ ആവശ്യങ്ങൾക്കായി ചെറിയ ചെറിയ തുകകൾ മത്സ്യപിടുത്തകാർക്ക് വായ്പയായി നൽകിയിരുന്നു. അത് മാസഗഡുക്കളായി തിരിച്ചടച്ചും വന്നിരുന്നു. ഈ സംഘങ്ങൾ പ്രവർത്തനരഹിതമായപ്പോൾ ആ അവസരവും മീൻപിടുത്തകാരന് നഷ്ടമായി. മീൻപിടുത്തക്കാരെ രക്ഷപ്പെടുത്താൻ തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളി വിവിധോദ്ദേശ സംഘങ്ങൾ രൂപീകരിച്ചു. അങ്ങനെ ഈ പഞ്ചായത്തിലും മൂന്ന് സംഘങ്ങൾ രൂപം കൊണ്ടു. ശ്രായിക്കാടും പറയകടവും വെള്ളനാതുരുത്തും.

ഈ സംഘങ്ങൾ നൽകിയ വായ്പകൾ കാലാന്തരത്തിൽ കുടിശ്ശികയായിമാറുകയും സംഘങ്ങളുടെ പ്രവർത്തനം മന്ദഗതിയിലാകുകയും ചെയ്തു.

1957-ൽ അധികാരത്തിൽ വന്ന ഗവൺമെന്റ് "കോമ്പർഹെൻസീവ് സ്കീം" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി. ഈ പഞ്ചായത്തിലും 12 സഹകരണ സംഘങ്ങൾ രൂപീകരിച്ചു.

എല്ലാ സംഘങ്ങൾക്കും ഓഹരി വായ്പ, മൂലധനവായ്പ,ഗ്രാൻഡ്, സബ്സിഡി എന്നീ ഇനങ്ങളിൽ ഗവൺമെന്റ് ധനസഹായം നൽകി എല്ലാ സംഘങ്ങൾക്കും വാടകയ്ക്ക് ആഫീസും ഗ്രാൻഡ് ഉപയോഗിച്ച് ആഫീസ് ഉപകരണങ്ങളും ഉണ്ടാക്കി. ഓരോ സംഘത്തിനും ഓരോ പെയ്ഡ് സെക്രട്ടറിയെയും നിയമിച്ചു. ഇതിനിടെ കരുനാഗപ്പള്ളി താലൂക്ക് പ്രവർത്തന പരിധിയാക്കി 1961 ൽ Q 212ാം നമ്പർ കരുനാഗപ്പള്ളി റീജണൽ ഫിഷ്മാർക്കറ്റിംഗ് സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ചെറിയഴീക്കലായിരുന്നു ഓഫീസ്.

മത്സ്യബന്ധ ഉപകരണങ്ങളായ താങ്ങുവള്ളം കൊച്ചുവള്ളം. വല മറ്റ് അനുസാരികൾ എന്നിവ പ്രാഥമിക സംഘങ്ങൾക്ക് പകുതി വായ്പയായി വിതരണം ചെയ്തു.

ഇവിടുത്തെ ചെറുകിട മത്സ്യ വ്യവസായികളെ ഉൾപ്പെടുത്തി അവരുടെ ഉണക്കമത്സ്യം വിപണനം നടത്തുന്നതിലും സംഘം നടപടികൈകൊണ്ടു.

ഫിഷ്പ്രോസസ്സിംഗ് രംഗത്തു സംഘം കാര്യമായ പ്രവർത്തനം കാഴ്ച വച്ചു.

ഇതിനിടെ എൻ.സി.ഡി. യിൽ നിന്നും മാർക്കറ്റിംഗ് സംഘത്തിന് ഒരു ഫിഷിംഗ് പ്രോജക്റ്റ് അനുവദിച്ചെങ്കിലും ഈ പ്രോജക്റ്റിന് 14 ലക്ഷത്തോളം രൂപ എൻ.സി.ഡി.സി ക്ക് വിഹിതമായി നൽകുവാൻ സ്റ്റേറ്റ് ഗവൺമെന്റ് വിസമ്മതിച്ചത് കാരണം ഈ പ്രോജക്റ്റ് കോൾഡ് സ്റ്റോറെജിൽ ആയി.

ആഴക്കടൽ മത്സ്യബന്ധനത്തിനും വിദേശ മത്സ്യ വ്യവസായത്തിനും ഉന്നം വച്ചുകൊണ്ടുള്ള ഫിഷറീസ് കോർപ്പറേഷന്റെയും മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പ്രവർത്തിച്ച ഫിഷറീസ് ക്ഷേമ കോർപ്പറേഷന്റെയും ഉൾനാടൻ മത്സ്യബന്ധന രംഗത്ത് പ്രവർത്തിച്ച ഇൻലാന്റ് ഫിഷറീസ് കോർപ്പറേഷന്റെയും പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു പുതിയ സഹകരണ പ്രസ്ഥാനം കെട്ടിപ്പടുത്താൻ ഗവൺമെന്റ് നീക്കം ആരംഭിച്ചു. ഇത് 1982-83 കാലഘട്ടത്തിൽ ആയിരുന്നു. ഇതം സഹകരണ സംഘങ്ങൾ ആയിരുന്നില്ല. ഇവയെ സംയോജിപ്പിച്ചു കൊണ്ട് ജില്ലാ വികസന സഹകരണ സംഘങ്ങളും ഇതിന്റെയൊക്കെ അപ്പക്സ് ബോഡിയായി കേരളാ സ്റ്റേറ്റ് കോർപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് എന്ന ഇന്നത്തെ മത്സ്യഫെഡും രജിസ്റ്റർ ചെയ്തു. മത്സ്യഫെഡ് നിലവിൽവന്നതോടുകൂടി മറ്റ് മൂന്ന് കോർപ്പറേഷനുകളും ലിക്യുഡേറ്റ് ചെയ്തു. ആഴക്കടൽ മത്സ്യബന്ധനവും വിദേശമത്സ്യ കയറ്റുമതിയും മത്സ്യബന്ധനുപകരണ നിർമ്മാണവും വിതരണവും മരണം, അപകടം, വിദ്യാഭ്യാസം എന്നിവക്കുള്ള ക്ഷേമ പ്രവർത്തനങ്ങളും മത്സ്യ കൃഷിയും മറ്റും മത്സ്യഫെഡിന്റെ പ്രവർത്തന മേഖലയിൽ ഉൾകൊള്ളിച്ചു.

ഇതിന്റെ പ്രാഥമിക തലത്തിലുള്ള ക്ഷേമ സംഘങ്ങൾ താഴെപ്പറയുന്നവ ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ ആരംഭം മുതൽ ഇതുവരെ പ്രസിഡന്റ്, സെക്രട്ടറി സ്ഥാനങ്ങളിൽ താഴെപ്പറയുന്നവർ പ്രവർത്തിച്ചു.

| ക്രമനമ്പർ | വർഷം | പ്രസിഡന്റ് | സെക്രട്ടറി |
|---|---|---|---|
| 1 | 1963 | ഇളയകൊച്ച്പണിക്കർ തോട്ടത്തിൽ | പി.കമലം കിഴക്കേവീട് |
| 2 | 1963 | റ്റി.കെ.ശാർങ്ങധരൻ തൈക്കൂട്ടത്തിൽ | ആർ.സുഗതൻ |
| 3 | 1972 | കെ.എസ്.കുഞ്ഞരയൻ പടന്നയിൽ. | വി.കെ.സിസിലി കൊച്ചയ്യത്ത്. |
| 4 | 1973 | കെ.കെ.കൃഷ്ണൻ വൈദ്യൻ കൃഷ്ണാലയത്ത് | പി.കുട്ടൻ ആലപ്പട് |
| 5 | 1987 | വി.വി നാഗേന്ദ്രൻ വിളാകത്ത് | എ.ബി.സുബ്രഹ്മണ്യൻ അമ്പലശ്ശേരിൽ |
| 6 | 1992 | കെ.കെ.കൃഷ്ണൻവൈദ്യൻ കൃഷ്ണാലയത്ത് | എ.ബി.സുബ്രഹ്മണ്യൻ അമ്പലശ്ശേരിൽ |

| നമ്പർ | സംഘത്തിന്റെപേര് |
|---|---|
| 1 | അഴീക്കൽ-ശ്രായിക്കാട് മത്സ്യത്തൊഴിലാളി ക്ഷേമ സംഘം |
| 2 | പറയകടവ്-കുഴിത്തുറ ആലപ്പാട് മത്സ്യത്തൊഴിലാളി ക്ഷേമ സംഘം |
| 3 | ചെറിയഴീക്കൽ മത്സ്യതൊഴിലാളി ക്ഷേമസംഘം |
| 4 | പണ്ടാരത്തുരുത്ത്-വെള്ളനാതുരുത്ത് മത്സ്യതൊഴിലാളി ക്ഷേമ സംഘം |

മത്സ്യഫെഡിന്റെ പ്രവർത്തനം തുടങ്ങിവന്നപ്പോൾ സാമ്പത്തികാവശ്യങ്ങൾ എൻ.സി.ഡി.സി യും NABARD ഉം നിർവ്വഹിക്കാമെന്ന് സമ്മതിച്ചതാണ് എന്നാൽ മൂന്ന് തട്ടിലുള്ള മത്സ്യഫെഡിന്റെ കീഴേതട്ട് സഹകരണ സംഘമല്ലാത്തതിനാൽ ദേശീയ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഇവയ്ക്ക് ധനസഹായം നൽകാൻ നിയമപരമായി സാധ്യത നഷ്ടപ്പെട്ടു. അതിനു ശേഷം ഈ ഗ്രാമീണ ക്ഷേമ സംഘങ്ങൾക്ക് പകരം മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ പടുത്തുയർത്തി. ഈ പഞ്ചായത്തിൽ ഉണ്ടായ സംഘങ്ങൾ താഴെപ്പറയുന്നവയാണ്.

| ക്രമനമ്പർ | സംഘത്തിന്റെ പേര് |
|---|---|
| 1 | അഴീക്കൽ-ശ്രായിക്കാട് മത്സ്യ തൊഴിലാളി ക്ഷേമ സഹകരണ സംഘം. |
| 2 | പറയക്കടവ് കുഴിത്തുറ ആലപ്പാട് മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘം. |
| 3 | ചെറിയഴീക്കൽ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം. |
| 4 | പണ്ടാരത്തുരുത്ത് വെള്ളനാതുരുത്ത് മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘം. |

ഒരു പ്രദേശത്തിന് ഒരു സംഘം എന്ന സഹകരണ നിയമത്തിനു മാറ്റം വരുത്തികൊണ്ട് ഓവർലാപ്പിംഗ് നിയമം അനുവദിച്ചു. ഇതൊടുകൂടി പല പുതിയ മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളും ഇവിടെയുണ്ടായി അവ താഴെപ്പറയുന്നവയാണ്.

| ക്രമനമ്പർ | സംഘത്തിന്റെ പേര് |
|---|---|
| 1 | അഴീക്കൽ മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘം. |
| 2 | ശ്രായിക്കാട് |
| 3 | പറയകടവ് |
| 4 | കുഴിത്തുറ |
| 5 | ആലപ്പാട് |
| 6 | പണ്ടാരത്തുരുത്ത് |
| 7 | വെള്ളാനാതുരുത്ത് |

പുതിയതായി താഴെപ്പറയുന്ന വനിതാ ക്ഷേമ സംഘങ്ങളും രജിസ്റ്റർ ചെയ്തു.

സംഘത്തിന്റെ പേര് ആലപ്പാട് നോർത്ത് വനിതാ മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘം. ആലപ്പാട് നോർത്ത് വനിതാ തൊഴിലാളി ക്ഷേമ സഹകരണം സംഘം. ആയിരം തെങ്ങ് ഉൾനാടൻ സംഘം.

മത്സ്യപിടുത്തക്കാരുടെ ഉന്നമനത്തിനും മത്സ്യവ്യവസായത്തിന്റെ വികസനത്തിനും വേണ്ടി പ്രവർത്തിക്കുന്ന മത്സ്യഫെഡും ഗവൺമെന്റും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കണം എന്ന് അപേക്ഷിക്കുന്നു.

1 മത്സ്യബന്ധനവുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായങ്ങൾ തുടങ്ങാൻ നടപടികൾ എടുക്കണം. ഇതിനായി ബീച്ചുലാഡിംഗിനു വേണ്ടി സെന്ററുകൾ

2 കായംകുളം ഹാർബർ എത്രയും വേഗം പൂർത്തീകരിക്കുകയും വള്ളങ്ങൾക്കും ബോട്ടുകൾക്കും ലാൻഡിംഗ് സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.

3 മത്സ്യഫെഡ് പ്രാഥമിക സംഘങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും ധനസഹായം സേവന സഹായവും യഥാസമയം നടക്കുക.

4. തകർന്നമരുന്ന യന്ത്രവൽകൃത മത്സ്യബന്ധന വ്യവസായം പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ തുടരുക

5. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുക.

മാർക്കറ്റിംഗ് സംഘത്തിന്റെ പ്രസിഡന്റുമാരായി ശ്രീ. വീരസേനൻ,ശ്രീ. ഇളയകൊച്ച്, ശ്രീ. വാസുദേവൻ, ശ്രീ. അരുമനായകം, ശ്രീ. ശിവദാസൻ, ശ്രീ. സുധാകരൻ എന്നിവരും സെക്രട്ടറിമാരായി കെ.ബലേന്ദ്രൻ, വി. അംബുജൻ, കെ. ബന്നച്ചൻ എന്നിവരും ഉണ്ടായിരുന്നു.

## കയർ സഹകരണ സംഘങ്ങൾ

ഈ പ്രദേശത്ത് താഴെപ്പറയുന്ന കയർ സഹകരണ സംഘങ്ങൾ ഇപ്പോൾ പ്രവർത്തിച്ച് വരുന്നു.

1. അഴീക്കൽ പറയകടവു കയർ സംഘം
2. ചെറിയഴീക്കൽ കയർ സംഘം

പണ്ടാരത്തുരുത്ത് വെള്ളനാതുരുത്ത് കയർ സംഘം

## വനിതാസംഘങ്ങൾ

വ്യവസായ ഡിപ്പാർട്ടുമെന്റിന്റെ നേരത്തേ പ്രവർത്തിച്ചിരുന്ന വനിതാ സംഘങ്ങൾ ഇപ്പോൾ സജീവമല്ല.

## ക്ഷീര സംഘങ്ങൾ.

പ്രവർത്തനത്തിന് സാദ്ധ്യതയുണ്ട്. പക്ഷേ, സംഘങ്ങൾ കുറവാണ്. മിൽമയുടെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ തെക്കൻമേഖലകളിലും വടക്കൻ മേഖലകളിലും ഓരോ ക്ഷീര സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. ഇപ്പോൾ ആലപ്പാട് പ്രവർത്തിച്ചുവരുന്ന ക്ഷീരസംഘം വളരെ ശോചനീയാവസ്ഥയിലാണ്



# പട്ടികജാതി - പട്ടികവർഗക്ഷേമം

ആലപ്പാട് പഞ്ചായത്തിന്റെ ആകെ ജനസംഖ്യയിൽ 2.24% പട്ടികജാതി പട്ടികവർഗ്ഗമാണ്. ഇതിൽ 97 കുടുംബങ്ങൾ ഉണ്ട്. പട്ടികജാതി ജനസംഖ്യ 444 ആണ്. കൂടാതെ ഇതിൽ തന്നെ കൂട്ടുകുടുംബങ്ങളും താമസിക്കുന്നു. ഇവർ പഞ്ചായത്തിന്റെ വിവിധ തുറകളിൽ താമസിക്കുന്നു. വിദ്യാഭ്യാസമേഖലയിലും സംസ്കാരമേഖലയിലും വലിയ പുരോഗതിയില്ല. വിദ്യാഭ്യാസരംഗത്ത് പഞ്ചായത്തിൽ കാണുന്ന ഉയർച്ച പട്ടികജാതി വിഭാഗത്തിലും ഉണ്ട്. എന്നാൽ ഇന്ന് പഞ്ചായത്താൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽ നിന്നും സർക്കാർ ഉദ്യോഗസ്ഥരായി ഏഴുപേരെയുള്ളൂ - വിദ്യാഭ്യാസരംഗത്ത് കൂടുതൽ ശ്രദ്ധ അനിവാര്യമാണ്.

തൊഴിൽ മേഖലയിൽ മാറ്റം വന്നിട്ടുണ്ട്. 80 ശതമാനവും തെങ്ങുകയറ്റ തൊഴിലാളികളായിരുന്നു. ഇപ്പോൾ പരമ്പരാഗത തൊഴിലിൽ ഏർപ്പെടുന്നവർ 49 ഉം മത്സ്യബന്ധന തൊഴിലിൽ ഉള്ളവർ 45 ഉം ആണ്. സ്ത്രീകളിൽ നെയ്ത്ത് അറിയാവുന്നവർ ഉണ്ട്. കൂലിത്തൊഴിലിന് സ്ത്രീകൾ പോകാറുണ്ട്.

വീടുകൾക്ക് സർക്കാരിന്റെ സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ട്. 52 വീടുകൾ ഓടിട്ടതാണ്. 39 വീടുകൾ ഇപ്പോഴും ഓല മേഞ്ഞതാണ്. സ്വന്തമായി സ്ഥലം ഇല്ലാത്തതാണ് വീട് ലഭിക്കുന്നതിന് തടസമായി നിൽക്കുന്നത്. വൈദ്യുതീകരണം മിക്ക വീട്ടിലും നടന്നിട്ടില്ല. പ്രാഥമികസൗകര്യങ്ങളുടെ കാര്യത്തിലും പിന്നിലാണ്.

## നിർദ്ദേശങ്ങൾ:

1. വീട് ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് മുഴുവൻ വീടിനായി സഹായം നൽകുക. സഹായധനം നിലവിലുള്ള 15000-ൽ നിന്നും 30,000രൂപയായി ഉയർത്തുക.
2. ഭൂമി വാങ്ങിക്കൊടുത്ത് വീട് വെച്ച് നൽകുന്ന പദ്ധതി നടപ്പിലാക്കുക.
3. മുഴുവൻ വീടുകളും വൈദ്യുതീകരിക്കുക.
4. മുഴുവൻ വീടുകളിലും സാനിട്ടറി കക്കൂസുകൾ നൽകുക.
5. ബോധവൽക്കരണ പ്രവർത്തനം ഫലപ്രദമായി പ്രാദേശികമായി നടത്തണം.
6. ചികിത്സാ, ആരോഗ്യ, വിവാഹസഹായം പഞ്ചായത്ത് വഴി നൽകുക.
7. സ്ത്രീകൾക്ക് തൊഴിൽ ചെയ്യുന്നതിന് കൂട്ടായ സംരംഭം ഏർപ്പെടുത്തുക.
8. SC/ST-കോർപ്പറേഷന്റെ വായ്പാ സഹായം പഞ്ചായത്തിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.
9. തൊഴിൽ പരിശീലനം യുവതീയുവാക്കൾക്ക് നൽകി പുനരധിവസിപ്പിക്കുക.
10. പട്ടികജാതി സഹകരണസംഘം സ്ഥാപിക്കുക.
11. കൃഷിയുടെയും ഇതരവകുപ്പുകളുടെയും സഹായം- പ്രയോജനകരമായി ഗുണഭോക്താക്കളുടെ താത്പര്യം അറിഞ്ഞ് നടപ്പിലാക്കുക.



# വിഭവ സമാഹരണം

വികസനം വിദൂരസ്വപ്നമായി ഇന്നും അവശേഷിക്കുന്ന ആലപ്പാട് പഞ്ചായത്ത്, കരുനാഗപ്പള്ളി താലൂക്കിലെ ഏറ്റവും വരുമാനം കുറഞ്ഞ പഞ്ചായത്താണ്. ജനസംഖ്യയുടെ 95 ശതമാനത്തിലധികം പേരും മത്സ്യബന്ധനത്തിലും അതിനോടനുബന്ധിച്ചുള്ള തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നതിനാൽ പഞ്ചായത്തിന്റെ വരുമാനം പ്രധാനമായും കെട്ടിട നികുതിയിൽ നിന്നും തൊഴിൽ നികുതിയിൽ നിന്നുമാണ് ലഭ്യമാകുന്നത്. ആയതിനാൽ വ്യവസായികമായും കാർഷികമായും വളരെയേറെ പിന്നിൽ നിൽക്കുന്ന ഈ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ധനം മുഴുവൻ ഈ പഞ്ചായത്തിൽ നിന്ന് കണ്ടെത്തുക ദുഷ്കരമായിരിക്കും. എങ്കിലും നമുക്ക് ലഭ്യമായ എല്ലാ ഉറവിടങ്ങളിൽ നിന്നുമുള്ള വിഭവസമാഹരണവും, സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും, വായ്പകളും മറ്റും കൃത്യസമയത്ത് തന്നെ നേടിയെടുക്കുവാൻ സാധിച്ചാൽ പഞ്ചായത്തിന്റെ വികസനത്തിൽ ഏറിയ പങ്കും നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകുരിക്കാൻ സാധിക്കും.

ഒരു കാലത്ത് മത്സ്യബന്ധനത്തോടൊപ്പം കയർ വ്യവസായത്തിലൂടെയും, കൃഷിയിലൂടെയും, സന്നദ്ധതയും ഐശ്വര്യവും നിലനിർത്തിയിരുന്ന ഈ ഗ്രാമത്തിലെ കൃഷിയും വ്യവസായവും അനുദിനം തകർന്ന് വരികയാണ്. ഉപ്പുവെള്ളം കയറി നെൽപ്പാടങ്ങൾ ഉപയോഗശൂന്യമായിരിക്കുന്നു. കാറ്റുവീഴ്ച മൂലവും കടൽ കര കവർന്നെടുക്കുന്നത് മൂലവും തകർച്ചയിലായിരിക്കുന്ന നാളീകേര കൃഷിയെ ഉയർച്ചയിലെത്തിക്കാൻ കൃഷിവകുപ്പുമായി ചേർന്ന് അശ്രാന്ത പരിശ്രമം തന്നെ നടത്തേണ്ടിയിരിക്കുന്നു. കൃഷിയുടേയും കാർഷികോൽപ്പന്നങ്ങളുടേയും പ്രാധാന്യത്തെപ്പറ്റിയും ജനങ്ങൾ മനസ്സിലാക്കി പ്രവർത്തിച്ചെങ്കിൽ മാത്രമെ ഈ രംഗത്ത് പുരോഗതി നേടാനും അതുവഴി വിഭവസമാഹരണം വർദ്ധിപ്പിക്കാനുമാവൂ.

നമ്മുടെ പഞ്ചായത്തിലെ കഴിഞ്ഞ വർഷങ്ങളിലെ വരുമാനത്തിലും ചെലവുകളിലുമുള്ള വ്യത്യാസം താഴെക്കൊടുത്തിരിക്കുന്നു.

| ഇനം | 1991–92 | 1995–96 | വ്യത്യാസം |
|---|---|---|---|
| 1 തനത് വരുമാനം | 82745 | 134680 | +51935 |
| a കെട്ടിടനികുതി | 63646.00 | 102511.00 | +38865 |
| b വിനോദ നികുതി | 5778.00 | 6869 | +1091 |
| c തൊഴിൽ നികുതി | 80710 | 94590.00 | +13880 |
| 2.ഉപാധിരഹിത നികുതി | 100700.00 | 199350.00 | +98650 |
| 3.J R Y | 92348.00 | 183245.00 | +90897 |
| 4.ഗ്രാന്റ് /സംഭാവന | 523039.00 | 366360.00 | +269248 |
| 5.ആകെ വരവ് | 523039.00 | 1087605.00 | +564566 |
| ചെലവ് Esst | 336308.00 | 468017.00 | +131799 |
| പൊതുമരാമത്ത് | 36871.00 | 240592.00 | +203721 |
| വിദ്യാഭ്യാസം | 17000.00 | 9200.00 | −7800 |
| സാമൂഹ്യ ക്ഷേമം | 1700.00 | 5000.00 | +3300 |
| സ്പോർട്ട്സ് | — | 95000.00 | +95000 |

സ്വന്തമായി ധനം കണ്ടെത്താനുള്ള ശേഷി തുലോം തുച്ഛമായ പഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾ നടത്തുവാൻ ഗവ: ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകളേയും വായ്പകളേയും ആശ്രയിക്കേണ്ടതായിട്ടുണ്ട്. ഇത്തരം ലഭ്യമായ ആനുകൂല്യങ്ങൾ നീതിപൂർവ്വകമായി കൃത്യസമയത്ത് തന്നെ ലഭിച്ചാൽ പദ്ധതികൾ പൂർത്തീകരിക്കാനും ഫണ്ടുകൾ ദുരുപയോഗപ്പെട്ട് പോകാതിരിക്കാനും സാധിക്കും.

നേരത്തെ സൂചിപ്പിരുന്നത് പോലെ നമ്മുടെ പഞ്ചായത്തിലെ പ്രധാന വരുമാനം നികുതിയിലൂടെ ലഭിക്കുന്ന ധനം മാത്രമാണ്.,. ഇത്തരത്തിലുള്ള

നികുതികൾ കൃത്യമായി പിരിച്ചെടുക്കുകയും സാധ്യമായ മേഖലയിൽ യുക്തിസഹമായ നികുതികൾ ചുമത്തി ജനങ്ങളുടെ സഹകരണത്തോടെ പിരിച്ചെടുക്കുകയും വേണം. നികുതി ദായകന് നികുതി ഒരു ഭാരമയി തോന്നാതെ, നികുതി നൽകുന്നത് വഴി തങ്ങളും നാടിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയാണ് ചെയ്യുന്നത് എന്നും മനസ്സിലാക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിന്റെ വരുമാനം വലിയ അദ്ധ്വാനമില്ലാതെ വർദ്ധിപ്പിക്കാൻ കഴിയും.

ഇത്തരത്തിൽ നികുതി ചുമത്താൻ പറ്റുന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. യന്ത്രവൽകൃത ബോട്ടുകൾക്കും വള്ളങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തുകയും അവരിൽ നിന്നും വാർഷിക ഫീസ് ഈടാക്കുകയും ചെയ്യുക.
2. പഞ്ചായത്തിൽ ഏകദേശം 250ൽ പരം ചീനവലകളുണ്ട്. ഇവയ്ക്ക് വാർഷിക ഫീസ് നിശ്ചയിക്കുകയും കൃത്യമായി പിരിച്ചെടുക്കുകയും ചെയ്യുക.
3. നാട്ടിൽ നടക്കുന്ന എല്ലാ വിവാഹങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുക, അതിന് ഫീസ് ഏർപ്പെടുത്തുകയും ചെയ്യുക.
4. ട്യൂട്ടോറിയൽ കോളേജ്/ട്യൂഷൻ ഹോം എന്നിവയ്ക്ക് ലൈസൻസിംഗ് ഏർപ്പെടുത്തി നികുതി ഈടാക്കുക.
5. പഞ്ചായത്തിലെ കച്ചവട സ്ഥാപനങ്ങൾക്ക് കർശനമായ ലൈസൻസിംഗ് ഏർപ്പെടുത്തുകയും അവരിൽ നിന്നും നിശ്ചിത തുക വാർഷിക ഫീസായി ഈടാക്കുക.

പുതിയ നികുതി നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം അത് പിരിച്ചെടുക്കുവാൻ വാർഡ് പ്രതിനിധികൾ നേതൃത്വം കൊടുക്കുകയും ഇതും ഒരു വികസന പ്രവർത്തനമാണെന്ന ധാരണ ജനങ്ങളിലും ബഹുജന നേതാക്കളിലും ഉണ്ടായെങ്കിൽ മാത്രമെ മേൽപ്പറഞ്ഞ നികുതി നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയു. മാത്രമല്ല പഞ്ചായത്തിൽ ലഭിക്കുന്ന ഫണ്ടിന്റെ ചെലവിന്റെ കണക്കിൽ സുതാര്യത ഉണ്ടായിരിക്കണം. ഇതിനായി പഞ്ചായത്തിന്റെ പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തി ജനങ്ങളെ ബോധ്യപ്പെടുത്തണം.

വിഭവസമാഹരണം നടത്താൻ കഴിയുന്ന മറ്റ് പ്രധാന മേഖലകൾ താഴെപ്പറയുന്നവയാണ്.

### 1. ഖനനം

I R E കമ്പിനി കഴിഞ്ഞ 50 വർമായി നമ്മുടെ നാട്ടിൽ നടത്തിവരുന്ന കരിമണൽ ഖനനം ഈ ഗ്രാമത്തിന് വൻ ഭീഷണിയായി തീർന്നിരിക്കുകയാണ്. ഇത്തരത്തിലുള്ള നടപടികൾ തുടരുകയാണെങ്കിൽ ആലപ്പാട് പഞ്ചായത്ത് ചരിത്ര രേഖകളിൽ സ്ഥാനം പിടിക്കുന്ന കാലം വിദൂരമല്ല. ഓരോ വർഷവും I R E കമ്പിനിയും K M M L ഉം ഈ പ്രദേശത്തെ അമൂല്യമയ ലോഹമണൽ ഉപയോഗിച്ച് കോടിക്കണക്കിന് രൂപ ലാഭമുണ്ടാക്കുമ്പോൾ ഈ പഞ്ചായത്ത്, നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ നട്ടം തിരിയുകയാണ്.

Mining Area welfare fund ലേക്ക് I R E കമ്പനിയും K M M L ഉം നൽകുന്ന വിഹിതത്തിന്റെ ഭൂരിഭാഗം പ്രധാനമായും കരിമണൽ ഖനനം നടത്തുന്ന ആലപ്പാട് പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്. ഇതിന് വേണ്ടി ശക്തമായ സമ്മർദ്ദം സർക്കാരിലും മറ്റ് അധികൃതരിലും ചെലുത്തേണ്ടിയിരിക്കുന്നു. മാത്രമല്ല പഞ്ചായത്തിൽ നിന്നും I R E ഖനനം ചെയ്യുന്ന ഓരോ ടൺ ലോഹമണലിനും നിശ്ചിത ഫീസ് നിശ്ചയിച്ച് അത് കൃത്യമായി പിരിച്ചെടുക്കേണ്ടതുമാണ്.

### 2. കെട്ടിട നികുതി

പഞ്ചായത്തിലെ പ്രധാന വരുമാനം കെട്ടിടനികുതിയിലൂടെയാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. സർക്കാരിന്റെ ഇപ്പോഴത്തെ നിർദ്ദേശമനുസരിച്ച് പുതിയ കെട്ടിടങ്ങൾക്ക് തറ വിസ്തീർണ്ണം മാത്രം കണക്കാക്കി നികുതി ചുമത്തിയാൽ മതി. പുതുതായി പണി കഴിപ്പിക്കുന്ന വീടുകൾക്കും മറ്റ് കെട്ടിടങ്ങൾക്കും നികുതി നിശ്ചയിച്ച് പിരിച്ചെടുക്കുകയും കുടിശ്ശിഖ ഇല്ലാതെ കെട്ടിട കരം പിരിച്ചെടുക്കുകയും ചെയ്താൽ പഞ്ചായത്തിൽ ഈ ഇനത്തിൽ ലഭിക്കുന്ന ഫണ്ടിൽ വർദ്ധനയുണ്ടാക്കാവുന്നതാണ്.

### 3. തൊഴിൽ നികുതി

തൊഴിൽ നികുതി സർക്കാർ സ്ഥാപനങ്ങളിലും, എയ്ഡഡ് സ്കൂളുകളിലും ഉള്ളവരിൽ നിന്നും ഈടാക്കുന്നതോടൊപ്പം കച്ചവടക്കാരിൽ നിന്നും നിർമ്മാണ തൊഴിലാളികളിൽ നിന്നും മറ്റു തൊഴിലാളികളിൽ നിന്നും ഈടാക്കാവുന്നതാണ്.

കൂടാതെ അൺ എയ്ഡഡ് സ്കൂളുകൾക്കും നഴ്സറി സ്കൂളുകൾക്കും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെസ്സ് ഏർപ്പെടുത്തുകയും പിരിച്ചെടുക്കുകയും വേണം.

### 4. വിനോദ നികുതി

പഞ്ചായത്തിലെ ശ്രായിക്കാട്ട് ഭാഗത്ത് നടന്നു വരുന്ന സ്റ്റേഡിയം പണി വളരെ വേഗം പൂർത്തിയാക്കിഅവിടെ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് നികുതി ഏർപ്പെടുത്താവുന്നതാണ്. ഇത് കൂടാതെ പ്രശസ്തരായ കലാകാരന്മാരുടെ

സാംസ്കാരിക പരിപാടികൾ രണ്ട് മാസത്തിലൊരിക്കൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ചാൽ അതുവഴി വരുമാനത്തിൽ വർദ്ധനയുണ്ടാക്കാനാകും.

വാർത്താ വിനിമയ രംഗത്തെ പുരോഗതി മൂലം ഇന്ന് ഓരോ വീടുകളിലും സിനിമയും മറ്റ് പരിപാടികളും കേബിൾ ടി വി ഓപ്പറേറ്റർമാർ എത്തിച്ചു കൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള കേബിൾ ടി വി യ്ക്ക് ലൈസൻസ് ഏർപ്പെടുത്തുകയും കണക്ഷന്റെ അടിസ്ഥാനത്തിൽ ഫീസ് ചുമത്തുകയും ചെയ്താൽ വിനോദ നികുതി ഇനത്തിൽ ഒരു നല്ല തുക പഞ്ചായത്തിന് ലഭിക്കുന്നതാണ്.

### 5. ഷോപ്പിംഗ് കോംപ്ലക്സ്

അഴീക്കൽ പണി തീർന്ന് വരുന്ന ഷോപ്പിംഗ് കോംപ്ലക്സ് പോലെ പഞ്ചായത്തിലെ ജന സാന്ദ്രത കൂടുതലുള്ള മറ്റ് സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചു കൊടുത്ത് അതിൽ നിന്നും കിട്ടുന്ന deposit, വാടക എന്നിവ വരുമാനത്തിൽ വർദ്ധന ഉണ്ടാക്കാവുന്നതാണ്.

### 6. ഗ്രാമചന്ത

ഗ്രാമച്ചന്തകൾ നമ്മുടെ പഞ്ചായത്തിൽ ഇല്ലാതായിരിക്കുന്നു. തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഗ്രാമച്ചന്തകൾ സ്ഥാപിച്ച് അവ വർഷം തോറും ലേലം ചെയ്ത് കൊടുത്ത് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഇത്തരം സ്ഥലങ്ങളിൽ ആഴ്ച്ചചന്ത സംഘടിപ്പിച്ചാൽ ഇവിടെ ഉല്പാദിപ്പിക്കുന്ന കാർഷിക, കാർഷികേതര ഉൽപന്നങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും ഇടത്തട്ടുകാരെ ഒഴിവാക്കുവാനും അതുവഴി ഉൽപാദകനും ഉപഭോക്താവിനും ലാഭകരമായി സാധനങ്ങൾ വിൽക്കുവാനും വാങ്ങുവാനും കഴിയും.

### 7. ഇന്ദിരാ വികാസ് പത്ര

ഓരോ പഞ്ചായത്തിൽ നിന്നും ഇന്ദരാ വികാസ് പത്രയിൽ നിയോഗിക്കുന്ന തുകയുടെ 25 ശതമാനം വരെ അതതു പഞ്ചായത്തിന്റെ തന്നെ വികസന പ്രവർത്തനത്തിനായി തന്നെ ലഭിക്കുന്ന വ്യവസ്ഥ നിലവിലുണ്ട്. ഇക്കാര്യം മനസ്സിൽ വച്ചുകൊണ്ട് ഇന്ദിരാ വികാസ് പത്രയിൽ പരമാവധി നിക്ഷേപിക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിച്ചാൽ അതുവഴി പഞ്ചായത്തിന്റെ വിസകന പ്രവർത്തനങ്ങൾക്കുള്ള പണം കണ്ടെത്താനാവും. ഇതിനായി മഹിളാ പ്രധാൻ ഏജന്റുമാർ വീട് വീടാന്തരം കയറി നിക്ഷേപങ്ങൾ സമാഹരിക്കാൻ പ്രോത്സാഹനം നൽകേണ്ടതുണ്ട്.

### ബാങ്കിംഗും മറ്റ് അനുബന്ധ മേഖലകളും

നമ്മുടെ പഞ്ചായത്തിലെ ബാങ്കിംഗ് മേഖലകൾ ഗ്രാമവികസനത്തിന് കാര്യമായ പങ്ക് വഹിച്ചിട്ടുണ്ടോ എന്ന സംശയം പലരുടേയും മനസ്സിൽ ഉദിച്ച് വന്നേക്കം. എന്നാൽ കണക്കുകൾ കാണിക്കുന്നത് നമ്മുടെ ഏരിയാ ബാങ്കുകളായ ചെറിയഴീക്കൽ, ആലപ്പാട് കോർപ്പറേഷൻ ബാങ്കുകൾ അവരുടെ പരിധിക്കുമപ്പുറം നിന്നുകൊണ്ട് ഗ്രാമവികസനത്തിന് വളരെയേറെ സംഭാവന നൽകിയിട്ടുണ്ട് എന്നുള്ളതാണ്. വായ്പകൾ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് വിതരണം ചെയ്യേണ്ടതെങ്കിലും ഈ രണ്ട് ബാങ്കുകളും വായ്പാ നിക്ഷേപാനുപാതത്തിന് ഊന്നൽ നൽകാതെ വായ്പകൾ വിതരണം ചെയ്തിരിക്കുന്നതായി കാണാം. ലഭ്യമായ കണക്കുകൾ അനുസരിച്ച് കോർപ്പറേഷൻ ബാങ്ക് , ചെറിയഴീക്കലിന്റെ ഇതുവരെയുള്ള നിക്ഷേപം 1.10 കോടി രൂപയാണ്. ഇവിടെ നിന്നും നിക്ഷേപത്തിന്റെ 80 ശതമാനത്തിലധികം വായ്പയായി വിതരണം ചെയ്ത് കഴിഞ്ഞിരിക്കുന്നു. കോർപ്പറേഷൻ ബാങ്ക് ആലപ്പാടിന്റെ കാര്യത്തിലാകട്ടെ നിക്ഷേപം 95 ലക്ഷം രൂപയാണെങ്കിൽ 75 ലക്ഷത്തിൽ അധികം രൂപ വായ്പയായി നൽകി കഴിഞ്ഞിരിക്കുന്നു.

എന്നാൽ ഇത്തരത്തിലുള്ള വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ ഗണ്യമായ വീഴ്ച വരുത്തിയതിനാലും വായ്പകൾ പലരും ദുരുപയോഗപ്പെടുത്തുന്നത് മൂലവും പുതിയ വായ്പകൾ നൽകുന്നതിൽ ബാങ്കുകൾ വിമുഖത കാട്ടുന്നുണ്ട്. ആയതിനാൽ Area Bank കൾ വഴി കേന്ദ്ര ഗവൺമെന്റിന്റെ P M R Y, I R D P തുടങ്ങിയ മുൻഗണനാക്രമത്തിൽ ലഭിക്കുന്ന വായ്പകൾ ദുർവിനിയോഗം ചെയ്യാതെ വൈവിധ്യമാർന്ന തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചാൽ അതുവഴി വിഭവ സമാഹരണത്തിന് ആക്കം കൂട്ടാവുന്നതാണ്.

വായ്പ തിരിച്ചടവ് ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ടി ബാങ്കുകളുടെയും പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ സമയബന്ധിതമായ റിക്കവറി ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ക്യാമ്പുകൾ ബാങ്കിംഗ് സ്ഥാപനങ്ങളുടെ കാര്യക്ഷമമായ ധനകാര്യ പ്രവർത്തനങ്ങൾക്ക് സഹായകരമാവുകയും കൂടുതൽ വായ്പകൾ പഞ്ചായത്തിൽ ലഭ്യമാക്കുന്നതിന് കഴിയുന്നതുമാണ്.

1991 ലെ സെൻസസ് അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 24734 ആണ്. ഇന്നത്തേത് അതിൽ നിന്നും വളരെ കൂടുതലായിരിക്കും. ഇതിൽ ധാരാളം ആളുകൾ വളരെ നല്ല നിലയിൽ നാട്ടിലും വിദേശത്തും ജോലി ചെയ്തു വരുന്നു. മത്സ്യബന്ധന മേഖലയിൽ പണിയെടുക്കുന്നവർക്കും സാമാന്യം നല്ല രീതിയിൽസാമ്പത്തിക കെട്ടുറപ്പുണ്ടായിക്കൊണ്ടി

രിക്കുന്നു. പക്ഷെ. ഇതിനനുസൃതമായ നിക്ഷേപങ്ങൾ നമ്മുടെ ഏരിയാ ബാങ്കുകളിൽ എത്തുന്നതായി കാണുന്നില്ല. നാട്ടിലെ പല നിക്ഷേപങ്ങളും മറ്റുള്ള സ്ഥലങ്ങളിലെ ബാങ്കുകളിലാണ് എത്തിച്ചേരുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ വായ്പകൾ നൽകുന്നത് നിക്ഷേപത്തിന്റെ അനുപാതത്തിലായതിനാൽ പഞ്ചായത്തിലുള്ള നിക്ഷേപങ്ങളും വിദേശത്തു ജോലി ചെയ്യുന്നവരുടെ നിക്ഷേപങ്ങളും നമ്മുടെ പഞ്ചായത്തിലെ ബാങ്കുകളിൽ തന്നെ നിക്ഷേപിക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെയുള്ള നിക്ഷേപങ്ങൾ വഴി നാടിന്റെ പുരോഗതിക്കു പരോക്ഷമായി അവരും പങ്കാളികളാവുകയാണെന്ന്, നിക്ഷേപകരെ മനസ്സിലാക്കിക്കുകയും ചെയ്താൽ നമ്മുടെ ബാങ്കുകളിൽ നിക്ഷേപം വർദ്ധിക്കുകയും അതിന് ആനുപാതികമായി വായ്പകൾ വിതരണം ചെയ്യാനും കഴിയും.

ഏരിയാ ബാങ്കുകൾ കൂടാതെ നാടിന്റെ വികസനത്തിന് കെ എഫ് സി പോലുള്ള ധനകാര്യ സ്ഥാപനങ്ങൾക്ക് കാര്യമായ സേവനം കാഴ്ചവയ്ക്കാനുണ്ട്.

തൊഴിൽ രഹിതരായ യുവജനങ്ങളെ ഉദ്ദേശിച്ച് ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി വസ്തു ഈടിന്മേൽ വാഹനങ്ങൾക്ക് 100 ശതമാനം വായ്പ, ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാൻ വായ്പയും പ്രവർത്തന മൂലധനവും നൽകുക, കല്യാണ മണ്ഡപം, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ കെട്ടുന്നതിന് വായ്പ നൽകുക തുടങ്ങിയ ഒട്ടേറെ പദ്ധതികൾ കെ എഫ് സി നടപ്പിലാക്കിവരുന്നു.

ഇത് കൂടാതെ വിമുക്തഭടന്മാർ ആരംഭിക്കുന്ന 15 ലക്ഷം രൂപവരെ മുതൽ മുടക്കുള്ള വ്യവസായങ്ങൾക്ക് 90 ശതമാനം വരെ വായ്പ ലഭ്യമാണ്. ഇതിൽ 15 ശതമാനത്തിന് പരമാവധി 2 വർഷം വരെ 1 ശതമാനം പലിശയ്ക്കും അതിന് ശേഷം 6 ശതമാനം പലിശയും ഈടാക്കുന്നതാണ്.

സ്ത്രീകളുടെ ഉന്നമനത്തിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള M U N സ്കീമിൽ 10ലക്ഷം വരെ പദ്ധതി ചെലവുള്ള വ്യവസായങ്ങൾക്ക് 90 ശതമാനം വായ്പ ലഭ്യമാണ്. ഇതിൽ 15 ശതമാനം സോഫ്റ്റ് ലോണും ഉൾപ്പെടും. സോഫ്റ്റ് ലോണിന് പരമാവധി 6 ശതമാനം പലിശ മാത്രമെ ഈടാക്കുന്നുള്ളു. ഇത് കൂടാതെ ഗവൺമെന്റിൽ നിന്നും 15 ശതമാനം മൂലധന നിക്ഷേപ സബ്സിഡിയും ലഭ്യമാണ്.

### സഹകരണമേഖല

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ സഹകരണ മേഖലയ്ക്ക് നല്ലപങ്ക് വഹിക്കാൻകഴിയും. 1963ൽ പ്രവർത്തനം ആരംഭിച്ച് സർവ്വീസ് സഹകരണ ബാങ്ക് ഗ്രാമ വികസനത്തിനുവേണ്ടി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതുവരെ വിവിധ വായ്പാ ഇനങ്ങളിലായി വിതരണം ചെയ്ത് തുകകൾ ദുരുപയോഗപ്പെട്ട് പോയതായി കാണാൻകഴിയും. വായ്പകന് ആവശ്യമായ സഹായങ്ങളും ഉപദേശങ്ങൾ നൽക്കുന്നതിനും എടുക്കുന്നവായ്പാ ഉൽപാദനമേഖലയിൽ ക്രിയത്മകമായി ചെലവിടുന്നത് നിരീക്ഷണവിധേയമാകുന്നതിനായി ഒരു പരിശോധക സമിതി രൂപികരിക്കുന്നത് ഉചിതമായിരിക്കും.

കൂടുതൽ വായ്പകൾ നാട്ടിൽ ലഭ്യമാക്കണമെങ്കിൽ സഹകരണ ബാങ്കിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തണം. നാട്ടിലെ സമ്പത്ത് മറ്റ് മേഖലകളിലെ ബാങ്കുകളിലേക്ക് ഒഴുകുന്നത് മുഖ്യമായും ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത മൂലമാണ്. പഞ്ചായത്തിന്റെ വടക്കൻ മേഖലയിൽ ഒരു ബാങ്ക് ശാഖാ പ്രവർത്തനമാരംഭിച്ചാൽ ഈ ദുസ്ഥിതിയിൽ നിന്നും മോചനം ലഭിക്കും. സഹകരണ മേഖലയുടെ സഹായത്തോടെ നടപ്പിലാക്കാവുന്ന ചില പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ക്ഷീര മേഖലയിലെ പുരോഗതിയ്ക്കായി കർഷകരെ സജ്ജരാക്കാൻ ഡയറി ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് സഹകരണ മേഖലയിൽ കാലിത്തീറ്റ വിതരണം ആരംഭിക്കണം.
2. പഞ്ചായത്തിൽ തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കാനായി സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ വളം ഡിപ്പോ ആരംഭിക്കണം.
3. പൊതു വിതരണ മേഖലയിൽ സ്ഥിരമായി ഒന്നോ രണ്ടോ സ്ഥലങ്ങളിൽ മിനി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുക.

### മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം

പഞ്ചായത്തിൽ പതിനോന്ന് മത്സ്യതോഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങൾ വഴിയുള്ള കോടിക്കണക്കിന് രൂപയുടെ വായ്പകൾ തൊഴിൽ മേഖലയെ സഹായിക്കുന്നു. വിവിധ രൂപത്തിലുള്ള വായ്പകളെ കൂടുതൽ വൈവിദ്ധീകരിച്ച് നടപ്പിലാക്കുന്നത് സ്ത്രീകളിലുള്ള തൊഴിലില്ലായ്മ ലഘുകരിക്കാൻ ഉപകരിക്കും. ഈ സംഘങ്ങൾ വഴിയുള്ള വായ്പകൾ മത്സ്യസംഭരണ, വിപണന, സംസ്കരണ മേഖലകളിൽ കൂടി നൽകണം.

**N E F (നാഷണൽ ഇക്വിറ്റി ഫണ്ട്)**

ഭാരത സർക്കാർ ആവിഷ്കരിച്ചിട്ടുള്ള N E Fൽ

നിന്നു 10 ലക്ഷം രൂപ വരെ മുതൽ മുടക്കുള്ള പദ്ധതികൾക്ക് പലിശ രഹിത വായ്പയായി 2,50,000 രൂപ വരെ ധനകാര്യ സ്ഥാപനങ്ങൾ വഴി ലഭിക്കുന്നതാണ്. ഇത്തരം വ്യവസായങ്ങൾക്ക് ഗവൺമെന്റിൽ നിന്നുള്ള മാർജിൻ മണി വായ്പ ലഭ്യമാകുന്നതല്ല.

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ തൊഴിൽ രഹിതരും അഭ്യസ്ത വിദ്യരും ചുരുങ്ങിയത് 10 ശതമാനം എങ്കിലും മുതൽ മുടക്കാൻ കഴിവുള്ളവരുമായ യുവജനങ്ങൾ ഏറെ യുണ്ടെന്നുള്ളതിൽ ഇത്തരം വ്യവസായ സംരംഭങ്ങൾ K F C യുടെ വായ്പാ സഹായത്തോടെ സ്ഥാപിക്കാൻ കഴിഞ്ഞാൽ അത് നാടിന് പുത്തൻ ഉണർവ്വ് നൽകുവാനും പരമാവധി വിഭവ സമാഹരണത്തിന് കാര്യമായ പങ്ക് വഹിക്കാൻ സാധിക്കുന്നതുമാണ്.

ഇത് കൂടാതെ റൂറൽ ഡവലപ്പ്മെന്റ ബോർഡ്, വനിതാ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കെ. എസ്. എഫ്, ഇ, നബാർഡ്, ബി. ഡി. സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വിഭവ സമാഹരണം വിവിധ പദ്ധതികൾക്കായി നടത്താവുന്നതാണ്.

### ചെലവുകൾ

നിർമ്മാണ പ്രവർത്തനങ്ങളിലെ പണത്തിന്റെ ചോർച്ചതടയുവാൻ കഴിയുകയാണെങ്കിൽ വിഭവ സമാഹരണം പോലെ തന്നെ അധിക വിഭവം സമാഹരിക്കുവാൻ കഴിയുന്നതാണ്. ആയതിനാൽ മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്നും കരാറുകാരെ ഒഴിവാക്കി ജനകീയ കമ്മിറ്റികളുടെ നിയന്ത്രണത്തിൽ ചെയ്യുക ഗുണകരമായിരിക്കും.

നിരവധി സന്നദ്ധ സംഘടനകൾ കൊണ്ട് അനുഗ്രഹീതമായ പഞ്ചായത്ത് സേവന കാര്യങ്ങൾക്ക് സന്നദ്ധസംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കി അധിക വിഭവ സമാഹരണത്തിന്റെ മേഖലയും കണ്ടെത്താവുന്നതാണ്.

### മറ്റ് ധന മാർഗ്ഗങ്ങൾ

പഞ്ചായത്തിന്റെ വിഭവ സമാഹരണം നടത്തുന്നത് പോലെ പ്രാധാന്യമുള്ളതാണ് വിഭവ ചോർച്ച തടയുന്നതും. നാട്ടിൽ നടക്കുന്ന വിവാഹങ്ങൾക്കും മറ്റ് പൊതു പരിപാടികൾക്കും പന്തൽ കെട്ടുന്നതിനും മറ്റ് അലങ്കാരങ്ങൾ ഒരുക്കുന്നതിനും മറ്റുമായി ഒരു വലിയ തുക തന്നെ നാം ചെലവാക്കിക്കൊണ്ടിരിക്കുന്നു.എന്നാൽ ഇത്തര ത്തിലുള്ള പാഴ് ചെലവുകൾ ഒഴിവാക്കാനായി വിവാഹങ്ങളും മറ്റ് പൊത് പരിപാടികളും പഞ്ചായത്തിന്റെ അധീനതയിലുള്ള പറയകടവ് ശിശുവിഹാറിലും അതിനോടനുബന്ധിച്ചുള്ള കെട്ടിടങ്ങളിലും വച്ച് നടത്താൻ കഴിഞ്ഞാൽ വാടക ഇനത്തിൽ നല്ലൊരു തുക പഞ്ചായത്തിന് മുതൽക്കൂട്ടാവുന്നതാണ്.

### സർവ്വീസ് ടാക്സ്

സേവനതുറകളിൽ പഞ്ചായത്ത് തന്നെ ഇടപെട്ട് കൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്. ഉദാ: പാർക്കിംഗ് സ്ഥലങ്ങൾ, ലാന്റിംഗ് സെന്ററുകൾ, ഷെഡുകൾ, കണ്യൂണിറ്റി ഹാൾ തുടങ്ങിയവ.

### പഞ്ചായത്ത് ക്രെഡിറ്റ് പ്ലാൻ

വികസന പ്രവർത്തനത്തിന് അത്യന്താ പേക്ഷിയമായ ഘടകമാണ് ക്രെഡിറ്റ് പ്ലാൻ. ഓരോ വർഷത്തെയും സാമ്പത്തിക പ്രവർത്തനത്തെ സംബന്ധിച്ച എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന പഞ്ചായത്ത് ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കേണ്ടതാണ്. മാത്രമല്ല പഞ്ചായത്തിന്റെ വികസന പ്രോജക്റ്റുകൾ തയ്യാറാക്കി സന്നദ്ധ സംഘടനകളുടെ സഹകരണത്തോട് കൂടി CAPART, യുനിസെഫ്, എൽ ഐ സി, നബാർഡ് ഇതര സഹായ സ്ഥാപനങ്ങൾ എന്നിവക്ക് നൽകി അനുമതി തേടേണ്ടതും അത്യന്താപേക്ഷിതവുമാണ്.

മേൽ വിവരിച്ചവ നാടിന്റെ വികസന പ്രവർത്തനത്തിൽ എങ്ങനെ ധനം സ്വരൂപിക്കാം, വികസന പദ്ധതികൾ എങ്ങിനെ നടപ്പിലാക്കാം എന്നതിന്റെ ഒരു ലഘുലേഖ മാത്രമാണിത്. ധനം സ്വരൂപിച്ചുകൊണ്ടും പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടും മാത്രം ഒരു രാജ്യത്തേയും വികസനം നടക്കുന്നില്ല. കാരണം ഇവയേക്കാളുപരി മറ്റൊന്നുണ്ട് – മനുഷ്യ വിഭവം. ജാതി മത ചിന്തകൾക്ക് അതീതമായി ജന്മനാടിന്റെ വികസനത്തിന് തന്റെ അദ്ധ്വാനം കൊണ്ട് സംഭാവന ചെയ്തങ്കിൽ മാത്രമേ പുരോഗതി പ്രാപിക്കു എന്ന സത്യം ഓരോ പൗരനും മനസ്സിലാക്കേണ്ടതും അതനുസരിച്ചു പ്രവർത്തിക്കേണ്ടതുമുണ്ട്.

......................

## പഞ്ചായത്ത് വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | പിരിച്ചതുക |
|---|---|
| കെട്ടിട നികുതി | 102511.00 |
| തൊഴിൽ നികുതി | 94590.00 |
| വിനോദ് നികുതി | 4271.16 |
| അധികവിനോദ നികുതി | 2598.20 |
| കാഴ്ചനികുതി | 1170.00 |
| പ്രദർശന നികുതിയിൻ മേലുള്ള സർചാർജ്ജ് | 293.50 |
| വസ്തുകൈമാറ്റനികുതി | 302532.00 |
| മറ്റു വരവുകൾ | 503732.00 |
| ഡെപ്പോസിറ്റ് | 1452.00 |
| | 1049354.86 |

പഞ്ചായത്ത് ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | തുക |
|---|---|
| ഭരണം | 468107.00 |
| പൊതുമരാമത്ത് | 30069.00 |
| വിദ്യാഭ്യാസം | 9200.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 246275.00 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 35196.00 |
| മറ്റുള്ളവ | 226883.00 |
| ആകെ | 1230649.00 |



# ടൂറിസം

ലോകത്തിലെ ഏറ്റവും വലിയ വ്യവസായമായി മാറിക്കൊണ്ടിരിക്കുന്ന മേഖലയാണ് ടൂറിസം. ഇന്ത്യയിൽ കാശ്മീർ കഴിഞ്ഞാൽ ടൂറിസത്തിന് കേരളത്തിനാണ് ഏറ്റവും കൂടുതൽ സാദ്ധ്യത.

കേരളത്തിലെ മാസ്റ്റർ കേന്ദ്രം കോവളമാണ്. ഇപ്പോൾ കൊച്ചിയും, ആലപ്പുഴയും വളരെ വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്നു. പഞ്ചായത്ത് തലത്തിൽ ടൂറിസത്തിന്റെ ഒരു സംഗ്രഹിച്ച റിപ്പോർട്ട് നൽകുമ്പോൾ കായൽ മേഖലകളായ കൊല്ലം- ആലപ്പുഴ ജലഗതാഗത പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഇതിൽ മുൻപന്തിയിൽ നിൽക്കുന്നത ആലപ്പാട് പഞ്ചായത്താണ്.

ഈ പഞ്ചായത്തിന്റെ വടക്കുവശം ആഴീക്കൽ പൊഴി കൊണ്ടും, കിഴക്കുവശം കൊല്ലം- ആലപ്പുഴ ദേശീയ ജലപാതയാലും, പടിഞ്ഞാറുവശം ലക്ഷദ്വീപ്കടലും, തെക്ക് വട്ടക്കായൽ (വെള്ളനാതുരുത്ത്) കൊണ്ടും ചുറ്റപ്പെട്ടുകിടക്കുന്നു. പൊഴിമുഖത്തു കാണുന്ന പക്ഷികൾ, പറയകടവുമുതൽ അഴീക്കൽ പൊഴിവരെ കായലിന്റെ, തീരങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ചീന വലകൾ, മത്സ്യബന്ധനത്തിന് പോകുന്ന വള്ളങ്ങൾ, ജലമാർഗം സാധനങ്ങൾ കൊണ്ടുപോകുന്ന കേവു വള്ളങ്ങൾ, കക്കാവാരുവാൻ ഉപയോഗിക്കുന്ന ചെറിയ വള്ളങ്ങൾ, കായൽ പരപ്പിനെ പച്ച പിടിപ്പിക്കുന്ന ചക്കരമുള്ളുകൾ, കണ്ടൽ കാടുകൾ, തെങ്ങിൻ തോപ്പുകൾ, വിശാലമായ കടൽ- കടലിൽ നിന്നു കരയ്ക്കോട്ടടിക്കുന്ന ഇളം കാറ്റ്, സന്ധ്യക്ക് പടിഞ്ഞാറേചക്രവാളം ചുമക്കുന്ന കാഴ്ചകൾ, കടലിനഭിമുഖമായിരിക്കുന്ന കടൽ വള്ളങ്ങൾ, ആലുംകടവിലുള്ള ഹൗസ്ബോട്ടുകൾ എല്ലാം കൊണ്ടും ഈ പഞ്ചായത്തിന്റെ പ്രകൃതി ഭംഗി വാക്കുകൾക്കതീതമാണ്. ഇതുകൂടാതെ 10 ക്ഷേത്രങ്ങൾ, ലോക പ്രശസ്തിയാർജ്ജിച്ച മാതാ അമൃതാനന്ദമയി ആശ്രമം എല്ലാം ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

ഈ പഞ്ചായത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ജീവിത രീതിക്ക് കോട്ടം സംഭവിക്കാത്ത രീതിയിൽ പദ്ധതികൾക്ക് ആസൂത്രണം ചെയ്യുന്നതിലൂടെ ഈ പഞ്ചായത്തിൽ വിദ്യാസമ്പന്നരായ-തൊഴിൽ രഹിതരായ-യുവതീ യുവാക്കൾക്ക് തൊഴിൽ നേടാനുള്ള അവസരമായും- ഇതിലൂടെ മറ്റ് മേഖലകളിൽ ബന്ധപ്പെടാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടും-പഞ്ചായത്തിന്റെ മൊത്തത്തിലുള്ള ജീവിത രീതിക്ക് തന്നെ പുതിയ അടുക്കും ചിട്ടയും ഉള്ളതാക്കി തീർക്കാനും സാദ്ധ്യമാകും.

രണ്ടായിരമാണ്ടോടുകൂടി അഞ്ചുലക്ഷം വിദേശ ടൂറിസ്റ്റുകളും, ഏകദേശം അമ്പതുലക്ഷം സ്വദേശീയ ടൂറിസ്റ്റുകളും കേരളം സന്ദർശിക്കാൻ എത്തുമെന്ന് കണക്കാക്കപ്പെടുന്നു. ഇങ്ങനെയെത്തുന്ന ടൂറിസ്റ്റുകളുടെ 90% വും ജലമാർഗമാണ് കടന്നു പോകുന്നത്. ആലപ്പാട് പഞ്ചായത്തിൽ ടൂറിസം പദ്ധതി വരുന്നതോടുകൂടി ഇങ്ങനെയെത്തുന്ന ടൂറിസ്റ്റ്കൾക്ക് ഈ പ്രദേശത്തെക്കുറിച്ച് പഠിക്കാനും, പ്രകൃതിഭംഗി ആസ്വദിക്കാനും, ആനന്ദം നുകരുവാനും സാധിക്കും.

KTDC പ്രധാനമായും നാലു പ്രധാന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1 ടൂറിസം സ്വയം തൊഴിൽ പരിശീലന പദ്ധതി. (self-employment and Training Scheme (SETS)

2 ജലാശയ ടൂറിസം പദ്ധതി (Back Water Tourism Scheme) (BATS)

3 ഗ്രാമീണ ടൂറിസം വികസന പദ്ധതി( Scheme to encourage Tourism in Rural Areas.) (SETRA)

4 ടൂർ ഓപ്പറേറ്റർമാർക്കുള്ള സ്വയം തൊഴിൽ പദ്ധതി. (Self-employment Scheme for Tour Operation) (SESTO)

ഈ പദ്ധതികളിൽ-ജലാശയ ടൂറിസം പദ്ധതിക്കാണ് ആലപ്പാട് പഞ്ചായത്തിൽ വിജയിക്കാൻ സാധ്യതകൂടുതൽ.

പഞ്ചായത്തിന്റെ തെക്ക്തൊട്ട് വടക്ക്വരെ കായലിന്റെ തീരങ്ങളിൽ രൂപം കൊണ്ടിട്ടുള്ള ചെറിയ തുരുത്തുകളും, കായൽ-തുരുത്തുകൾക്കുള്ളിലേക്ക് കയറിയുണ്ടായ തടാകങ്ങളും ഈ പദ്ധതി ആവിഷ്ക്കരിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്.

### ഈ പഞ്ചായത്തിൽ വികസിപ്പിക്കാവുന്ന ടൂറിസം പദ്ധതികൾ.

1 Motel(വഴിയോര വിശ്രമകേന്ദ്രങ്ങൾ)

2 Pole & Line Park (ചൂണ്ടയിടീൽ പാർക്ക്)3 Ice Cream Parlour, cum Exhibition Counters

4 Huts (കുടിലുകൾ)

5 Hotels (ചെലവുകുറഞ്ഞ നല്ല ഹോട്ടലുകൾ)

6 Boat Club( Speed boats, കട്ടമരം, Dinky's, Rubber boats) (ഇതിൽ "കട്ടമരം" Life jacket കൾ നൽകി നീന്താൻ

അറിയാവുന്നവർക്ക് മാത്രം.)

7 Health club & Tourist Society
8 Floating Resturant
9 കടൽ തീരത്തിന് അഭിമുഖമായിയുള്ള പാർക്ക്
10 (ഇളനീർപന്തൽ)
11 Sea beaches.
12 ആയിരംതെങ്ങിൽ KTDC ടൂറിസ്റ്റ് സെന്റർ തുടങ്ങുക.

"മാതാ അമൃതാനന്ദമയി" ആശ്രമം ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ വരും കാലങ്ങളിൽ വിദേശ ടൂറിസ്റ്റുകളേയും, മറ്റ് സ്വദേശ ടൂറിസ്റ്റുകളേയും ഈ പഞ്ചായത്തിൽ കൊണ്ടു വരുവാനും ഈ പഞ്ചായത്തിന്റെ പ്രാധാന്യം അന്യനാടുകളിലേക്ക് വ്യാപിപ്പിക്കാനും സാധിക്കും.

ആലുംകടവിൽ ടൂറിസം പദ്ധതി-ഗവൺമെൻറ് ആവിഷ്കരിച്ചിരുന്നാലും ഹൗസ്ബോട്ട് സർവ്വീസ് ആലുംകടവിൽ നടപ്പാക്കിയിട്ടും കൊല്ലത്ത് നിന്നും ആലപ്പുഴക്ക് സ്വകാര്യ വ്യക്തികൾ നടത്തുന്ന ബോട്ട് സർവ്വീസും ഇപ്പോൾ ഈ പഞ്ചായത്തിന് യാതൊരു പ്രയോജനവും ചെയ്യുന്നില്ല. എന്നാൽ ടൂറിസം പദ്ധതികൾ ഈ പഞ്ചായത്തിൽ ആവിഷ്കരിക്കുന്നതിലൂടെ മാത്രമേ ഈ പഞ്ചായത്തിലുള്ളവർക്ക് ടൂറിസം കൊണ്ടും പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളു.

മേൽപഞ്ഞ പദ്ധതികളിൽ ഏതെങ്കിലും ആലപ്പാട് പഞ്ചായത്തിന്റെ പരിധിയിലുള്ള നല്ല സ്ഥലങ്ങൾ തെരഞ്ഞെടുത്ത് നടപ്പിലാക്കുകയും ഇങ്ങനെ നടപ്പിലാക്കുന്ന പദ്ധതികളിലേക്ക് ഈ നാട്ടിലുള്ള വിദ്യാസമ്പന്നരും നല്ല തീരിയിൽ ഭാഷ കൈകാര്യം ചെയ്യുന്നവരും കാര്യശേഷിയുള്ളവരുമായ യുവതീ യുവാക്കളിൽ നിന്ന്അപേക്ഷ സ്വീകരിച്ച് അവരെ മറ്റ്കെ.റ്റി.ഡി.സി' സെന്ററുകളിലും, സ്വകാര്യ ഏജൻസികളുമായും, വിമാനത്താവളങ്ങളുമായും ബന്ധപ്പെടുത്തി- ഈ പദ്ധതിക്ക് ഉദ്ദേശിക്കുന്ന ഫലപ്രാപ്തിയുണ്ടാക്കിയെടുക്കാവുന്നതാണ്. അതിലൂടെ ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാവുന്നതും-വ്യക്തി ജീവിതത്തിന് കൂടുതൽ അടുക്കും ചിട്ടയുമുള്ളതാക്കി തീർക്കാനാകുന്നതുമാണ്..

പദ്ധതി നടപ്പിലാക്കുന്ന മേഖലകളിൽ, വെള്ളം, വൈദ്യുതി, ടെലിഫോൺ സൗകര്യം, വാഹന സൗകര്യം എല്ലാം അത്യാവശ്യ ഘടകങ്ങളാണ്.

## പ്രത്യേകതകൾ.

1 ലക്ഷദ്വീപ് കടൽ ( അറബികടൽ)- പടിഞ്ഞാറ്വശം.

2 കൊല്ലം- ആലപ്പുഴ ദേശീയ ജലപാത- കിഴക്കുവശം.

3 ലോക പ്രശസ്തമായ "മാതാ അമൃതാനന്ദമയി മഠം."
4 ആലും കടവ് ഹൗസ്ബോട്ട് സർവ്വീസ്
5 അഴീക്കൽ പൊഴിക്കര
6 ഓച്ചിറ അമ്പലം-6 കി.മീ
7വട്ടക്കായൽ

വഴി( Route)

കൊച്ചി, ആലപ്പുഴ, വടക്ക് ദിശയിൽ നിന്നും റോഡു വഴി വരുന്ന ടൂറിസ്റ്റുകൾക്ക് ഓച്ചിറ വഴി, പടിഞ്ഞാറോട്ട് ആയിരം തെങ്ങു വഴിയോ, വള്ളിക്കാവ് വഴി കടത്തിറങ്ങിയോ കരുനാഗപ്പള്ളി വഴിയോ എത്തിച്ചേരാം.

തിരുവനന്തപുരം, കൊല്ലം-തെക്ക് നിന്നും റോഡു വഴി വരുന്ന ടൂറിസ്റ്റുകൾക്ക് കരുനാഗപ്പള്ളി വഴി പടിഞ്ഞാറോട്ട് പണിക്കർകടവ് പാലം വഴി ഈ പഞ്ചായത്തിൽ എത്തിച്ചേരാം.

## പബ്ളിസിറ്റി

ഈ പഞ്ചായത്തിന്റെ, വിവരങ്ങളും, പ്രകൃതിഭംഗിയുടെ ഫോട്ടോകളും ഉൾപ്പെട്ട- പുസ്തകങ്ങൾ ഇറക്കി ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്രചരിപ്പിക്കുക. ഈ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കേരളത്തിലെ പ്രധാന ഹോട്ടലുകൾ, മറ്റ് വ്യവസായ സ്ഥാപനങ്ങൾ- തുടങ്ങിയവയെ എല്ലാമേഖലയിലും ബന്ധപ്പെടുത്തുവാൻ കഴിയും. പരസ്യ മാധ്യമത്തിലൂടെ മാത്രമേ ഈ പദ്ധതി വിജയിപ്പിക്കാൻ കഴിയൂ.

---

എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റുവാൻ
വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്.
എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ല താനും

-മഹാത്മാഗാന്ധി



# പരിസ്ഥിതി - തീരസംരക്ഷണം

കായലിനും കടലിനുമിടയിൽ ഒരു വരമ്പുപോലെ കിടക്കുന്ന ആലപ്പാട് പഞ്ചായത്തിന്റെ നിലനിൽപ് തന്നെ അപകടത്തിലാണ്.

പരിസ്ഥിതിക്കു കോട്ടം തട്ടാതെയുള്ള സ്ഥായിയായ വികസനം ആണ് നമുക്കാവശ്യം. ഇത് ആധുനികതയ്ക്കും വ്യവസായത്തിനും വികസനത്തിനും എതിരാണെന്ന തെറ്റിദ്ധാരണ മാറ്റേണ്ടിയിരിക്കുന്നു. അറേബ്യൻ കടലിനും ടി. എസ് കനാലിനും ഇടയിൽ വീർപ്പു മുട്ടുന്ന ഈ ഗ്രാമം ഇന്നു സ്വാഭാവിക ജനപ്പെരുപ്പത്തെ തന്നെ ഉൾക്കൊള്ളാൻ പെടാപ്പാട്പെടുന്നു. കടലാക്രമണത്തിന്റെ ഫലമായി ചതുപ്പ് നിലങ്ങളും മറ്റും നികന്ന് ഇല്ലാതായിത്തീരുകയും കുടിവെള്ളത്തിന്റെ ഉറവകൾ എല്ലാം വറ്റിപ്പോകുകയും ചെയ്തതിന്റെ പാരിസ്ഥിതിക പ്രത്യാഘാതം ഈ പഞ്ചായത്തനുഭവിക്കുന്നു. ഇതിന്റെ പ്രധാനകാരണം, രൂക്ഷമായ കടൽകയറ്റവും അശാസ്ത്രീയമായ മണൽ ഖനനവുമാണ്. നിലവിലുള്ള കടൽഭിത്തി നിർമ്മിച്ചതിനു ശേഷവും മത്സ്യബന്ധനത്തിനുതകുന്ന നിലയിലുള്ള വീതിയേറിയ മണൽതിട്ട കടൽ ഭിത്തിയ്ക്കു 'പടിഞ്ഞാറ്' ഭാഗത്തു പൂരം കൊള്ളുമായിരുന്നു. ഐ.ആർ.ഈ നടത്തുന്ന സീവാഷിംഗിന്റെ ഫലമായി തീരം ചേർന്നുള്ള ജലപ്രവാഹത്തിൽ മണൽ പൂർണ്ണമായും മൈനിംഗ് മേഖലയിലേക്ക് ' ഒഴുകിപ്പോകുന്നതിനാൽ കടൽഭിത്തിക്ക് പടിഞ്ഞാറു മണൽ തിട്ട ഇല്ലാതാവുകയും കടൽഭിത്തിയുടെ നിലനിൽപുതന്നെ അപകടത്തിലാവുകയും ചെയ്തിരിക്കുന്നു. കടൽ ഭിത്തിയെന്നത് പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള തീര സംരക്ഷണമല്ല എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ കടൽ ഭിത്തി നിർമ്മിച്ചതുകൊണ്ടാണ് തീരം നശിച്ചത് എന്ന വാദഗതിശരിയല്ല. കടൽ ഭിത്തിയുടെ നിർമ്മാണത്തിനു ശേഷവും കടലിനു കളിത്തട്ടുണ്ടായിരുന്നു എന്നതാണിതിനു കാരണം.

കേരള ഗവൺമെന്റ് സ്ഥാപനമായ കേരളമിനറൽസ് & മെറ്റൽസിന്റെ ടൈറ്റാനിയം പിഗ്മെന്റ് യൂണിറ്റിൽ നിന്നും മലിനജലം കടലിലേക്ക് തള്ളുന്നത് ഏറെ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഹൈഡ്രോക്ളോറിക് ആസിഡു വീണ്ടെടുക്കാത്ത മലിനജലം കായലിൽതള്ളിയതിനെ തുടർന്നു റ്റി.എസ്.കനാലിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയിരുന്നു. മലിനജലം കെട്ടി നിർത്തിയിരിക്കുന്ന ടാങ്കിൽ നിന്നും ഒലിച്ചിറങ്ങിയതിനെ തുടർന്നു പരിസരവാസികൾക്ക് ലഭിച്ചിരുന്ന കുടിവെള്ളം ഉപയോഗശൂന്യമായി. പരിസരത്തുള്ള കുളങ്ങളിലും തോടുകളിലും മത്സ്യങ്ങളോ മറ്റ് ജീവജാലങ്ങളോ ജീവിക്കുന്നില്ല. ഇതേ മലിനജലം തന്നെയാണ് കോവിൽ തോട്ടത്തിന് വടക്കു ഭാഗത്ത് കടലിലേക്ക് 'തള്ളുന്നത്'.

തീരം ചേർന്ന് സമൃദ്ധമായി ലഭിച്ചിരുന്ന മത്സ്യങ്ങളൊന്നും ഇന്ന് തീരക്കടലിൽ ലഭ്യമല്ലാതായിത്തിർന്നിരിക്കുന്നതിന് ഈ മലിന ജലപ്രവാഹമായിരിക്കാം കാരണം. ചവറയ്ക്കു സമീപം തീരം ചേർന്നു താങ്ങ് വള്ളങ്ങൾക്ക് ലഭിച്ചിരുന്ന താടയും പരവയും ഇന്നു ലഭ്യമല്ല. നീട്ടുവലയിൽ ലഭിച്ചിരുന്ന വെട്ടുറാൾ, ഞണ്ട് തുടങ്ങിയ ഇനങ്ങളും താരതമേന്യ കുറഞ്ഞിരിക്കുന്നു. ഭംഗിയേറിയ ചുവന്ന ചുണ്ടുകളും കാണാൻ കൗതുകമുള്ള കണ്ണുകളുമുള്ള വെളുത്ത കടൽക്കാക്കകൾ വർഷത്തിലെ പ്രത്യേക കാലഘട്ടത്തിൽ സന്ദർശകരായെത്തുമായിരുന്നു. പ്രവഹിക്കുന്ന ജലത്തിന്റെ രുചിയറിഞ്ഞതിനു ശേഷം ഈ പക്ഷി തീരം സന്ദർശിക്കാത്തതു കൊണ്ടായിരിക്കണം നമുക്ക് കാണാൻ കഴിയാത്തത്. മുൻകാലങ്ങളിൽ തീരത്തു കയറിവരാറുള്ള കടലാമകൾ ഇന്നുതീരം സന്ദർശിക്കാറില്ല.

ടൈറ്റാനിയത്തിൽ നിന്നുള്ള മലിനജലം തീരത്ത് പരിസ്ഥിതി സന്തുലിതാവസ്ഥ തകർക്കുന്നു എന്നുള്ളതിന്റെ പ്രകടമായ ഉദാഹരണമാണിത്. മലമൂത്ര വിസർജ്ജനത്തിനുള്ള അസൗകര്യങ്ങൾ തീരം ക്രമാതീതമായി മലിനീകരിക്കപ്പെടുന്നു. സമീപകാലത്തു വിശ്വപ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ അമൃതാനന്ദമയി ആശ്രമത്തിലേക്കുള്ള ജനപ്രവാഹം ചില പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സ്വാഭാവിക ജനപ്പെരുപ്പം തന്ന ഉൾക്കൊള്ളാൻ കെൽപ്പില്ലാത്ത ഈ തീരഭൂമിയിലേക്ക് ഇത്രവലിയ ജനപ്രവാഹമുണ്ടായാൽ സംഭവിക്കുന്ന പ്രശ്നങ്ങൾ ചിന്തയ്ക്ക് വിധേയമാക്കേണ്ടതാണ്. ആശ്രമത്തിലെ മലമൂത്ര വിസർജ്ജ്യവസ്തുക്കൾ കായലിലേക്ക് തള്ളിയതിന്റെ ഫലമായി വള്ളിക്കാവ് കടത്ത് കടവിലും പരിസരപ്രദേശങ്ങളിലും രൂക്ഷമായ ദുർഗന്ധം മലിനീകരണവും അനുഭവപ്പെട്ടിരുന്നു.

കായലുകളിലും ഇടത്തോടുകളിലും വ്യാപകമായതോതിൽ തൊണ്ടഴുക്കൽ നടക്കുന്നതിനാൽ ഇടത്തോട്ടുകളിൽ

നീരൊഴുക്ക് നിൽക്കുകയും കൊതുക് ശല്യവും ജനങ്ങൾക്ക് ആസ്ത്മ പടർന്നു പിടിക്കുകയും ചെയ്യുന്നു. പ്രധാന കായലിലെ തൊണ്ടഴുക്കൽ മത്സ്യത്തിന്റെ വംശനാശത്തിനും കാരണമായിത്തീർന്നതിനാൽ കായൽ മത്സ്യബന്ധനവും അനുദിനം പരാജയത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. നീരൊഴുക്ക് ഉണ്ടായിരുന്ന പല ഇടത്തോടുകളും നികഴ്ത്തൽ മൂലം ബ്ലോക്ക് ചെയ്യപ്പെട്ടതിനാൽ വെള്ളം കെട്ടികിടന്നു നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് പഞ്ചായത്തിന്റെ മറ്റൊരു ശാപമാണ്. മണൽ ഖനനത്തിന്റെ ഫലമായി കരുനാഗപ്പള്ളി തീരത്തുണ്ടായ പ്രത്യാഘാതങ്ങൾ തിട്ടപ്പെടുത്താനാവില്ലെന്നു ഭൂമിശാസ്ത്ര പഠന കേന്ദ്രവും ഫിഷറീസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥൻമാരും പറയുന്നു. തീരം തകർക്കപ്പെടുകയും, ഭൂമിയും ജലാശയങ്ങളും മലിനീകരക്കപ്പെടുകയും, ദരിദ്രവൽക്കരിക്കപ്പെടുകയും ഇതിന്റെയൊക്കമുൻപിൽ മനുഷ്യനും അവനെ നമിക്കുന്ന പ്രസ്ഥാനങ്ങളും നിസഹായരാക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയിൽ നിന്നും ഈ നാടിനെ മോചിപ്പിക്കേണ്ടതായിട്ടുണ്ട്.

പരിസ്ഥിതി തീരസംരക്ഷണത്തെയും ലക്ഷ്യമാക്കി പൗരപ്രമുഖരും സാമൂഹ്യ പ്രവർത്തകരെയും അടങ്ങുന്ന ഒരു തീര പരിപാലന സമിതി തന്നെ രൂപം കൊള്ളണം. ജനങ്ങളെ ബോധവൽക്കരിക്കുകയും ഉന്നത നീതിപീഠങ്ങൾ മുഖേനയും വേണ്ടിവന്നാൽ ദേശീയ മനുഷ്യാവകാശകമ്മീഷൻ മുഖേനയും നീതീകരണമില്ലാത്ത വിഭവ ചൂഷണത്തിനെതിരേയും കെ.എം.എം.എൽ ന്റെ മലിനീകരണത്തിനെതിരേയും പോരാട്ടം നടത്തണം. വ്യാപകമായ തോതിലുള്ള തൊണ്ടഴുക്കൽ നിയന്ത്രിക്കണം. എൻജിൻഘടിപ്പിച്ച വള്ളങ്ങൾ അമിത വേഗതയിൽ കായലിലൂടെ പ്രയാണംനടത്തുന്നത് നിയന്ത്രിക്കണം. അമൃതാനന്ദമയി ആശ്രമത്തിൽ നിന്നുള്ള മലിനീകരണം അവസാനിപ്പിക്കുന്നതിന് ആശ്രമത്തിലെ അധികാരികളുമായി ബന്ധപ്പെട്ടു പരിഹാരം കാണാൻ നടപടി സ്വീകരിക്കണം.

ഐ.ആർ ഈ നടത്തുന്ന വ്യവസ്ഥാപിതമല്ലാത്ത മണൽ ഖനനമാണ് ഇന്നത്തെ കടൽ ഭിത്തിയുടെ തകർച്ചയ്ക്കും മത്സ്യബന്ധനത്തിനുവന്ന അസൗകര്യത്തിനുകാരണം. കടൽ ഭിത്തിയോടൊപ്പം പശപ്പുള്ള ഗ്രാവൽ കടൽ ഭിത്തിയോട് ചേർത്ത് പൂഴ്ത്തുകയും ഉപ്പുരസവുമായി സമരസപ്പെട്ടു കിളിയ്ക്കാൻ സാദ്ധ്യതയുള്ള കണ്ടൽ ചെടികളും കാറ്റാടികളും വച്ചു പിടിപ്പിച്ചാൽ സസ്യാവരണത്തിന്റെ ഇല്ലായ്മ പരിഹരിക്കാനും മണ്ണിൽ വേരു പിടിപ്പിയ്ക്കാനും കഴിയും. അതുപോലെതന്ന 200 മീറ്റർ ഇടവിട്ട് ബ്രേക്ക് വാട്ടറുകൾ (പുലിമുട്ടുകൾ) സ്ഥാപിച്ചാൽ നിലവിലുള്ള കടൽഭിത്തിയുടെ ചുവട്ടിൽ മണൽ അടിഞ്ഞകൂടി കടൽ ഭിത്തി സംരക്ഷിക്കപ്പെടുകയും ചെയ്യും.

സാഹിത്യകാരനും സാമൂഹ്യപരിഷ്കർത്താവുമായിരുന്ന Dr.V.V വേലുക്കുട്ടി അരയൻ തീരത്തെ ജനങ്ങളുടെ ജീവൽ പ്രശ്നങ്ങളെ കൂടി മുന്നിൽക്കണ്ടുകൊണ്ട് തീര സംരക്ഷണത്തിനായി ഒരു പദ്ധതി തന്നെ തയ്യാറാക്കി തിരു-കൊച്ചി ഗവൺമെൻറിനു സമർപ്പിച്ചിരുന്നു.

'അരയൻ സ്കീം' എന്നറിയപ്പെട്ടിരുന്ന ഈ പദ്ധതി പാറ്റ്നാ എൻജിനീയറിംഗ് കോളേജിലെ പ്രൊഫ: S.K ഘോഷിന് അയച്ചുകൊടുക്കുകയും അദ്ദേഹം അത് വിദേശ ഗവേഷണ വിഭാഗങ്ങൾക്ക് നൽകുകയും പോളണ്ട് പോലുള്ള രാജ്യങ്ങളിൽ ഇതു പ്രായോഗിക വിജയം നേടിയതായി Dr: V.V-യ്ക്കു പ്രൊഫ: S.K.-ഘോഷ് അയച്ച കത്തിൽ പറയുകയും ചെയ്യുന്നു. നിലനിൽപിനു വേണ്ടി പോരാടുന്ന ഗ്രാമം എന്ന നിലയിൽ ഈ പഞ്ചായത്തിന്റെ രക്ഷയ്ക്കായി അദ്ദേഹത്തിന്റെ റിക്ളമേഷൻ സ്കീം നടപ്പിലാക്കുന്നതിനെക്കുറിച്ച് പര്യാലോചിക്കാണം.

തീരസംരക്ഷണ നിയമം

1 തീരസംരക്ഷണത്തിന് ശാസ്ത്രീയമായി പുലിമുട്ടുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് പദ്ധതി തയാറാക്കണം.

2 തീരത്തിന്റെ സംരക്ഷണത്തിനായി 'റിക്ളമേഷൻ സ്കീം' നടപ്പിലാക്കുന്നതിനെക്കുറിച്ച് ശാസ്ത്രീയ പഠനവും പരീക്ഷണവും അടിയന്തിരമായി ആരംഭിക്കുക.

3 കടൽത്തീരവും കായൽത്തീരവും സംരക്ഷിക്കുന്നതിന് കണ്ടൽ, കാറ്റാടി മുതലായ ജൈവസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

4 പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിന് സഹായിക്കുന്ന 'സന്നദ്ധ സ്ക്വാഡുകൾ' എല്ലാ വാർഡിലും രൂപികരിക്കുക.

## തീരസംരക്ഷണം

1986 ലെ കേന്ദ്ര പരിസ്ഥിതി നിയമത്തിന്റെ ഭാഗമായി 1991 ൽ കൊണ്ടു വന്ന തീരദേശ നിയന്ത്രണ നിയമം മത്സ്യത്തൊഴിൽ മേഖലയായ ഈ പഞ്ചായത്തിനെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിക്കേണ്ടതാണ്. ഈ നിയമം തീരപ്രദേശത്തിനും ഉദ്ദേശിച്ചുള്ളതാണ്. കടൽ തീരത്ത് വേലിയേറ്റ മേഖലയിൽ നിന്നും 500 മീറ്റർ വരുന്ന തീര പ്രദേശവും ജലാശയങ്ങളുടെ തീരത്ത് 100 മീറ്ററോ, ജലാശയത്തിന്റെ വീതിയോ ഏതാണ് കുറവ് വന്നാൽ അതാണ് സംരക്ഷിത മേഖല.

മത്സ്യബന്ധന മേഖല നേരിടുന്ന രണ്ട് പ്രധാന പ്രശ്നങ്ങൾ നേരിടുന്നതിന് ഈ നിയമം പര്യാപ്തമാണ് 1 മലിനീകരണം 2 കായൽനികത്ത്. മുകളിൽ പരാമർശിച്ച തരം വ്യവസായ മാലിന്യങ്ങളുടെ തള്ളൽ നിയന്ത്രിച്ചിട്ടുള്ളതിനാൽ അതിനെ തടയുന്നതിനും, മത്സ്യ പ്രജനനത്തിന്റെ കേന്ദ്രമായ ജലാശയങ്ങളുടെ നികത്തൽ തടയുന്നതിനും സാധിക്കും.

മൂന്നു സോണുകളായി വിഭജിച്ചിട്ടുള്ള തീരദേശത്തിന്റെ CRZ 3 യിൽ വരുന്ന പ്രദേശമാണ് നമ്മുടെ തീരദേശം. പൂർണമായും നിയന്ത്രണ വിധേയമാകുന്ന പ്രദേശവുമായിരിക്കും നമ്മുടെ പഞ്ചായത്തിന്റെ അതിർത്തി എന്നതിനാൽ ഈ നിയമത്തിന്റെ നടപ്പാക്കലിന്റെ ദോഷകരമായ വശ

ങ്ങളും പൂർണ്ണമായും ഏറ്റു വാങ്ങേണ്ടിവരുന്നതും നമ്മൾ തന്നയായിരിക്കും. വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ വരെ പുതിയ പാർപ്പിട നിർമ്മാണം നിരോധിച്ചിരിക്കുന്നു. 200 മീറ്റർവരെ വീട് പണിയുകയാണെങ്കിൽ വീട് പ്ളോട്ടിന്റെ 1/3 ൽ കവിയരുത്. ഈ നിയന്ത്രണം ഏറെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇത് ഒഴിവാക്കേണ്ടതാണ്. എന്നാൽ കടൽത്തീരത്തിനോട് ചേർന്നുള്ള ഇന്നത്തെ വീട് നിർമ്മാണ രീതി കടലാക്രമണ സമയത്ത് ഏറെ നഷ്ടത്തിനും ഉൽകണ്ഠയ്ക്കും കാരണമാകാറുണ്ട്. ആയതിനാൽ കടൽത്തീരം സംരക്ഷിത പ്രദേശമാക്കുന്നത്. എത്രമാത്രം പ്രായോഗികമാകുമെന്ന കാര്യം പരിശോധിക്കണം. 200 മീറ്റർ പ്രദേശത്തിനകത്തുള്ള ശുദ്ധ ജലം പമ്പ് ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതിയേയും ദോഷകരമായി ബാധിക്കും.

ഇന്ന് പല തീരപ്രദേശങ്ങളും അനിയന്ത്രിതമായ സൃഷ്ടിക്കു പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. അതിന്റെ കടന്നാക്രമണം തടയുന്നതിനു മത്സ്യ പ്രജനന മേഖലയ്ക്ക് സംരക്ഷണവും ഈ നിയമം വാഗ്ദാനം ചെയ്യുമ്പോൾ മത്സ്യ തൊഴിലാളികളുടെ പരമ്പരാഗതമായ ഗ്രാമങ്ങളുടെ നില നിൽപുതന്നെ ചോദ്യം ചെയ്യുന്ന പാർപ്പിട നിർമ്മാണമടക്കമുള്ള ദോഷകരമായ ആക്റ്റും നിയമത്തിലുണ്ട്. ആയതിനാൽ തീര സംരക്ഷണം ഉറപ്പാക്കുന്ന തരത്തിലും, എന്നാൽ പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസം വരാത്ത തരത്തിൽ ആവശ്യമായ ഭേദഗതി അടിയന്തിരമായി തീര സംരക്ഷണ നിയമത്തിൽ വരുത്തേണ്ടതാണ്.



# ഉപസംഹാരം

ജനാധിപത്യസംവിധാനം സമ്പൂർണ്ണമാകണമെങ്കിൽ രാഷ്ട്രം തന്റെ കൂടിയാണെന്നുള്ള ബോധം ജനതയ്ക്കുണ്ടാകണം. അതുണ്ടാവണമെങ്കിൽ തന്റെ രാഷ്ട്രത്തിൽ ലഭ്യമായിരിക്കുന്ന വിഭവങ്ങൾ എങ്ങനെ വിതരണം ചെയ്യണമെന്ന് തീരുമാനിക്കാനുള്ള അവകാശം ജനതയ്ക്കുണ്ടാകണം. ആ പ്രക്രിയയാണ് ജനാധിപത്യത്തിന്റെ കാതൽ. സ്വാതന്ത്ര്യം എന്നാൽ രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമല്ല അത് സാമ്പത്തിക സ്വാതന്ത്ര്യം കൂടിയാണ്. സമ്പത്തിന്മേലുള്ള അവകാശം കൂടിയാണ് അധികാരം. ആ അധികാരം ജനങ്ങളിലേക്ക് എത്തിയെങ്കിൽ മാത്രമേ ദേശീയബോധമുള്ള ഒരു ജനതയെ സൃഷ്ടിച്ചെടുക്കാൻ കഴിയൂ.

അത്തരം ഒരു പ്രക്രിയയ്ക്കു തുടക്കം കുറിക്കുകയാണ്, ഒൻപതാം പദ്ധതി, ജനകീയ പദ്ധതിയാക്കിക്കൊണ്ട് കേരള ഭരണകൂടം ചെയ്യുന്നത്. ലോകഭരണകൂടങ്ങൾ അവരുടെ എല്ലാ ദൃശ്യ - ശ്രവ്യ മാധ്യമങ്ങളും ഈ പദ്ധതിയേയും ജനകീയാസൂത്രണ പ്രസ്ഥാനത്തേയും വളരെ ഗൗരവത്തോടെയും ഒപ്പം ആവേശത്തോടെയും വീക്ഷിക്കുകയാണ്. പുരോഗമന ആശയങ്ങൾക്ക് എന്നും വിത്തുപാകിയ സംസ്ഥാനമാണ് കേരളം. ഭൂപരിഷ്കരണ നിയമം, സാക്ഷരതാ പ്രസ്ഥാനം, ജനസംഖ്യാനിയന്ത്രണം, പൊതുവിതരണസമ്പ്രദായം, പൊതുജനാരോഗ്യരംഗം, കുടുംബക്ഷേമപ്രവർത്തനങ്ങൾ എന്നിവ പ്രത്യക്ഷ ഉദാഹരണങ്ങളാണ്.

ഇന്ന് സ്വീഡൻ തുടങ്ങിയ വികസിത രാഷ്ട്രങ്ങളുമായിട്ടാണ് കേരളത്തെ താരതമ്യം ചെയ്യുന്നത്. അഭിമാനിക്കുവാൻ കഴിയുന്ന ഈ നേട്ടത്തിന് പിന്നിൽ തീർച്ചയായും ഒരു ജനതയുടെ ഒത്തുചേരലുണ്ട്! ഒപ്പം പുരോഗമനാശയങ്ങളുടെ ഊഷ്മളതയും കേരളം ഇന്ന് പലർക്കും ചൂണ്ടുപലകയായത് അത്തരത്തിലാണ്. ഇതാ ഇപ്പോൾ വീണ്ടും മറ്റൊരു മുത്തായി ജനകീയ ആസൂത്രണപ്രസ്ഥാനവും, ഒൻപതാം പദ്ധതിയും കടന്നുവരുന്നു.

ഉല്പാദനം - വിതരണം - ഉപഭോഗം എന്നീ മേഖലകളിലെ ആസൂത്രണത്തിന്റെ വൈകല്യം ഇന്ത്യൻ സമ്പദ്ഘടനയിൽ പൊതുവേയും കേരളത്തിൽ പ്രത്യേകിച്ചും ദോഷകരമായ പ്രത്യാഘാതങ്ങൾ ഉളവാക്കി. ഭക്ഷ്യധാന്യങ്ങൾ അന്യരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുമ്പോഴും സ്വന്തം ജനത അതുവാങ്ങാനുള്ള ക്രയശേഷി നഷ്ടപ്പെട്ട് പട്ടിണിയുടെ തുരുത്തിൽ ഒറ്റപ്പെടുന്നു. സമ്പത്തിന്റെ കേന്ദ്രീകരണം ചിലരുടെ കൈകളിൽ മാത്രം ഒതുങ്ങിയതാണെന്നുള്ള യാഥാർത്ഥ്യത്തിൽ നിന്നും നമുക്ക് പിന്തിരിഞ്ഞു നില്ക്കാനാവില്ല. സമ്പത്തുണ്ടാക്കുക മാത്രമല്ല സമ്പത്തിന്റെ ഏറെക്കുറെയുള്ള തുല്യമായ വിതരണവും ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യമാകുന്നു. വിഭവങ്ങൾ തൊട്ടറിഞ്ഞ് അവയെ മാനവരാശിക്ക് വേണ്ടി രൂപപ്പെടുത്തിയെടുക്കുമ്പോൾ മാത്രമേ വികസനം യാഥാർത്ഥ്യമാകുന്നുള്ളൂ. മറിച്ച് ഉല്പാദനത്തിൽ അധിഷ്ഠിതമല്ലാത്ത ഏത് വികസനവും ക്ഷണികമാണ്.

ദിക്കുകൾ നഷ്ടപ്പെട്ടുപോയ ഒരു വഴിയാത്രക്കാരന്റെ അവസ്ഥയാണ് നമുക്കിന്ന്! വലിയ ഒരു ജനപഥത്തെ ശരിയാംവണ്ണം ഉപയോഗപ്പെടുത്താതെ "ഒന്നും ശരിയാവൂല്ല" എന്ന ആലസ്യത്തിലേക്ക് ഇനിയും വിട്ടാൽ ദിശാബോധം നഷ്ടപ്പെട്ടുപോയ ഒരു ജനതയെ വാർത്തെടുക്കലായിരിക്കും അത്. ഇവിടെ, ഉണർന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. പഴായിപ്പോകുന്ന ഈ മനുഷ്യധനത്തെ ഉപയോഗപ്പെടുത്തണം, ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യങ്ങൾ ക്രോഡീകരിക്കുമ്പോൾ ഒരു കാര്യം മനസ്സിലാവുന്നു, ഈ ജനപഥത്തെ പ്രയോജനപ്പെടുത്തി, ഉല്പാദനാധിഷ്ഠിത വികസന പ്രക്രിയ ത്വരിതപ്പെടുത്താൻ കഴിയും. അതിനുകൂടി സമൂഹത്തെ രൂപപ്പെടുത്തിയാൽ സങ്കീർണ്ണമായ പല പ്രശ്നങ്ങൾക്കും ഗ്രാമത്തിന് പരിഹാരം കാണാം.

ഒൻപതാം പദ്ധതിയിൽ 35-40% തുക തദ്ദേശീയ സ്ഥാപനങ്ങൾക്ക് മാറ്റിവെച്ചിരിക്കുന്നു. പ്രതിവർഷം ഏകദേശം ഒരുകോടിയോളം വരുന്ന തുകയ്ക്കും നേരത്തേ സൂചിപ്പിച്ച മനുഷ്യ അധ്വാനവും കൂടാതെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗിക്കപ്പെടുവാൻ കഴിയാവുന്ന ധനവും കൂടി ഉപയോഗിച്ചാൽ ആവേശത്തോടെ തന്നെപറയാം ഓരോ ഗ്രാമങ്ങൾക്കും അത്ഭുതങ്ങൾ തന്നെ സൃഷ്ടിക്കുവാൻ കഴിയും. അങ്ങനെ ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നറിയിച്ച ആ വലിയ മനുഷ്യ സ്നേഹിയുടെ-ഗാന്ധിജി- സ്വപ്നങ്ങൾക്ക് തുടക്കം കുറിക്കാം.

സാമൂഹിക താൽപര്യം മാത്രമാണ് പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിക്കാനുള്ള മാനദണ്ഡം.

ഇതിനകം കടന്നു വന്ന ചർച്ചകളും ആവേശവും പ്രഥമിക-ദ്വിതീയസ്ഥിതിവിവരക്കണക്കുകളുടെ നിജസ്ഥിതിയും പരിശോധിച്ചാൽ ചെറുകിട വ്യവസായങ്ങൾ നടത്താനുൽ

സാഹമുള്ള യുവാക്കളും പച്ചക്കറിത്തോട്ടമടക്കമുള്ള കൃഷിയെ വികസിപ്പിക്കാൻ ഔത്സുക്യമുള്ള വനിതകളും ആവശ്യമായ നിർദ്ദേശങ്ങൾകൊടുക്കാൻ പ്രപ്തരായിട്ടുള്ള ഉദ്യോഗസ്ഥരും നമുക്കുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഒരു വികസന തന്ത്രത്തിനു രൂപം കൊടുക്കാൻ പഞ്ചായത്തിനു കഴിയണം.

നാല്പത്തഞ്ച് വർഷം നിലനിന്നിരുന്ന ആസൂത്രണ നയം ഭാഗികമായി പൊളിച്ചെഴുതി പുതിയ പിരവർത്തന ശൈലി കടന്ന് വരുമ്പോൾ ജനങ്ങളിലാകെ പ്രതീക്ഷയുടെ ഒരു ഉണർവ് കണ്ടു തുടങ്ങിയിരിക്കുന്നു. സാമൂഹ്യ-സാമ്പത്തിക മാറ്റത്തിന്റെ ഫലപ്രദമായ ഒരു ആയുധമായി ജനകീയാസൂത്രണം മാറിത്തുടങ്ങിയിരിക്കുന്നു. അതിനാൽ നമ്മുടെ സമഗ്രവികസനത്തിന്റെ രേഖ സമ്പുഷ്ടമാക്കി നടപ്പിലാക്കുക എന്ന ധാർമ്മിക കടമ നിർവ്വഹിച്ചേ കഴിയൂ.

വ്യത്യസ്ത രാഷ്ട്രീയ ആശയങ്ങൾ പരസ്പരം പ്രച പ്പിക്കുമ്പോൾ തന്നെ, ഒരു പുതിയ വികസന രാഷ്ട്രീ സംസ്കാരത്തിന് നമുക്ക് തുടക്കം കുറിക്കാം. അതിന യുള്ള ഒത്തുചേരൽ ലോകരാഷ്ട്രങ്ങൾക്കാകെ തന്നെ മാ ർഗ്ഗദർശകമായി നമുക്ക് ഭവിക്കാം. ജനാധിപത്യത്തിന്റെ സ ദ്ധി കത്തിജ്വലിക്കുന്നത് നമ്മളിലൂടെ അവർ കാണട്ടെ.

മഹത്തായ ഈ സ്വപ്നം നിറവേറ്റുവാൻ കഴിയുമെ പ്രതീക്ഷയോടെ, ക്രിയാത്മകമായ ചർച്ചകളും ഫലപ്ര മായ നിർദ്ദേശങ്ങൾക്കുമായി **ഈ വികസനരേഖ ആ പ്പാട് ഗ്രാമപഞ്ചായത്ത് വികസന സെമിനാർ മുമ്പാ സമർപ്പിച്ചുകൊള്ളുന്നു.**